**നിയമനിർമ്മാണകാര്യം**

മി. സ്പീക്കർ: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രിയായ ശ്രീ. കെ. എം. മാണി, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള ധനകാര്യ ബില്ലും 2014-ലെ കേരള ധനകാര്യ (2-ാം) നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014 -ലെ കേരള ധനകാര്യ ബില്ലും 2014-ലെ കേരള ധനകാര്യ (2-ാം) നമ്പർ ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട അങ്ങ് പറഞ്ഞതുപോലെ പൂർണ്ണമായും ലെജിസ്ലേച്ചർ സെക്രട്ടേറിയേറ്റാണ് ഉത്തരവാദി എന്ന് ഞാൻ പറയില്ല. അവർ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഫിനാൻസ് സബ്ജക്ട് കമ്മിറ്റി അംഗങ്ങൾക്കു മാത്രമേ സംസാരിക്കാൻ അവകാശമുണ്ടാവുകയുള്ളൂ എന്ന് പറഞ്ഞു. അത് ചട്ട പ്രകാരം ചെയ്തോളൂ ഞങ്ങൾക്കെല്ലാവർക്കും വിയോജനവുമുണ്ടെന്ന് ഞാൻ പറയുകയും ചെയ്തു. അവർ ഈ രീതിയിൽ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു എന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഇന്ന് രാവിലെ നടന്ന ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് പൂർണ്ണമായും

കൊടുക്കുന്നതിനുള്ള ഉത്തരവ് ഇപ്പോഴാണ് ഇറക്കിയതെന്ന് സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം എനിക്ക് അതിന്റെ ഉത്തരവും കൊടുത്തയച്ചു. അദ്ദേഹം ഇവിടെ ഇപ്പോഴില്ല, 1082009ലും 2022011ലും പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റർഹ വിഭാഗ വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പൂർണ്ണമായും മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് അനുവദിച്ച ഉത്തരവിന്റെ കോപ്പി ഞാൻ നൽകാമായിരുന്നു. യഥാർത്ഥത്തിൽ നേരത്തെ ഇറക്കിയ ഉത്തരവുകളെല്ലാം ക്രോഡീകരിച്ചുള്ള പുതിയ ഉത്തരവ് മാത്രമാണ് ഇപ്പോൾ ഇറക്കിയിട്ടുള്ളത്.

ശ്രീ. എസ്. ശർമ്മ: സർ, ഇന്ന് രാവിലെ ചോദ്യോത്തര സമയത്ത് ഇത് തെറ്റിദ്ധരിക്കാൻ ഇടവരുത്തുമെന്ന് ഞാൻ പറഞ്ഞു. 2014ൽ ഇറക്കിയിരിക്കുന്നത് ഉത്തരവല്ല. 1989, 2004 തുടങ്ങി വിവിധ ഘട്ടങ്ങളിലായി 8 ഉത്തരവുകൾ ഇറക്കിയിട്ടുണ്ട് ആ എട്ട് ഉത്തരവുകളെ ക്രോഡീകരിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശമാണ് ഗവൺമെന്റ് പുറപ്പെടുവിച്ചിരിക്കുന്നത്. അല്ലാതെ പുതിയ ഉത്തരവല്ല. എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് മെഡിക്കൽ/എഞ്ചിനീയറിംഗിന് സ്വാശ്രയ സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിക്കുന്ന കുട്ടികൾക്ക് എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന തതുല്യമായ ആനുകൂല്യം കൊടുക്കാൻ പുതിയതായി 2011 ഫെബ്രുവരി 20 നാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അത് അദ്ദേഹം മനസ്സിലാക്കാതെ പറഞ്ഞതായരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഫിനാൻസ് ബില്ലിൽ അപ്പലേറ്റ് ട്രിബ്യൂണലിന്റെ അധികാരങ്ങൾ സംബന്ധിച്ച് ഭേദഗതിയുണ്ട്. ആ ഭേദഗതി പ്രകാരം എക്സ് പാർട്ടി വിധിയുടെ ഘട്ടത്തിൽ മാത്രമേ ഇനിമേൽ പെനാൽറ്റി റിമാൻഡ് ചെയ്യാനുള്ള അധികാരം അപ്പലേറ്റ്

അതോറിറ്റിക്കുണ്ടാകൂ എന്ന് പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ ഇത് ഒരു സ്പഷ്ടീകരണം മാത്രമാണ്. നിലവിലുള്ള കെ. വാറ്റ് സെക്ഷൻ 55 സബ് സെക്ഷൻ 5 എ, ബി പരിശോധിച്ചു കഴിഞ്ഞാൽ അത് വ്യക്തമായി കാണാം. ഒരു അസസ്മെന്റ് ഓഫ് പെനാൽറ്റിയുടെ ഉത്തരവ് അംഗീകരിക്കുകയോ കുറയ്ക്കുകയോ വർദ്ധിപ്പിക്കുകയോ ഇല്ലാതാക്കുകയോ ചെയ്യാം. റിമാൻഡ് ചെയ്യാൻ പറ്റില്ല. അസസ്മെന്റ് മാത്രമേ റിമാൻഡ് ചെയ്യാൻ പറ്റുകയുള്ളൂ. ഞാൻ ഇത് പറയാൻ കാരണം, ഈ ബില്ലിന്റെ അവതരണ വേളയിൽ ഞാൻ ഉന്നയിച്ച പ്രശ്നങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദീകരിച്ചു ഞാൻ ആ വിശദീകരണത്തിന് ആ സമയത്ത് സഭയിൽ എഴുന്നേറ്റ് നിന്ന് ബഹളം വയ്ക്കുന്നതിന് തയ്യാറായില്ല. ഈ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് അതിന് സ്പഷ്ടീകരണം നൽകാൻ ആഗ്രഹിക്കുകയാണ്. ഞാൻ ഉന്നയിച്ച പ്രശ്നത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഇതിന് മുമ്പും ഇങ്ങനെ റിമാൻഡ് ചെയ്തിട്ടുണ്ടെന്നാണ്. ചെയ്തിട്ടുണ്ടെങ്കിൽ അത് തെറ്റാണ്. ഈ കേസിൽ അപ്പലേറ്റ് അതോറിറ്റികളുടെ യോഗം ഡിപ്പാർട്ട്മെന്റ് ഹെഡ് വിളിച്ചു കൂട്ടിയതിന് ശേഷം, തോംസൺ കേസ് പരിശോധിച്ചതിന്ശേഷം നിർദ്ദേശിച്ചു, ഞാൻ ജോയിന്റ് കമ്മീഷണർ കമലാഭായിയുടെ റിപ്പോർട്ടിൽ നിന്ന് ഉദ്ധരിക്കു കയാണ്, കോപ്പിവേണമെങ്കിൽ തരാം. “5 10 13ന് ചേർന്ന യോഗത്തിൽ തോംസൺ ഗ്രൂപ്പിന്റെ കേസ് പരിഗണിച്ചു. പഠിക്കാൻ കുറച്ച് സമയമെടു ത്താലും ഈ അപ്പീൽ മെറിറ്റിൽ ഡിസ്പോസ് ചെയ്യണം എന്ന് തീരുമാനിച്ചു. ഇത് മിനിട്ട് ചെയ്യുകയും ചെയ്തു. ഈ കേസിൽ ഉൾപ്പെട്ടിട്ടുള്ള തുക വലുതായതിനാലും വെട്ടിപ്പ് കണ്ടുപിടിക്കുന്നതിനുള്ള പ്രയത്നത്തിന്റെ വലിപ്പവും കണക്കിലെടുത്താണ് ഈ നിർദ്ദേശം മിനിറ്റ്സ് ചെയ്തത്

ഇങ്ങനെ വ്യക്തമായ നിർദ്ദേശം നൽകിയിട്ടും അതിന് കടകവിരുദ്ധ മായി ചാൾസ് എന്ന ഡി.സി. അപ്പീൽ റിമാന്റ് ചെയ്തുവെന്നതാണ് പ്രശ്നം. അങ്ങ് ഇതിനെ ലഘുവായി കാണരുത്. യോഗത്തിൽ കൃത്യമായ തീരുമാനമുണ്ടായിട്ടും അതിന് കടകവിരുദ്ധമായി പ്രവർത്തിക്കാനുള്ള തന്റേടം അപ്പീൽ ഡി.സി.-ക്കുണ്ടായി. കമലാ ഭായിയുടെ റിപ്പോർട്ട്, അതിനു ശേഷം അഡീഷണൽ സെക്രട്ടറി, ടാക്സസ് നൽകിയിട്ടുള്ള കുറിപ്പുകൾ അങ്ങ് കണ്ടിട്ടുണ്ടാകും. ഇത്ര വിശദമായി 100 പേജ് വരുന്ന തീർപ്പെഴുതാനുള്ള സമയമില്ല, ധൃതി പിടിച്ചിട്ടാണെന്നാണ് അവർ പറഞ്ഞത്. 886 ഡോക്യുമെന്റ്സ്, ഒട്ടനവധി സാക്ഷികളുടെ വിസ്താരം, 384 പേജ് വരുന്ന 18 പെനാൽറ്റി ഉത്തരവുകൾ. ഇത് ആകെ പരിശോധിച്ച് പ്രൊനൗൺസ്മെന്റ് നടത്തുന്ന ദിവസം തന്നെ ഉത്തരവിറങ്ങുകയാണ്. ഇതിൽ ചാൾസിന്റെ എഴുത്തോ ശൈലിയോ രീതിയോ അല്ലായിരുന്നു. മാത്രമല്ല, ഇത് ഓഫീസിലെ ഒരു കമ്പ്യൂട്ടറിലും ടൈപ്പ് ചെയ്തിട്ടുള്ളതല്ല. അത് അന്വേഷിക്കേണ്ട കാര്യമല്ലേ? അതിനെക്കുറിച്ച് അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്? ഇത് ചെയ്തതിൽ malafide ഉണ്ടോ എന്നുള്ളതാണ് മൂന്നാമത്തെ പ്രശ്നം. ഞാൻ പുറത്തു നിന്നും ഉദ്ധരിക്കുന്നില്ല. ടാക്സസിന്റെ ജോയിന്റ് സെക്രട്ടറി ശ്രീമതി കമലാ ഭായിയുടെ റിപ്പോർട്ടിൽ പറയുന്നതുമാത്രം ഉദ്ധരിക്കാം – '...Since we got some hints that there is a likelihood that the case may be remanded by the 1st Appellate Authority, the matter was discussed in the meeting of the Appellate Authorities.' ഇങ്ങനെ ചെയ്യാൻ പോകുന്നുവെന്ന് ഞങ്ങൾക്ക് സൂചനകൾ ലഭിച്ചതുകൊണ്ടാണ് കോൺഫറൻസിൽ ഈ പ്രശ്നം ഉന്നയിച്ച്

തീരുമാനമെടുത്തത്. അവരുടെ തന്നെ റിപ്പോർട്ടിൽ നിങ്ങൾ സ്ഥലം മാറ്റിയ ടോം ജോസഫ് എന്ന ഡി.സി. അപ്പീൽ നൽകിയ മൊഴി പ്രകാരം പറയുന്നത് 'He was approached by the representatives of the appellant for favorable orders including remanding the case. He said that he has pressed his stand that he is not going to conceal the request' എന്നാണ്. അതുകൊണ്ടല്ലേ അദ്ദേഹത്തെ സ്ഥലം മാറ്റിയത്? അതിനുപകരം ജോസ് ജോർജ്കുട്ടിയെ കൊണ്ടുവന്നു. അദ്ദേഹത്തിന്റെ മേലും സമ്മർദ്ദമുണ്ടായിയെന്ന് ജോസ് ജോർജ് കുട്ടിയും ഓൺ റെക്കോഡായി പറഞ്ഞിട്ടുണ്ട്. അപ്പോഴാണ് അദ്ദേഹത്തെ മാറ്റി തൊട്ടടുത്ത കസേരയിലിരിക്കുന്ന ചാൾസിനെ ആ സ്ഥാനത്ത് പ്രതിഷ്ഠിച്ചത്. ഡെപ്യൂട്ടി കമ്മീഷണർമാരുടെ സ്ഥലം മാറ്റം അങ്ങ് അറിയാതെ നടക്കുമോ? അങ്ങയുടെ ഒപ്പില്ലാതെ നടക്കുമോ? ഇതാണ് എന്റെ ചോദ്യം. എന്തിന് നിങ്ങൾ ഇങ്ങനെ ചെയ്തു? ഇത്തരത്തിൽ അഴിമതിയുടെ കൃത്യമായ സൂചനകൾ നിങ്ങളുടെ വകുപ്പിലുണ്ട്. 65 കോടി രൂപയുടെ പെനാൽറ്റി അട്ടിമറിക്കാൻ പോകുന്നു. ഹൈക്കോടതിയുടെ ഇരുബഞ്ചുകളും സുപ്രീംകോടതി പോലും set aside ചെയ്യണമെന്നുള്ള അപേക്ഷ തിരസ്ക്കരിച്ചു കഴിഞ്ഞതിനുശേഷവും നിങ്ങളെന്തിന് ഇങ്ങനെ സ്ഥലംമാറ്റി ഒത്താശ ചെയ്തു കൊടുത്തുവെന്നുള്ളതാണ് എന്റെ ചോദ്യം. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് ഈ വെട്ടിപ്പുണ്ടായതെന്ന് അങ്ങ് പറഞ്ഞു. ശരിയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്തു തന്നെയാണ് അത് കണ്ടുപിടിച്ചതും. പാലക്കാട് സ്പെഷ്യൽ ഇന്റലിജൻസ് ടീം ഇത് കണ്ടുപിടിച്ചു. ഇൻവെസ്റ്റിഗേഷന് അവർക്ക് അധികാരമില്ലാത്തതുകൊണ്ട് തൃശ്ശൂർ ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിന് കൈമാറി. അന്ന് തുടങ്ങിയ

അന്വേഷണമാണ് അങ്ങയുടെ മുമ്പിൽ റിപ്പോർട്ടായി വന്നത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് എസ്.ഐ.ടി. സെറ്റ് അപ് ചെയ്തത്. ഇത് കണ്ടുപിടിച്ചതിന് എന്നെ അഭിനന്ദിക്കുകയല്ലേ വേണ്ടതെന്ന് അങ്ങ് ഈ സഭയോട് മുഴുവൻ ചോദിച്ചു. എന്തിനാണ് അഭിനന്ദിക്കേണ്ടത്? ആ എസ്. ഐ.ടി. രൂപീകരിച്ചതിനുശേഷം എത്ര പ്രാവശ്യം ആ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ സ്ഥലം മാറ്റുന്നതിനുവേണ്ടിയുള്ള കരുക്കൾ നീക്കി. അവസാനം കമ്മീഷണർ അറിയാതെ ഇതിലൊരാളെ മാറ്റാൻ പാടില്ല എന്ന് പറഞ്ഞ് പുനഃസ്ഥാപിച്ചോ? നടന്നോ ഇല്ലയോ എന്നു പറയണം. അപ്പോഴാണ് നാലുപേജുള്ള അഭ്യർത്ഥനയുമായി ഇവർ നിങ്ങളുടെ പക്കൽ വന്നത്. ആ അഭ്യർത്ഥനയുടെ പെറ്റീഷന്റെ പുറത്ത് അങ്ങ് എഴുതിയത്– 'Secretary Tax, Commissioner Tax for order a fresh enquiry. Put up urgently' എന്നാണ്. കമ്മീഷണറോട് ചോദിച്ചോ? ഒരു നികുതി വെട്ടിപ്പുകാരൻ നാലു പേജുള്ള കടലാസ് തന്നുക്കഴിഞ്ഞാൽ അതിന്റെ പുറത്ത് ഉടനെ....., ഇത്രയും ഇൻവെസ്റ്റിഗേഷൻ നടത്തിയ ടീം, ഇത്രയം തർക്കമുള്ള ടീം...., ഡിപ്പാർട്ട്മെന്റ് ഓൺ റെക്കോർഡ്, ആ റിക്കോർഡിൽ പറഞ്ഞിരിക്കുന്നത് ഈ സാമ്പത്തിക ബുദ്ധിമുട്ടിന്റെ കാലഘട്ടത്തിൽ 65 കോടി രൂപ പ്രധാനമായതുകൊണ്ടാണ് ഡിപ്പാർട്ട്മെന്റ് ഒഫീഷ്യൽസ് ഇത്തരത്തിൽ ജാഗ്രത പുലർത്തുന്നതെന്നു പറഞ്ഞ് വകുപ്പിന് കത്ത് തന്നിട്ടുണ്ട്. ആ കേസ് എന്താണെന്നുപോലും അന്വേഷിക്കാതെ അങ്ങ് set up a new enquiry എന്ന് എഴുതിയോ? സമ്മർദ്ദം ചെലുത്തിയിട്ടും കമ്മീഷണർ സുമൻ ബില്ല അത് ചെയ്തില്ല. അദ്ദേഹത്തിന് സ്ഥലം മാറി പോകേണ്ടി വന്നു. വീരേന്ദ്ര കുമാർ അഗർവാൾ വന്നു. അദ്ദേഹവും ചെയ്യാൻ തയ്യാറായില്ല. സ്റ്റാറ്റ്യൂട്ടറി പ്രൊസീഡിംഗ് നടക്കുമ്പോൾ

ആ ടീമിനെ പിരിച്ചുവിടാനായി മന്ത്രിക്കും അധികാരമില്ല. അഗർവാളും മാറിക്കഴിഞ്ഞപ്പോൾ ജി.ഒ. ഇറക്കി എസ്.ഐ.ടി.-യെ പിരിച്ചുവിട്ടു. ഇതിനെയാണോ അഭിനന്ദിക്കേണ്ടത്. ആ ടീമിന്റെ ഹെഡിനെ ആദ്യം പത്തനംതിട്ടയിലേയ്ക്കും അവിടെ നിന്ന് കാസർഗോഡിലേയ്ക്കും പിന്നീട് വയനാട്ടിലേയ്ക്കും സ്ഥലം മാറ്റി. കേരളത്തിൽ മാത്രമല്ലേ ഓടിക്കാൻ സാധിക്കുകയുള്ളൂ, എവിടെ വേണമെങ്കിലും മാറ്റിക്കൊള്ളാനാണ് അദ്ദേഹം പറഞ്ഞത്. ആ ടീമിലെ ഒരാളെങ്കിലും ഇന്ന് തൃശ്ശൂരിലുണ്ടോ? അതുകൊണ്ട് ഇക്കാര്യത്തിലൊന്നും അങ്ങയെ അഭിനന്ദിക്കാൻ ഞാൻ തയ്യാറല്ല. അപ്പീലിന്റെ കാര്യം, അർജൻസി പെറ്റീഷൻ കൊടുത്തിട്ട് എനിക്ക് ഇതുവരെ ചെക്ക് ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്ന് അങ്ങ് പറഞ്ഞു. ഞാൻ അതിനെ ചോദ്യം ചെയ്യുന്നില്ല. ആറുമാസം കഴിഞ്ഞല്ലോ. നോക്കി ഡിസ്പോസ് ചെയ്യാമല്ലോ. ഇനി റിമാന്റ് ചെയ്ത് പരിശോധിക്കാൻ ഇൻവെസ്റ്റിഗേഷൻ ഓഫീസറായി നിയമിച്ചിരിക്കുന്നത് ആരെയാണ്? ചെക്ക് പോസ്റ്റിലിരുന്നപ്പോൾ പണം ജനാലയിൽ കൂടി പുറത്തിട്ടതിന് കേസെടുത്തയാളെ അതിൽ നിന്ന് വിമുക്തനാക്കി അദ്ദേഹത്തെയല്ലേ നിയമിച്ചിരിക്കുന്നത്. ഹൈക്കോടതി വിധിയിൽപ്പോലും ഈ ടീമിനെ പ്രശംസിക്കുന്നുണ്ട്. 886 ഡോക്യുമെന്റ്സ്, എത്ര കടകൾ, രണ്ടുവർഷത്തെ ഇൻവെസ്റ്റിഗേഷൻ, 386 പേജ് വരുന്ന റിപ്പോർട്ട്, അങ്ങനെ 16 എണ്ണം. റിമാന്റ് ചെയ്ത കേസ് പരിശോധിക്കാനായി ആ ടീമിലെ ഒരാളെങ്കിലും ബാക്കിയുണ്ടോ? കള്ളത്തരം കാണിച്ച് 65 കോടി രൂപ റിമാന്റ് ചെയ്യാൻ നിങ്ങൾ സന്ദർഭമുണ്ടാക്കിയശേഷം രണ്ടാമതൊന്ന് പരിശോധിക്കാൻ എസ്.ഐ.ടി.-യിലെ ആരെങ്കിലുമുണ്ടോ? സർക്കാരിന്റെ ഒരു പൈസ കളയില്ല എന്ന് പറഞ്ഞ അങ്ങയോട് ഞാൻ ചോദിക്കുകയാണ്,

ഏറ്റവും ചുരുങ്ങിയത് സർക്കാരിന്റെ താല്പര്യമാണ് നിങ്ങളുടെ മനസ്സിലുള്ള തെങ്കിൽ ആ എസ്.ഐ.ടി.-യെ പുനസ്ഥാപിക്കണം. അങ്ങോട്ടുമിങ്ങോട്ടും സ്ഥലം മാറ്റിയ സജീവനടക്കമുള്ളവരെ തിരിച്ചുകൊണ്ടുവരണം. അവർ രണ്ടാമത് പരിശോധിച്ച് ഈ അപ്പലേറ്റ് അതോറിറ്റിക്ക് വീണ്ടും അസസ്സ്മെന്റ് നടത്തട്ടെ, പെനാൽറ്റി ഇംപോസ് ചെയ്യട്ടെ. അപ്പലേറ്റ് അതോറിറ്റി മെരിറ്റിലേയ്ക്ക് പോകുന്നത് എന്തിനാണെന്നറിയാമോ? അപ്പലന്റ്സ് പറയുന്നതു മുഴുവൻ ശരിയാണ്. അതുകൊണ്ട് ഇത് നോക്കേണ്ടതില്ല. വേറെ രീതിയിൽ പരിശോധിക്കാൻ പറഞ്ഞ് എഴുതാൻ ധൈര്യം തന്നിരിക്കുക യാണ്. അതുകൊണ്ട് പരിശോധിക്കാൻ ആരുമില്ല. എന്നിട്ടും ധനമന്ത്രി ഇവിടെ വന്ന് പറയുന്നത്, ഞാൻ ഒരു പൈസ പോലും കളയില്ലെന്നാണ്.

രണ്ടു കാര്യങ്ങളാണ് പറയാനുള്ളത്. പക്ഷെ ഞാൻ ഇത് അവസാനിപ്പിക്കുകയില്ല, അത്രയും ഞാൻ പറയുകയാണ്. പണം ആര് വാങ്ങിച്ചുവെന്ന് പറയാൻ ഞാൻ ഉദ്ദേശിക്കുന്നുമില്ല. പക്ഷേ വേണ്ടിവന്നാൽ പറയും. ഒന്നാമത്തെ ചോദ്യം, ഇതെല്ലാം a to z അങ്ങ് നടത്തിയതാണെന്ന് ഞാൻ പറയുന്നില്ല. കേരള ചരിത്രത്തിൽ, ധനകാര്യ ചരിത്രത്തിൽ ഏറ്റവും വലിയ പെനാൽറ്റി ഓർഡറിന്റെ അട്ടിമറിയാണ് നടന്നിരിക്കുന്നത്. അങ്ങ് ഇക്കാര്യങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്താൻ തയ്യാറുണ്ടോ? രണ്ട്, എസ്.ഐ.ടി.-യെ പുന:സ്ഥാപിക്കുമോ? സർക്കാരിന്റെ ഒരു പൈസപോലും പാഴാക്കി കളയുന്ന കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യില്ലെന്ന് പറഞ്ഞതിൽ എന്തെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ, ഈ കേസ് ഇത്തരത്തിൽ കണ്ടുപിടിക്കുകയും ഹൈക്കോടതിയുടെ പ്രശംസ പിടിച്ചുപറ്റിയ ഈ

ഉദ്യോഗസ്ഥരെ തിരിച്ച് പുന:സ്ഥാപിച്ച് പുനരന്വേഷണം നടത്തുന്നതിനു വേണ്ടി അങ്ങ് ഉത്തരവിടുമോ? അങ്ങ് അസംബ്ലിയിൽ ഇതുസംബന്ധിച്ച് എന്ത് മറുപടി പറഞ്ഞാലും ബഹളം കാണിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ ഇത് ഇവിടംകൊണ്ട് അവസാനിക്കുന്നില്ലായെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി എനിക്ക് വലിയ ഔദാര്യം ചെയ്തു തന്നു. ആലപ്പുഴയിലെ പ്രധാനപ്പെട്ട സ്കൂളിൽ എന്റെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ആർ.ഒ. പ്ലാന്റ് വയ്ക്കണമെന്ന് ഞാൻ അദ്ദേഹത്തോട് അപേക്ഷിച്ചിരുന്നു. ഇത് ഞാൻ പുതിയ ഉത്തരവ് ഇറങ്ങുന്നതിനുമുമ്പ് ചെയ്യാമെന്ന് അവരോട് പറഞ്ഞതാണ്. അങ്ങനെയൊരു സാഹചര്യത്തിൽ അനുവദിക്കണമെന്ന് പറയുകയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു ചോദ്യവും ചോദിക്കാതെ ഒപ്പിട്ടുതരികയും ചെയ്തു. എന്നാൽ അങ്ങയുടെ ഡിപ്പാർട്ടുമെന്റിലെ ഒരു ക്ലാർക്ക് ചോദിക്കുന്നത്, 'പ്രസ്തുത ഉപകരണത്തിന്റെ സാങ്കേതികത്വം ജില്ലയിലെ മറ്റ് സ്കൂളുകളിൽ പ്രയോജനപ്പെടുത്തുന്നുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തന ക്ഷമത, സർവ്വീസ് എന്നിവയെ സംബന്ധിച്ച വിവരങ്ങൾ നിലവിലുണ്ടോ; വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള സാധ്യത നിലവിലുണ്ടോ; പൈപ്പ് ലൈൻ നീട്ടാൻ പറ്റുമോ; അതോ കുട്ടികൾക്ക് വേറെ എന്തെങ്കിലും രീതിയിൽ കുടിവെള്ളം കിട്ടാൻ സാധ്യതയുണ്ടോ; സ്കൂളിൽ ഇപ്പോൾ എത്ര കുട്ടികൾ പഠിക്കുന്നു; സ്കൂളിൽ ശുദ്ധജലത്തിന് മറ്റ് സ്രോതസ്സുകൾ ലഭ്യമാണോ? ഈ സ്കീമിൽ എത്ര കുട്ടികൾ......' എന്നൊക്കെ യാണ്. എന്താണിത്? ഒരു എം.എൽ.എ. ആയി എന്നെ തെരഞ്ഞെടുത്തിരി ക്കുന്നത് വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കാനാണോ ആർ.ഒ.

പ്ലാന്റ് വയ്ക്കാനാണോ പ്രയോറിറ്റിയെന്ന് തീരുമാനിക്കുന്നതിനുള്ള അവകാശമുള്ളതുകൊണ്ടാണ്. ധനവിനിയോഗത്തിൽ തെറ്റുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാം, സർക്കാർ നിരോധിച്ചിട്ടുള്ള കാര്യത്തിൽ തെറ്റുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ച് അത് പാടില്ലെന്ന് പറയാം. പക്ഷേ ധനവകുപ്പിൽ നിന്ന് ധനകാര്യ വകുപ്പുമന്ത്രി അംഗീകരിച്ച ഒരു കാര്യത്തിന് ഇതാണോ ഉചിതമായ തീരുമാനം. ആ ക്ലാർക്കിനെ സസ്പെന്റ് ചെയ്യണം. ഇവിടത്തെ എം.എൽ.എ.–മാരുടെ അവകാശത്തിന് മേലുള്ള കയ്യേറ്റമാണിത്. You should not leave this.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, പ്രതിപക്ഷ എം.എൽ.എ.മാർ കൊടുക്കുന്ന പ്രൊപ്പോസലുകൾക്ക് മാത്രമാണ് ഈ ക്വറികളൊക്കെ വരുന്നത്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഞാൻ അതൊന്നും ആരോപിച്ചിട്ടില്ല. തികച്ചും പെറ്റി ബ്യൂറോക്രാറ്റിക് മൈൻഡാണിത്. ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യത്തിൽ റൂളിംഗ് നൽകേണ്ടതാണ്. ഞാൻ ചോദിക്കുന്നത്, എം.എൽ.എ. ആയ എനിക്ക് എന്റെ മണ്ഡലത്തിലെ സ്കൂളിൽ പൈപ്പ് വഴി വെള്ളം കൊടുക്കുന്നതാണോ നല്ലത്; പൈപ്പുണ്ടെങ്കിൽ പൈപ്പിലെ വെള്ളം അരിച്ച് കൊടുക്കണമോ വേണ്ടയോ; അത് എത്ര കുട്ടികൾക്ക് കൊടുക്കാൻ പറ്റും; ഇതിന്റെ മെയിന്റിനൻസ് നാളെ ഞാൻ എങ്ങനെ ചെയ്യും തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കാനുള്ള...... ഈ പത്ത് ലക്ഷം രൂപയുടെ പദ്ധതിക്ക്, അത് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യമോ വിവേചനമോ ഒന്നുമില്ലെങ്കിൽ അപമാനിക്കുകയാണ് ചെയ്യുന്നത്. 2 ശതമാനത്തിന്റെ ടേൺ ഓവർ ടാക്സ് മാറ്റണമെന്നുള്ളത് അങ്ങ് അംഗീകരിച്ചില്ല. ഇന്ത്യയിൽ ഒരു സംസ്ഥാനത്തുമില്ല, ഇവിടെ മാത്രമേയുള്ളൂ. എന്നുമാത്രമല്ല അങ്ങ് പറയുന്നതുപോലെ 2

ശതമാനം ലാഭത്തിൽ നിന്ന് എടുത്ത് കെടുക്കാൻ കഴിയില്ല. ഹോൾസെയിൽ വിൽപ്പനയും റീട്ടെയിൽ വിൽപ്പനയുമുണ്ട്. ചിലപ്പോൾ 4 ശതമാനം മുതൽ 6 ശതമാനം വരെയാകാം. അങ്ങ് ഖാദി മേഖലയെ നികുതിയിൽ നിന്ന് ഒഴിവാക്കി. കൈത്തറി മേഖലയെ നികുതിയിൽ നിന്ന് ഒഴിവാക്കണമെന്ന അഭ്യർത്ഥന നടത്തിയിട്ടും അങ്ങ് എന്തുകൊണ്ട് ചെയ്തില്ല. അപ്പോൾ പറഞ്ഞത് സിൽക്ക് കൈത്തറിയാണെന്നാണ്. അങ്ങനെയാണെങ്കിൽ സിൽക്കിനെ ഒഴിവാക്കിയാൽ മതിയായിരുന്നു. കോട്ടൺ കൈത്തറിയിൽ എന്തുകൊണ്ട് ചെയ്യാൻ പറ്റുകയില്ല? അപ്പോൾ ഒരു സൂചന നൽകി, അവരിൽ നിന്ന് പിരിക്കുന്ന നികുതിക്ക് വേണമെങ്കിൽ സബ്സിഡി കൊടുക്കാമെന്ന്. അങ്ങ് ഈ ഫിനാൻസ് ബിൽ പാസ്സാക്കാൻ സഭയോട് അഭ്യർത്ഥിക്കുമ്പോൾ, ഇവിടെ നിന്ന് ഈയിനത്തിൽ പിരിക്കുന്ന നികുതിക്ക് 20 ശതമാനം റിബേറ്റ് വർഷം മുഴുവൻ നൽകാൻ വേണ്ടി കൊടുക്കുമെന്ന് പറഞ്ഞാൽ കേരളത്തിലെ പാവപ്പെട്ട കൈത്തറി തൊഴിലാളികൾക്ക് എത്രയോ വലിയ കാര്യമായിരിക്കും. അങ്ങ് ഇതുസംബന്ധിച്ച് സൂചന നൽകിയതാണ്. അതുകൊണ്ട് ഞാൻ ഈ ടാക്സിനെ എതിർക്കുന്നതോടൊപ്പം തന്നെ ഇത്തരത്തിൽ ഒരു ഇളവ് നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഞങ്ങളുടെ ഡിസന്റ് നോട്ടിൽ ബിൽഡിംഗ് ടാക്സിന്റ എക്സംപ്ഷൻ ലിമിറ്റ് കൂട്ടണമെന്ന് പറഞ്ഞിട്ടുള്ള കാര്യമാണ്. ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി മിനിസ്റ്റർ ബിൽഡിംഗ് ടാക്സിൽ ചില നിർദ്ദേശങ്ങൾ വച്ചിരിക്കുകയാണ്. ആ മാറ്റങ്ങൾ പ്രകാരം കമേഴ്സ്യൽ ബിൽഡിംഗ് ടാക്സിന്റെ നിരക്കിൽ 150 ശതമാനം വരെയും മറ്റേത് 125 ശതമാനം വരെയും വർദ്ധനവ് ആകാം. എക്സംപ്ഷൻ ലിമിറ്റ് താഴ്ത്തിയിട്ടുണ്ട്. പ്ലിന്റ് ഏരിയ അടിസ്ഥാനത്തിൽ ഒബജ്കടീവായി

നിശ്ചയിക്കുന്നത് മാറ്റിവച്ച് 25 ശതമാനംവരെ എല്ലാവർക്കും വർദ്ധനവ് വരുത്തിയിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ഇത്തരത്തിലുള്ള ബിൽഡിംഗ് ടാക്സ് വർദ്ധനവിനെ ഞങ്ങൾ എതിർക്കുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കൈത്തറിയുടെ ടേൺഓവർ ടാക്സ് ഒഴിവാക്കണമെന്നല്ലേ അങ്ങ് പറഞ്ഞത്. ഞാനുമൊന്ന് എൻഡോഴ്സ് ചെയ്യുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. കെ. എം. മാണി സാറിന്റെയടുത്ത് നിന്ന് പറയുമെന്ന് വിചാരിച്ചില്ല. ശ്രീ. കെ. എം. മാണിസാർ ബാക്കി 2 ശതമാനം വയ്ക്കുമെങ്കിൽ അത് എങ്ങനെ കൊടുക്കുമെന്ന് പറയുമെന്നാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സാർ, ഞാനുംകൂടെ പറഞ്ഞിട്ടാണ് വ്യവസായ വകുപ്പുമന്ത്രി എഴുന്നേറ്റത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ ഘട്ടത്തിലെങ്കിലും ഇത് തോന്നിയത് വളരെ നന്നായി. അദ്ദേഹത്തിന് തോന്നിയ ബുദ്ധിയെന്ന അർത്ഥത്തിലല്ല ഞാൻ പറഞ്ഞത്. അങ്ങ് വളരെ വിശാല ഹൃദയനാണെന്ന് എനിക്കറിയാം. അതുകൊണ്ട് അങ്ങനെ ചിന്തിച്ചതിനെ അഭിനന്ദിക്കുകയാണ്. ഇതുപോലെ മോട്ടോർ വെഹിക്കിൾസ് ടാക്സ്, ക്രഷർ ടാക്സ് എന്നിവ കുറയ്ക്കാൻ തയ്യാറായിട്ടുണ്ടെങ്കിലും കുറച്ചുകൂടി കുറയ്ക്കണമെന്നാണ് എന്റെ അഭിപ്രായം. മെട്രോയ്ക്ക് മുൻകാല പ്രാബല്യത്തോടെ കൊടുത്ത നികുതി ഇളവ് നീക്കം ചെയ്തത് നല്ല കാര്യമാണ്. മെട്രോയ്ക്ക് കൊടുക്കണം. ഇനിയുള്ള അവാർഡുകളിൽ നമ്മൾ വയ്ക്കുകയും വേണം.

അതിൽ ഉൾപ്പെടുത്തി നികുതി ആനുകൂല്യങ്ങൾ നൽകുന്നതിന് എതിരല്ല. നേരത്തേ തന്നെ അവാർഡ് ചെയ്യപ്പെട്ട കോൺട്രാക്ടർക്ക് നികുതി ഫാക്ടറിംഗ് ചെയ്തുകാണും. അദ്ദേഹത്തിന് കൊടുക്കുന്നത് ശരിയല്ലായെന്ന ധാരണ ധനകാര്യ വകുപ്പുമന്ത്രിക്ക് വന്നതുകൊണ്ടാകാം പിൻവലിച്ചത്. അത് നല്ല കാര്യമാണ്. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. മറ്റ് കാര്യങ്ങൾ ഇവിടെ പങ്കെടുക്കുന്നവർ പറയും. ഞാൻ പറഞ്ഞതിനേക്കാൾ കൂടുതൽ സമയം എടുത്തുപോയി. അവസാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, സ്നേഹമെല്ലാം ഉണ്ട്. പക്ഷേ, ഇക്കാര്യത്തിൽ നടപടി വേണം. വ്യക്തിപരമായി ഇപ്പോഴും ഞാൻ ആരോപണം ഉന്നയിച്ചിട്ടില്ല. അക്കാര്യത്തിൽ എനിക്ക് താൽപ്പര്യമില്ല. ഈ ഒറ്റ കാര്യം നടന്നാൽ നടന്നു. ആ എസ്.ഐ.റ്റി. പുന:സ്ഥാപിക്കണം. അവർ റിമാൻഡ് ഓർഡറിന് തിരിച്ച് റിപ്പോർട്ട് നൽകട്ടെ. കേരളത്തിന് കിട്ടാനുള്ള പൈസ തിരിച്ച് വാങ്ങിച്ച് ഈ നികുതി വെട്ടിപ്പ് തടയാം. കെ.എഫ്.സി.-യെ ക്കുറിച്ച് ഞാൻ പറഞ്ഞ കാര്യത്തിൽ അന്വേഷണം നടക്കുന്നുണ്ടായിരിക്കും. അടുത്തതിൽ ആയാലും മതി. അക്കാര്യം മറന്നുപോകരുതെന്ന് പറയുകയാണ്. അക്കാര്യത്തിൽ അന്വേഷണവും വേണം അതിലെ കുറ്റക്കാർക്ക് ശിക്ഷയും നൽകണം. ഞാൻ എന്റെ വിയോജനക്കുറിപ്പ് അവതരിപ്പിക്കുകയാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് അവതരിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ 2014-15 സാമ്പത്തിക വർഷം അവതരിപ്പിച്ച ബഡ്ജറ്റിന്റെ സമാപനത്തിൽ വിദുര വാക്യം ഉദ്ധരിച്ചുകൊണ്ടാണ് അവസാനിപ്പിച്ചത്.

" ചക്ഷുഷാ മനസാ വാചാ

കർമ്മണാ ച ചതുർവിധം

പ്രസാദയതി യോ ലോകം

തം ലോകോ അനുപ്രസീദതി "

ഈ പറയുന്നതും നിങ്ങളുടെ പ്രവർത്തനങ്ങളുമായി എന്തെങ്കിലും ബന്ധമുണ്ടോ? നിങ്ങൾ ഈ ബഡ്ജറ്റിലൂടെ ഈ രാജ്യത്തിലെ ദശലക്ഷക്കണക്കായ ആളുകൾക്ക് വലിയ തോതിലുള്ള നികുതിഭാരം അടിച്ചേൽപ്പിക്കുകയാണ് ചെയ്തത്. അങ്ങനെയുള്ള നികുതിഭാരം അടിച്ചേൽപ്പിച്ച പാവപ്പെട്ട ദുരിതം അനുഭവിക്കുന്ന ജനങ്ങൾക്ക് നിങ്ങളോടുള്ള അവരുടെ സമീപനം എന്തായിരിക്കും. നിങ്ങൾ ഈ വിദുര വാക്യത്തിൽ പറയുന്നതുപോലുള്ള സമീപനം ഉണ്ടാകുമോ? കണ്ണുകൊണ്ടും മനസ്സുകൊണ്ടും വാക്കുകൊണ്ടും കർമ്മംകൊണ്ടും ജനങ്ങളെ സന്തുഷ്ടരാക്കുന്നവരെ ജനങ്ങളും സന്തുഷ്ടരാക്കുന്നു. നിങ്ങൾ എങ്ങനെയാണ് സന്തുഷ്ടരാക്കുന്നത്. കൊടിയ ദുരിതമല്ലേ നിങ്ങൾ ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചിരിക്കുന്നത്. നമ്മുടെ രാജ്യത്ത് ജോലിയില്ലാതെ, ഈ സോഷ്യലിസ്റ്റ് ചിന്തയിൽ നിന്ന് ദശലക്ഷക്കണ ക്കിനാളുകളാണ് വിദേശ രാജ്യങ്ങളിൽ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ പോയി ജോലി ചെയ്യുന്നത്. അവിടെപ്പോയി ജോലിയെടുത്ത് എട്ടോ, പത്തോ, പതിനഞ്ചോ വർഷം കഴിഞ്ഞ് തിരിച്ചുവരുമ്പോൾ ഏതാനും ലക്ഷങ്ങളുമായിട്ടാണ് തിരിച്ചുവരുന്നത്. സ്വന്തം നാട്ടിൽ ജീവിക്കാനും കുടുംബം പോറ്റുന്നതിനും വേണ്ടി ലോറിയോ ബസ്സോ കാറോ വാങ്ങിക്കുന്നു. ജീവിക്കാൻ വേണ്ടിയാണ് ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുന്നത്.

അതിനുമുകളിലാണ് നിങ്ങൾ കൈവച്ചിരിക്കുന്നത്. അവരുടെ ആ ജീവിതം തകർക്കുന്ന രീതിയിലുള്ള വളരെ ക്രൂരമായ സമീപനമായതുകൊണ്ട് വാഹനങ്ങളുടെമേൽ ചുമത്തിയ ഇൻഷ്വറൻസ് പ്രീമിയവും അതുപോലെ മറ്റ് നികുതിയെല്ലാം പിൻവലിക്കണമെന്നാണ് വിനയപൂർവ്വം അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്. അങ്ങനെയെങ്കിലും ഒരാശ്വാസം പാവപ്പെട്ട ജനങ്ങൾക്ക് ലഭിക്കട്ടെ. മണലാരുണ്യത്തിൽപ്പോയി കഷ്ടപ്പെട്ട്, ത്യാഗം ചെയ്ത് പണം സമ്പാദിച്ച് ഇവിടെ കൊണ്ടുവരുന്നത് ലക്ഷപ്രഭുക്കളാകാനും കോടിക്കണക്കിന് സമ്പാദിക്കുന്നതിനും വേണ്ടിയല്ല, ജീവിക്കുന്നതിനു വേണ്ടിയാണ്. അങ്ങനെയുള്ള ആളുകളുടെ മേലെ ഈ രീതിയിലുള്ള നികുതി ചുമത്തുന്നത് തകർക്കുന്ന സമീപനമാണ്. ഇത് നമ്മുടെ രാജ്യത്തെ മോട്ടോർ വ്യവസായത്തെ ഒരു ശമ്ശാന പറമ്പാക്കി മാറ്റാനുള്ള സമീപനമാണ് അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടായത്. ഇത് വളരെ കഷ്ടമായി പ്പോയി. അതുകൊണ്ട് ഇത് പിൻവലിക്കണമെന്നാണ് എനിക്ക് വിനയപുരസ്സരം അഭ്യർത്ഥിക്കാനുള്ളത്.

കേരള സർക്കാർ മോട്ടോർ വാഹനങ്ങൾക്ക് അധിക നികുതി അടിച്ചേൽപ്പിച്ചതുമൂലം ഇരുചക്ര വാഹനങ്ങൾ മുതൽ അന്തർ സംസ്ഥാന ടൂറിസ്റ്റ് ബസ്സുകൾക്കുവരെ ഭീമമായ തുകയാണ് വാഹനനികുതിയായി അടയ്ക്കേണ്ടിവന്നിട്ടുള്ളത്. മോട്ടോർ വ്യവസായം വൻപ്രതിസന്ധിയെ അഭിമുഖീകരിക്കുന്ന സന്ദർഭമാണ് താങ്ങാൻ കഴിയാത്ത ഈ നികുതി വർദ്ധനവുകൊണ്ടുണ്ടായിട്ടുള്ളത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ നിരന്തരമായ വില വർദ്ധനവും ഇൻഷ്വറൻസ് പ്രീമിയത്തിൽ വരുത്തിയ കുത്തനെയുള്ള വർദ്ധനവുംമൂലം വ്യവസായം തകർച്ചയെ നേരിടുന്നു.

നികുതി വർദ്ധനവ് ഇരുട്ടടിപോലെയാണ് മോട്ടോർ തൊഴിലാളികൾക്കും കേരളത്തിലെ ജനങ്ങൾക്കും അനുഭവപ്പെടുന്നത്. 2011 ജനുവരി ഒന്നിന് പെട്രോൾ വില ലിറ്ററിന് 55 രൂപ 87 പൈസയായിരുന്നത് ഇപ്പോൾ 75 രൂപ യായി വർദ്ധിച്ചു. ഡീസലിന്റെ വില ലിറ്ററിന് 37 രൂപ 75 പൈസയിൽ നിന്നും 59 രൂപ 38 പൈസയായി ഉയർന്നു. ഇന്ധന വിലയിൽ വീണ്ടും കുത്തനെയുള്ള വർദ്ധനവാണ് എണ്ണക്കമ്പനികൾ നിർദ്ദേശിക്കുന്നത്. പുതിയ ഗവൺമെന്റും അതിനുവേണ്ടിയുള്ള പ്രസ്താവനകളാണ് ഇപ്പോൾ നടത്തി ക്കൊണ്ടിരിക്കുന്നത്. അങ്ങനെ വരുമ്പോൾ ഈ മേഖല ഏറ്റവും വലിയ തകർച്ചയെ അഭിമുഖീകരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവു മില്ല. സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾക്ക് കൊള്ളലാഭമുണ്ടാക്കുവാൻ വേണ്ടി പ്രീമിയം തുക അടിക്കടി വർദ്ധിപ്പിക്കുവാൻ ഐ.ആർ.ഡി.എ. (Insurance Regulatory and Development Authority) അനുവാദം നൽകുകവഴി ഈ രംഗത്തും വൻതുകയാണ് മുടക്കേണ്ടിവരുന്നത്. 2014 ഏപ്രിൽ ഒന്നു മുതൽ പ്രീമിയം തുകയിൽ 20 ശതമാനംവരെ വർദ്ധനവാണ് വരുത്തിയിട്ടു ള്ളത്. ഇരുചക്ര വാഹനങ്ങൾ, സ്വകാര്യ കാർ, സ്വകാര്യ ചരക്കുവാഹന ങ്ങൾ, യാത്രാവാഹനങ്ങൾ എന്നിവയ്ക്കെല്ലാം വർദ്ധനവുണ്ടാകും. ആട്ടോ റിക്ഷകൾക്കും ടാക്സി കാറുകൾക്കും 20 ശതമാനമാണ് വർദ്ധനവ്. 2000–ൽ വളരെ കുറഞ്ഞ തുകയായിരുന്നു ഇൻഷ്വറൻസ് പ്രീമിയം. അത് അടിക്കടി വർദ്ധിപ്പിച്ച് വൻതുകയിൽ എത്തിച്ചിരിക്കുകയാണ്. 2011 ഏപ്രിൽ മാസം മുതൽ 2014 ഏപ്രിൽ മാസം വരെ 265 ശതമാനം വരെ ഇൻഷ്വറൻസ് പ്രീമിയം വർദ്ധിപ്പിച്ചുകഴിഞ്ഞു. പുതുക്കിയ പ്രീമിയം നിരക്കുകളനുസരിച്ച്,

2013 ഏപ്രിൽ ഒന്ന് മുതൽ 2014 ഏപ്രിൽ ഒന്നുവരെ 75 സി.സി.–യിൽ താഴെയുള്ള ഇരുചക്ര വാഹനങ്ങൾക്ക് 414 രൂപയുണ്ടായിരുന്നത് 455 രൂപയായും, 75 സി.സി. മുതൽ 150 സി.സി. വരെ 422 രൂപയായിരുന്നത് 464 രൂപയായും, 150 സി.സി. മുതൽ 350 സി.സി. വരെ 420 രൂപയിൽ നിന്ന് 462 രൂപയായും, 350 സി.സി.–ക്ക് മുകളിൽ 804 രൂപയിൽനിന്നും 884 രൂപയായും നികുതി വർദ്ധിപ്പിച്ചു. അതുപോലെ ആട്ടോറിക്ഷക്ക് 3,260 രൂപയിൽനിന്നും 3,900 രൂപയാക്കി വർദ്ധിപ്പിച്ചു. ജീവിക്കുവാൻ വേണ്ടി ആട്ടോറിക്ഷ ഓടിക്കുന്ന പാവപ്പെട്ട ജനങ്ങളുടെ നേരെയാണ് ഇത് അടിച്ചേൽപ്പിക്കുന്നത്. 1,000 സി.സി.–യിൽ താഴെയുള്ള സ്വകാര്യ കാറുകൾക്ക് 941 രൂപയിൽനിന്നും 1,129 രൂപയായും, 1,000 സി.സി. മുതൽ 1,500 സി.സി. വരെ 1,110 രൂപയിൽ നിന്നും 1,332 രൂപയായും, 1,500 സി.സി.–ക്ക് മുകളിലുള്ളവയ്ക്ക് 3,424 രൂപയിൽനിന്നും 4,150 രൂപയായും നികുതി വർദ്ധിപ്പിച്ചു. 1,000 സി.സി. –ക്കുതാഴെയുള്ള ടാക്സി കാറുകൾക്ക് 3,417 രൂപയിൽ നിന്ന് 4,100 രൂപയായും, 1,000 സി.സി. മുതൽ 1,500 സി.സി. വരെ 5,338 രൂപയിൽനിന്ന് 6,045 രൂപയായും, 1,500 സി.സി.–ക്ക് മുകളിലുള്ളവയ്ക്ക് 7,429 രൂപയായും നികുതി വർദ്ധിപ്പിച്ചിരിക്കുന്നു. 7,500 കിലോഗ്രാം വരെയുള്ള ചരക്കുകടത്ത് വാഹനങ്ങൾക്ക് 13,082 രൂപയിൽ നിന്ന് 14,390 രൂപയായും, 7,500 കിലോഗ്രാം മുതൽ 12,000 കിലോഗ്രാം വരെ 13,968 രൂപയിൽ നിന്നും 15,365 രൂപയായും, 12,100 കിലോഗ്രാം മുതൽ 20,000 കിലോഗ്രാം വരെ 14,878 രൂപയിൽനിന്നും 16,360 രൂപയായും, 20,001 കിലോഗ്രാം മുതൽ 40,000 കിലോഗ്രാം വരെ 14,974 രൂപയിൽ നിന്നും

16,471 രൂപയായും, 40,000 കിലോഗ്രാമിന് മുകളിൽ 15,035 രൂപയിൽ നിന്നും 16,539 രൂപയായും നികുതി വർദ്ധിപ്പിച്ചു. പബ്ലിക്-പ്രൈവറ്റ് ത്രീ വീലർ ഗുഡ്സ് ക്യാരിയറിന്റെ പ്രീമിയം 20 ശതമാനം വർദ്ധിപ്പിച്ച് യഥാക്രമം 4508, 3701 രൂപയായി ഉയർത്തി. ഇതിനുപുറമെ സ്പെയർ പാർട്ട്സിന്റെ അമിതമായ വിലക്കയറ്റം മോട്ടോർ വ്യവസായത്തെ വൻ പ്രതിസന്ധിയിലേയ്ക്ക് നയിക്കുന്നു. ഇതിന്റെയെല്ലാം പ്രത്യാഘാതങ്ങൾ ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് മോട്ടോർ വാഹന തൊഴിലാളികളാണ്. മോട്ടോർ മേഖലയിൽ പണിയെടുക്കുന്നവരിൽ ഏറെയും ആട്ടോറിക്ഷ, പിക്കപ്പ് വാൻ, ടാക്സി, മറ്റ് ചെറുകിട വാഹനങ്ങൾ, ചെറു ബസ്സുകൾ, ചരക്കുകടത്ത് വാഹനങ്ങൾ, സ്വയം തൊഴിൽ എന്നീ നിലയിൽ വൻ പലിശയ്ക്ക് ബാങ്ക് വായ്പ തരപ്പെടുത്തിയും കെട്ടുതാലി പണയംവച്ചും ഈ രംഗത്തേയ്ക്ക് കടന്നുവന്നവരാണ്. അതുപോലെ ഗൾഫിൽ നിന്നും വന്നിട്ടുള്ള ആളുകളും ഈ രംഗത്തുണ്ട്. ഈ പശ്ചാത്തലത്തിലാകണം വാഹന നികുതി വർദ്ധനവിന്റെ ആഘാതം പരിശോധിക്കേണ്ടത്. കേരളത്തിൽ 1,12,17,853 (ഒരു കോടി പന്ത്രണ്ട് ലക്ഷത്തി പതിനേഴായിരത്തി എണ്ണൂറ്റി അമ്പത്തിമൂന്ന്) വീടുകളുള്ളപ്പോൾ ആകെ മോട്ടോർ വാഹനങ്ങളുടെ എണ്ണം 87,51,895 (എൺപത്തിയേഴ് ലക്ഷത്തി അമ്പത്തിയൊന്നായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയഞ്ച്) ആണ്. 75 ശതമാനം വീടുകളിലും മോട്ടോർ വാഹനമുണ്ടെന്നാണ് ഈ കണക്കുകളിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. കേരളത്തിലെ വാഹന സാന്ദ്രതയുടെ ഈ കണക്കുകൾ വ്യക്തമാക്കുന്നത് ഭീമമായ നികുതി വർദ്ധനവ് കേരളത്തിൽ സാമൂഹ്യ വിഷയമായി മാറിയിരിക്കുന്നു എന്നുള്ളതാണ്. ഇത് കേവലം ഓടിക്കുന്ന ആളുകളെ മാത്രമല്ല,

കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ഇതിന്റെ കെടുതികൾ ബാധകമാകാൻ പോകുകയാണ്. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാൻ സാധാരണ ജനങ്ങളുടെ ചുമലിൽ കടുത്ത ഭാരം അടിച്ചേൽപ്പിക്കുന്ന ഈ നടപടി ശരിയാണോ? അത് പിൻവലിക്കണ മെന്നാണ് ഞങ്ങൾക്ക് വിനയപുരസ്സരം അഭ്യർത്ഥിക്കാനുള്ളത്. ഇരുചക്ര വാഹനങ്ങൾക്കും നികുതിയിൽ വർദ്ധനവുണ്ട്. പഴയ മോട്ടോർ സൈക്കിളുകൾക്ക് നികുതിയടയ്ക്കുമ്പോൾ അഞ്ച് വർഷത്തേയ്ക്ക് ഒരുമിച്ച് അടയ്ക്കണം. പാവപ്പെട്ടവർ എവിടെനിന്ന് ഈ പണമുണ്ടാക്കും. ഒന്നിച്ച് അടയ്ക്കണമെങ്കിൽ ഒന്നിച്ച് പണമുണ്ടാക്കണ്ടേ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഗവൺമെന്റും അതെന്താണ് കാണാത്തത്. ഒന്നിച്ച് അടയ്ക്കണമെങ്കിൽ കടമെടുക്കണം. ഈ രീതിയിലുള്ള ഏറ്റവും ദുഷ്കരമായ ചില നടപടികളാണ് ഈ വർദ്ധനവിലൂടെ ഉണ്ടാക്കിയിട്ടുള്ളത്. 5 വർഷത്തെ നികുതി ഒരുമിച്ച് അടയ്ക്കണമെന്ന വ്യവസ്ഥയിൽനിന്ന് ചെറുകിട വാഹന ഉടമകളെയും ഒഴിവാക്കിയിട്ടില്ല. 1500 സി.സി.-യും അതിന് മുകളിലും കപ്പാസിറ്റിയുള്ള ടാക്സികളെയും ആൾ ഇന്ത്യാ പെർമിറ്റുള്ള ടൂറിസം ആട്ടോ കാറുകളെയും ലക്ഷ്വറി ടാക്സി വിഭാഗത്തിൽ ഉൾപ്പെടുത്തി അമിത നികുതി ചുമത്തിയിട്ടുണ്ട്. സാധാരണ ടാക്സികൾ, ആൾ ഇന്ത്യാ പെർമിറ്റുള്ള ടൂറിസ്റ്റ് ടാക്സികൾ, ലക്ഷ്വറി ടാക്സികൾ തുടങ്ങിയ വാഹനങ്ങൾക്ക് 01.04.2014-നുശേഷമുള്ള കാലയളവിലേയ്ക്ക് നിലവിൽ നികുതിയടച്ചിട്ടുണ്ടെങ്കിലും 01.04.2014 മുതൽ കൂടിയ നിരക്കിന്റെ ബാക്കി നികുതി കൂടി 5 വർഷത്തേയ്ക്ക് അടയ്ക്കേണ്ടതായി വരും. എന്തൊരു കഷ്ടമാണിത്. പുതുതായി അടയ്ക്കണമെന്ന് പറയുമ്പോൾ ആ

തീയതി മുതലുള്ളത് അടച്ചാൽ പോരേ? പഴയതുംകൂടി അടയ്ക്കണമെന്നാണ് പറയുന്നത്. ഇത് വലിയ ദ്രോഹം തന്നെയാണ്. ട്രാവലർ ഉൾപ്പെടെയുള്ള കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളിലെ ഏതെങ്കിലുമൊരു സീറ്റ് പുഷ്ബാക്ക് സൗകര്യമുള്ളതാണെങ്കിൽപ്പോലും മുഴുവൻ സീറ്റുകളും പുഷ്ബാക്ക് സൗകര്യമുള്ള സീറ്റുകളായി കണക്കാക്കി അധിക നികുതി നൽകണമെന്ന് മാത്രമല്ല പരിശോധനാ ഉദ്യോഗസ്ഥന്റെ പരിശോധനയിൽ കർശന പരിശോധനയ്ക്കും ദയാദാക്ഷണ്യത്തിനും വിധേയമാക്കുകയും ചെയ്യും. ഒരു പുഷ്ബാക്ക് സീറ്റുണ്ടെങ്കിൽ ബാക്കി എത്ര സീറ്റാണോ ഉള്ളത് അതിനുമുഴുവൻ പുഷ്ബാക്ക് സീറ്റിന്റെ നികുതിയടക്കണം.

ഇതിനെല്ലാം ധാരാളം ഉദാഹരണങ്ങൾ എന്റെ കയ്യിലുണ്ട്. മോട്ടോർ സൈക്കിളിന് 35/- രൂപയുടെ ത്രൈമാസിക നികുതിയിൽ വർദ്ധനവ് വരുത്തി 5 വർഷത്തേയ്ക്ക് 900/- രൂപ ഒരുമിച്ചടയ്ക്കണമെന്ന നിബന്ധനയുണ്ടാക്കി. പണിമുടക്ക് പ്രഖ്യാപനത്തെത്തുടർന്ന് ഓട്ടോറിക്ഷയുടെ നികുതി ഒഴിവാക്കിയെങ്കിലും 5 വർഷത്തേയ്ക്കുള്ള നികുതി ഒന്നിച്ചടയ്ക്കണം, അത് ഒഴിവാക്കിയിട്ടില്ല. വർദ്ധിപ്പിച്ച നികുതി ഒഴിവാക്കി പക്ഷെ, ഒന്നിച്ചടയ്ക്കണമെന്നുള്ള നിബന്ധന ഒഴിവാക്കിയിട്ടില്ല. സാധാരണ ടാക്സി അംബാസിഡർ 1040/- രൂപ പ്രതിവർഷനികുതി അടച്ചിരുന്ന സ്ഥാനത്ത് അത് ഇപ്പോൾ 1400/- രൂപയാക്കി വർദ്ധിപ്പിച്ചു. അഞ്ചുവർഷത്തേയ്ക്ക് 7000/- രൂപ ഒരുമിച്ചടയ്ക്കണം. അതുപോലെ ഇന്നോവ, ടവേര, സൈലോ തുടങ്ങിയ ടാക്സികൾക്ക് പ്രതിവർഷ നികുതി 1040/- രൂപ അടച്ചിരുന്ന സ്ഥാനത്ത് 12,000/- രൂപ ഒന്നിച്ചടയ്ക്കണം. പുഷ്ബായ്ക്ക് സീറ്റുള്ള ട്രാവലർ തുടങ്ങിയ വാഹനങ്ങൾക്ക് സീറ്റൊന്നിന്

530/– രൂപയായിരുന്നത് 1000/– രൂപയായി വർദ്ധിപ്പിച്ചു. നികുതി 5 വർഷ ത്തേയ്ക്ക് ഒന്നിച്ചടയ്ക്കുകയും വേണം. ടൂറിസ്റ്റ് ബസ്സുകൾക്ക് സീറ്റൊന്നിന് 1300/– രൂപയുണ്ടായിരുന്നത് 8400/– രൂപയായി വർദ്ധിപ്പിച്ചു. ഈ വർദ്ധനവ് അന്തർസംസ്ഥാന ടൂറിസ്റ്റ് ബസ്സുകൾക്കും ബാധകമാക്കി. പുഷ്ബായ്ക്ക് സീറ്റുള്ള ടൂറിസ്റ്റ് ബസ്സുകൾക്ക് 750/– രൂപയായിരുന്നത് 2000/– രൂപയാക്കി വർദ്ധിപ്പിച്ചു. സ്ലീപ്പർ ബർത്തുള്ള ടൂറിസ്റ്റ് ബസ്സുകൾക്ക് സീറ്റൊന്നിന് 1300/– രൂപയിൽ നിന്ന് 3000/– രൂപയായി വർദ്ധിപ്പിച്ചു. അതിനും നികുതി 5 വർഷ ത്തേയ്ക്ക് ഒന്നിച്ചടയ്ക്കണം. പിക്കപ്പ് വാഹനങ്ങൾക്ക് പ്രതിവർഷ നികുതി 850/– രൂപയായിരുന്നത് 5 വർഷത്തേയ്ക്ക് 4400/– രൂപയായി വർദ്ധിപ്പിച്ചു. അതുപോലെ 1000/– കിലോഗ്രാം വരെയുള്ള ചരക്കുവാഹനങ്ങൾക്ക് പ്രതി വർഷ നികുതി 850/– രൂപയായിരുന്നത് 5 വർഷത്തേയ്ക്ക് 4400/– രൂപയാ ക്കി. 1500/– കിലോഗ്രാം വരെയുള്ള ചരക്കുവാഹനങ്ങൾക്ക് പ്രതിവർഷം 550/– രൂപ നല്കിയിരുന്ന സ്ഥാനത്ത് 5 വർഷത്തേയ്ക്ക് 11,000/– രൂപ നൽക ണം. 2000 കിലോഗ്രാം വരെയുള്ള ചരക്ക് വാഹനങ്ങൾക്ക് പ്രതിവർഷം 550/– രൂപ നൽകിയിരുന്നത് 5 വർഷത്തേയ്ക്ക് 11,000/– രൂപ നൽകണം. 3000 കിലോഗ്രാം വരെയുള്ള ചരക്ക് വാഹനങ്ങൾക്ക് പ്രതിവർഷം നികുതി നല്കി യിരുന്ന 705/– രൂപ 5 വർഷത്തേയ്ക്ക് 14,100/– രൂപയാക്കി വർദ്ധിപ്പിച്ചു. ചരക്ക് കടത്ത് വാഹനങ്ങൾക്ക് നികുതി വർദ്ധനവ് കടുത്ത വിലക്കയറ്റം സൃഷ്ടിക്കും. ഇത് അവിടെ മാത്രം നില്ക്കില്ല. നമ്മുടെ നിത്യോപയോഗ സാധനങ്ങളുംമറ്റും കൊണ്ടുപോകുന്ന ലോറിയും അതുപോലെ മറ്റു പലതു മുണ്ട്. അപ്പോൾ ഇതിന്റെ കടത്ത് ചാർജ് വർദ്ധിക്കുന്നതിന്റെ ഭാഗമായി നിത്യോപയോഗസാധനങ്ങളുടെ വിലകൂടി വർദ്ധിക്കാൻ പോകുന്നു. അത്

രാജ്യത്ത് വലിക്കയറ്റം ഉണ്ടാക്കുകയും മറ്റു ജീവിത ദുരിതങ്ങൾക്കെല്ലാം ഇട യാക്കുകയും ചെയ്യും. ഇതൊന്നും കാണാതെയാണ് നമ്മുടെ ധനകാര്യവകുപ്പ് ഈ രീതിയിൽ പാവപ്പെട്ട വാഹനയുടമകളുടെമേൽ കൊടിയ ദുരിതം അടി ച്ചേല്പിച്ചത്. ഇതിനെല്ലാംപുറമെ, ആശ്ചര്യകരമായിട്ടുള്ള കാര്യം വാഹനനി കുതി സ്വീകരിക്കുമ്പോൾ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് വേണ്ടെന്ന് വച്ചതാണ്. ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് എന്തിനാണ് വേണ്ടെന്ന് വച്ചത്; പിന്നീടുള്ള അതിന്റെ വൈഷമ്യങ്ങളെക്കുറിച്ച് വല്ലതും ആലോചിച്ചിട്ടുണ്ടോ? ആക്സി ഡന്റ് പറ്റിയാൽ അത് ക്ലെയിം ചെയ്യണമെന്നുണ്ടെങ്കിൽ ഇൻഷ്വറൻസ് സർട്ടി ഫിക്കറ്റ് വേണ്ടേ? ഇങ്ങനെയുള്ള കാര്യങ്ങൾ വേണ്ടത്ര ആലോചനയില്ലാതെ യാണ് ഇതൊക്കെ സ്വീകരിച്ചിരിക്കുന്നത്. റോഡുഗതാഗതമേഖലയിൽ തികഞ്ഞ അരാചകത്വം സൃഷ്ടിക്കുന്ന നടപടിയാണിത്. അതുപോലെതന്നെ ഇ-പേയ്മെന്റ് സംവിധാനത്തിൽ നികുതിയടയ്ക്കാൻ അനുവാദം നൽകി യാൽ വാഹന ഉടമയ്ക്ക് ക്ഷേമനികുതി വിഹിതം അടയ്ക്കാതെ രക്ഷപ്പെടാൻ കഴിയും. എന്തിനാണ് ഇങ്ങനെയൊരു തീരുമാനം എടുത്തത്? എല്ലാം മോഡേൺ ആണ്, ഐ.റ്റി.യും മറ്റുള്ളതെല്ലാം സ്വീകരിക്കുന്നു. പക്ഷെ, അതി ലൂടെ ഉണ്ടാകുന്ന വിഷമതകൾ പരിഹരിക്കാനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് അതുമായി ബന്ധപ്പെട്ടുകൊണ്ട് എനിക്ക് പറയാനുള്ള ത്. ഇതെല്ലാം ജനങ്ങളെ ദ്രോഹിക്കുന്ന നടപടികളാണ്. അത് നമ്മുടെ രാജ്യത്ത് വില വർദ്ധിപ്പിക്കും, ജനങ്ങളുടെ ദുരിതം വർദ്ധിപ്പിയ്ക്കും; അതു കൊണ്ട് ഈ നികുതികളെല്ലാം പിൻവലിക്കണമെന്ന് വിനയപൂർവ്വം പറഞ്ഞു കൊണ്ട് ഞാനെന്റെ ഡിസെന്റ് രേഖപ്പെടുത്തുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) പറഞ്ഞതു പോലെ സാധാരണ മനുഷ്യന് ജീവിക്കാൻ കഴിയാത്തവിധത്തിൽ; സാധാരണ തൊഴിലാളികൾക്ക് പണിയെടുത്ത് ജീവിക്കാൻ കഴിയാത്ത ഒരു സാഹചര്യം ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളിലൂടെ സംജാതമായിരിക്കുകയാണ്. ചെറിയ വാഹനങ്ങൾ ഓടിക്കുന്നവർക്കൊന്നും അടയ്ക്കാൻ കഴിയാത്തത്ര വലിയ ടാക്സ് ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇന്നോവ ടാക്സിക്ക് 8000/- രൂപ നല്കിയിരുന്നത് ഇപ്പോൾ 30,000/- രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുന്നു. ഒരു ജീപ്പിന് 1200/- രൂപയുണ്ടായിരുന്നത് 12,000/- രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. സാധാരണ ഒരു ടാക്സിക്ക് 1100 രൂപയുണ്ടായിരുന്നത് 9000 രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെ സർക്കാരിന്റെ നികുതി വരുമാനം വർദ്ധിപ്പിയ്ക്കുന്നതിനുള്ള നാമമാത്ര വർദ്ധനവാണെങ്കിൽ നമുക്ക് അംഗീകരിക്കാം. സാധാരണ മനുഷ്യർക്ക് താങ്ങാൻ കഴിയാത്ത, ജീവിക്കാൻ കഴിയാത്തതരത്തിലുള്ള വളരെ ഭാരിച്ച ടാക്സ് അടിച്ചേല്പിക്കുന്നതിൽ ഒരു ന്യായീകരണവുമില്ല. അതുകൊണ്ട് അത് പിൻവലിക്കാൻ ഗവൺമെന്റ് സന്നദ്ധമാകണം. അദ്ദേഹംതന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒരുതരത്തിലും ന്യായീകരിക്കാൻ കഴിയാത്തവിധത്തിൽ, സർക്കാർ വായ്പ കൊടുത്ത് വാങ്ങുന്ന വാഹനങ്ങൾക്കുപോലും ഇളവുകൊടുക്കുന്നില്ല. ഇവിടെ കൊട്ടിഘോഷിച്ച് നടപ്പിലാക്കിയ ഒരു പദ്ധതിയാണ് നിതാഖത്തുമായി ബന്ധപ്പെട്ട് ഗവൺമെന്റ് വാഹനം നൽകിയെന്നുള്ളത്. ആ വാഹനം വാങ്ങിയവർ മുഴുവൻ ഇപ്പോൾ തിരിച്ചുകൊടുക്കാൻ പോകുകയാണ്. അവിടെനിന്ന് ലോണായി കിട്ടിയ വാഹനം ഒരു ലക്ഷവും, ഒന്നരലക്ഷവും രൂപ മൊത്തം

ടാക്സ് ഒന്നിച്ചടയ്ക്കേണ്ടി വരുമ്പോൾ അവർക്ക് ഒന്നും ചെയ്യാൻ കഴിയാത്ത ഒരവസ്ഥയിലേക്ക് പോകുകയാണ്. അതുകൊണ്ട് സാധാരണ ഡ്രൈവർമാരും മറ്റും പ്രതിസന്ധിയിലായിട്ടുള്ള ഈ സാഹചര്യത്തിൽ ടാക്സിന്റെ കാര്യ ത്തിൽ ന്യായമായിട്ടുള്ള ഒരു ഭേദഗതിയുണ്ടാകണമെന്ന അഭിപ്രായമാണ് ഞങ്ങൾ വിയോജനത്തിലൂടെ അവതരിപ്പിക്കുന്നത്. സാധാരണക്കാരുടെ വാഹനമായ മോട്ടോർ സൈക്കിളിനും വലിയ തോതിൽ ടാക്സ് വർദ്ധിപ്പിച്ചി രിക്കുകയാണ്. യഥാർത്ഥത്തിൽ വലിയ ആളുകളിൽ നിന്ന് ടാക്സ് ഈടാ ക്കുന്നതിനുപകരം ഏറ്റവും സാധാരണക്കാരായ ആളുകളുടെമേൽ വലിയ ഭാരം അടിച്ചേല്പിക്കുന്നതിന് തുല്യമായിട്ടുള്ള കാര്യമാണ്. അതുകൊണ്ട് അതിൽ ഭേദഗതിവേണമെന്ന നിർദ്ദേശമാണ് എനിക്ക് ഉന്നയിക്കാനുള്ളത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം പറയാനുള്ളത്, നമ്മുടെ നിർമ്മാണമേഖല വളരെ ഗുരുതരമായിട്ടുള്ള ഒരു പ്രതിസന്ധിയെ നേരിടുകയാണ്. രണ്ടുതരത്തിലുള്ള പ്രശ്നങ്ങൾ അതിനകത്തുണ്ട്. നമ്മുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യ മായ മെറ്റീരിയൽസ് വേണം. വീടുണ്ടാക്കാൻ കല്ല്, മണ്ണ് എന്നിവ വേണം. റോഡുണ്ടാക്കാൻ ടാർ മാത്രം പോരാ, മെറ്റലും വേണം. കേരളം ഏറ്റവും വലിയ ഒരു ക്രൈസിസിനെ നേരിടുകയാണ്. നമ്മുടെ സംസ്ഥാനം ഇത് വളരെ ഗൗരവപൂർവ്വം പരിഗണിക്കുന്നില്ലായെങ്കിൽ 5 വർഷം കഴിയുമ്പോൾ നമുക്ക് ഇതെങ്ങനെ ചെയ്യാൻ കഴിയുമെന്ന് വളരെ അത്ഭുതത്തോടെയാണ് ഞാൻ നോക്കിക്കാണുന്നത്. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ റോഡുകൾ ടാർ ചെയ്തിട്ടുള്ളത് കേരളത്തിലാണ്. ദേശീയപാതയും, സംസ്ഥാനപാതയും മാത്രമല്ല, പല സ്കീമുകളായി ഗ്രാമീണപാതകളും ടാർ ചെയ്തിട്ടുണ്ട്. ഇത് പുനർനിർമ്മിക്കുകയെന്നുപറയുമ്പോൾ, പുനർനിർമ്മിക്കാതെ ആർക്കും

മുന്നോട്ടുപോകാൻ പറ്റില്ല. എല്ലാ എം.എൽ.എ. മാരും, ജനപ്രതിനിധികളും, സർക്കാരുമൊക്കെ നിരന്തരമായി കേൾക്കുന്ന ഒരാവശ്യമാണ് റോഡ് ടാർ ചെയ്യണമെന്നും പുന:നിർമ്മിക്കണമെന്നുമുള്ളത്. ഇതെങ്ങനെയാണ് നമുക്ക് ചെയ്യാൻ കഴിയുന്നത്? 1000 കിലോമീറ്റർ അല്ലെങ്കിൽ 10000 കിലോമീറ്റർ റോഡ് ടാർ ചെയ്യണമെങ്കിൽ അതിനാവശ്യമായ മെറ്റലിനുള്ള പാറ നമുക്ക് ആവശ്യമാണ്. ഇന്ന് നമ്മുടെ സ്ഥിതി എന്താണ്? പരിസ്ഥിതിയുടെ കാര്യം സ്ഥിരമായി ഉന്നയിക്കുന്ന പ്രശ്നമാണ്. കേരളം പാരിസ്ഥിതികമായിട്ടുള്ള വെല്ലുവിളികൾ നേരിടുകയാണ്. മലകൾ ഇടിച്ചുനിരത്തപ്പെടുന്നു, നമുക്കിനി ഇടിക്കാൻ മലയില്ല. സത്യമാണ്. അത് കേവലമായിട്ടുള്ള ഒരു പാരിസ്ഥി തിക വാദം മാത്രമല്ല. ഇടിക്കാൻ മലകൾ കുറയുന്നു; പാറകൾ ഇല്ലാതാവു ന്നു; നമ്മുടെ ആവശ്യം നിലനിൽക്കുകയും ചെയ്യുന്നു. എങ്ങനെയാണ് നാം ഈ പ്രശ്നത്തെ നേരിടാൻ പോകുന്നത്? കേവലമായിട്ടുള്ള ഒരു ചർച്ച കൊണ്ടുമാത്രം പരിഹരിക്കാൻ കഴിയുന്ന ഒരു കാര്യമല്ല. നമുക്ക് മെറ്റൽ, കല്ല്, ചെങ്കല്ല്, ചെമ്മണ്ണ്, റോഡുകൾ നിർമ്മിക്കാൻ മണ്ണ് തുടങ്ങിയവ ആവശ്യ മാണ്. പക്ഷെ ഇത് ആവശ്യത്തിന് ലഭ്യമല്ല. ഒരു ചെടി മുളച്ചുവരുന്നതു പോലെ പാറ വളർന്നുവരികയില്ല. പതിറ്റാണ്ടുകളിലൂടെയും നൂറ്റാണ്ടുകളിലൂ ടെയുമാണ് പാറകൾ ഉണ്ടാകുന്നതെന്നാണ് ശാസ്ത്രീയമായി കാണാൻ കഴി യുന്നത്. നമുക്കിടിയ്ക്കാൻ പാറകളില്ല, പക്ഷെ നമുക്കതാവശ്യമാണ്. എന്താണ് ചെയ്യുക എന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന് വ്യക്തമായൊരു കാഴ്ചപ്പാട് ഉണ്ടാകുന്നില്ലെങ്കിൽ ഇന്നുള്ള നിർമ്മാണമേഖലയിലെ പ്രതി സന്ധി വലിയതോതിൽ വർദ്ധിക്കും. 5 വർഷം കഴിഞ്ഞാൽ കേരളത്തിൽ റോഡ് റീ-ടാർ ചെയ്യാൻ പറ്റില്ല. കെട്ടിടം നിർമ്മിക്കാൻ പറ്റില്ല. സ്വാഭാവികമാ

യും സംസ്ഥാനത്തിന്റെ വികസനമാകെ മുരടിക്കുന്ന ഒരവസ്ഥയിലേക്ക് പോകും. പരിസ്ഥിതി പ്രവർത്തകർ പറയുന്നു വികസനപ്രവർത്തനങ്ങളുടെ ...............

<u>ശ്രീ. സാജു പോൾ</u>: സർ, കരിങ്കൽക്ഷാമം എല്ലാവരെയും ബാധിക്കുന്ന ഒരു പ്രശ്നമാണ്. അതിലൊന്ന് സർക്കാർ ഭൂമിയിലും അതുപോലെതന്നെ വന മേഖലയുമായി ബന്ധപ്പെട്ട് കിടക്കാത്ത മറ്റുസ്ഥലങ്ങളിലുമുള്ളതെടുക്കാൻ എന്തെങ്കിലും സംവിധാനം ആലോചിക്കണം. ഇപ്പോൾ പതിനായിരവും ഇരുപ തിനായിരവും സ്ക്വയർ ഫീറ്റിലുള്ള വലിയ കെട്ടിടങ്ങൾ നിർമ്മിക്കുകയെന്നത് വലിയ ഫാഷനായിട്ട് മാറിയിരിക്കുകയാണ്. എറണാകുളത്തുതന്നെ ആയിര ക്കണക്കിന് ഫ്ളാറ്റുകൾ നിർമ്മിച്ച് ആളുകൾ താമസിക്കാതെ വിദേശത്തും മറ്റുമുള്ളവർ വാങ്ങിയിട്ടിരിക്കുകയാണ്. ആവശ്യമില്ലാത്ത കെട്ടിടങ്ങൾ അല്ലെ ങ്കിൽ ഒരു നിശ്ചിത വലിപ്പത്തിൽ കൂടുതലുള്ള കെട്ടിടങ്ങൾ നിർമ്മിക്കു ന്നതിനെ നിയന്ത്രിച്ചുകൊണ്ടുകൂടി നമ്മുടെ പ്രകൃതിയെ അന്യായമായി ചൂഷണം ചെയ്യുന്നത് ഒഴിവാക്കാൻ സാധിക്കില്ലേ;

<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : സർ, ഇവിടെ ഏറ്റവും പ്രധാനപ്പെട്ട കാര്യ മാണ് സൂചിപ്പിക്കുന്നത്. മലയോര മേഖലകളെ സംബന്ധിച്ച് പാറ പൊട്ടി ക്കാൻ സാധിക്കുകയില്ല, മണൽ ആവശ്യത്തിന് ലഭ്യവുമല്ല. പഞ്ചായ ത്ത്/ബ്ലോക്ക് തലങ്ങളിൽനിന്നും ലഭിക്കുന്ന വീടുകൾ പോലും നിർമ്മിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ട്. കിലോമീറ്ററുകളോളം ദൂരം മെറ്റീരി യൽസ് കൊണ്ടുവന്ന് വീടുകളുടേയും റോഡുകളുടേയും നിർമ്മാണം അസാധ്യമാണ്. പരിസ്ഥിതി സംരക്ഷിക്കുന്നതോടൊപ്പം ജനജീവിതം സാധ്യ

മാകുന്ന ഒരു സാഹചര്യം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള കൂട്ടായ ശ്രമമല്ലേ നമുക്ക് ആവശ്യമായിട്ടുള്ളത്?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അത് ശരിയാണ്. പക്ഷേ വനത്തിൽ നിന്ന് പാറ പൊട്ടിക്കുന്നത് കൂടുതൽ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കും. അത് പുതിയൊരു വെല്ലുവിളിയാണ്. പാറയുടെ ലഭ്യതക്കുറവുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണെന്നു കണ്ടുകൊണ്ട് ഈ കാര്യങ്ങളിൽ സാങ്കേതികവിദ്യയിലൂടെ ബദൽസംവിധാനങ്ങൾ എന്താണ് നമുക്ക് ഉണ്ടാക്കാൻ കഴിയുക എന്നതിനെക്കുറിച്ചാണ് ആലോചിക്കേണ്ടത്. അല്ലാതെ പരിസ്ഥിതിവാദികൾ പരസ്പരം, വികസനത്തെക്കുറിച്ചും പ്രായോഗിക പ്രശ്നങ്ങളെക്കുറിച്ചും പറയുന്ന ട്രേഡ് യൂണിയൻ പ്രവർത്തകരെ ആക്ഷേപിച്ചതുകൊണ്ട് കാര്യമില്ല. കേരളം നേരിടുന്ന ഗുരുതരമായ ഈ പ്രതിസന്ധിയെക്കുറിച്ച് ചർച്ച ചെയ്യാൻ നിയമസഭയും സർക്കാരും നമ്മുടെ സംവിധാനങ്ങളും തയ്യാറാകുന്നില്ലെങ്കിൽ നമുക്ക് നിൽക്കാൻ കഴിയാത്ത വലിയ പ്രശ്നമുണ്ടാകുമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

ശ്രീ. ജി. സുധാകരൻ : സർ, കരിങ്കല്ലിന്റെ ലഭ്യത കുറഞ്ഞുവരുന്ന കാര്യം അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷേ കേരളത്തിലെ ഇന്നുള്ള നിർമ്മാണം പരിശോധിച്ചാൽ ഉപയോഗിച്ചിരിക്കുന്ന കരിങ്കല്ലിന്റെ പകുതി പോലും ആവശ്യമില്ല ഇതേ നിർമ്മാണം നടത്താൻ എന്ന വസ്തുത കണക്കിലെടുക്കാതെ ആർഭാടവും ധാരാളിത്തവും അഴിമതിയും കാരണം അനാവശ്യമായാണ് നിർമ്മാണം നടക്കുന്നതെന്ന് നോക്കിയാൽ മനസ്സിലാകുന്നതാണ്. ഉദാഹരണമായി ഗ്രാമങ്ങളിലേയും പട്ടണങ്ങളിലേയും വീടുകൾ നോക്കിയാൽ, പൂജപ്പുര സെൻട്രൽ ജയിലിന്റെ പൊക്കത്തിലാണ് മതിലുകൾ കെട്ടിയിരിക്കുന്നത്. അതിനിടയ്ക്ക് ഒരു റോഡ് കാണും. ആ റോഡിൽ പൂർണ്ണമായും

ഇരുട്ടാണ്. അതിഭീകരമായ സ്ഥിതിയാണ്. സമ്പന്നൻമാർ അനാവശ്യമായി ഉണ്ടാക്കിയ പണം ഉപയോഗിച്ച് ജനങ്ങളാരും കാണാതെ ഉണ്ടാക്കുന്ന മണിമന്ദിരങ്ങളുള്ള ലോകത്തിലെ ഏക സംസ്ഥാനം കേരളമാണ്. ഇത്തരം കടുത്ത അഴിമതികൾ കൊടികുത്തിവാഴുമ്പോൾ നിയമസഭയിലെ പ്രസംഗമല്ലാതെ ഇത് ആര് നടപ്പിലാക്കും?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, വളരെ ശരിയായ ചോദ്യമാണിത്. എവിടെയും നിരവധി നിലകളുള്ള അംബരചുംബികളായ കെട്ടിടങ്ങൾ ഉയർന്നുവരികയാണ്. കേരളത്തിന്റെ സ്ഥിതിയനുസരിച്ച് ഇതെല്ലാം മെയിന്റയിൻ ചെയ്യാൻ നമുക്ക് കഴിയുമോ? ഇതെല്ലാം ചർച്ച ചെയ്യേണ്ട കാര്യമാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, കെട്ടിടനിർമ്മാണത്തിൽ പുതിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കരിങ്കല്ലിന്റേയും കമ്പിയുടേയും സിമന്റിന്റേയും മണ്ണിന്റേയും അളവ് കുറച്ച് നിർമ്മിക്കുന്നതിനുള്ള അതിമനോഹരമായ മോഡൽ ലാറി ബേക്കർ കേരളത്തിന് സംഭാവന ചെയ്തതാണ്. അദ്ദേഹത്തിന്റെ നവീന ആശയത്തിന്റെ ഭാഗമായി കേരളത്തിൽ നിർമ്മിച്ച ഒട്ടനവധി സ്ഥാപനങ്ങളും വീടുകളും പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും യാതൊരുതരത്തിലുമുള്ള അപകട ഭീഷണികളുമില്ലാതെ നിലനിൽക്കുന്നുണ്ട്. ലാറി ബേക്കർ കേരളത്തിന്റെ കാലാവസ്ഥയ്ക്കും മണ്ണിനുമനുസരിച്ച രീതിയിൽ രൂപപ്പെടുത്തിയെടുത്ത കെട്ടിടനിർമ്മാണ പ്രക്രിയ നമുക്കൊരു മാതൃകയാണ്. എവിടെയെങ്കിലും പോരായ്മകളുണ്ടെങ്കിൽ അത് നികത്തി അത്തരത്തിലൊരു സംവിധാനമുണ്ടാക്കിയാൽ തീർച്ചയായും കരിങ്കല്ലിന്റേയും മെറ്റലിന്റേയും കമ്പിയുടേയും സിമന്റിന്റേയും മണ്ണിന്റേയും അളവ് കുറച്ചുകൊണ്ടുവരാൻ സാധിക്കും. അത് പരീക്ഷിക്കാൻവേണ്ടിയുള്ള ശ്രമമല്ലേ വേണ്ടത് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നമ്മുടെ സമൂഹവും സർക്കാരും ചർച്ചചെയ്യേണ്ട പ്രധാനപ്പെട്ട പ്രശ്നമെന്നുള്ള നില യിലാണ് സഭയുടെ ശ്രദ്ധക്ഷണിക്കുന്നതിനുവേണ്ടി ഞാൻ ഇക്കാര്യം പറഞ്ഞത്.

ശ്രീ. പാലോട് രവി: സർ, എവിടെ നിന്ന് തുടങ്ങണമെന്നുള്ളതാണ്. കാരണം അധികാരസ്ഥാനത്തിരിക്കുന്ന എല്ലാ ആളുകളും ഇതിന് മാതൃകയാ കുന്നില്ല. മന്ത്രിമന്ദിരങ്ങളായാലും ഗവൺമെന്റ് മന്ദിരങ്ങളായാലും സംസ്ഥാ നത്ത് തുടങ്ങുന്ന ഓഫീസുകളായാലും ഓരോ നിർമ്മാണപ്രവർത്തനങ്ങ ൾക്കും അനാവശ്യമായി പണം ചെലവാക്കുകയാണ്. ഇവിടെ പാറയെക്കുറിച്ച് പറഞ്ഞു, ചൂഷണം ചെയ്ത് പാറ മുഴുവനും എടുത്തുകഴിഞ്ഞു. ചെറിയൊരു സർവ്വേയിൽ മാധ്യമങ്ങൾ അത് പുറത്തുകൊണ്ടുവന്നു. ആയിരക്കണക്കിന് ക്വാറികൾ അനധികൃതമാണ്. നിയമപരമായിട്ടല്ല ഇപ്പോൾ പാറ പൊട്ടിച്ചുകൊ ണ്ടിരിക്കുന്നത്. ഈ സംസ്ഥാനത്ത് അനധികൃതമായി പാറ പൊട്ടിച്ചുകൊണ്ടു വന്ന് കൊള്ളയടിക്കുകയാണ്. ഫലപ്രദമായി ഇത് കൈകാര്യം ചെയ്യാൻ നമ്മുടെ സംസ്ഥാനത്തിന് കഴിയുന്നില്ല. പ്രസംഗം ധാരാളമായി സഭയ്ക്ക കത്ത് നടക്കുന്നുമുണ്ട്.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, പറയാൻ അവകാശപ്പെട്ട ആളുക ളുടെ കൂട്ടത്തിലാണ് ഞാൻ. നിങ്ങൾ പറഞ്ഞതുപോലെ, സിമന്റൊന്നും തേക്കാത്ത ചെത്തിത്തേക്കാത്ത വീട്ടിൽ താമസിക്കുന്ന ആളാണ് ഞാൻ. ലാറി ബേക്കറുടെ സങ്കല്പമനുസരിച്ച് ചെയ്തതാണ്. ഇവിടെ പറഞ്ഞതിന് ബദൽ നിർദ്ദേശം വയ്ക്കാതെ, ഈ പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. ഇപ്പോൾ ഏഷ്യൻ ഗെയിംസിനുവേണ്ടി വില്ലേജുണ്ടാക്കുന്നതിന് ഉപയോഗി ക്കുന്ന സംവിധാനങ്ങൾ കല്ലോ മണലോ ഒന്നുമല്ല. അത് കഴിഞ്ഞാൽ

ഉടൻതന്നെ അത് അംഗൻവാടികൾക്കും മറ്റും തരാമെന്ന് പറഞ്ഞിട്ടുണ്ട്. ഇത് വിദേശരാജ്യങ്ങളിലെല്ലാം ധാരാളം ഉപയോഗിക്കുന്നതാണ്. അത്തരമൊരു സംഗതിയിലേക്ക് വിശദമായ ഒരു റിസർച്ച് നടത്തി അതിലേക്ക് പോകാൻ കഴിയുമോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പാറ എടുക്കാൻ കഴിയുന്നതിന്റെ അങ്ങേയറ്റം നമ്മൾ എടുത്തുകഴിഞ്ഞുവെന്നുള്ളത് യാഥാർത്ഥ്യമാണ്. അത് ഞാൻ അംഗീകരിക്കുന്നു. നമുക്ക് പൊട്ടിക്കാൻ പാറയില്ല. ശ്രീ. പാലോട് രവി യുൾപ്പെടെയുള്ള എം.എൽ.എ.-മാരുടെ മണ്ഡലത്തിൽ റോഡുപണി നടത്താതിരിക്കാൻ കഴിയുമോ? ഒരു എം.എൽ.എ.-യ്ക്കും റോഡ് റീ-ടാർ ചെയ്യേണ്ടതില്ലെന്ന് പറയാൻ കഴിയില്ല. കാരണം അവരെല്ലാം ഇത് ചെയ്യാൻ നിർബന്ധിതരാണ്. എങ്ങനെയാണ് നമ്മൾ റോഡ് ടാർ ചെയ്യുന്നത്? 5 കിലോ മീറ്റർ റോഡ് ടാർ ചെയ്യണമെങ്കിൽ എത്ര ടൺ കല്ലുവേണം; ഇതിന് പുതിയ സാങ്കേതിക വിദ്യ കണ്ടെത്തിയിട്ടുണ്ടോ.? സഭ ചർച്ച ചെയ്യേണ്ട ഗൗരവതര മായ പ്രശ്നമാണ് നമ്മൾ ഫെയിസ് ചെയ്തുകൊണ്ടിരിക്കുന്നത്. നമുക്ക് റോഡ് ടാർ ചെയ്യാതിരിക്കാൻ നിർവ്വാഹമില്ല. അതൊരു യാഥാർത്ഥ്യമാണ്. എത്ര വലിയ പരിസ്ഥിതി പ്രവർത്തകനാണെങ്കിലും അദ്ദേഹം പോകുന്ന വണ്ടി 4 തവണ കുഴിയിൽ വീണാൽ തിരിച്ചുപറയുക തന്നെ ചെയ്യും.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ഈ സഭയിൽ ഇത്തരം ചർച്ച കൾ ആരോഗ്യകരമാണെന്ന് ചിന്തിക്കുന്ന ആളാണ് ഞാൻ. ശ്രീ. കെ.വി. അബ്ദുൾഖാദർ പറഞ്ഞത് വളരെ പ്രസക്തമായിട്ടുള്ള കാര്യമാണ്. പ്രിയങ്കര നായ പാലോട് രവി പറഞ്ഞതും സത്യമാണ്. എന്തുകൊണ്ട് നാളിതുവരെ യായി ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് ഇവിടത്തെ രാഷ്ട്രീയ കക്ഷികൾക്ക്

ഗവൺമെന്റ് ലെവലിൽ ചർച്ച ചെയ്ത് ഒരു തീരുമാനത്തിലെത്താൻ കഴിയുന്നില്ല; അതാണ് ഇവിടെ ചർച്ച ചെയ്യേണ്ടത്. വളരെ പ്രധാനപ്പെട്ട കാര്യമാണത്. ഇവിടെ റോഡുണ്ടാക്കാതിരിക്കാൻ കഴിയുമോ? റോഡ് നിർമ്മിക്കാതെ നാട്ടിൽ ചെല്ലാൻ കഴിയുമോ? പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കാത്ത രീതിയിൽ എങ്ങനെ ചെയ്യാൻ കഴിയുമെന്ന് നോക്കണം. അത് നോക്കാൻ കഴിയുന്നില്ല. ഇവിടെ എല്ലാ എം.എൽ.എ.മാരും ഒരേ അഭിപ്രായമാണ് പറയുന്നത്. റോഡുണ്ടാവണം, പാലമുണ്ടാവണം, പാറ പൊട്ടിക്കണം, എന്നാൽ പാറ പൊട്ടിക്കരുതുതാനും. ഇതിന് പരിഹാരമെന്താണ്? ശാസ്ത്രലോകം വളർന്നിട്ടും പാറയ്ക്കുപകരം മറ്റെന്ത് ഉപയോഗിക്കാൻ കഴിയുമെന്ന് കണ്ടുപിടിക്കാത്തതിന് കാരണമെന്താണ്? ഇവിടെ കുട്ടനാട് പാക്കേജുവന്നു. ആ പാക്കേജിന്റെ ഗതിയെന്താണ്; കുട്ടനാട് മുഴുവൻ പാറകൊണ്ട് കെട്ടിടമുണ്ടാക്കണമെന്നുപറഞ്ഞിരിക്കുകയാണ്. ആ പാക്കേജ് തകർന്നു. നമുക്ക് എന്തുചെയ്യാൻ കഴിയും. ചർച്ച ചെയ്യണമെന്നുതന്നെയാണ് എന്റെ അഭിപ്രായം.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, സഭ ചർച്ച ചെയ്യേണ്ട പൊതുതാല്പര്യമുള്ള വിഷയമെന്നുള്ള നിലയിലാണ് ഞാൻ ഇത് ഉന്നയിച്ചത്. അത് ചർച്ച ചെയ്യുന്നതിൽ യാതൊരു തെറ്റുമില്ല. അപ്പുറത്തും ഇപ്പുറത്തുമുള്ള അംഗങ്ങൾ ഈ ഗൗരവതരമായ വിഷയം സംബന്ധിച്ച് അവരവരുടെ നിലപാട് അവതരിപ്പിക്കുന്നത് ശരിയായ കാര്യമാണ്.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, സഭ ചർച്ച ചെയ്യേണ്ട വളരെ പ്രധാനപ്പെട്ട ഒരു വിഷയമായതുകൊണ്ടുമാത്രമാണ് ഞാൻ ഇടപെട്ടത്. ഇങ്ങനെ ചർച്ച ചെയ്തതുകൊണ്ട് കാര്യമില്ല. പാലം, റോഡ്, കെട്ടിടം ഇവയുടെ കൺസ്ട്രക്ഷനുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും അതിന്റെ പാരിസ്ഥിതിക പ്രശ്നവുമാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

യഥാർത്ഥത്തിൽ ഇത് സഭയിൽ ചർച്ച ചെയ്ത് നിഗമനത്തിലെത്തേണ്ടതല്ല. ശ്രീ. റ്റി. എൻ. പ്രതാപൻ സംസാരിച്ചപ്പോൾ ലാറി ബേക്കറിനെക്കുറിച്ചുപറഞ്ഞു. ആരാണ് ലാറി ബേക്കർ? അദ്ദേഹം ലോകപ്രശസ്തനായ ഒരു വാസ്തുശില്പിയാണ്. ഒരു ആർക്കിടെക്റ്റാണ്. ഈ പ്രശ്നം ഇന്നത്തെ ടെക്നോളജി, ഈസ്തെറ്റിക്സ്, ഇന്നത്തെ സൗന്ദര്യബോധം ഇതൊക്കെ സമന്വയിപ്പിച്ചുകൊണ്ട് നമ്മുടെ നാടിന്റെ വികസനാവശ്യങ്ങൾ, നിർമ്മാണാവശ്യങ്ങൾ നിറവേറ്റാനുതകുന്ന ഏറ്റവും പ്രധാനപ്പെട്ട വാസ്തുശില്പികളുടെ മുന്നിലാണ് നമ്മളിത് വയ്ക്കേണ്ടത്. 1972–ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ആർക്കിടെക്റ്റ് ആക്ട് ഇന്നുവരെ പ്രാവർത്തികമാക്കാത്ത സംസ്ഥാനമാണ് കേരളം. ഇവിടെ ഇപ്പോഴും വളരെ ഔട്ട് ഡേറ്റഡായിട്ടുള്ള കാലഹരണപ്പെട്ട നമ്മുടെ പി.ഡബ്ല്യൂ.ഡി മാന്വൽ വച്ചിട്ടാണ് നിർമ്മാണം. പഴയ കാലത്തെ സാധനങ്ങളുടെ സ്പെസിഫിക്കേഷൻ വച്ചിട്ടാണ് അവർ കാര്യങ്ങൾ ചെയ്യുന്നത്. വിദേശത്തുൾപ്പെടെയുള്ള പ്രീ–കാസ്റ്റ് ബിൽഡിംഗ് ടെക്നോളജി ഇവിടത്തെ പി.ഡബ്ല്യൂ.ഡി. മാന്വലിലില്ല. അവരോടു പറഞ്ഞാൽ അതിന്റെ എസ്റ്റിമേറ്റ് ഉണ്ടാക്കാനാവില്ല. സമയപരിമിതിയുണ്ട് എന്നറിയാം. സഭ ചർച്ച ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട വിഷയം എന്നുള്ള നിലയിലാണ് ഞാനിത് ഉന്നയിച്ചത്.

മി. ചെയർമാൻ: ശ്രീ. കെ. വി. അബ്ദുൾ ഖാദർ, വിയോജനക്കുറിപ്പിനുള്ള ആകെയുള്ള സമയം 60 മിനിട്ടാണ്. അങ്ങ് തന്നെ 15 മിനിട്ട് എടുത്തു കഴിഞ്ഞു.

ശ്രീ. കെ. വി അബ്ദുൾ ഖാദർ: സർ, സമയ പരിമിതിയുണ്ടെന്ന് അറിയാം. സഭ ചർച്ച ചെയ്യേണ്ട ഏറ്റവും പ്രധാന വിഷയമെന്ന നിലയിലാണ്

ഞാൻ ഇത് ഉന്നയിച്ചത്. കെട്ടിട നിർമ്മാണത്തിന്റെ മാത്രമല്ല റോഡുകളുടെ നിർമ്മാണത്തിലും നമ്മൾ എന്തു ചെയ്യുമെന്നും നാളെ ഇക്കാര്യം എങ്ങനെ കൈകാര്യം ചെയ്യുമെന്നുമുള്ള ഗൗരവമായ പ്രശ്നം നമ്മുടെ സഭയും സർക്കാരും ഔദ്യോഗിക സംവിധാനങ്ങളും ചർച്ച ചെയ്യേണ്ടതാണ്. കേവല മായൊരു വാർത്തയ്ക്കുവേണ്ടി ഞങ്ങൾ പരിസ്ഥിതി പ്രവർത്തകരാണെന്ന് പറഞ്ഞതുകൊണ്ട് മാത്രം കാര്യമില്ല. ഇത് നമ്മുടെ സമൂഹം നേരിടുന്ന പ്രധാന പ്രശ്നമാണ്. എങ്ങനെയാണ് ഇതിനൊരു ബദൽ സംവിധാനമുണ്ടാ ക്കേണ്ടത്; റോഡ് നിർമ്മാണത്തിന് കരിങ്കല്ലിനുപകരം മറ്റെന്തെങ്കിലും ഉപ യോഗിക്കാൻ സാധിക്കുമോ? ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതും ഗവേഷണം നടത്തേണ്ടതുമുണ്ട്. അക്കാര്യങ്ങൾ കൂടി പരിഗണിക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. നിർമ്മാണ മേഖലയിൽ, കെട്ടിട നിർമ്മാണ രംഗത്ത് ഇന്നുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരി ക്കണം. ബഡ്ജറ്റ് വഴി കൊണ്ടുവന്ന നിർദ്ദേശങ്ങൾ പലതും നിർമ്മാണ പ്രവർത്തനങ്ങളേയും മന്ദീഭവിപ്പിക്കുന്നതാണ്. അതിൽ തിരുത്തലുകൾ വേണമെന്ന ഒരാവശ്യവുംകൂടി ഉന്നയിക്കുകയാണ്. ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി: (ശ്രീ. മഞ്ഞളാം കുഴി അലി): സർ, പ്ലാസ്റ്റിക് ഷ്രെഡ്ചെയ്തുകൊണ്ട് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന ടെക്നോളജി മാസങ്ങൾക്കു മുൻപുതന്നെ ആരംഭിച്ചു. അത് പി.ഡബ്ല്യൂ.ഡി–യിൽ നടന്നുക്കൊണ്ടിരിക്കുന്നുണ്ട്. എൽ.എസ്.ജി.ഡിയിലും അടുത്ത് തന്നെ അത് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്.

ശ്രീ. കെ. വി അബ്ദുൾ ഖാദർ: സർ, സന്തോഷം. മത്സ്യത്തൊഴിലാളി കൾക്ക് ഭവനനിർമ്മാണത്തിന് ഗവൺമെന്റ് രണ്ടു ലക്ഷം രൂപ അനുവദിക്കു

മെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. പക്ഷേ സി.ആർ.ഇസഡ്-ന്റെ പേരിൽ ആ മേഖലയിൽ മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കാൻ സാധിക്കാത്ത വിധം പല ചട്ടങ്ങളും കർശനമാക്കുകയാണ്. മത്സ്യത്തൊഴിലാളികൾ കടലോര മേഖലയിലല്ലാതെ എവിടെയാണ് താമസിക്കേണ്ടത്? വനത്തിൽ നിന്നും ആദിവാസികളെ പിടിച്ചുകൊണ്ടു വന്ന് നഗരത്തിൽ താമസിപ്പിക്കാൻ സാധിക്കുകയില്ലല്ലോ? മത്സ്യ ത്തൊഴിലാളികൾക്ക് കടലോര പ്രദേശങ്ങളിലേ താമസിക്കാൻ കഴിയൂ. ഡൽഹിയിലെ ദന്ത ഗോപുരങ്ങളിൽ ഇരിക്കുന്ന ആളുകൾ കൊണ്ടുവരുന്ന ഒരു നിയമം നമ്മുടെ സാധാരണ മത്സ്യത്തൊഴിലാളിയെ ബാധിക്കുന്നുവെങ്കിൽ, അതിൽ തിരുത്തൽ കൊണ്ടുവരേണ്ടതും അതിനുവേണ്ടി സമ്മർദ്ദം ചെലുത്തേണ്ടതും നമ്മുടെ ആവശ്യമാണ്. നമ്മുടെ മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തെ തടസ്സപ്പെടുത്തുന്ന വിധത്തിൽ നിയമങ്ങൾ വരുന്നു. മറ്റൊരു പ്രശ്നം, കേരളത്തിലെ പല ഭാഗങ്ങളിലായി സുനാമി പുരധിവാസ പദ്ധതിയിൽ വീടുകൾ നിർമ്മിച്ചിട്ടുണ്ട്. ചാവക്കാട് ഇരുന്നൂറ്റി ചില്ലാനം വീട് സുനാമി പുനരധിവാസ പദ്ധതിയിൻ കീഴിൽ കഴിഞ്ഞ ഗവൺമെന്റ് നിർമ്മിച്ചു. അവിടത്തെ മലിനജലം ഒഴുക്കി കളയുന്നതിനുള്ള സംവിധാനമുണ്ടാക്കുന്നതിന് ഒരു രൂപപോലും അനുവദിക്കാൻ റവന്യൂ വകുപ്പിന് കഴിയുന്നില്ല. ഇതിന്റെ ഓണർഷിപ്പ് അല്ലെങ്കിൽ നിയന്ത്രണം റവന്യു വകുപ്പിനാണ്. ഫിഷറിസ് ഡിപ്പാർട്ടുമെന്റ് ഇത് അവരുടെ ചുമതലയല്ലെന്ന് പറഞ്ഞ് ഒഴിഞ്ഞു മാറുകയാണ്. സുനാമി പുനരധിവാസ പദ്ധതിയിൽ ഉണ്ടാക്കിയിട്ടുള്ള ഭവനങ്ങൾ പുനർ നിർമ്മാണത്തിനോ മെയിന്റനൻസിനോ കഴിയുന്ന വിധത്തിലുള്ള ഒരു തീരുമാനം ഗവൺമെന്റ് എടുക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഏത് ഡിപ്പാർട്ടുമെന്റാണ് മുൻകൈ എടുക്കേണ്ടത് എന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന് തീരുമാനമുണ്ടാകണം, കോ-ഓർഡി

നേഷൻ ഉണ്ടാകണം എന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വിയോജന കുറിപ്പ് രേഖപ്പെടുത്തിക്കൊണ്ട് നിറുത്തുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുകയാണ്. ഈ ഗവൺമെന്റിന് ഈ ബിൽ പാസ്സാക്കി കൊടുക്കേണ്ട ഒരു കാര്യവുമില്ല. കാരണം ധനവിനിയോഗ രംഗത്ത് ഇത്രയേറേ അരാചകത്വം കാണിക്കുന്ന ഒരു ഗവൺമെന്റ് ഇല്ല. പത്രങ്ങളിൽ വന്ന വാർത്ത അനുസരിച്ച് പ്രതിവർഷം 6000, 7000 കോടി രൂപയുടെ നികുതി വെട്ടിപ്പാണ് നമ്മുടെ സംസ്ഥാനത്ത് നടക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മാണി സാർ തന്നെ 2012–2013–ലെ 6565 കോടി രൂപയുടെ നികുതി പിരിച്ചെടുക്കാൻ ബാക്കിയുണ്ടെന്ന് ഇവിടെ പറയുകയുണ്ടായി. ഓരോ വർഷം കഴിയുന്തോറും അത് വർദ്ധിച്ചു വരികയാണ്. അതിൽ അങ്ങേയറ്റത്തെ നിസംഗതയാണ് ഗവൺമെന്റ് പുലർത്തുന്നത്. അനാവശ്യമായ നികുതി ഇളവുകൾ, മോശം ഭരണ സംവിധാനം ഇതൊക്കെയാണ് ഈ ധനകാര്യ പരാജയത്തിന് കാരണമെന്ന് ഏല്ലാ പത്രങ്ങളും വിദഗ്ദ്ധന്മാരും പറയുന്നുണ്ട്. നമ്മളൊന്നും അറിഞ്ഞിട്ടല്ലെങ്കിലും നമ്മുടെ സംസ്ഥാനത്ത് വലിയ വലിയ അഴിമതികളാണ് നടക്കുന്നത്. 1 ലക്ഷം, 2 ലക്ഷം, 5 ലക്ഷമൊക്കെ കേന്ദ്ര സർക്കാർ കൊടുക്കുമ്പോൾ അത് വലിയ തോതിൽ ചർച്ച ചെയ്യും. സംസ്ഥാനങ്ങളിൽ കൊടുത്തുകൊണ്ടിരിക്കുന്ന നികുതി ഇളവുകളെക്കുറിച്ച് വിശദമായ വാർത്തകളും വരുന്നില്ല, അത് നമ്മൾ അറിയുന്നുമില്ല. ആ നികുതി ഇളവുകൾ വലിയ ബാദ്ധ്യതയായി മാറുകയാണ്. സർക്കാർ നിയോഗിച്ച എക്സ്പെന്റിച്ചർ കമ്മിറ്റിയുടെ റിപ്പോർട്ടിൽ പിരിച്ചെടുക്കേണ്ട നികുതി ഈ ഗവൺമെന്റ് പിരിച്ചെടു

ക്കുന്നില്ലായെന്ന് പറയുന്നുണ്ട്. അതുപോലെ തന്നെ ചെക്ക് പോസ്റ്റിലെ അരാചകത്വം, വാളയാർ ചെക്ക് പോസ്റ്റിൽ 20 കിലോ മീറ്റർ നീളത്തിൽ വാഹ നങ്ങളുടെ ക്യൂ നീണ്ടു പോകുകയാണ്. അത് ആ രംഗത്തുണ്ടാക്കുന്ന അരാച കത്വമാണ് കാണിക്കുന്നത്. സ്വർണ്ണം വെട്ടിപ്പുകളെ സംബന്ധിച്ച് പറയുന്നുണ്ട്. ആയിരക്കണക്കിന് കോടി രൂപയുടെ വെട്ടിപ്പ് ആ രംഗത്ത് നടക്കുന്നുതെന്നും അതിന് കഴിയുന്ന വിധത്തിലുള്ള സംവിധാനമാണ് അവിടെ നിലനിൽക്കു ന്നതെന്നും പറയുന്നുണ്ട്. പിരിച്ചെടുക്കാനുള്ള നികുതി പിരിച്ചെടുക്കാൻ ഈ ഗവൺമെന്റ് ഒരു താൽപ്പര്യവും കാണിക്കുന്നില്ല. അത് കൂടികൂടി കിടക്കുക യാണ്. ഈ ഗവൺമെന്റിന് താൽപ്പര്യമുണ്ടെങ്കിൽ ട്രഷറി ഇങ്ങനെ കാലിയാ കേണ്ട കാര്യമില്ല. പൊതു മേഖലാ സ്ഥാപനങ്ങളുടെ പണം ട്രഷറികളിലാണ് നിക്ഷേപിച്ചിരുന്നത്. അത് ബാങ്കുകളിലേയ്ക്ക് മാറ്റുന്നതിനുള്ള സംവിധാനം ഉണ്ടാക്കി കൊടുത്തു. മിക്കവാറും പൊതു മേഖലാ സ്ഥാപനങ്ങളിലെ പണം ബാങ്കുകളിലാണുള്ളത്. അതുകൊണ്ടുതന്നെ ട്രഷറി ക്ഷയിക്കുന്ന ഒരു സ്ഥിതി വിശേഷം പൊതുവിൽ കാണുകയാണ്. രണ്ടു വർഷത്തിനകം 39000 കോടി രൂപയുടെ കടമാണ് വർദ്ധിച്ചത്. ഈ കേരളം ഇന്ന് കുചേല കേരളമാണ്. ഒരു ലക്ഷം കോടി രൂപയുടെ പൊതു കടത്തിലേയ്ക്ക് നമ്മുടെ സംസ്ഥാനം എത്തി ചേർന്നിരിക്കുന്നുവെന്നത് ഭയപ്പെടുത്തുന്ന കാര്യമാണ്. ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുമ്പോൾ നമ്മൾ എവിടെയാണ് എത്തി പ്പെടുകയെന്ന് പറയാൻ കഴിയില്ല. അത് വരുംതലമുറയ്ക്കും ഇനി വരാനിരി ക്കുന്ന ഭരണകൂടത്തിനുമൊക്കെ അങ്ങേയറ്റം ബാധ്യത ഉണ്ടാക്കുന്ന ഒരു സംവിധാനത്തിലേയ്ക്കാണ് പോകുന്നത്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നതിനുമുൻപ് എന്റെ ശ്രദ്ധയിൽപ്പെട്ടതും പറയണമെന്ന് തോന്നിയതു

മായ ഒരു കാര്യം പറയുകയാണ്. ഒരു വാർത്ത 'ജലബോർഡിലെ അഴിമതി – ശ്രീമതി ഷീലാ ദിക്ഷിത്– നെ സി.ബി.ഐ ചോദ്യം ചെയ്യുന്നു'. അവർ ഒരു ഗവർണ്ണറാണ്. ശ്രീ. എം. കെ. നാരായണനെ ചോദ്യം ചെയ്തു. അദ്ദേഹവും ഗവർണ്ണറായിരുന്നു, ഇപ്പോൾ രാജിവച്ചു. ഗവർണ്ണർമാർ വരെ കുറ്റം ചെയ്തി ട്ടുണ്ടെന്ന് സംശയം തോന്നിയാൽ അവരെ വിളിച്ച് ചോദ്യം ചെയ്യാൻ അന്വേ ഷണ ഏജൻസികൾ തയ്യാറാകുന്നു. ഞാൻ ജനാധിപത്യപരമായ അവകാശ ങ്ങൾ ഉപയോഗപ്പെടുത്തി ഒരുകാര്യം ഉന്നയിക്കാൻ ആവശ്യപ്പെട്ടത് അനുവദി ച്ചില്ല. പക്ഷേ എനിക്ക് മനസ്സിലാകാത്തത്, പാർലമെന്റിലും നിയമസഭയിലും ഇത്രയും കർശനമായ നിയമങ്ങൾ ഉണ്ടായിട്ടും, ഒരു പൊതു പ്രവർത്തകൻ, ഒരു എം.എൽ.എ. ബലാൽസംഗം ചെയ്തു എന്ന് ഒരു സ്ത്രീ പരാതിപ്പെട്ടിട്ടും സെക്ഷൻ 376 അടക്കമുള്ള വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടും ആ ആളെ ചോദ്യം ചെയ്യുന്നില്ലായെന്ന് പറഞ്ഞാൽ എന്താണ് അർത്ഥം? ചോദ്യം ചെയ്യുക എന്നത് ഒരു സാമാന്യ നീതിയല്ലേ?

മി. ചെയർമാൻ: അങ്ങ് ഈ വിഷയം ചൂണ്ടിക്കാണിച്ചപ്പോൾ ബഹുമാന പ്പെട്ട സ്പീക്കർ വ്യക്തമായ റൂളിംഗ് നൽകിയിട്ടുള്ളതാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, അത് ക്രമപ്രശ്നം ഉന്നയിക്കുന്നതി നാണ്. ഞാനത് ക്രമപ്രശ്നമായി ഉന്നയിച്ചു. അപ്പോൾ അദ്ദേഹം എന്നോട് പറ ഞ്ഞത്, അതല്ലാത്ത സ്ഥലങ്ങളിൽ അത് ഉന്നയിക്കാമെന്നുതന്നെയാണ്.

മി. ചെയർമാൻ ബാക്കി ഈ വിഷയവുമായി ബന്ധപ്പെട്ട് അങ്ങ് ഉന്നയി ക്കുന്ന കാര്യങ്ങളുടെ ഉത്തരവാദിത്തം അങ്ങേയ്ക്ക് മാത്രമായിരിക്കും.

ശ്രീ. ബാബു എം. പാലിശ്ശേരി: അതെ, തീർച്ചയായും ഞാൻ പറയുന്ന കാര്യങ്ങളുടെ ഉത്തരവാദിത്തം എനിക്ക് തന്നെയാണ്.

<u>മി. ചെയർമാൻ:</u> സഭയിൽ ബഹുമാനപ്പെട്ട സ്പീക്കർ നൽകിയ റൂളിംഗ് അങ്ങ് ഓർക്കുക.

<u>ശ്രീ. ബാബു എം. പാലിശ്ശേരി:</u> സർ, ആ പറയുന്നതിൽ ഒരർത്ഥവുമില്ല. ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ), ശ്രീമതി കെ. കെ. ലതിക, ശ്രീമതി കെ. എസ്. സലീഖ, ശ്രീ. എസ്. രാജേന്ദ്രൻ അവർക്ക് ഉന്നയിച്ച ചോദ്യത്തിന് ഗവൺമെന്റ് നൽകിയിട്ടുള്ള ഉത്തരമാണ്. അതിൽ പറയുന്നുണ്ട്, മസ്ക്കറ്റ് ഹോട്ടലിൽ വച്ച് മാനഭംഗപ്പെടുത്തിയെന്നാരോപിച്ച് സരിത എസ്. നായർ നൽകിയ പരാതിയിന്മേൽ കേസ് എടുത്തിട്ടുണ്ടോ; അന്വേഷണം നടത്തിയിട്ടുണ്ടോ; പ്രസ്തുത പരാതിയിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾ എന്തൊക്കെയാണ്? കൃത്യമായി ഗവൺമെന്റ് സമ്മതിക്കുന്നു. ഉത്തരം ഗവൺമെന്റ് കൊടുത്തതാണ്. ഇന്ന ഇന്ന വകുപ്പുകൾ അനുസരിച്ച് കേസ് എടുത്തിട്ടുണ്ട്. 354, 354(എ), 376, ഐ.പി.സി 506 അനുസരിച്ച് കേസ് എടുത്തിട്ടുണ്ട്. അങ്ങനെയുള്ള ഒരാൾ എം.എൽ.എ.-യോ, മന്ത്രിയോ, രാഷ്ട്രപതിയോ, ഗവർണ്ണറോ ആരുമാകട്ടെ ഒരു സ്ത്രീ പരാതി കൊടുത്തു. അതിനുമുകളിൽ ആ ആളിനെ ചോദ്യം ചെയ്യണ്ടേ; ചോദ്യം ചെയ്യാതെ സ്വതന്ത്രമായി വിഹരിക്കാൻ അനുവദിക്കുകയെന്ന് പറയുന്നത് ശരിയാണോ? അങ്ങനെ ചെയ്യുമ്പോൾ രണ്ടു പേർക്ക് രണ്ടു നീതി അല്ലേ? ഒരു രാജ്യത്തെ പൗരന്മാരിൽ രണ്ടുപേർക്ക് രണ്ട് നീതി കൊടുക്കുന്നത് ശരിയാണോ? ഡൽഹിയിൽ പെൺകുട്ടിയെ ബലാൽസംഗം ചെയ്ത കുറ്റവാളിയെ തൂക്കിക്കൊല്ലാൻ വിധിച്ചപ്പോൾ സ്ത്രീകളടക്കമുള്ളവർ കയ്യടിച്ച് സ്വാഗതം ചെയ്തവരാണ് നമ്മുടെ രാജ്യത്തുള്ളത്.

ശ്രീ. പാലോട് രവി: സർ, ഡൽഹിയിലെ കാര്യം പറഞ്ഞതുകൊണ്ടാണ് ഞാൻ എഴുന്നേറ്റത്. അങ്ങ് ഒരു പൊതുപ്രവർത്തകനുമായി ബന്ധപ്പെടുത്തി ഇവിടെ പരാമർശിക്കുന്ന സ്ത്രീയെക്കുറിച്ച്, അങ്ങയുടെ നേതാവ്, കേരളത്തിലെ ഏറ്റവും കൂടുതൽ ആളുകൾ ബഹുമാനിക്കുന്ന പ്രതിപക്ഷനേതാവ് പരസ്യമായി പറഞ്ഞത് പരമകള്ളിയെന്നാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഒരു കള്ളിയെ ബലാത്സംഗം ചെയ്യാമോ; അതിന് ഈ രാജ്യത്ത് നിയമമുണ്ടോ; ബലാത്സംഗം ചെയ്യപ്പെടുന്നത് പരിശുദ്ധരായവരെ മാത്രമാണോ; അല്ലാത്തതൊക്കെ അംഗീകരിക്കാമെന്നാണോ?

മി. ചെയർമാൻ: ശ്രീ. ബാബു എം. പാലിശ്ശേരി, അങ്ങയുടെ വിയോജനക്കുറിപ്പിലേയ്ക്ക് മടങ്ങിവരിക......

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഔദ്യോഗികമായി മറുപടി കൊടുത്തതാണ്, അക്കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. പോലീസ് കാവലിൽ ഈ പറയുന്ന വ്യക്തി അങ്ങോട്ടും ഇങ്ങോട്ടുമൊക്കെ പോകുമ്പോൾ വാച്ച് & വാർഡും പോലീസുമൊക്കെ സല്യൂട്ട് കൊടുക്കേണ്ടേ? അത് ശരിയല്ല. കുറ്റവാളി എം.എൽ.എ.യോ മന്ത്രിയോ ഗവർണറോ രാഷ്ട്രപതിയോ ആരുമാകട്ടെ, എല്ലാവരേയും ഒരുപോലെ കൈകാര്യം ചെയ്യണം. എം.എൽ.എ.-മാർക്ക് വലിയ പരിഗണനയൊന്നുമില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർതന്നെ പറയാറുണ്ട്. അസംബ്ലി കൂടുമ്പോഴുള്ള പരിഗണന മാത്രമേയുള്ളൂ, അതിനപ്പുറത്തേയ്ക്ക് പരിഗണന കൊടുക്കേണ്ടതില്ലെന്ന് ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട വിഷയത്തിൽപറഞ്ഞില്ലേ? അതുകൊണ്ട് ഇത് ശരിയല്ല, ഒരുവിധത്തിലും ന്യായീകരിക്കാൻ കഴിയുന്ന കാര്യമല്ല. എല്ലാ കാര്യത്തിലുമെന്നപ്പോലെ ഇതിലും ഗവൺമെന്റ് രണ്ടുതരം നിലപാടുകൾ എടുക്കു

കയാണ്. സാധാരണ മനുഷ്യരുടെ കാര്യത്തിൽ ഒരു നിലപാടും അല്ലാത്ത വരുടെ കാര്യത്തിൽ വേറൊരു നിലപാടുമാണ് സ്വീകരിക്കുന്നത്. ഏത് കേസ്സെ ടുത്താലും അങ്ങനെയാണ്. ഉത്തരവാദപ്പെട്ട ആളുകളുടെ മേൽ കുറ്റം ചാർത്തപ്പെട്ട വിഷയത്തിൽ എത്ര കേസ്സുകളെടുത്തിട്ടുണ്ട്? മൂന്നുവർഷത്തിനു ള്ളിൽ കേരളത്തിൽ നടന്നത് ബഹുഭൂരിപക്ഷവും അത്തരത്തിലാണ്. ഇടതുപ ക്ഷത്തെ രണ്ട് എം.എൽ.എ.- മാരെ ചോദ്യം ചെയ്തത് എന്തിന്റെ പേരിലാണ്; അതിൽ എന്തെങ്കിലും നീതിയുണ്ടായിരുന്നോ; നീതിയുണ്ടായിരുന്നില്ലെന്ന് പിന്നീടുവന്ന വിധിയിൽനിന്നും വ്യക്തമായില്ലേ? അത്തരത്തിലെടുക്കുന്ന നില പാട് ശരിയല്ല. അതുകൊണ്ട് ഒരു സ്ത്രീ പരാതിപ്പെട്ടാൽ....., ഒരു സ്ത്രീക്ക് എസ്.എം.എസ്. അയച്ചാൽ അതുപോലും കുറ്റമാണ്. ആ സ്ത്രീകൊടുത്ത പരാതിയുടെ വാചകങ്ങൾ ഞാനിവിടെ വായിക്കുന്നില്ല. അദ്ദേഹത്തോട് എനി ക്കൊരു വ്യക്തിവിരോധവുമില്ല. ഒരുപാട് കാലം ഞങ്ങളുടെ കൂടെയിരുന്ന് ഞ ങ്ങളുടെ കയ്യിൽനിന്ന് കിട്ടാവുന്നതെല്ലാം നേടിയെടുത്തതിനുശേഷം അപ്പു റത്ത് പോയി, ആ ഒരു വിരോധം സ്വാഭാവികമായുണ്ടാകും. അതിനപ്പുറ ത്തേയ്ക്ക് ഒരു വിരോധവുമില്ല. പക്ഷേ നീതിനിർവ്വഹണത്തിൽ രണ്ടുതരം നിലപാടുകൾ സ്വീകരിക്കുന്നത് ശരിയല്ല, എനിക്കത് ഉന്നയിക്കാനുള്ള അവ സരവും തന്നില്ല. സബ്മിഷനായിപോലും അവതരിപ്പിക്കാൻ അനുവാദം തന്നി ല്ല. അതെല്ലാം സ്പീക്കറുടെ അധികാരപരിധിയിൽ വരുന്ന കാര്യങ്ങളാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇക്കാര്യത്തിൽ ഒരു നിലപാടെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അങ്ങനെയുള്ള ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകൾ പാസ്സാക്കിക്കൊടുക്കുന്നതെന്തിനാണ്? കോൺഗ്രസ്സിതര വകുപ്പുകളിൽ അഴിമതി നടക്കുന്നുണ്ടെന്ന് കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ പരസ്യമായി പറഞ്ഞിട്ടും, എന്തിനോടും

പ്രതികരിക്കുന്ന ശ്രീ. പി. സി. ജോർജും ശ്രീ പി. കെ. കുഞ്ഞാലിക്കുട്ടിയും അടക്കമുള്ള ആളുകൾ അപ്പുറത്തുണ്ടായിട്ടും ഒരു പ്രതികരണവും വന്നില്ല. കോൺഗ്രസ്സിന്റെ വപ്പുകളിലൊന്നും അഴിമതി നടക്കുന്നില്ല, മറ്റുവകുപ്പുകളിൽ നടക്കുന്നുണ്ടെന്ന് ഭരിക്കുന്ന പാർട്ടിയുടെ സംസ്ഥാന പ്രസിഡന്റ് പറഞ്ഞിട്ടു പോലും നിങ്ങൾക്ക് ഒരു കുലുക്കവുമില്ലെങ്കിൽ ആ പറഞ്ഞതിൽ എന്തോ കാര്യമുണ്ട്; നിങ്ങൾക്ക് പ്രതികരിക്കാൻ നിവൃത്തിയില്ല എന്നല്ലേ അതിന്റെ അർത്ഥം? അതാണ് ഇവിടെ നടക്കുന്ന ഭരണം. അവർക്ക് എന്ത് പാസ്സാക്കി ക്കൊടുത്താലും അതൊന്നും നിലനിൽക്കാൻ പോകുന്നില്ല. അത്രയേറെ അപ കടകരമായ അവസ്ഥയിലാണ് അവർ പോകുന്നത്. നിയമങ്ങൾ ലംഘിക്കുന്ന കാര്യത്തിൽ, സി. & എ.ജി യുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, കൊച്ചിൻ കോർപ്പറേഷനിൽ തീരപരിപാലന നിയമം ലംഘിച്ചുകൊണ്ട് 21-ഉം 22-ഉം നിലകളുള്ള 19 കെട്ടിടങ്ങൾ പണിതുയർത്തിയിരിക്കുന്നു, അത് നിയമവിരുദ്ധ മാണ് എന്നാണ്. ഇത് ഗവൺമെന്റ് കയ്യുംകെട്ടി നോക്കിയിരിക്കുന്നു. കേരള ത്തിലല്ലാതെ വേറെ എവിടെയെങ്കിലും ഇത് നടക്കുമോ? തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് 47% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നുപറയുന്നു. ഇവിടെ യഥാർത്ഥത്തിൽ ഒരു ഭരണവും നടക്കുന്നില്ല, ഒരു ധനവിനിയോ ഗവും നടക്കുന്നില്ല. ഓരോവകുപ്പുകളിലും വെട്ടിപ്പും അഴിമതിയുമാണ് നട ക്കുന്നത്. അതുകൊണ്ട് ഈ ധനകാര്യ ബില്ലിനോട് ഞാൻ യോജിക്കുന്നില്ല. ഞാൻ എതിർക്കുന്നു.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: സർ, ഈ ധനകാര്യ ബില്ലിലെ പ്രധാനപ്പെട്ട അപാകത ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. 2013 വരെ കേരളത്തിലുള്ള മിലി ട്ടറി ക്യാന്റീനുകൾക്ക് സാധനങ്ങൾ നേരിട്ടുവാങ്ങുന്നതിന് നികുതിയിളവ്

അനുവദിച്ചിട്ടുണ്ട്. ഈ ബില്ലിൽ അത് അനുവദിക്കപ്പെട്ടിട്ടില്ല. അത് മാറ്റണം. നമ്മുടെ രാജ്യത്തിന്റെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ദേശസേവനം നിർവ്വഹിച്ചിട്ടുള്ള പട്ടാളക്കാരോടുള്ള ഇത്തരമൊരു നിഷേധം അംഗീകരിക്കാൻ പാടില്ല. അത് പുന:സ്ഥാപിക്കണമെന്നാണ് എനിക്ക് ആദ്യമായി ചൂണ്ടിക്കാണിക്കാനുള്ളത്. അതുപോലെതന്നെ, ഇന്നലെ ഇവിടെ അടിയന്തരപ്രമേയമായി കൊണ്ടുവന്ന വിഷയമാണ്, കൂടാതെ ഇന്ന് ശ്രീ. ബാബു. എം. പാലിശ്ശേരിയും സംസ്ഥാനത്തെ അതിർത്തി ചെക്ക് പോസ്റ്റായ വാളയാറിൽ വന്നിട്ടുള്ള പ്രതിസന്ധി ഇവിടെ ചൂണ്ടിക്കാണിച്ചു. എക്സ്പോർട്ട് ചെയ്യുന്ന കണ്ടെയിനറുകൾ ഗ്രീൻചാനലിലൂടെ കടന്നുവേണം വരാൻ. ഈ പ്രതിസന്ധി ഉയർന്നുവന്നപ്പോൾ അത് സമ്പൂർണ്ണമായി തടയുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. അതിന്റെ ഫലമായി സംസ്ഥാന ഖജനാവിന് കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് വന്നുകൊണ്ടിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കൊച്ചിൻ ചേമ്പർ ഓഫ് കോമേഴ്സിന്റെ ഒരു പരാതി ബഹുമാന്യനായ മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ടായിരുന്നു. ശക്തമായ നടപടി സ്വീകരിക്കാമെന്ന് മന്ത്രി അവരോട് പറഞ്ഞതാണ്, അത് യാഥാർത്ഥ്യമാക്കുന്നതിന് കഴിഞ്ഞിട്ടില്ല. വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്ന കണ്ടെയിനറുകളുടെ കാര്യത്തിൽ നിയമമനുവദിക്കുന്ന ആനുകൂല്യം ശക്തമായി നടപ്പിലാക്കുന്ന സമീപനമുണ്ടാകണം. വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്ന കണ്ടെയിനറുകൾക്ക് ഗ്രീൻ ചാനലുകളിലൂടെ കടന്നുപോകുന്നതിന് തടസ്സമുണ്ടായിട്ടുണ്ട് അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ധനകാര്യ ബിൽ എന്നുപറയുന്നത് കേവലം കണക്കുകളുടെ അപ്പുറവും ഇപ്പുറവുമുള്ള കാര്യമല്ല. നമ്മുടെ നാടിന്റെ പൊതുവായ വികസനവും പുരോഗതിയുമായും ബന്ധപ്പെട്ട കാര്യങ്ങളിലും ശക്തമായി ഇടപെടേണ്ടതുണ്ട്. കേരളത്തിന്റെ സാമ്പത്തിക വികസ

നത്തിലും പുരോഗതിയിലും നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുള്ള നെൽകർഷ കരെ സഹായിക്കുന്ന സമീപനം സ്വീകരിക്കണം. നെല്ലുല്പാദനത്തിന് ഏകദേശം 4 മാസത്തെ സമയം എടുക്കുന്നുണ്ട്. നെല്ല് സംഭരിച്ചിട്ട് പണം കൊടുക്കാൻ ഗവൺമെന്റ് അതിലേറെ കാലതാമസം വരുത്തുകയാണ്. ഇത് നെൽകൃഷിക്കാരോട് കാണിക്കുന്ന വലിയ അന്യായമാണ്. നെൽകൃഷിക്കാർ ലോണെടുത്താൽ തിരിച്ചടയ്ക്കുന്നതിന് സമയം നീട്ടിക്കൊടുക്കുന്നില്ല. അവർ ഭൂനികുതി അടയ്ക്കേണ്ടി വരുമ്പോൾ 4 മാസംകഴിഞ്ഞ് അടച്ചാൽ മതിയെന്ന സമീപനം സ്വീകരിക്കുന്നുണ്ടോ? അങ്ങനെയുള്ള സമീപനം സ്വീകരിക്കു ന്നില്ല. സർക്കാർ നെല്ല് സംഭരിച്ചതിന്റെ വില കൃത്യമായി കൊടുക്കുന്നതിനാവ ശ്യമായ നടപടി സ്വീകരിക്കുന്നില്ല. അതുകൊണ്ട് കർഷകർ ഗുരുതരമായ പ്രതിസന്ധിയിലാണ്. കൃഷിക്കാർക്ക് ഒരു ആനുകൂല്യവും കൊടുക്കുന്നില്ല. അത് പരിഹരിച്ച് സമയബന്ധിതമായി പണം കൊടുക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണം. ഇത്തവണ കാലാവസ്ഥാവ്യതിയാനം വന്നതിനാൽ നെൽകൃഷിക്കാർ വലിയ പ്രതിസന്ധിയിലാണ്. മഴ ചതിച്ചു. ഇപ്പോൾ ചെറിയ തോതിൽ മഴ ആരംഭിച്ചിട്ടുണ്ടെങ്കിലും നെൽകൃഷി പ്രതിസന്ധിയിലാണ്. ഇത് കാർഷികമേഖലയിൽ ഗുരുതരമായ പ്രതിസന്ധി സമ്മാനിക്കും. നെൽകൃഷി ക്കാരെ സഹായിക്കുന്നതിനാവശ്യമായ സമീപനം സ്വീകരിക്കണം. അതു പോലെതന്നെ, കേരളത്തിൽ ഭൂമിയുടെ 53 ശതമാനവും കാർഷികാവശ്യ ങ്ങൾക്കായാണ് മുമ്പ് വിനിയോഗിച്ചിരുന്നത്. ഇപ്പോൾ അത് 5.4 ലക്ഷം ഹെക്ടറായി കുറഞ്ഞു. നെൽകൃഷി 1960–61 കാലഘട്ടത്തിൽ 40.49% മായി രുന്നത് 2012–13 വർഷമായപ്പോൾ 9.63% ആയി കുറഞ്ഞു. യഥാർത്ഥ കൃഷി വിസ്തൃതി കേരളത്തിൽ കുറഞ്ഞുവരികയാണ്. ഇത് പരിഹരിക്കുന്നതിനാവ ശ്യമായ സമീപനം സ്വീകരിക്കണം. പയറുല്പന്നങ്ങളും കുറഞ്ഞുവരിക

യാണ്. അതുപോലെ കേരളത്തിൽ പ്രതിവർഷം 38.62 ലക്ഷം മെട്രിക് ടൺ പച്ചക്കറി ആവശ്യമുണ്ട്. പക്ഷേ ഇവിടെ ഉല്പാദിപ്പിക്കുന്നത് കേവലം 8.25 ലക്ഷം മെട്രിക് ടൺ മാത്രമാണ്. അതിനാൽ സംസ്ഥാനത്തിന് പുറത്തുനിന്ന് വൻതോതിൽ പച്ചക്കറി കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുകയാണ്. രാസവളങ്ങളും രാസകീടനാശിനിയും ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളാണ് നമ്മുടെ നാട്ടിലേയ്ക്ക് വരുന്നത്. ഇത് ആളുകൾക്ക് മാരകമായ അസുഖം പിടിപെടുന്നതിന് കാരണമാകുന്നു. ഇത് പരിഹരിക്കുന്നതിനായി ജൈവകൃഷി പ്രോത്സാഹിപ്പിക്കാനാവശ്യമായ സമീപനം ഗവൺമെന്റ് സ്വീകരിക്കണം.

നാളികേരം, കുരുമുളക്, കശുവണ്ടി എന്നിവയുടെ ഉൽപ്പാദനവും കുറയുകയാണ്. ഇന്ന് രാവിലെ ഇവിടെ റബ്ബർ കൃഷിക്കാർക്ക് ന്യായവില ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ടുള്ള വലിയ ചർച്ച നടന്നു. അതുപോലെ തന്നെ കാപ്പി, തേയില, ഏലം തുടങ്ങിയ മേഖലയിലെല്ലാം വലിയ പ്രതിസന്ധി നമ്മുടെ രാജ്യത്ത് ഉയർന്നുവരികയാണ്. ഇതുപരിഹരിക്കുന്നതിനാവശ്യമായ ശക്തമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. അതിനാവശ്യമായ കൃഷിരീതികൾ വളർത്തിക്കൊണ്ടുവരുന്നതിനാവശ്യമായ ശക്തമായ നടപടി സ്വീകരിക്കണം. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി ഹൈടെക് കൃഷിരീതി ഉൾപ്പെടെയുള്ള നിരവധി നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും അത് സമ്പൂർണ്ണമായും പ്രശ്നപരിഹാരമല്ല. ശക്തമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതുണ്ട് എന്നാണ് അതിനെ സംബന്ധിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെതന്നെ, നമ്മുടെ നാട്ടിലെ കന്നുകാലി വികസനവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ പരിശോധിക്കുമ്പോൾ, കേരളം

അഖിലേന്ത്യാ ശരാശരിയേക്കാൾ മുന്നിൽനിന്ന സംസ്ഥാനമാണ്. പക്ഷേ ഇപ്പോൾ അത് കുറഞ്ഞു. 2007-11 കാലഘട്ടത്തിൽ അഖിലേന്ത്യാ ശരാശരി 4.4 ശതമാനമായിരുന്നെങ്കിൽ കേരളത്തിന്റെ ശരാശരി 5.11 ശതമാനമായിരുന്നു. 2012-13-ൽ എത്തിയപ്പോൾ അഖിലേന്ത്യാ ശരാശരി 3.54 ശതമാനമാണ്. കേരളത്തിൽ അത് 2.76 ആയി കുറഞ്ഞു. അഖിലേന്ത്യാ ശരാശരിയേക്കാൾ പുറകോട്ട് പോകുന്ന സ്ഥിതിവിശേഷം കേരളത്തിന് ഭൂഷണമല്ല. ശക്തമായ ഒരു നിലപാട് ഇത്തരം കാര്യങ്ങളിൽ സ്വീകരിക്കുന്നതിന് കഴിയണം എന്നാണ് അതിനെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. അതുപോലെതന്നെ മൽസ്യബന്ധത്തിന്റെ തോതും കേരളത്തിൽ കുറഞ്ഞുവരികയാണ്. ഏതുമേഖല എടുത്തുപരിശോധിച്ചാലും ഗുരുതരമായ പ്രശ്നങ്ങളും പ്രതിസന്ധികളും ഉയർന്നുവരുന്ന അവസ്ഥയാണ്. ഈ സാഹചര്യത്തിൽ കേരളത്തിന്റെ സാമ്പത്തിക പുരോഗതിക്കാവശ്യമായിട്ടുള്ള നിർദ്ദേശങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ നമുക്ക് കഴിയണം. ആ നിലയിലുള്ള ഫലപ്രദമായ യാതൊരു നിർദ്ദേശങ്ങളും ഇല്ലാത്തതാണ് ഈ ധനകാര്യബിൽ എന്നതുകൊണ്ട് ഇതിനെ ഞാൻ ശക്തമായി എതിർക്കുകയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, 1556.35 കോടി രൂപയുടെ അധിക വിഭവസമാഹരണം ലക്ഷ്യമാക്കിക്കൊണ്ട് അവതരിപ്പിച്ചിട്ടുള്ള ഈ രണ്ട് ധനകാര്യബില്ലുകളെയും ഞാൻ എതിർക്കുകയാണ്. നേരത്തേ പല അംഗങ്ങളും വിയോജനക്കുറിപ്പ് രേഖപ്പെടുത്തിക്കൊണ്ട് സംസാരിച്ചപ്പോൾ കേരളത്തിന്റെ സ്ഥിതിയെക്കുറിച്ച് പറയുകയുണ്ടായി. കേരളം അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. ഇങ്ങനെയൊരു

പ്രതിസന്ധി മുൻകാലങ്ങളിൽ ഉണ്ടായിട്ടുണ്ടോ എന്ന് ചോദിച്ചാൽ, വളരെ അപൂർവ്വമായി മാത്രമേ സംഭവിച്ചിട്ടുള്ളൂ. ഇത് നമ്മുടെ ധനമാനേജ്മെന്റിന്റെ തകരാർകൊണ്ട് കൂടി സംഭവിച്ച പ്രതിസന്ധിയാണ്. ട്രഷറി ബാങ്കുകളെ കാലിയാക്കുന്നതിൽ കെ. എം. മാണി സാറിന്റെ നയപരമായ തീരുമാനങ്ങൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. നമ്മുടെ പല ക്ഷേമപദ്ധതികളുടെയും ഫണ്ടുകൾ ട്രഷറികളിൽനിന്നും പിൻവലിക്കുകയും സർക്കാരിന്റെ പല കാര്യങ്ങളുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകൾ ന്യൂജനറേഷൻ ബാങ്കുകളുമായി ബന്ധപ്പെട്ടുകൊണ്ട് ആക്കുകയും ചെയ്തത് ഈ സമയത്ത് നമ്മൾ സ്മരിക്കേണ്ടതാണ്. സ്വയം വരുത്തിവച്ച വിനകളാണ്. വിലക്കയറ്റം പോലെയുള്ള അതീവഗുരുതരമായ പ്രതിസന്ധിയുണ്ടാകുമ്പോഴും അത് പരിഹരിക്കാനുള്ള ഒരു നിർദ്ദേശവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. കേന്ദ്രഗവൺമെന്റാണെങ്കിൽ അതിനെക്കാൾ ശക്തമായ നിലയിൽ അവരുടെ സാമ്പത്തിക നയങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഈ ഗവൺമെന്റിന്റെ സാമ്പത്തികനയം തന്നെയാണ് ബി.ജെ.പി. ഗവൺമെന്റും അനുവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ പ്രതിസന്ധി യാദൃശ്ചികമായി സംഭവിച്ചതല്ല, സാമ്പത്തിക നയത്തിന്റെ ഭാഗമായി സംഭവിച്ചതാണ്. 1,556.35 കോടിരൂപയുടെ അധിക വിഭവസമാഹരണം ഉദ്ദേശിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട കെ. എം. മാണി ഈ ബിൽ അവതരിപ്പിക്കുന്നത്. സാധാരണക്കാരായ ആളുകളുടെ മേലാണ് നികുതിഭാരമെല്ലാം അടിച്ചേൽപ്പിക്കുന്നത്. ഇവിടെ കാര്യകാരണസഹിതം ഇക്കാര്യം പല ആളുകളും സൂചിപ്പിച്ചതാണ്. ഞാൻ വീണ്ടും ആവർത്തിക്കുന്നതല്ല, പക്ഷെ പറയാതിരിക്കാൻ കഴിയില്ല. 13–ാം ധനകാര്യകമ്മീഷന്റെ ശുപാർശപ്രകാരം കേന്ദ്രസർക്കാർ സംസ്ഥാനങ്ങളു

മായി പങ്കുവയ്ക്കേണ്ട നികുതിവിഹിതം 32 ശതമാനമാണ്. അതുസംബന്ധിച്ച് നമുക്ക് തർക്കങ്ങളുണ്ട്. പക്ഷെ, കേരളത്തിന്റെ വിഹിതമായി കിട്ടുന്നത് 2.34 ശതമാനം മാത്രമാണ്. ആ ഇനത്തിൽമാത്രം നമുക്ക് 3,000 കോടിയിലധികം രൂപയുടെ കുറവ് വരികയാണ്. ഫെഡറൽ റിപ്പബ്ലിക് എന്നുള്ള നിലയിൽ നമ്മുടെ സംസ്ഥാനത്തിന് അർഹമായ നികുതിവിഹിതം കേന്ദ്രത്തിൽനിന്നും ലഭിക്കാതെ വന്നിരിക്കുന്ന ഗുരുതരമായ ഡിസ്ക്രിമിനേഷനാണിത്. ഇതിനെതിരായി കേന്ദ്രഗവൺമെന്റിനുമുന്നിൽ ശക്തമായ നിലപാട് സ്വീകരിക്കാൻ കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ ഗവൺമെന്റുകൾക്ക് കഴിഞ്ഞിട്ടില്ല. ബി.ജെ.പി. ഗവൺമെന്റ് വന്നപ്പോഴെങ്കിലും കെ. എം. മാണിസാറിന് അത് കഴിയേണ്ടതാണ്. കാരണം കേരളാ കോൺഗ്രസ്സിന്റെ നേതാവായ കെ.എം. മാണിസാറിന്റെ പല സിദ്ധാന്തങ്ങളും ഈ സിദ്ധാന്തവുമായി യോജിക്കുന്നതല്ല എന്ന് നമുക്കറിയാം. പക്ഷെ, ഇക്കാര്യത്തിൽ ആ നിലയിലുള്ള മുൻകൈ പ്രവർത്തനം അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. പരമ്പരാഗത തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് പറയുന്ന നികുതി നിർദ്ദേശങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരുകാര്യമാണ് നികുതിവരുമാനത്തിന്റെ വർദ്ധനവിന്റെ ഭാഗമായി ഇവിടെയുള്ള തുണിത്തരങ്ങൾക്ക് ടേൺ ഓവർ ടാക്സ് ഏർപ്പെടുത്തിയത്. ടേൺ ഓവർ ടാക്സ് ഏർപ്പെടുത്തിയതിനെക്കുറിച്ച് ബഡ്ജറ്റിൽ അദ്ദേഹം പറഞ്ഞകാര്യം, തുണിത്തരങ്ങൾക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിരുന്ന അഡീഷണൽ എക്സൈസ് ഡ്യൂട്ടി പിൻവലിച്ചതുകൊണ്ടാണ് വിൽപ്പനനികുതി പുനഃസ്ഥാപിച്ചത് എന്നാണ്. അങ്ങ് മനസ്സിലാക്കേണ്ട ഒരു കാര്യം, അഡീഷണൽ എക്സൈസ് ഡ്യൂട്ടി ഏർപ്പെടുത്തിയ സമയത്ത് കേന്ദ്രഗവൺമെന്റ് കൈത്തറി, ഖാദി വസ്ത്രങ്ങൾക്ക് അത് ബാധക

മാക്കിയിരുന്നില്ല. വീണ്ടും ടേൺ ഓവർ ടാക്സ് ഏർപ്പെടുത്തിയതുവഴി കൈത്തറി, ഖാദി വസ്ത്രങ്ങൾ ഇപ്പോൾ നികുതി ബാധകമാക്കിയിരിക്കുകയാണ്. പരമ്പരാഗത തൊഴിൽ മേഖല ഗുരുതരമായ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന സമയത്താണ് കെ.എം. മാണി സാറിന്റെ ഈ പുതിയ നികുതി നിർദ്ദേശം. കേന്ദ്ര– സംസ്ഥാന സർക്കാരുകൾ 20 ശതമാനം റിബേറ്റ് കൊടുത്തുകൊണ്ടാണ് പരമ്പരാഗത തൊഴിൽ മേഖലായ ഖാദി, കൈത്തറി മേഖലയെ സംരക്ഷിച്ചുപോരുന്നത്. ആ സമയത്താണ് കെ. എം. മാണി സാർ 2 ശതമാനം ടേൺ ഓവർ ടാക്സ് ബാധകമാക്കിയിരിക്കുന്നത്. ഇത് എന്തുകൊണ്ടാണ് എന്ന കാര്യം അങ്ങുതന്നെ വ്യക്തമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഞങ്ങളുടെ വിയോജനക്കുറിപ്പ് സബ്ജക്റ്റ് കമ്മിറ്റിയിൽ രേഖപ്പെടുത്തിയതാണ്. ഇവിടെ വാറ്റ് നികുതിയിൽനിന്ന് പൂർണ്ണമായും ഒഴിവാക്കിയിരിക്കുന്നത് 23 (എ), 11(2) ഇനങ്ങളാണ്. 23 (എ) ഇനത്തിലുള്ളത് ഹാന്റ്ലൂം, ബെഡ്ഷീറ്റ്, പില്ലോകവർ എന്നിവയാണ്. അതുപോലെ 11 (2)–ൽ ഉള്ളത് ചക്ര ആംബർ, ചക്ര ഹാന്റ്ലൂം, ഗാന്ധിത്തൊപ്പി എന്നിവയാണ്. ഈ നിയമമനുസരിച്ചാണെങ്കിൽ ഹാന്റ്ലൂമിന്റെ തുണിത്തരങ്ങൾ ഉപയോഗിച്ചുണ്ടാക്കുന്ന ഗാന്ധിത്തൊപ്പിക്കുപോലും അങ്ങ് നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. ഇത് നമ്മുടെ സംസ്ഥാനത്ത് പരമ്പരാഗത തൊഴിൽ മേഖലയിൽ ജോലിയെടുത്തുകൊണ്ടിരിക്കുന്ന ആളുകൾക്ക് വലിയ പ്രതിസന്ധി ഉണ്ടാക്കിയിരിക്കുകയാണ്. ഇക്കാര്യം എ.ഐ.ടി.യു.സി., ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു. തുടങ്ങിയ യൂണിയനുകൾ അങ്ങയോട് ആവശ്യപ്പെട്ടതാണ്. സഖാവ് വി. ശശി നിയമസഭയിൽ സബ്മിഷനായി അവതരിപ്പിച്ചതാണ്. അതുപോലെതന്നെ

വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി ആവശ്യപ്പെട്ടിട്ടും അങ്ങ് ഇതിലൊരു തീരുമാനവുമെടുത്തില്ല. ഇങ്ങനെയുള്ള കാര്യങ്ങളിൽ അങ്ങ് യാതൊരു തീരുമാനവുമെടുക്കുന്നില്ല. കെട്ടിട നികുതി, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ഏർപ്പെടുത്തുമ്പോൾ അത് സാധാരണക്കാരെ സംബന്ധിച്ച് വലിയൊരു പ്രശ്നമാണ്. പക്ഷേ പണക്കാരെ സംബന്ധിച്ച്, വമ്പൻമാരെ സംബന്ധിച്ച്, സ്വാധീനമുള്ളവരെ സംബന്ധിച്ച് ഇതൊരു പ്രശ്നമല്ല. ഞാൻ ഇവിടെ എഴുതിക്കൊടുത്ത ഒരു വിഷയമുണ്ട്. തൃശ്ശൂരിൽ ബഹുമാന്യനായ ചീഫ് സെക്രട്ടറിയുടെ ഭാര്യയുടെ പേരിൽ 40 സെന്റ് ഭൂമിയുടെ ന്യായവില ഗവൺമെന്റ് നിശ്ചയിച്ചു. അക്കാര്യത്തിൽ ഗവൺമെന്റ് എടുത്ത സ്റ്റാന്റ് എന്താണ് ? ബഹുമാന്യനായ ചീഫ് സെക്രട്ടറിയുടെ ഭാര്യയുടെ പേര് ഞാൻ പറയുന്നില്ല. അദ്ദേഹത്തിന്റെ പേര് ഞാൻ പറയാതിരിക്കാൻ കാരണം...

മി. ചെയർമാൻ: ബഹുമാനപ്പെട്ട സുനിൽ കുമാർ, പ്ലീസ്..

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇത് പ്രധാനപ്പെട്ട ഒരു കാര്യമാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, അങ്ങയെ സംസാരിക്കാൻ അനുവദിക്കാം. അങ്ങ് ഇപ്പോൾ ഇരിക്കുക. ഇക്കാര്യത്തിലുള്ള ചെയറിന്റെ ഒരു റൂളിംഗ് സംബന്ധിച്ച് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അങ്ങ് എഴുതിത്തന്നത് ചെയർ പരിശോധിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുൻ സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ കാലഘട്ടത്തിൽ, 27-10-2011-ൽ ഒരു റൂളിംഗ് ഉണ്ടായിട്ടുണ്ട്. അദ്ദേഹം അന്ന് നടത്തിയ പരാമർശം ഇവിടെ വായിക്കുകയാണ്. “ഇവിടെ എഴുതിത്തന്ന വിഷയത്തിൽ മുഖ്യമന്ത്രി മറുപടി പറയാൻ തയ്യാറായതുകൊണ്ടാണ് അനുവദിക്കുന്നത്.

സ്പീക്കറുടെ അനുമതിയോടുകൂടിയാണെങ്കിലും ബില്ലിന്മേലുള്ള ചർച്ചയ്ക്കിടയിൽ അഴിമതിയാരോപണം ഉന്നയിക്കാൻ പാടില്ലെന്നാണ് ചെയറിന്റെ അഭിപ്രായം. ഇതൊരു കീഴ്‌വഴക്കമായി മാറുന്നത് ശരിയല്ല." ഇത് ബഹുമാനപ്പെട്ട മുൻ സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ കാലഘട്ടത്തിൽ നൽകിയിട്ടുള്ള റൂളിംഗ് ആണ്. ഈ റൂളിംഗ് നിലനിൽക്കുകയാണ്. ഇത് ചെയർ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ഉന്നയിക്കാൻ ചെയർ അനുവദിച്ചിട്ടുണ്ട്. അങ്ങേയ്ക്ക് പരാമർശിക്കാം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഞാൻ അങ്ങയുടെ റൂളിംഗിനെ ബഹുമാനിക്കുകയാണ്. ഞാൻ പ്രതിപക്ഷത്തിന്റെ ഭരണഘടനാപരമായ ഒരു ഉത്തരവാദിത്വം നിർവ്വഹിക്കുന്നുവെന്ന് മാത്രം അങ്ങ് കരുതിയാൽ മതി.

<u>മി. ചെയർമാൻ</u>: നമ്മുടെ സഭയുടെ കീഴ്‌വഴക്കം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ വിഷയം ഉന്നയിക്കാൻ അങ്ങയെ അനുവദിച്ചിട്ടുണ്ട്. അങ്ങ് അതുകൂടി കണക്കിലെടുത്തുകൊണ്ട് ഉന്നയിക്കണം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഞാൻ ഇത് വ്യക്തിപരമായി ആരെയും പറയുന്നതല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ള കാര്യം അങ്ങ് പല കാര്യങ്ങളെയും ഓൺ ചെയ്യുകയാണ്. ഡിസ്ഓൺ ചെയ്യേണ്ട കാര്യങ്ങൾ ഡിസ്ഓൺ ചെയ്യാൻ അങ്ങ് തയ്യാറാകേണ്ടതാണ്. ഈ വിഷയം സഭയിൽ ഉന്നയിക്കപ്പെടാനുള്ള കാരണം തന്നെ, ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയുടെ സ്വത്ത് വിവരം സംബന്ധിച്ച് ചർച്ച നടന്നപ്പോൾ, കൃത്യമായ സ്വത്തുവിവരങ്ങൾ അദ്ദേഹം വെളിപ്പെടുത്തിയിട്ടുണ്ടെന്നും ഒരുകാര്യവും അന്വേഷിക്കേണ്ടതില്ലായെന്നും അങ്ങ് പറഞ്ഞതാണ്. അദ്ദേഹം വെളിപ്പെടുത്തിയിരിക്കുന്ന സ്വത്തുവിവരത്തിന്റെ

സ്റ്റേറ്റ്മെന്റാണിത് (സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ഉയർത്തിക്കാട്ടി). ഈ സ്റ്റേറ്റ്മെന്റിൽ കാണാത്ത സ്വത്തിനെപ്പറ്റിയാണ് ഞാൻ പറയുന്നത്. ഈ സ്റ്റേറ്റ്മെന്റിൽ പറയാത്ത, അദ്ദേഹത്തിന്റെ ഭാര്യയുടെ പേരിലുള്ള സ്വത്ത് പൂങ്കുന്നത്ത് ഉണ്ട് എന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. രണ്ടാമത്തെ കാര്യം, ഒരുസ്ഥലത്തിന്റെ മാർക്കറ്റ് വാല്യു നിശ്ചയിച്ച് നോട്ടിഫിക്കേഷൻ വന്നുകഴിഞ്ഞാൽ പലപ്പോഴും സാധാരണക്കാരായ ആളുകൾ അറിയുന്നത് ആ ഭൂമി വിൽക്കുന്ന സമയത്ത് അതിന്റെ രജിസ്ട്രേഷൻ വരുമ്പോഴാണ്.

അങ്ങനെ രജിസ്ട്രേഷന് വരുമ്പോൾ നിങ്ങളുടെ ഭൂമി വില ഇത്രയാണെന്ന് പറഞ്ഞാൽ തർക്കം ഉണ്ടെങ്കിൽപ്പോലും സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കുകയും നമ്മുടെ ആധാരം ബന്തവസ്സാക്കി വയ്ക്കുകയും കളക്ടർക്ക് അപേക്ഷ കൊടുത്ത് അതിന്മേൽ പരിഹാരം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് നടപടിക്രമം. എന്നാൽ തൃശ്ശൂർ ജില്ലാ കളക്ടർ അവിടത്തെ സാധാരണക്കാരുടെ കാര്യത്തിൽ അങ്ങനെ ഒരു അപേക്ഷ കിട്ടിയാൽ ആ കാര്യങ്ങൽക്ക് ഒരു പരിഹാരവും കാണുന്നില്ല. എന്നാൽ ഈ 40 സെന്റ് സ്ഥലത്തിന്റെ കാര്യത്തിൽ 24,00,000/- രൂപ വില നിശ്ചയിച്ചത് 12,35,000/- രൂപയാക്കി കുറച്ചിരിക്കുകയാണ്. അങ്ങനെ കുറച്ചതിലൂടെ സർക്കാരിന് അതിഭീമമായ സാമ്പത്തിക നഷ്ടം ഉണ്ടായിരിക്കുകയാണ്. ഇതിന്റെ ഡിസ്ക്രിമിനേഷൻ എന്നുപറയുന്നത്, നിയമം എല്ലാവർക്കും ബാധകമാണ്. എന്നാൽ ഈ സ്ഥലത്തിന്റെ കാര്യത്തിൽ മാത്രം എന്തുകൊണ്ട് ബാധകമാകുന്നില്ല? അതുമായി ബന്ധപ്പെട്ട ഓർഡറിൽ പ്രത്യേകമായി പറയുന്നകാര്യം ഞാനിവിടെ വായിക്കുകയാണ്, "ബന്ധപ്പെട്ട തെളിവുകളുടെ റിപ്പോർട്ടുകളുടെയും അടിസ്ഥാന

ത്തിലും വില്ലേജ് ഓഫീസർ നേരിൽക്കേട്ടതിന്റെ അടിസ്ഥാനത്തിലും തൃശ്ശൂർ വില്ലേജിലെ 1611/1പി സർവ്വേയിൽപ്പെട്ട 0.1619 ഹെക്ടർ ഭൂമിക്ക് സർക്കാർ വിജ്ഞാപനം ചെയ്തിരിക്കുന്ന ന്യായവില ആയിരിക്കുന്ന 24,70,000/– രൂപ എന്നത് യുക്തമല്ലായെന്നും ആയത് ഭേദഗതി ചെയ്യേണ്ടതായും കാണുന്നു. ആയതിനാൽ തൃശ്ശൂർ താലൂക്കിലെ തൃശ്ശൂർ വില്ലേജിലെ ടി സർവ്വേ നമ്പ രിൽപ്പെട്ട ഭൂമിയുടെ ന്യായവില ആർ ഒന്നിന് 24,70,000/– എന്നത് മാറ്റി 12,50,000/– ആക്കി കുറച്ച് ഇതിനാൽ ഉത്തരവാകുന്നു." രണ്ടാമത്തെ കാര്യം, "ഈ ഉത്തരവ് പ്രകാരമുള്ള ന്യായവില തൃശ്ശൂർ വില്ലേജിലെ 1611/1പി–ൽപ്പെട്ട മറ്റ് ഭൂമിക്കോ സമീപ ഭൂമിക്കോ യാതൊരു കാരണവശാലും ബാധകമായിരി ക്കുന്നതല്ല. അപേക്ഷ വസ്തു ഒഴികെയുള്ള ഭൂമിക്ക് നിലവിലുള്ള ന്യായവില തന്നെ നിലനിൽക്കുന്നതാണ്. " അങ്ങനെയാണെങ്കിൽ ന്യായവില എന്ന് പറ യുന്നത് ന്യായമായും അതേ സർവ്വേ നമ്പരിൽപ്പെട്ട മറ്റ് ഭൂമിക്കും ബാധകമാ കേണ്ടേ? ഈ ഭൂമിക്കുവേണ്ടിമാത്രം യുദ്ധകാലാടിസ്ഥാനത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ചെയ്തുകൊടുക്കുന്നു. ഞാനിത് ഒറ്റപ്പെട്ട സംഭവമായി പറയുന്നതല്ല, അവിടെ സാധാരണക്കാരായ ആളുകൾ ഒരു അപേക്ഷ കൊടുത്താൽ അവർക്ക് ന്യായം കിട്ടാതിരിക്കുമ്പോൾ ഇവരുടെ കാര്യത്തിൽ ഇങ്ങനെയൊരു ത്തരവ് വന്നിരിക്കുന്നു. CRZ–ന്റെ കാര്യവും പാറ്റൂർ ഭൂമിയുടെ കാര്യവും ആറന്മുള ഭൂമിയുടെ കാര്യവും നെയ്യാറ്റിൻകരയിലെ കെട്ടിടനിർമ്മാണത്തിന്റെ കാര്യവും നമ്മൾ ചർച്ച ചെയ്തതാണ്. ഏത് കാര്യം ചർച്ച ചെയ്യുമ്പോഴും മത്സ്യത്തൊഴിലാളികളെക്കുറിച്ചും സാധാരണക്കാരെക്കുറിച്ചും അഞ്ച് സെന്റ് ഭൂമിയുള്ളവരെക്കുറിച്ചും രണ്ട് സെന്റ് വിൽക്കുമ്പോഴുണ്ടാകുന്ന പ്രയാസ ത്തെക്കുറിച്ചും പറയുന്നു. അങ്ങനെ പ്രയാസപ്പെടുന്ന ആളുകൾ അധികാ

രികളെ സമീപിക്കുമ്പോൾ അവർക്കൊരു നീതി ഇവർക്ക് മറ്റൊരു നീതി. ഇത് വ്യക്തമായ അധികാര ദുർവിനിയോഗമാണ്. നമ്മുടെ എക്സിക്യൂട്ടീവിന്റെ ഹെഡ്ഡായിരിക്കുന്ന ഒരാളുടെ ഭാര്യയുടെ ഭൂമി ആയതുകൊണ്ടുമാത്രം മറ്റാർക്കും ലഭ്യമാകാതിരിക്കുന്ന ഒരു നിയമം അദ്ദേഹത്തിന് ലഭ്യമാക്കിയെന്നു ള്ളത് ഗുരുതരമായ അധികാര ദുർവിനിയോഗമാണ്. മാത്രമല്ല, ഈ ഭൂമിയെ സംബന്ധിച്ച കാര്യം അദ്ദേഹത്തിന്റെ സ്വത്തുവിവര സ്റ്റേറ്റ്മെന്റിൽ കാണിച്ചി ട്ടില്ല. ഇങ്ങനെ നമ്മുടെ സംസ്ഥാനത്തെ തലപ്പത്തിരിക്കുന്ന, ഐ.എ.എസ്. പദവിയിലിരിക്കുന്ന ആളുകൾ സമ്പാദിച്ച ഭൂമി എവിടെയൊക്കെയുണ്ട്; അവ രുടെ ഭൂമിയുടെ വാല്യുവേഷൻ എന്താണ്; അവർ എവിടൊക്കെയാണ് ഭൂമി/സ്വത്ത് സമ്പാദിച്ചിരിക്കുന്നത്; അത് എങ്ങനെയാണ് സമ്പാദിച്ചിരി ക്കുന്നത് തുടങ്ങിയ കാര്യങ്ങളെപ്പറ്റി അന്വേഷണം നടത്താൻ ഈ ഗവൺമെന്റ് തയ്യാറാകണം. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വ്യക്തിപര മായി ആക്ഷേപിക്കുകയല്ല. അദ്ദേഹത്തിന്റെ പൊതുസ്വഭാവം നമുക്കറിയാം. ഞാൻ അദ്ദേഹത്തിനെതിരെ ഒരു ആരോപണം ഉന്നയിക്കാൻ ഉദ്ദേശിച്ചുകൊ ണ്ടല്ല ഇത് പറയുന്നത്. അങ്ങ് ഇവരെ ഡിസ്ഓൺ ചെയ്യാൻ തയ്യാറാകണം. കാരണം, അങ്ങയുടെ പിന്തുണ ഉണ്ടെന്ന തോന്നൽ അവർക്കുണ്ടാകുന്നുണ്ടെ ങ്കിൽ അത് ഒരിക്കലും ഒരു നല്ല സന്ദേശമായിരിക്കില്ല. അതുകൊണ്ട് ഞാൻ പറയുന്നതാണ്. അങ്ങ് ഈ കാര്യത്തിൽ സത്യസന്ധമായ ഒരു അന്വേഷണ ത്തിന് തയ്യാറുണ്ടോ? ഇങ്ങനെ നമ്മുടെ സംസ്ഥാനത്തെ പല ഐ.എ.എസ്. ഓഫീസർമാർക്കെതിരെയും രാഷ്ട്രീയക്കാർക്കെതിരെയും മന്ത്രിമാർക്കെതി രെയും അവരുടെ സ്വത്ത് വിവരങ്ങളക്കമുള്ള കാര്യങ്ങളെക്കുറിച്ച് ഗുരുതര മായ ആരോപണങ്ങൾ ഉന്നയിക്കാൻവേണ്ടി വലിയ പ്രചരണം നടത്തുന്ന ആളുകൾ നമ്മുടെ നാട്ടിലുണ്ട്. അതൊക്കെ അന്വേഷിക്കപ്പെടേണ്ടത് തന്നെ

യാണ്. പക്ഷെ, ഇവിടെ ഏത് ഭരണം മാറിയാലും അതിന്റെ തലപ്പത്തിരിക്കുന്ന വമ്പന്മാരായ പല ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരെപ്പറ്റിയും അവരുടെ സ്വത്ത് വിവരത്തെപ്പറ്റിയും അവരെങ്ങനെ സമ്പാദിക്കുന്നുവെന്നതിനെപ്പറ്റിയും അന്വേഷിക്കേണ്ടതല്ലേ? സത്യസന്ധരായ ഉദ്യോഗസ്ഥന്മാർ നമ്മുടെ സിവിൽ സർവ്വീസിൽ ധാരാളമുണ്ട്. വിട്ടുവീഴ്ച ചെയ്യാത്ത, ശക്തമായ ഇടപെടലുകൾ നടത്താൻ കഴിവുള്ള ഉദ്യോഗസ്ഥന്മാർക്ക് അവരുടെ മൊറൈൽ നശിക്കുന്ന സ്ഥിതിവിശേഷംപോലും ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ഞാൻ ഇവിടെ ഉന്നയിച്ച വിഷയത്തിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും പോകാൻ ഉദ്ദേശിക്കുന്നില്ല. അതിന്റെ ഡീറ്റെയിൽസ് ആവശ്യമാണെങ്കിൽ തീർച്ചയായും അത് മേശപ്പുറത്ത് വയ്ക്കാൻ ഞാൻ തയ്യാറാണ്. ഇവിടെ കൊച്ചിൻ മെട്രോയ്ക്ക് ടാക്സ് എക്സംപ്ഷൻ കൊടുത്തതുമായി ബന്ധപ്പെട്ട് ഒരു സംശയം ഞാനിവിടെ പ്രകടിപ്പിക്കുകയാണ്. കൊച്ചി മെട്രോയ്ക്ക് കൊടുത്തിരിക്കുന്ന ടാക്സ് എക്സംപ്ഷൻ ലഭിക്കുന്നത് അവർ ഉപകരാർ കൊടുത്തിരിക്കുന്ന എൽ. ആന്റ് ടി.ക്കും സോമയ്ക്കുമാണ്. കാരണം, ടാക്സ് അടയ്ക്കാനുള്ള ഉത്തരവാദിത്വം എൽ. ആന്റ് ടി.ക്കും സോമയ്ക്കുമാണ്. അതുകൊണ്ട്, കൊച്ചി മെട്രോയ്ക്കുവേണ്ടി ടാക്സ് എക്സംപ്ഷൻ കൊടുക്കുമ്പോൾ വാസ്തവത്തിൽ അതിന്റെ ബെനഫിഷ്യറീസായി മാറുന്നത് എൽ. ആന്റ് ടി.യും സോമയുമാണെന്ന ഒരു ആരോപണം നിലനിൽക്കുകയാണ്. അതിന്റെ സത്യസ്ഥിതിയെന്താണ്; അതിലൂടെ സർക്കാരിന്റെ ഖജനാവിന് കോടിക്കണക്കിന് രൂപ നഷ്ടമാകുന്നുവെന്ന് ഇവിടെ സംശയം ജനിക്കപ്പെട്ടിരിക്കുകയാണ്. കൊച്ചി മെട്രോയ്ക്ക് കൊടുത്തിരിക്കുന്ന ടാക്സ് എക്സംപ്ഷൻ നമ്മുടെ വലിയൊരു പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നികുതി ഇളവാണെന്ന് കേൾക്കുമ്പോൾ തോന്നുമെങ്കിലും അവർ സബ്–

കോൺട്രാക്ട് കൊടുത്തിരിക്കുന്ന വമ്പൻ കമ്പനികൾക്കാണ് അതിന്റെ ബെനിഫിറ്റ് ഉണ്ടാകുന്നതെങ്കിൽ അത് നമ്മുടെ ഖജനാവിന് ഏകദേശം 500 കോടി രൂപയുടെ നഷ്ടമുണ്ടാക്കുമെന്നാണ് പറയുന്നത്. അങ്ങനെ സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാനും നടപടി സ്വീകരിക്കാനും തയ്യാറാകണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. വെളിച്ചെണ്ണ ചേർത്ത അലക്കുസോപ്പിന് നികുതി പിൻവലിച്ചതായി ഇവിടെ നേരത്തെ സൂചിപ്പിച്ചു. വെളിച്ചെണ്ണ ചേർത്ത സോപ്പ് ഏതാണെന്ന് കണ്ടുപിടിക്കാൻ പറ്റുമോ; എല്ലാ സോപ്പിന്റെയും മുകളിൽ ഇത് വെളിച്ചെണ്ണ ചേർത്തതാണെന്ന് എഴുതിവച്ചാൽ നികുതി പൂർണ്ണമായും പിൻവലിക്കപ്പെടും. അത് നികുതി ചോർച്ചയ്ക്ക് ഇടയാക്കും. നികുതി പിരിക്കേണ്ടവരിൽനിന്ന് പിരിക്കാനും അതിൽ ശക്തമായി ഇടപെടാനും കഴിയുന്നതിന് പകരം പലപ്പോഴും നികുതി ച്ചോർച്ചയ്ക്ക് വഴിവെയ്ക്കുന്ന നിരവധിയായ വഴിവിട്ട പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടക്കുകയാണെന്ന കാര്യം സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്.

ശ്രീ. സി. കെ. നാണു: സർ, ധനകാര്യ ബിൽ അവതരിപ്പിക്കുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം നിലവിലുള്ളതിനേക്കാൾ വർദ്ധിപ്പിക്കുന്നതിന് ന്യായമായി നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായിട്ടാണ്. ഇവിടെ, സംസ്ഥാന ഗവൺമെന്റ് പിരിച്ചെടുക്കാനുള്ള നികുതികൾ പിരിച്ചെടുക്കുന്നതിൽ വിമുഖത കാണിക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ചെക്ക്പോസ്റ്റുകളിൽനിന്നും മറ്റ് പല സ്ഥലങ്ങളിൽനിന്നും നികുതി പിരിക്കാൻ ശുഷ്കാന്തി കാണിച്ചതുകൊണ്ട് സർക്കാരിന് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടാതെ സ്വരൂപിക്കാൻ സാധിച്ചതിന്റെ ഫലമായി, അന്ന്

സംസ്ഥാന ഗവൺമെന്റിന് ആവശ്യത്തിനനുസരിച്ച് ചെലവഴിക്കാൻ പണം ഉണ്ടായിരുന്നുവെന്നത് വ്യക്തമാണ്. പക്ഷെ ഇന്ന് അങ്ങനെയല്ല. ഇവിടെ നടക്കുന്ന ചർച്ചയിൽ സ്ഥിരമായി പറയുന്ന കാര്യം, പിരിച്ചെടുക്കാനുള്ള പണം ഗവൺമെന്റ് പിരിച്ചെടുക്കുന്നില്ല എന്നുള്ളതാണ്. നമ്മൾ ഇവിടെ ചർച്ച ചെയ്ത രൂപത്തിലുള്ള വരുമാനം മാത്രമേ സംസ്ഥാന ഗവൺമെന്റിന് ഉണ്ടാക്കാൻ സാധിക്കൂ. നമ്മൾ ഉപയോഗിക്കുന്ന മൊബൈൽ ഫോണു കളിൽനിന്നും കമ്പ്യൂട്ടറുകളിൽനിന്നുമൊക്കെ ഒരുമാസം കോടിക്കണക്കിന് രൂപയുടെ ലാഭം ചില ഏജൻസികൾ ഉണ്ടാക്കുന്നു. ആ ലാഭത്തിൽനിന്ന് സംസ്ഥാന ഗവൺമെന്റിന് ഏതെങ്കിലും തരത്തിൽ വരുമാനം ലഭി ക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിന് ലഭിക്കുന്ന വരു മാനത്തിൽനിന്നും എത്ര വിഹിതം സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്നുണ്ട്; സംസ്ഥാനത്തിന്റെ വികസനത്തിനായി ഉപയോഗിക്കാൻ കേന്ദ്ര ഗവൺമെന്റിൽനിന്ന് അത്തരത്തിലുള്ള പണം നേടിയെടുക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റുകൾ വിജയിക്കുന്നുണ്ടോ; ഇപ്പോഴത്തെ സംസ്ഥാന ഗവൺമെന്റിന് ആ തരത്തിലുള്ള ഒരു പരിശ്രമം നടത്തി വിജയിക്കാൻ സാധി ച്ചിട്ടുണ്ടോ? അതുപോലെ, ഇന്ന് കേന്ദ്ര ഗവൺമെന്റുമായി നല്ല ബന്ധത്തി ലുള്ള ഇൻഡ്യയിലെ വൻകിട കമ്പനികൾ നമ്മുടെ നാട്ടിലെ ദേശസാൽകൃത ബാങ്കുകളിലെ പണം ഉപയോഗിക്കുന്നു. ഇത് ഇൻഡ്യയിൽ അവരുടെ സാമ്രാജ്യം കെട്ടിപ്പടുക്കാൻ മാത്രമല്ല, അംബാനിയെപ്പോലുള്ള വൻകിട കുത്തകക്കാർ ഇൻഡ്യയ്ക്ക് പുറത്ത് പല ആഫ്രോ-ഏഷ്യൻ രാജ്യങ്ങളിലും അവരുടെ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്നതിനും നമ്മുടെ ദേശ സാൽകൃത ബാങ്കുകളിലെ പണം ഉപയോഗിക്കുകയാണ്. ഇവിടുത്തെ അധി കാരികൾ അതിനവരെ സഹായിക്കുന്നു. നമ്മുടെ നാട്ടിലെ ദേശസാൽകൃത

ബാങ്കുകളെയും മറ്റ് ധനകാര്യ ഏജൻസികളെയും ഉപയോഗിച്ചുകൊണ്ട് വിവിധ സ്ഥലങ്ങളിൽ വ്യവസായ സ്ഥാപനങ്ങൾ കെട്ടിപ്പടുക്കാൻ അവർ പരി ശ്രമിക്കുമ്പോൾ, വിദേശ മലയാളികളടക്കം ഡെപ്പോസിറ്റ് ചെയ്യുന്ന സംസ്ഥാ നത്തെ ദേശസാൽകൃത ബാങ്കുകളിലെ പണം സംസ്ഥാനത്തിന്റെ വിക സനപരമായ കാര്യങ്ങൾക്ക് വേണ്ടി എത്രമാത്രം ഉപയോഗിക്കാൻ സംസ്ഥാന ഗവൺമെന്റിന് സാധിക്കുന്നുണ്ട്? സാമ്പത്തിക പ്രശ്നങ്ങൾ പഴയരീതിയിൽ മാത്രം കൈകാര്യം ചെയ്യുന്ന സ്ഥിതി മാറി, ഭരണകൂടങ്ങൾക്ക് പുതിയ സാമ്പ ത്തിക സ്രോതസ്സുകൾ ലഭിക്കുന്നു. അത് കേന്ദ്ര ഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റുകൾക്കും ലഭിക്കുന്നു. ആ സ്രോതസ്സുകളെ എത്രമാത്രം ഉപയോ ഗപ്പെടുത്താൻ സാധിക്കുന്നുവെന്നുള്ളതാണ് ഈ പരിഷ്കൃതകാലത്ത് ഒരു ഗവൺമെന്റിന്റെ സാമ്പത്തിക മാനേജ്മെന്റ് എന്നുപറയുന്നത്. കുറച്ച് ദിവസം മുമ്പ് ഞാൻ എന്റെ മണ്ഡലമായ വടകരയിലെ റിട്ടയർ ചെയ്ത ഉദ്യോഗ സ്ഥന്മാർ താമസിക്കുന്ന പ്രദേശത്തുള്ള ഒരു മരണവീട്ടിൽ ചെന്നപ്പോൾ, വീടിന്റെ നികുതി ഇപ്പോൾ ഇരട്ടിയായി വർദ്ധിപ്പിച്ചിരിക്കുന്നുവെന്ന് ആ പ്രദേ ശത്തുള്ളവർ എന്നോട് പറഞ്ഞു. അവർ ഉദ്യോഗമുണ്ടായിരുന്ന കാലത്ത് നല്ല വീട് വയ്ക്കുകയും ഇപ്പോൾ തുച്ഛമായ പെൻഷൻകൊണ്ട് ജീവിക്കുന്നവ രുമാണ്. അവരുടെ വീടിന്റെ നികുതി വർദ്ധിപ്പിക്കുമ്പോൾ......, വീടിന്റെ നികുതി വർദ്ധിപ്പിച്ചുകൊണ്ടാണോ സംസ്ഥാന ഗവൺമെന്റ് ആഗ്രഹിക്കുന്ന രൂപത്തിൽ വരുമാനം ഉണ്ടാക്കേണ്ടത്; അത് ഒഴിവാക്കാൻ സംസ്ഥാന ഗവൺമെന്റിന് സാധിക്കേണ്ടതല്ലേ? അതുപോലെതന്നെയാണ് മുനിസിപ്പൽ/ കോർപ്പറേഷൻ പരിധിയിൽവരുന്ന സ്റ്റാമ്പ് ഡ്യൂട്ടിയുടെ കാര്യവും. വില്ലേജുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി കൂടുതലാണ്. അതൊക്കെ പരിശോധിച്ച് ഒഴി വാക്കേണ്ടതല്ലേ? വിലക്കയറ്റത്തിന്റെ ഞാൻ കാര്യം വിശദീകരിക്കുന്നില്ല.

പാവപ്പെട്ടവർ മാത്രമല്ല, ഇടത്തരക്കാരായ ആളുകൾപോലും ഓരോ ദിവസവും ജീവിക്കാൻ പ്രയാസപ്പെടുന്നു. അവരുടെ മക്കൾക്ക് പോഷകഹാരം അടങ്ങിയ ഭക്ഷണം കൊടുക്കുന്നതിന് തടസ്സമായി നിൽക്കുന്ന രൂപത്തിലുള്ള വിലവർദ്ധനവാണ് രാജ്യത്തുള്ളത്. വിലവർദ്ധനവുള്ള അവസരത്തിൽ ഒരു ഗവൺമെന്റിന്റെ ചുമതല എന്നുപറയുന്നത്, അവരെ ബുദ്ധിമുട്ടിക്കുന്ന രൂപത്തിൽ അവരുടെ നിലവിലുള്ള വരുമാനത്തിന്മേൽ അമിതഭാരം അടിച്ചേൽപ്പിക്കാതിരിക്കലാണ്. ഈ ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്ന ഈ ധനകാര്യ ബിൽ യഥാർത്ഥത്തിൽ വരുമാനം സമാഹരിക്കാൻ സാധിക്കുന്ന മേഖലകളെ സംബന്ധിച്ച് ഗൗരവമായി ചിന്തിക്കാതെ സാധാരണക്കാരനെ ബുദ്ധിമുട്ടിക്കുന്ന രീതിയിൽ അവന്റെമേൽ കൂടുതൽ ഭാരം അടിച്ചേൽപ്പിക്കുന്ന രീതിയിലുള്ളതാണ്. അതുകൊണ്ട് ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുന്നു.

ശ്രീമതി കെ. കെ. ലതിക: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുക്കുന്നു. ഈ ഒന്നുരണ്ടു വിഷയങ്ങൾ സഭയ്ക്കകത്ത് വന്നിട്ടുണ്ട്. ജനാധിപത്യത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും പരസ്പരം വിശ്വാസത്തിലെടുത്തുകൊണ്ട് സഭയ്ക്കകത്തു വരുന്ന കാര്യങ്ങളെ അംഗീകരിക്കുന്ന ഒരു സ്ഥിതിയുണ്ടാകണം. പരമ്പരാഗതമായ രീതിയിൽ മുന്നോട്ടുപോയാൽ ശരിയാവില്ല. അതുകൊണ്ടുതന്നെ നേരത്തെ ധനകാര്യ വകുപ്പുമന്ത്രിയും ശ്രീ. വി. എസ്. സുനിൽ കുമാറുമൊക്കെ ഇവിടെ ഉന്നയിച്ച കാര്യങ്ങൾ വളരെ ഗൗരവമായി എടുത്തുകൊണ്ട് നമ്മുടെ ജനാധിപത്യത്തിന്റെ അന്തസ്സത്തയ്ക്ക് നിരക്കുന്ന രൂപത്തിൽ ഇക്കാര്യങ്ങളെ പരിശോധിക്കാൻ തയ്യാറാകണം. എങ്കിൽ മാത്രമേ രാഷ്ട്രീയത്തിനും ജനപ്രതിനിധികൾക്കുമൊക്കെ അംഗീകാരമുണ്ടാകുന്ന അവസ്ഥയുണ്ടാകൂ. സംസ്ഥാനത്തിന്റെ ചിലവുകൾ

നേരിടാൻ ധനകാര്യ വകുപ്പുമന്ത്രിയ്ക്ക് വരുമാനം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. അതിന് നികുതി വർദ്ധിപ്പിക്കണമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതിന് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തണം. ഭേദഗതികൾക്ക് നിയമസഭയുടെ അംഗീകാരം വാങ്ങുന്നതിന് ലളിതമായ പ്രക്രിയയാണുള്ളത്. എന്നാൽ ഇതുപോലുള്ള ഒരു ബില്ല് പാസ്സാക്കികഴിഞ്ഞാൽ അത് നമ്മുടെ സമീപനത്തിന് തന്നെ തെറ്റായിട്ട് വരും. കെ. എം. മാണി സാർ നല്ല ധനകാര്യ വകുപ്പുമന്ത്രിയാണ് എന്നൊക്കെ പറയുന്നുണ്ടെങ്കിലും പലപ്പോഴും വർദ്ധിപ്പിക്കുന്ന നികുതിയും മറ്റുമൊക്കെ പാവപ്പെട്ട ആളുകൾക്ക് പ്രയാസമുണ്ടാക്കുന്ന രൂപത്തിലാണെന്നുള്ളത് നമ്മുടെ മോട്ടോർ വാഹനങ്ങളുടെ നികുതി പരിശോധിച്ചാൽ കാണാൻ കഴിയും. നമ്മുടെ സംസ്ഥാനത്ത് ധനകാര്യ ബില്ല് പ്രകാരമുള്ള ഭേദഗതി പാസ്സാക്കുമ്പോൾ ഇവിടെ ഉണ്ടാകുന്ന ചെറിയൊരു ലോജിക്, നമ്മൾ മാർക്കറ്റിൽ സാധനം വാങ്ങാൻ പോകുമ്പോൾ വലിയ വിലയുള്ളിടത്ത് നിന്നും സാധനം വാങ്ങില്ല. ഏറ്റവും ചുരുങ്ങിയ വിലയുള്ള സ്ഥലം എവിടെയാണോ അവിടെ നിന്നാണ് നമ്മൾ സാധനം വാങ്ങുന്നത്. സംസ്ഥാനത്തിന് വലിയ നികുതിയും നികുതി ഫീസും ഉണ്ടായിക്കഴിഞ്ഞാൽ ആളുകൾ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഒരു സ്ഥിതിയാണ് ഉണ്ടാകുക. കേവലം 5 രൂപ മുതൽ 150 രൂപ വരെ മുടക്കിയാൽ കേരളത്തിലെ ഏത് ഭാഗത്തും യാത്രചെയ്യാൻ സാധിക്കും. ഞങ്ങളുടെ പ്രദേശത്തുനിന്ന് മാഹിയിലേയ്ക്ക് പോകാൻ എളുപ്പമാണ്. അതുകൊണ്ടുതന്നെ പല കാര്യങ്ങൾക്കും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതിയുണ്ട്. കോഴിക്കോടും കണ്ണൂരും അതിനിടയിലുള്ള കേന്ദ്രഭരണ പ്രദേശമായ മാഹിയുമൊക്കെ. മാഹിയിൽ 1000

രൂപയ്ക്ക് സാധനം വാങ്ങിക്കഴിഞ്ഞാൽ 300 രൂപവരെ നമുക്ക് കേരളത്തിലുള്ളതിനേക്കാൾ കൂടുതൽ ലാഭം കിട്ടും. മാഹിവഴി കടന്നുപോകുന്ന വാഹനങ്ങളെല്ലാം അവിടെ നിന്നാണ് പെട്രോൾ അടിക്കുന്നത്. അത് കണ്ണൂരിലേയും കോഴിക്കോട് അടുത്ത പ്രദേശങ്ങളിലെയും, അത്യാവശ്യം കൂടുതൽ പെട്രോൾ ആവശ്യമുള്ളവരാണെങ്കിൽ, വളരെ ദൂരെനിന്നാണെങ്കിൽപ്പോലും മാഹിയിലേക്ക് വരുന്നുണ്ട്. ഒരു ടാങ്ക് ഇന്ദനം അടിച്ചുകഴിഞ്ഞാൽ 300 മുതൽ 500 രൂപവരെ ലാഭം കിട്ടും. മാഹിയിൽ നിന്നും മദ്യം മുതൽ ഗൃഹനിർമ്മാണ സാമഗ്രികൾ വരെ ഇങ്ങോട്ട് ഒഴുകുന്ന അവസ്ഥയാണുള്ളത്. നമ്മുടെ സംസ്ഥാനത്തിന് കിട്ടേണ്ട നികുതിയാണ് ഇവിടെ നഷ്ടപ്പെടുന്നത്. മാഹിയിൽ പോകാൻ പറ്റാത്ത ആളുകൾ തമിഴ്നാട്ടിലും മൈസൂരിലും പോയാണ് സാധനങ്ങൾ വാങ്ങുന്നത്. ഓണം തുടങ്ങിയ ഉത്സവകാലങ്ങളിലൊക്കെ കൂടുതൽ തുകയുടെ സാധനങ്ങൾ വാങ്ങേണ്ടവർക്ക് ഇങ്ങനെ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് വലിയ രൂപത്തിലുള്ള നികുതി വർദ്ധനവിന്റെ ഭാഗമായിട്ടുള്ള വിലവ്യത്യാസമുള്ളതുകൊണ്ടാണ്. അതിനാൽ നികുതി കൂട്ടി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന് നേട്ടമല്ല ഉണ്ടാകുന്നത്. അതുകൊണ്ട് പഴയ സിലബസ് മാറ്റി നികുതി കുറച്ച് വരുമാനം വർദ്ധിപ്പിക്കാവുന്ന ന്യൂജനറേഷൻ പാഠ്യപദ്ധതി നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി നിർബന്ധമായും സ്വീകരിച്ചേ മതിയാകൂ. സാധനം വാങ്ങുന്ന ആളുകളെ കേരളത്തിൽ പിടിച്ചുനിർത്താൻ കഴിയുന്ന രൂപത്തിലുള്ള ഒരു യുക്തിസഹമായ നികുതി ഘടന ഉണ്ടാക്കണം. എന്നാൽ മാത്രമേ ജനങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ പോയി സാധനങ്ങൾ വാങ്ങുമ്പോഴുള്ള നികുതി ച്ചോർച്ച, നികുതിവെട്ടിപ്പിലൂടെയുള്ള വരുമാനച്ചോർച്ച എന്നിവ ഒഴിവാക്കാൻ

കഴിയൂ. കേരളത്തിൽ ഒരു വർഷം വിറ്റഴിക്കപ്പെടുന്ന സ്വർണ്ണമെത്രയാണ്? കേരളീയർ വാങ്ങുന്ന സ്വർണ്ണത്തിന് അര ശതമാനം നികുതിയെങ്കിലും സർക്കാരിന് കിട്ടുകയാണെങ്കിൽ ഇവിടുത്തെ ഖജനാവ് നിറയുന്ന അവസ്ഥ യുണ്ടാകും. പക്ഷേ ഇന്ന് വലിയ രൂപത്തിൽ വിദേശത്തുനിന്നും അന്യസം സ്ഥാനങ്ങളിൽ നിന്നും ഇവിടെ സ്വർണ്ണമെത്തുകയാണ്. കേരളത്തിലെ ചെറു പ്പക്കാരിന്ന് ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന തൊഴിൽ മേഖല ബസ്സ്, ഓട്ടോ, ടാക്സി എന്നിവയെല്ലാമടങ്ങുന്ന മോട്ടോർ വാഹന മേഖലയെയാണ്. മോട്ടോർ വാഹന നികുതി പരിഷ്ക്കരണത്തിന് ഇവിടെ കൊണ്ടുവന്ന ഭേദ ഗതി അതുപോലെ പാസ്സാവുകയാണെങ്കിൽ കേരളത്തിലെ വാഹന വ്യവസായത്തിന്റെ മരണമണിയായിരിക്കും മുഴങ്ങുക. ഇവിടെനിന്ന് വാഹന ങ്ങൾ വാങ്ങാതെ അന്യസംസ്ഥാനങ്ങളിൽ പോയി വാഹനം വാങ്ങുന്ന അവ സ്ഥയുണ്ടാകും. അതുപോലെതന്നെ കക്ഷിഭേദമന്യേ ഈ മേഖലയിലെ തൊഴിലാളികൾ ഒന്നടങ്കം ഇതിനെതിരെ സമരരംഗത്താണ്. ഈ വ്യവ സായമേഖലയെ തകർത്ത് സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കണോ എന്നുള്ളത് ഗൗരവമായിട്ട് ആലോചിക്കേണ്ടതാണ്. ഈ വ്യവസായ മേഖല തകരുക മാത്രമല്ല, നമ്മുടെ വലിയ ശതമാനം ആളുകൾ തൊഴിലെടുക്കുന്ന മേഖല കൂടിയാണിത്. അതുകൊണ്ട് വളരെ ഗൗരവമായിത്തന്നെ നമ്മൾ ആലോചിക്കേണ്ടതാണ്. ഈ ഭേദഗതി കെ. എം. മാണിസാർ തന്നെ കൊണ്ടു വന്നതാണോ എന്ന് എനിക്ക് സംശയം തോന്നുകയാണ്. കാരണം, 1980-ൽ അദ്ദേഹം ഇടതുപക്ഷത്തായിരുന്നപ്പോൾ കർഷകത്തൊഴിലാളി പെൻഷൻ പോലുള്ള ക്ഷേമ പെൻഷനുകൾ കൊണ്ടുവന്ന മന്ത്രിയാണ്. അങ്ങനെ യുള്ളൊരാൾ മോട്ടോർ തൊഴിലാളി മേഖലയെ തകർക്കുന്ന ഇത്തരമൊരു

ഭേദഗതി കൊണ്ടുവന്നത് എന്തുകൊണ്ടാണെന്നാണ് ഞാൻ അലോചിക്കുന്നത്. തൊഴിലാളികളുടെ ചക്രസ്തംഭന സമരം ഒത്തുതീർപ്പാക്കുമ്പോൾ സർക്കാർ അവർക്കു കൊടുത്ത ഉറപ്പ് പാലിക്കണം. സ്ത്രീകൾ, വികലാംഗർ തുടങ്ങിയ സമൂഹത്തിൽ അവശത അനുഭവിക്കുന്നവരെ സാമൂഹികവും സാമ്പത്തികവുമായി ഉന്നമനത്തിലെത്തിക്കാൻ കൊണ്ടുവന്ന നികുതി വർദ്ധനവിനെതിരെ അങ്ങേയറ്റം എതിർപ്പാണുള്ളത്. ജൻഡർ ബഡ്ജറ്റിംഗ് എന്ന ആധുനിക ബഡ്ജറ്റിംഗ് രീതി തന്നെ കെ. എം. മാണിസാർ അറിയുന്നുണ്ടോ? സ്ത്രീകളുടെ സുരക്ഷിതത്വവും സമത്വവും ഉറപ്പുവരുത്തുന്ന ബഡ്ജറ്റിനെയാണ് ജൻഡർ ബഡ്ജറ്റിംഗ് എന്നു പറയുന്നത്. സമൂഹത്തിൽ അരക്ഷിതാവസ്ഥയും വിലക്കയറ്റവുമുണ്ടാക്കുന്ന നികുതി വർദ്ധനവ് നിർദ്ദേശിക്കുന്ന ഈ ബഡ്ജറ്റ് ജൻഡറിന് വിരുദ്ധമായൊരു ബഡ്ജറ്റാണ്. നികുതിയേതര വരുമാനത്തിന്റെ കാര്യമെടുക്കുകയാണെങ്കിൽ, കേരളത്തിൽ നികുതിയേതര വരുമാനത്തിന്റെ മുഖ്യപങ്കും വരുന്നത് ലോട്ടറിയിൽ നിന്നാണ്. ലോട്ടറി രംഗത്തെ വരുമാനം വർദ്ധിപ്പിക്കാൻ ടിക്കറ്റ് നിരക്ക് കൂട്ടുന്ന സമീപനമാണ് ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചത്. സമൂഹത്തിലെ ഏറ്റവും നിർഭാഗ്യവാൻമാരാണ് ലോട്ടറി ടിക്കറ്റ് വിൽക്കുന്നത്. ജന്മനാ വികലാംഗർ, അല്ലെങ്കിൽ എന്തെങ്കിലും അപകടം മൂലം വികലാംഗരായിട്ടുള്ള ആളുകൾ, വിധവകൾ ഇവരൊക്കെയാണ് ലോട്ടറി ടിക്കറ്റ് വിൽക്കുന്നത്. ബസ്സിൽ കയറിക്കഴിഞ്ഞാൽ വേണ്ടെങ്കിലും 10 രൂപയുടെയോ 20 രൂപയുടെയോ ലോട്ടറി ടിക്കറ്റുകൾ നമ്മൾ വാങ്ങാറുണ്ട്. അങ്ങനെയുള്ള ലോട്ടറിടിക്കറ്റിനാണ് വലിയ രൂപത്തിൽ വില കൂട്ടാൻ തീരുമാനിച്ചിരിക്കുന്നത്. മറ്റാർക്കു മുന്നിലും ഭിക്ഷയാചിക്കേണ്ട എന്നുള്ള രൂപത്തിലാണ് ഇവർ ഈ തൊഴിലെടുക്കുന്നത്. ലോറ്ററി ടിക്കറ്റിന് 50 രൂപയാക്കിക്കഴിഞ്ഞാൽ

ആരും ഇത് വാങ്ങാൻ പോകുന്നില്ല. അങ്ങനെ നിർഭാഗ്യവാന്മാരായിട്ടുള്ള ആളുകളെ വീണ്ടും നിർഭാഗ്യത്തിലേയ്ക്ക് തള്ളിവിടുന്ന ഒരു സ്ഥിതിയാണു ള്ളത്. അതുപോലെ കേരളത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങളെ നല്ല രീതി യിൽ നടത്തി ലാഭമുണ്ടാക്കി നമ്മുടെ നികുതിയേതര വരുമാനം വർദ്ധിപ്പി ക്കാനുള്ള നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രവർത്ത നങ്ങൾക്ക് നിസ്തുലമായ പങ്കാണ് നമ്മുടെ സഹകരണ മേഖല വഹിക്കുന്ന ത്. സംസ്ഥാനത്തെ കർഷകർക്ക് വായ്പയും വളവും നൽകുന്നത് സഹക രണ ബാങ്കുകളാണ്. കൃഷിക്കാരെടുക്കുന്ന വായ്പ തിരിച്ചടയ്ക്കാൻ കഴി യാത്തതുകൊണ്ട് കടാശ്വാസം നൽകുന്ന ഒരു സ്ഥാപനമാണിത്. അവരിൽ നിന്നും രജിസ്ട്രേഷൻ ഫീസ് വാങ്ങാൻ കൃഷിക്കാരുടെ നേതാവായിട്ടുള്ള ധനകാര്യ വകുപ്പുമന്ത്രി എങ്ങനെയാണ് തീരുമാനമെടുത്തത്; അദ്ദേഹത്തിന്റെ കേരളാ കോൺഗ്രസ് എങ്ങനെയാണ് കർഷകരുടെ പാർട്ടിയാകുന്നത്? ഞാൻ വെറുതെ പറയുന്നതല്ല. കെ. എം. മാണിസാറിന്റെ ബഡ്ജറ്റ് പ്രസംഗത്തിലെ 37-ാം ഖണ്ഡിക നോക്കിക്കഴിഞ്ഞാൽ സഹകരണ ബാങ്കിൽ നിന്നും വായ്പ യെടുക്കുമ്പോൾ പ്രമാണങ്ങൾ സൗജന്യമായി രജിസ്റ്റർ ചെയ്യാം. ഇതിന് ഗഹാൻ എന്നു പറയും. ഇപ്പോൾ ഗഹാൻ രജിസ്ട്രേഷന് സർക്കാർ ഫീസ് ഏർപ്പെടുത്തിയിരിക്കുകയാണ്. കൃഷിക്കാരോട് ഇത്ര നിർദ്ദയമായി പെരുമാ റുന്ന ഒരവസ്ഥ ഉണ്ടാകാൻ പാടില്ല. മൻമോഹൻ സിംഗും നരേന്ദ്ര മോദിയും പെരുമാറുന്നപോലെ ക്രൂരമായി പെരുമാറാൻ കേരളാ കോൺഗ്രസിന് എങ്ങ നെയാണ് സാധിക്കുന്നത്? ഇവർ കൃഷിക്കാരുടെ പാർട്ടി തന്നെയാണോ എന്നുള്ളത് ഇനിയെങ്കിലും കേരളാ കോൺഗ്രസ് പറയണം. അതുപോലെ വെളിച്ചെണ്ണ ചേർത്ത സോപ്പിന്റെ കാര്യം നേരത്തെ ഇവിടെ പറഞ്ഞിട്ടുണ്ട്.

തുല്യ ജനാധിപത്യവും പൗരത്വവും ഞങ്ങൾ സ്ത്രീകളുടെ അവകാശമാണ്. ഞങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ പദവി ഉയർത്തണം. ഈ നിയമനിർമ്മാണ സഭയിൽ 7 സ്ത്രീകൾ മാത്രമാണ് ആകെയുള്ളത്. അത് വെറും 5 ശതമാനം മാത്രമാണ്. നമ്മുടെ സാമ്പത്തിക അവലോകനത്തിൽ ഇക്കാര്യങ്ങൾ വളരെ വിശദമായി പറയുന്നു. കുട്ടികളുടെയും സ്ത്രീകളുടെയും വികലാംഗരുടെയും ക്ഷേമത്തിനുവേണ്ടി ഒരു പ്രത്യേക നിയമസഭാ സമിതി തന്നെ പ്രവർത്തിക്കണം. നിയമസഭയുടെ സവിശേഷ പാരമ്പര്യം ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേകമായി ഒരു വകുപ്പ് രൂപീകരിക്കാൻ തയ്യാറാകണം. സ്ത്രീവിരുദ്ധവും ജനവിരുദ്ധവുമായിട്ടുള്ള നികുതിക്ക് നിയമപ്രാബല്യം നൽകാൻ കൊണ്ടുവരുന്ന ഭേദഗതികളെയും പരിഷ്ക്കാരങ്ങളെയും ഞാൻ ശക്തമായി ത്തന്നെ എതിർക്കുകയാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയ്ക്ക്, നാലോളം അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ച് സംസാരിക്കാനുണ്ട്. ഈ നാല് അംഗങ്ങളും ചെയറിനോട് സഹകരിച്ചാൽ ഒരു മണിക്കൂർ കൊണ്ട് ചർച്ച പൂർത്തീകരിക്കാൻ കഴിയും, ദയവായി സഹകരിക്കുക.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സി. ആന്റ് എ.ജി. കഴിഞ്ഞദിവസം ഈ സഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ നമ്മുടെ പദ്ധതി നിർവ്വഹണത്തെ സംബന്ധിച്ച് ചില സൂചനകൾ നൽകുന്നുണ്ട്. നമ്മൾ ബഡ്ജറ്റിൽ പദ്ധതികൾ പ്രഖ്യാപിക്കും, അത് ബഡ്ജറ്റ്

പ്രസംഗത്തിൽ വരും, ബഡ്ജറ്റ് ചർച്ച കഴിഞ്ഞ് മറുപടി പറയുമ്പോൾ അതിൽ പുതിയ പദ്ധതികൾ ചേർക്കും, ബഡ്ജറ്റ് ഡോക്ക്യുമെന്റുകളിൽ പുതിയ പദ്ധതികൾ ഉണ്ടാകും. ഈ പദ്ധതികൾ പലപ്പോഴും സമയബന്ധിതമായി തീർക്കാറില്ല എന്നുമാത്രമല്ല അതാത് സാമ്പത്തിക വർഷം ഭരണാനുമതിയും സാങ്കേതികാനുമതികളും കൊടുത്ത് പലപദ്ധതികളും തുടങ്ങാൻ പോലും പറ്റാറില്ല. നമ്മുടെ സഭയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിമാർ നടത്തുന്ന പ്രസംഗങ്ങളിൽ ഡോക്ക്യുമെന്റിൽ ഉൾപ്പെടുത്തിയവയ്ക്കെങ്കിലും, അതാത് സാമ്പത്തിക വർഷം, പ്രവൃത്തികൾ ആരംഭിച്ചോ എന്ന് കൃത്യമായി മോണിറ്റർ ചെയ്യാൻ വേണ്ടിയുള്ള സംവിധാനം പോലും പലപ്പോഴും ഉണ്ടാകാറില്ല. ബഡ്ജറ്റുകളിലെ പ്രഖ്യാപനങ്ങളിൽ അതിന്റെ ക്രെഡിബിലിറ്റി ചോർന്നുപോകുന്നതായി മാധ്യമങ്ങൾ, സാമ്പത്തിക വിദഗ്ദ്ധൻമാർ, ചില ഘട്ടങ്ങളിൽ സി ആന്റ് എ.ജി. ഉൾപ്പെടെ പലപ്പോഴും പരാമർശിക്കാറുണ്ട്. അതാത് വർഷത്തെ ബഡ്ജറ്റുകളുടെ കൃത്യമായ സ്ക്രൂട്ടിനി മൂന്ന് മാസത്തിലൊരിക്കലെങ്കിലും നടത്തണം. മൂന്നുമാസത്തിലൊരിക്കൽ ബഡ്ജറ്റ് സ്ക്രൂട്ടിനി അതാത് സാമ്പത്തിക വർഷം നടത്തിയാൽ ഒരു സാമ്പത്തിക വർഷം പ്രഖ്യാപിച്ച പദ്ധതികൾ എങ്ങനെ നടപ്പിലാക്കാൻ പറ്റും എന്നു നമുക്ക് കൃത്യമായും ബോധ്യമാകും. അതിനു വേണ്ടിയുള്ള നടപടി ഉണ്ടാകണം, അതാണ് ഏറ്റവും നല്ല മാനേജ്മെന്റിന്റെ സ്കിൽ പ്രകടിപ്പിക്കുന്നതിനുള്ള പ്രധാനപ്പെട്ട മാർഗ്ഗം. സി ആന്റ് എ.ജി. യുടെ റിപ്പോർട്ടിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിനിയോഗം 47.32 ശതമാനം മാത്രമായിരുന്നു എന്ന് പരാമർശിക്കുകയുണ്ടായി. നഗരസഭകളുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പിലാക്കുന്നതിലാണ് ഇത്തരത്തിലുള്ള പോരായ്മ ഉണ്ടായിട്ടുള്ളത് എന്നാണ് സി

ആന്റ് എ.ജി. പറയുന്നത്. പശ്ചാത്തല സേവന മേഖലകളിലെ നിക്ഷേപത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയ ഉത്പാദനമേഖലകളിലെ നിക്ഷേപമാണ് വളരെ കുറവായതായി സി ആന്റ് എ.ജി. കണ്ടെത്തിയിരിക്കുന്നത്. പൊതുവിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി 11 മേഖലകൾക്കായി 2012–13–ൽ 1869.96 കോടി രൂപയാണ് സർക്കാർ അനുവദിച്ചത്. അതിൽ 111.84 കോടി രൂപ പദ്ധതി നടപ്പിലാക്കാതെ തിരിച്ചടച്ചു. നഗരവികസനം, തൊഴിൽ എന്നീ മേഖലകളിലാണ് പണം വിനിയോഗിക്കാതെ തിരിച്ചടച്ചത് എന്നതുകൂടി പ്രത്യേകം ഈ സന്ദർഭത്തിൽ പറയാതിരിക്കാൻ നിവൃത്തിയില്ല. കഴിഞ്ഞ മൂന്ന് കൊല്ലം ഈ തിരിച്ചടവ് തുടർന്നിരിക്കുകയാണ്. 2012-13-ലും അതിനുമുമ്പുമായി തുടർച്ചയായി മൂന്ന് വർഷക്കാലം ഈ തിരിച്ചടവ് ഉണ്ടായിട്ടുണ്ട്. 1209 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം 38.87 കോടി രൂപ ചിലവഴിച്ച 3350 പദ്ധതികൾ ഉപേക്ഷിച്ചു. അത് ഖരമാലിന്യ നിർമ്മാർജ്ജനത്തിന്റേയും, പാർപ്പിട പദ്ധതികളുമായി ബന്ധപ്പെട്ട പദ്ധതികളിലേതുമായിരുന്നു. സി ആന്റ് എ.ജി. കണ്ടെത്തിയ ഈ നിഗമനങ്ങൾ വളരെ ഗൗരവത്തോടുകൂടി എടുക്കേണ്ടതാണ്. നമ്മുടെ പദ്ധതി നിർവഹണം പലപ്പോഴും സൂക്ഷ്മമായ നിരീക്ഷണത്തിന് വിധേയമാകുന്നില്ല എന്നതിന്റെ തെളിവ് കൂടിയാണ് സി ആന്റ് എ.ജി.– യുടെ ഈ റിപ്പോർട്ടിൽ നിന്ന് വെളിവാകുന്നത്. നമ്മുടെ ഉയർന്ന വിദ്യാഭ്യാസ നിലവാരവും, മെച്ചപ്പെട്ട ആരോഗ്യപരിരക്ഷയും, കൂടിയ ആയുർദൈർഘ്യവും കേരളത്തിലെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ ഏറ്റവും കൂടുതൽ പ്രയോജനപ്പെട്ടിട്ടുണ്ട്. അത് നമ്മുടെ സംസ്ഥാനത്തിന്

അഭിമാനകരമായ കാര്യമാണ്. ഇക്കാര്യത്തിൽ മികവുറ്റ രീതി നിലനിർത്തുന്ന തിനായി സർക്കാരിന്റെ വികസനവും കരുതലും എന്ന പ്രഖ്യാപിത പ്രവർത്തന ശൈലി വലിയ സംഭാവനയാണ് കേരളത്തിന് നൽകി വരുന്നത്. സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയായ 36,000 ചതുരശ്ര കിലോമീറ്ററിൽ 20 ശതമാനം വനവും, 4000 ഏക്കറിലധികം റോഡുകളും, സ്വകാര്യ ഭൂമികളും ഒഴിച്ചു നിർത്തിയാൽ വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന ഭൂമി വളരെയേറെ കുറവാണ്. യഥാർത്ഥത്തിൽ നമ്മുടെ വികസനപ്രവർത്തനങ്ങ ളുടെ ആക്കം കുറയുന്നതിന് ഒരു പ്രധാനപ്പെട്ടകാരണം ഭൂമിയുടെ ലഭ്യതക്കുറ വാണെന്ന് എല്ലാപേർക്കും അറിയാം. സംസ്ഥാനത്തിന്റെ സ്ഥലമില്ലായ്മയും വികസനപ്രശ്നങ്ങളും ദേശീയ, ആഗോള താരതമ്യ പഠനത്തിന് സാധ്യമ ല്ലാത്ത രീതിയിലാണ്. ഇൻഡ്യയിൽ ഒരു സ്റ്റേറ്റിലും ഇത്രമാത്രം ഭൂമിയുടെ ലഭ്യതക്കുറവില്ല. ഇതൊക്കെയുണ്ടായിട്ടും നമ്മൾ കേരള വികസന മോഡൽ എന്നൊരു മോഡലുണ്ടാക്കി. മാറി മാറി വന്ന എല്ലാ ഗവൺമെന്റുകളും ആക്കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധിച്ചതിന്റെ ഭാഗമായാണ് ദേശീയതല ത്തിൽ, ഒരു കേരള വികസന മോഡൽ ഉണ്ടായത്. വികസനത്തിലായാലും, സാമൂഹ്യക്ഷേമ പ്രവർത്തനത്തിലായാലും, വിദ്യാഭ്യാസ കാര്യത്തിലായാലും, ആരോഗ്യസംരക്ഷണത്തിന്റെ കാര്യത്തിലായാലും നമ്മൾ അങ്ങനെയൊരു മോഡൽ ഇൻഡ്യക്ക് സംഭാവന ചെയ്യുകയുണ്ടായി. ലഭ്യമായ ഭൂമിയും വിഭവങ്ങളും പരമാവധി പ്രയോജനപ്പെടുത്തി മെച്ചപ്പെട്ട അടിസ്ഥാനസൗകര്യ ങ്ങൾ ഉറപ്പാക്കി വികസനത്തിന്റെ പുതിയ പാത തുറക്കുന്നതിനുള്ള ശക്ത മായ ഒരു മാധ്യമമായിട്ടാണ് 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ കാണുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആ രീതിയിൽ

തന്നെയാണ് പുതിയ ബഡ്ജറ്റ് അവതരിപ്പിച്ചത്, അതിന് അദ്ദേഹത്തെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കൃഷി ഭൂമിയുടെ വിസ്തൃതി അനുദിനം കുറഞ്ഞ് വരികയാണ്. ഇത് ആശങ്ക രേഖപ്പെടുത്താവുന്ന വിധത്തിൽ കുറയുകയാണ്. വിത്ത്, വളം, ജൈവ കീടനാശിനികൾ എന്നിവ ഗുണമേന്മ ഉറപ്പുവരുത്തി പൂർണ്ണമായും സർക്കാർ കൃഷിക്കാരന് നൽകുന്ന സാഹചര്യമുണ്ടാകണം. കൃഷിയുടെ വിസ്തൃതി കുറയുമ്പോൾ സ്വാഭാവികമായും കൃഷിക്കാരുടെ എണ്ണവും ഉത്പാദനവും കുറയും. നാം അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതി കൂടിക്കൂടി വരികയാണ്. അരിയിലും, പച്ചക്കറിയിലും, നെല്ല് ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട വിഭവങ്ങൾക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതിന് പ്രധാനകാരണം കൃഷിഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്നതാണ്. കൃഷി ഭൂമി പരിവർത്തനം നടത്തുന്നതിന്റെ വ്യാപ്തി വർദ്ധിക്കുകയാണ്. നിയമസഭ ഐകകണ്ഠ്യേനയാണ് നെൽവയൽ തണ്ണീർത്തട നിയമം പാസ്സാക്കിയത്. കേരളത്തിലെ ആവശേഷിക്കുന്ന നെൽവയലുകളും കൃഷി ഭൂമികളും യാതൊരു കാരണവശാലും പരിവർത്തനം വരുത്തുവാൻ പാടില്ല, അവിടെ കൃഷിചെയ്യുവാൻ വേണ്ടിയുള്ള മാർഗ്ഗരേഖയായിട്ടാണ് നെൽവയൽ തണ്ണീർത്തട നിയമം ഈ നിയമസഭയിൽ ഐകകണ്ഠ്യേന, ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ പാസ്സാക്കിയത്. ഈ നിയമം പാസ്സാക്കിയിട്ടും നമ്മുടെ നെൽ വയലുകൾ ഓരോ വർഷവും രൂപപരിണാമം വരുത്തുകയാണ്. അതുകൊണ്ടുതന്നെ കൃഷിയിൽ നിന്നുള്ള വരുമാനം കുറയുന്നു, കൃഷിയിലുള്ള താൽപ്പര്യം കുറഞ്ഞുവരുന്നു. അതുകൊണ്ട് പരമാവധി വിത്തും, വളവും കൃഷിക്കാരന് സൗജന്യമായി കൊടുക്കുന്ന, കൃഷിവകുപ്പ് അതിനുവേണ്ട താൽപ്പര്യമെടുക്കുന്നു എന്നറിയാം. അത് കൊടുക്കുന്നതോടൊപ്പം മൊത്തം ഉത്പാദിപ്പിക്കുന്ന കാർഷിക വിളയുടെ, 50

ശതമാനം ഇൻസെന്റീവായി കൊടുക്കാൻ തയ്യാറായാൽ മാത്രമേ കേരളത്തിലെ കാർഷിക മേഖലയിൽ കൂടുതൽ ആളുകൾ ഉണ്ടാകുകയും കൃഷി കൂടുതൽ വ്യാപിക്കുവാനും, കൃഷി ലാഭകരമാക്കുവാനും കഴിയുകയുള്ളൂ. കാർഷികോത്പന്നങ്ങളുടെ താങ്ങുവില യഥാസമയം നിശ്ചയിക്കണം. ഒരു വർഷത്തെ ഉത്പാദനം കുറഞ്ഞാലും, പല രീതിയിലുള്ള പ്രയാസങ്ങൾ കൊണ്ട്, അവന്റെ വിള നശിക്കാം, അങ്ങനെ വരുമ്പോൾ ഉത്പാദനത്തിന് അനുസരിച്ച് വില പുതുക്കി നിശ്ചയിക്കാൻ വേണ്ടിയുള്ള സാഹചര്യം കൂടി ഉണ്ടാകണം.

കാർഷിക സർവ്വകലാശാലയുടെ ഗവേഷണഫലങ്ങൾ പൊതുസമൂഹത്തിന് സമയബന്ധിതമായി എത്തിക്കുന്നതിന് ഓരോ അദ്ധ്യാപകരെ വീതം രണ്ട് ഗ്രാമപഞ്ചായത്തുകളുടെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർമാർ എന്ന നിലയിൽ ചുമതലപ്പെടുത്തണം. കാർഷിക സർവ്വകലാശാലയിലെ എക്സിക്യൂട്ടീവ് കൗൺസിലും ജനറൽ കൗൺസിലുമൊക്കെ കേവലം ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ മാത്രമാണ് ചർച്ച ചെയ്യുന്നത്. ഓരോ തവണയും ജീവനക്കാർക്ക് കൊടുക്കുന്ന ഇൻക്രിമെന്റ് ഉൾപ്പെടെയുള്ളവയ്ക്കായി പണം ചെലവഴിക്കുന്നതിന്റെ ഭാഗമായാണ് അവിടെ ഇത്ര വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടായത്. കേരള കാർഷിക സർവ്വകലാശാല ഇന്ത്യയ്ക്കുതന്നെ മാതൃകയായിരുന്ന ഒന്നായിരുന്നു. അവിടത്തെ ഗവേഷണഫലങ്ങൾ കൃഷിക്കാരന് ലഭ്യമാക്കണമെങ്കിൽ കാർഷിക സർവ്വകലാശാലയിലെ ഗവേഷണചാതുരിയുള്ള, കഴിവുറ്റ അദ്ധ്യാപകരെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ എന്ന രീതിയിൽ മാറ്റി രണ്ട് പഞ്ചായത്തുകളുടെ ചുമതല നൽകിയാൽ തീർച്ചയായും അവരുടെ കാർഷിക

വിജ്ഞാനത്തിന്റെ ഗുണഫലം കർഷകർക്ക് ലഭിക്കും. കാർഷിക മേഖല യിലെ പ്രോജക്ടുകൾക്കാവശ്യമായ സാങ്കേതിക വിദ്യകളും അസംസ്കൃത വസ്തുക്കളും കുറ്റമറ്റരീതിയിൽ നൽകുന്നതിന് കാർഷിക സർവ്വകലാശാ ലയെ ചുമതലപ്പെടുത്തണം. ഇതിനായി ഗ്രാമപഞ്ചായത്ത് –കാർഷിക സർവ്വക ലാശാല – സംസ്ഥാന സർക്കാർ, ഇവ തമ്മിലൊരു ത്രികക്ഷി എം.ഒ.യു. ഒപ്പു വച്ച് ഈ വിജ്ഞാനവും വിവരസാങ്കേതിക വിദ്യയുമെല്ലാം കൃഷിക്കാരന് കൊടുക്കാൻ തയ്യാറാവുകയാണ് ആധുനിക കാലഘട്ടത്തിൽ ഏറ്റവും ആവശ്യമുള്ളത്. ജൈവവൈവിദ്ധ്യങ്ങളുടെ കലവറയായ കേരളത്തിന് സമീപ കാലത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന വൻശോഷണം പ്രകൃതി സമ്പത്തി നെയും അതുവഴി സാമ്പത്തികരംഗത്തേയും വലിയ തോതിൽ പ്രതികൂല മായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. ഇതു വളരെ ഗൗരവത്തോടുകൂടി കാണേണ്ടിയിരിക്കുന്നു. എല്ലാ സസ്യജന്തുജാലങ്ങൾക്കും വസിക്കാൻ അർഹതപ്പെട്ടതാണ് ഈ ഭൂമിയെന്ന വിശ്വസങ്കൽപ്പം താറുമാറായിക്കൊണ്ടിരി ക്കുകയാണ്. എല്ലാവരും സ്വാർത്ഥമതികളാവുകയാണ്. നാം ജീവിക്കുന്ന ഭൂമിയും പ്രകൃതിവിഭവങ്ങളും ഈ കാലഘട്ടത്തേയ്ക്കും മനുഷ്യർക്കും വേണ്ടി മാത്രമുള്ളതാണെന്നാണ് നമ്മുടെ ധാരണ. നമുക്ക് ജീവിക്കാൻ വേണ്ടിയുള്ള സമ്പത്ത് ഉണ്ടാക്കാനും ജീവിതം സുഖമായി കൊണ്ടുപോ കാനും പ്രകൃതിവിഭവങ്ങളെ ഏത് രീതിയിലും ചൂഷണം ചെയ്യാൻ മടിയി ല്ലാത്ത രീതിയിലേയ്ക്ക് പോയികൊണ്ടിരിക്കുകയാണ്. ഇതിനൊരറുതി വരുത്തിയേ മതിയാവൂ. എന്തെന്നാൽ വരുംതലമുറയ്ക്കുവേണ്ടിയുള്ള കരു തൽ ധനമാണ് ഈ ഭൂമിയും ഭൂമിയിൽ കാണുന്ന മുഴുവൻ ജീവജാലങ്ങളും ജലവും പ്രകൃതിയുമെന്ന് കണക്കാക്കിയില്ലെങ്കിൽ അത് വലിയ തിരിച്ചടി ഭാവി തലമുറയ്ക്ക് ഉണ്ടാകുമെന്ന് മുൻകൂട്ടി കാണാനുള്ള ഒരു ദീർഘവീക്ഷ

ണമുണ്ടാകണം. ഓരോ കാലത്തും അധികാരത്തിലിരിക്കുന്ന ഭരണകർത്താക്കൾക്കും ഞാൻ ഉൾപ്പെടെയുള്ള എല്ലാ രാഷ്ട്രീയ പ്രവർത്തകരുടെയും പ്രധാനപ്പെട്ട അജണ്ടയെന്ന് പറയുന്നത് അതാത് കാലത്തെ ഭരണം നടത്തണമെന്നും അടുത്ത തെരഞ്ഞെടുപ്പിൽ കൂടുതൽ വോട്ട് കിട്ടണമെന്നതുമാണ്. എന്നാൽ അതിനപ്പുറത്തേയ്ക്ക് പോകാനുള്ള മനസ്സ് ഉണ്ടാവുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിനായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പുമായി ആലോചിച്ച് സസ്യജന്തുജാലങ്ങളുടെ നിലനിൽപ്പിനും നമ്മുടെ ആവാസവ്യവസ്ഥയ്ക്കും കോട്ടം തട്ടാതെ നിലനിർത്തുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റിന്റെയും ധനകാര്യ വകുപ്പിന്റെയും പിന്തുണയുണ്ടാവണം. കേരളത്തിലെ ശരാശരി വീതി 150 കിലോമീറ്ററിൽ താഴെയാണ്. ഇതിൽതന്നെ തീരപ്രദേശവും ഇടനാടും ഒഴിച്ചാൽ വളരെ കുറഞ്ഞ പ്രദേശം മാത്രമാണ് മലനാടിനുള്ളത്. പശ്ചിമഘട്ട മലനിരകൾ പൊതുവെ പ്രായം വളരെ കുറഞ്ഞവയാണെന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. ഇവയ്ക്കുണ്ടാകുന്ന അനിയന്ത്രിതമായ ചൂഷണം, അതായത് കരിങ്കൽ ക്വാറി ഖനനമായാലും വനനശീകരണമായാലും പശ്ചിമഘട്ട മലനിരയ്ക്ക് കനത്ത ആഘാതം ഏൽപ്പിക്കുന്നതോടൊപ്പം ഇടനാടിനേയും തീരപ്രദേത്തെയും നശീകരണത്തിലേയ്ക്ക് എത്തിക്കുമെന്നുള്ള വസ്തുതകൂടി മനസ്സിലാക്കണം. പശ്ചിമഘട്ടത്തിൽ പെയ്യുന്ന മഴ ഒഴുകിയെത്തിയാണ് ഇടനാട്ടിലും തീരപ്രദേശത്തുമൊക്കെ കുടിക്കാനും കൃഷിക്കുമുള്ള വെള്ളമായി ലഭിക്കുന്നത്. ആ പശ്ചിമഘട്ടമില്ലാതായാൽ അത് ചൂഷണം ചെയ്ത് അവസാനിപ്പിച്ചാൽ ഇടനാടും തീരപ്രദേശവുമൊക്കെ ഇല്ലാതാകും. പശ്ചിമഘട്ടത്തിൽ എന്ത് ആഘാതമുണ്ടായാലും ആ

ആഘാതത്തിന്റെ ഏറ്റവും വലിയ രക്തസാക്ഷികളാകുന്നത് തീരനാട്ടിലെയും ഇടനാട്ടിലെയും സാധാരണക്കാരും പാവപ്പെട്ടവരുമായ കൃഷിക്കാരാണ്. അവർക്ക് കുടിക്കാനോ കൃഷി ചെയ്യുന്നതിനോ ഉള്ള വെള്ളമുണ്ടാവില്ല. അങ്ങനെ പാരിസ്ഥിതിക അസന്തുലിതാവസ്ഥ സ്വാഭാവികമായും അവിടെ സൃഷ്ടിക്കപ്പെടും. കൃഷിയും അനുബന്ധ മേഖലകളും ഉൾപ്പെടെയുള്ള പ്രാഥമിക ഉൽപ്പാദനമേഖലയുടെ വികസനം കുറഞ്ഞുവരികയാണെന്ന് കണക്കുകൾ പരിശോധിച്ചാൽ ബോദ്ധ്യമാകും. 2007-08–ൽ ജി.എസ്.ഡി.പി. യുടെ 13.2 ശതമാനമാണ് കൃഷിയ്ക്കും അനുബന്ധമേഖലയ്ക്കും ഉണ്ടായിരുന്നതെങ്കിൽ 2008-09– ആയപ്പോൾ അത് 12.7 ശതമാനവും 2009-10 –ൽ 11.5 ശതമാനവും 2010-11- ൽ 10.1 ശതമാനവും 2011-12–ൽ 9.1 ശതമാനവുമായി കുറഞ്ഞു. ജി.എസ്.ഡി.പി. വളർച്ചാ നിരക്കിൽ അനുഭവപ്പെട്ടിരിക്കുന്ന ഈ കുറവിന് ഒന്നിലധികം കാരണങ്ങൾ ചൂണ്ടിക്കാണിക്കാവുന്നതാണ്. വരുമാന കുറവ്, വിദ്യാഭ്യാസ സമ്പന്നരായ യുവാക്കളുടെ ഈ മേഖലയിലുള്ള പങ്കാളിത്തകുറവ്, കൃഷിയേയും അനുബന്ധമേഖലയേയും വ്യവസായമായി പരിഗണിക്കാത്ത അവസ്ഥ, കൂട്ടായ പരിശ്രമകുറവ് ഈ നാല് പ്രധാനപ്പെട്ട ഘടകങ്ങൾ ഇതിന് അടിസ്ഥാനപരമായ കാരണമാകുന്നുണ്ട്. കാർഷിക അനുബന്ധ മേഖലകൾക്കായി കഴിഞ്ഞ മൂന്നുവർഷത്തെ വകയിരുത്തൽ ഇപ്രകാരമാണ്. 2011-12–ൽ 877.97 കോടി രൂപയും 2012-13–ൽ 1129.87 കോടി രൂപയും 2013-14–ൽ 1053.15 കോടി രൂപയും 2013-14 –ൽ കാർഷികാനുബന്ധമേഖലയ്ക്ക് വകയിരുത്തിയ തുകയിൽ നേരിയ കുറവ് വന്നെങ്കിലും 2014-15-ൽ 1420.22 കോടി രൂപയുമാണ് ഇതിനായി വകയിരുത്തിയത്. അതിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കെ. പി. മോഹനനെ പ്രത്യേകം അഭിനന്ദിക്കുകയാണ്.

അദ്ദേഹം പ്ലാനിംഗ് ബോർഡിലും ധനകാര്യ മന്ത്രിയേയും സ്വാധീനിച്ച് ഈ സാമ്പത്തിക വർഷം 1420.22 കോടി രൂപ കാർഷിക അനുബന്ധ മേഖല കൾക്കായി വാങ്ങിയെടുത്തുവെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. ചെക്ക് പോസ്റ്റുകൾ റെഗുലേറ്ററി പോയിന്റുകളാണെന്ന വസ്തുത നാം സ്മരിക്കണം. ഇവിടങ്ങളിൽ നിന്നും റവന്യൂ വരുമാനം മാത്രമാകരുത് പ്രതീക്ഷിക്കുന്നത്. റവന്യൂ വരുമാനത്തോടൊപ്പം തന്നെ ഇവിടെ നിയമങ്ങളും ചട്ടങ്ങളും നടപ്പി ലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്ന രീതിയിൽ മെച്ചപ്പെട്ട സേവനം കൂടി ഉണ്ടായാൽ തീർച്ചയായും അവിടെ റവന്യൂ വരുമാനം വർദ്ധിക്കുമെന്ന കാര്യ ത്തിൽ സംശയമില്ല. ഇതിനായി വാളയാറിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ആധുനിക ചെക്ക് പോസ്റ്റ് സംവിധാനത്തിന്റെ നിർമ്മാണപ്രവർത്തനം ബഹു മാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി ഉടൻതന്നെ ആരംഭിക്കുകയും ഗ്രീൻ ചാനൽ സംവിധാനം കുറ്റമറ്റതാക്കുകയും വേണം. ചെക്ക് പോസ്റ്റുകളിൽ ആവശ്യമായത്ര ഉദ്യോഗസ്ഥരെ നിയമിക്കുകയും അവർക്കാവശ്യമായ പരിശീലനവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയാൽ മാത്രമേ വാളയാറിൽ ഇപ്പോൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ദുരവസ്ഥ ഇല്ലാതാ ക്കാൻ സാധിക്കുകയുള്ളൂ. മാത്രമല്ല, സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പി ക്കാനും സാധിക്കുകയുള്ളൂ. ടാക്സ് അഡ്മിനിസ്ട്രേഷന്റെ നേർമുഖമാക്കി വാളയാർ ചെക്ക്പോസ്റ്റിനെ സജ്ജമാക്കാൻ കഴിയണം. വനഭൂമി മറ്റാവശ്യ ങ്ങൾക്ക് ഉപയോഗിക്കുന്നതിന് കർശന നിബന്ധനകൾ ഏർപ്പെടുത്തിയതു പോലെ സർക്കാർ ഭൂമി മറ്റാവശ്യങ്ങൾക്ക് നൽകുന്നതിലും ഏർപ്പെടുത്തണം. പലപ്പോഴായി സർക്കാർ ഭൂമി പല ആവശ്യങ്ങൾക്കുമായി കൊടുത്തി ട്ടുള്ളതിൽ തിരിച്ചുപിടിക്കേണ്ടവ തിരിച്ചുപിടിക്കണം. പാട്ടകരാർ ലംഘിക്കപ്പെ

ട്ടതും കാലാവധി കഴിഞ്ഞതുമായ തോട്ടഭൂമി ഉൾപ്പെടെയുള്ള ഭൂമികൾ ഇപ്പോഴും പല സ്വകാര്യ വ്യക്തികളുടെയും കയ്യിലാണ്. നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകൾ ഉൾപ്പെടെയുള്ള കേരളത്തിലെ പല എസ്റ്റേറ്റുകളും പാട്ടകരാർ കാലാവധി കഴിഞ്ഞതോ പാട്ടക്കരാർ ലംഘിച്ചതോ ആയ ഭൂമിയാണെന്ന കാര്യം ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ സഭയിൽതന്നെ എത്രയോ തവണ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ പൊതു ഭൂമിയായി നില നിൽക്കേണ്ട ഇത്തരം ഭൂമി തിരിച്ചുകൊണ്ടുവരുന്നതിനുവേണ്ടിയുള്ള നടപടി യുണ്ടാവേണ്ടത് വളരെ അത്യാവശ്യമാണ്. സർക്കാർ ഭൂമി മറ്റേതൊരാവശ്യ ത്തിന് വിട്ടുകൊടുത്താലും ഭൂമിയുടെ ഉടമസ്ഥാവകാശം പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാകുന്ന രീതിയിൽ നിയമപരിരക്ഷ ഉറപ്പുവരുത്തണം. ഇത്തരം ഭൂമിയിൽ വികസനപ്രവർത്തനം നടത്തുന്നതിന് കർശന വ്യവസ്ഥ കൾ ബാധകമാക്കണം. സർക്കാരിന്റെ പാട്ട ഭൂമികൾ, സർക്കാർ ലീസിന് കൊടുത്ത ഭൂമി പണയം വച്ച് സംരംഭകർ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പണം വായ്പയെടുക്കുകയാണ്. നെല്ലിയാമ്പതിയുമായി ബന്ധപ്പെട്ട കാര്യ ങ്ങൾ പഠിക്കാൻ പോയിട്ടുള്ള ഭരണ-പ്രതിപക്ഷത്തുള്ള ആളുകൾക്കും ഗവൺമെന്റിനും അക്കാര്യങ്ങൾ വളരെ വ്യക്തമായി അറിയാവുന്നതാണ്. ഇവിടത്തെ പൊളിറ്റിക്കൽ ലീഡേഴ്സ് ഇതുമായി ബന്ധപ്പെട്ട് റവന്യൂ വകു പ്പിന്റെയും രജിസ്ട്രേഷൻ വകുപ്പിന്റെയും രേഖകളൊക്കെ പരിശോധിച്ചു. പാട്ടഭൂമി ഉപയോഗപ്പെടുത്തി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സംരംഭകർ ലക്ഷക്കണക്കിന് രൂപ വായ്പയെടുത്തിരിക്കുകയാണ്. സർക്കാരിന് അങ്ങനെ യെടുക്കാൻ സാധിക്കുമോ; സർക്കാരിന്റെ ഉടമസ്ഥാവകാശത്തിലുള്ള ഭൂമി ഇത്തരത്തിലുള്ള പാട്ടകരാരിന്റെ ലംഘനമായി കണക്കാക്കണം. ഭൂരഹിതർക്ക് വീട് വയ്ക്കുന്നതിനുവേണ്ടി ഇത്തരം ഭൂമി നൽകുമ്പോൾ ഉടമസ്ഥാവകാശം

സർക്കാരിൽ തന്നെ നിക്ഷിപ്തമാകണം. ഭൂരഹിതർക്ക് ഭൂമി കൊടുക്കുമ്പോൾപോലും അതിന്റെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാക്കണം. വ്യാവസായിക മേഖലയ്ക്കായി കഴിഞ്ഞ മൂന്നുവർഷത്തെ വകയിരുത്തൽ ഈ സന്ദർഭത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

ശ്രീ. എ. കെ. ബാലൻ: ഇവിടെ പാട്ടക്കരാർ ലംഘനം നടത്തിയ 29 എസ്റ്റേറ്റുകൾ, അതായത് ആറായിരത്തോളം ഏക്കർ ഭൂമി ഗവൺമെന്റിന്റെ നടപടിക്കെതിരായി പ്രവർത്തിച്ചതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സ്റ്റേയായി കിടക്കുകയാണെന്നാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരു ചോദ്യത്തിനുത്തരമായി സഭയിൽ പറഞ്ഞത്. അതായത് 29 എസ്റ്റേറ്റുകളിലെ ആറായിരമേക്കർ ഭൂമിയിൽ ഒരു സെന്റ് ഭൂമിപോലും ഗവൺമെന്റിന് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാന ഗവൺമെന്റിന്റെ കയ്യിൽ വരേണ്ട 786 ഏക്കർ ഭൂമിയിന്മേൽ എങ്ങനെയാണ് തിരിമറി നടത്തിയതെന്നുള്ളതിന്റെ ഏറ്റവും വ്യക്തമായിട്ടുള്ള ഉദാഹരണമാണ് കരുണ പോബ്സൺ എസ്റ്റേറ്റ്. അതുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട അംഗവും ഞാനും മുഖ്യമന്ത്രിക്ക് കത്ത് കൊടുക്കുകയും അന്വേഷണ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുമെന്ന് പറഞ്ഞിട്ട് റിപ്പോർട്ട് ഇതുവരെ വച്ചിട്ടില്ല. ഇതിനെ സംബന്ധിച്ച് റവന്യൂ വകുപ്പ് ഫോറസ്റ്റിനേയും ഫോറസ്റ്റ് വകുപ്പ് റവന്യൂവിനെയും കുറ്റപ്പെടുത്തുന്നൊരു റിപ്പോർട്ടാണ് കൊടുക്കാൻ പോകുന്നതെന്നുള്ളത് പത്രമാധ്യമങ്ങളിലെല്ലാം കാണാൻ കഴിയുന്നത്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് വല്ല വിവരവും അങ്ങയുടെ കയ്യിലുണ്ടോ; ഇതുമായി ബന്ധപ്പെട്ട് അങ്ങ് കൊടുത്ത കത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി ഗവൺമെന്റ് എടുക്കാൻ പോകുന്നുണ്ടോ;

ശ്രീ. റ്റി. എൻ. പ്രതാപൻ: ബഹുമാനപ്പെട്ട മെമ്പർ, കേരളത്തിന്റെ പൊതുമുതലായി നിലനിൽക്കേണ്ട ഒരു ഭൂമിയും, ഒരിഞ്ച് ഭൂമിയും ഒരാൾക്കും അന്യായമായി കൈവശപ്പെടുത്തുവാനുള്ള ഒരു അവകാശവും ഈ ഗവൺമെന്റുള്ള കാലത്ത് ഉണ്ടാകില്ലെന്ന് നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി ഈ സഭയിൽ അസന്നിഗ്ദ്ധമായി പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെ നമുക്ക് നെഞ്ചിൽ കൈവച്ച് വിശ്വസിക്കാം. ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്നതിന്റെ റിപ്പോർട്ട് അദ്ദേഹം ഈ സഭയുടെ മേശപ്പുറത്ത് വയ്ക്കുമെന്നും ഈ സഭയെ അറിയിക്കുമെന്നും പറഞ്ഞിട്ടുണ്ട്.

ശ്രീ. പാലോട് രവി: ശ്രീ. റ്റി. എൻ. പ്രതാപൻ, ........ അന്യാധീനപ്പെടുത്തുക എന്നുപറയുന്നത് പല മാർഗ്ഗത്തിലൂടെയാണ്. ഒന്ന്, കോടതികളിൽ കൊണ്ടുപോയി കേസിൽ കുരുക്കിയിടും. കേസ് ശക്തമായി വാദിച്ചില്ലെങ്കിൽ എന്നന്നേയ്ക്കുമായി ആ കോടതിയിൽ നമ്മുടെ കേസുകൾ പരാജയപ്പെടുകയാണ്. അതിന് പരിഹാരമുണ്ടാക്കാൻ എന്താണ് നിർദ്ദേശിച്ചിട്ടുള്ളത്?

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഹൈക്കോടതി ഉൾപ്പെടെയുള്ള വിവിധ കോടതികളിൽ കേരളത്തിലെ പൊതുഭൂമിയുമായി ബന്ധപ്പെട്ട നിരവധി കേസുകളുണ്ട്. ആ കേസുകൾ സമയബന്ധിതമായി തീർപ്പാക്കണം. ഏതെങ്കിലും ഒരു ഗവൺമെന്റിന്റെ കാലത്തല്ല, ഏത് ഗവൺമെന്റുകളുടെ കാലത്തും വനഭൂമിയും റവന്യൂ ഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ പലപ്പോഴും അനിയന്ത്രിതമായി നീണ്ടുപോകുകയാണ്. കോടതിയിൽ വരുന്ന ഗവൺമെന്റ് പ്ലീഡർമാരായ ആളുകൾ പലപ്പോഴും കേസ് ശരിയായ രീതിയിൽ സമയബന്ധിതമായി വാദിച്ച് തീർക്കാതെയോ അല്ലെങ്കിൽ നമുക്ക്

അനുകൂലമായി കേസ് ജയിക്കത്തക്ക രീതിയിൽ പ്രവർത്തിക്കാത്തതു കൊണ്ടോ, ഒന്നുകിൽ കേസ് തോൽക്കും അല്ലെങ്കിൽ അത് നീണ്ടുപോകും. ബഹുമാനപ്പെട്ട ശ്രീ. പാലോട് രവി ചോദിച്ച ചോദ്യം വളരെ പ്രധാനമാ യതാണ്. അത്തരത്തിൽ കേസുകൾ കോടതികളിൽ കുരുക്കിയിടാതെ അത് തീർക്കുന്നതിനുള്ള ഒരു മോണിറ്ററിംഗ് സംവിധാനം റവന്യൂ ഡിപ്പാർട്ടു മെന്റിന്റെയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെയും കൈവശമുണ്ടാകണം. ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ ചോദിച്ച ചോദ്യത്തിന് മുഖ്യമന്ത്രി അന്വേഷണ റിപ്പോർട്ട് സഭയിൽ വയ്ക്കുമെന്നും ഗവൺമെന്റിന്റെ ഒരു ഭൂമിയും നഷ്ടപ്പെടാൻ അനുവദിക്കുകയില്ലെന്നും പറഞ്ഞിട്ടുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടിയെ ധൈര്യമായും വിശ്വസിക്കാം. വ്യവസായ മേഖലയ്ക്കായി കഴിഞ്ഞ 3 വർഷത്തെ വകയിരുത്തൽ, 2011-2012-ൽ 776.27 കോടി രൂപ, 2012-2013–ൽ 865.82 കോടി രൂപ, 2013-2014–ൽ 873.4 കോടി രൂപ. 2014-2015–ൽ അത് 1031.81 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. വളരെയധികം മെച്ചപ്പെട്ട രീതിയിലുള്ള വകയിരുത്തലാണ് യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തിരിക്കുന്നത്. കേരളത്തിലെ സേവന മേഖല എന്നുള്ളത് ആരെയും കിടപിടിക്കുന്ന രീതിയിൽ കരുപ്പിടിപ്പിക്കുക എന്നുള്ളത് ഇൻഡ്യയിലെ വേറൊരു സംസ്ഥാനത്തിലുമുണ്ടാകാത്ത മാതൃകയാണ്. ഇത് വളരെ പ്രധാനപ്പെട്ടതാണ്.

മി. ചെയർമാൻ: Please co-operate with the Chair, Please..........

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഒരു അഞ്ച് മിനിറ്റ് കൂടി...... എന്നാൽ ഈ മേഖലയിൽ വിവിധതരത്തിലുള്ള സേവനവും ഗുണനിലവാരവും ജനങ്ങ ളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർത്തുന്നതിന് മതിയായ പരിപാടികളും പദ്ധതി

കളും ആവിഷ്കരിക്കണം. ലഭ്യമായ ഫണ്ടിനോടൊപ്പം പ്രാധാന്യം അർഹിക്കുന്നതാണ് അതിന്റെ ശരിയായ വിനിയോഗവും എന്നുള്ളത് സേവന മേഖലയ്ക്ക് പ്രധാനപ്പെട്ട ഘടകമാണ്. ജനാഭിലാഷത്തിനനുസരിച്ചുള്ള ബഡ്ജറ്റിലെ ഊന്നലുകൾ പ്രായോഗികതലത്തിൽ എത്തിക്കുന്നതിന് ബന്ധപ്പെട്ടവരുടെ കഴിവും പ്രാഗത്ഭ്യവും തീർച്ചയായും പ്രയോജനപ്പെടുത്തുമെന്നുതന്നെയാണ് വിശ്വസിക്കുന്നത്. ഗ്രീൻ ട്രിബ്യൂണലിന്റെ ഇന്നലെ വന്ന ഒരു വിധി നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ കാര്യത്തിൽ കേരളം കണ്ണ് തുറക്കേണ്ടതാണ്. ഇന്ന് സഭയിൽ പലപ്പോഴും അക്കാര്യം ചർച്ച ചെയ്യപ്പെട്ടു. ഗ്രീൻ ട്രിബ്യൂണൽ ഇന്നലെ നടത്തിയിരിക്കുന്ന വിധിയെന്നുപറയുന്നത് കേരളത്തിലെ അനധികൃതമായ ക്വാറികളെ സംബന്ധിച്ചാണ്. ഇൻഡ്യയിൽ ഒരുപക്ഷേ ഇത്രമാത്രം ക്വാറികളുള്ള ഒരു സംസ്ഥാനം വേറെയുണ്ടാകില്ല. നമ്മുടെ സംസ്ഥാനം സാധാരണ ഒരു റിബൺ മാത്രമാണ്. പശ്ചിമഘട്ടത്തിനും അറബിക്കടലിനും ഇടയിൽ കിടക്കുന്ന ഒരു റിബൺപോലെ മാത്രമുള്ള കേരളത്തിൽ രണ്ടായിരത്തിനാന്നൂറോളം ക്വാറികൾ പ്രവർത്തിക്കുന്നുവെന്നാണ് ഗ്രീൻ ട്രിബ്യൂണലിന്റെ ഇന്നലത്തെ കണ്ടെത്തൽ. അവയിൽ പലതും പരിസ്ഥിതി മലിനീകരണ നിയന്ത്രണ വകുപ്പുകളുടെ അനുമതിയില്ലാതെ പ്രവർത്തിക്കുന്നവയാണ്. ഇവിടെ ഇരിക്കുന്ന ശ്രീ. സി. പി. മുഹമ്മദും ശ്രീ. റ്റി. എ. അഹമ്മദ് കബീറും ശ്രീ. പി. സി. വിഷ്ണുനാഥും ഉൾപ്പെടെയുള്ളവർ അംഗങ്ങളായ നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി ഈ സഭയുടെ മേശപ്പുറത്തുവച്ച ഒരു റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ടിൽ, കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമെടുത്ത കണക്കും വിവിധ വകുപ്പുകളിൽ നിന്നുമെടുത്ത കണക്കും പ്രകാരം അംഗീകൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ലൈസൻസ് കിട്ടി പ്രവർത്തിക്കുന്നത്

തൊള്ളായിരത്തിൽപ്പരം ക്വാറികൾ മാത്രമാണ്. 505 ക്വാറികൾ ഒരു ലൈസൻസുമില്ലാതെ പ്രവർത്തിക്കുന്നവയാണ്. ഇവയ്ക്ക് ഏതെങ്കിലുമൊരു ലൈസൻസ് വേണ്ടേ? 6 ലൈസൻസുകളുണ്ടെങ്കിൽ മാത്രമേ ശരിയായ രീതി യിൽ ഒരു ക്വാറി തുടങ്ങാനുള്ള ഫൈനൽ ആപ്ലിക്കേഷൻ കൊടുക്കാൻ സാധിക്കുകയുള്ളൂ. ഇന്ന് അപകടകരമായ രീതിയിലേയ്ക്കാണ് കേരളത്തിലെ പാറ (കരിങ്കൽ) ഖനനം നീങ്ങുന്നത്. നമ്മുടെ നിയമസഭയും സെക്രട്ടേറിയറ്റും സ്ഥിതിചെയ്യുന്ന തിരുവനന്തപുരം ജില്ലയുടെ ചുറ്റുവട്ടത്ത് നടക്കുന്ന പാറ ഖനനം അതീവഗുരുതരമായ രീതിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇത് ആരുംകണ്ടില്ലെന്ന് നടിച്ചുകൂടാ. ഈ രീതിയിൽ പലവിധത്തിൽ കേരള ത്തിന്റെ പ്രകൃതിവിഭവങ്ങളെ അനിയന്ത്രിതമായി ചൂഷണം ചെയ്തുകൊണ്ടി രിക്കുകയാണ്. ഈ കാര്യത്തിൽ കർശനമായ നിലപാടുണ്ടാകണം. അതിന് സാമ്പത്തികവശം കൂടിയുണ്ട്. കേവലമൊരു പാരിസ്ഥിതിക സാമൂഹ്യപ്രശ്ന ത്തേക്കാൾ അപ്പുറത്ത്, നമ്മുടെ പൊതുഖജനാവിലേയ്ക്ക് വരേണ്ട പണമാണ് ഈ ക്വാറി മാഫിയകൾ അനധികൃതമായി കൊണ്ടുപോകുന്നത്. അംഗീകൃത ക്വാറികളെ സംബന്ധിച്ചും ഇന്നലെ ഗ്രീൻ ട്രിബ്യൂണലിന്റെ വിധിയിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. അവിടെയും അംഗീകൃതമായ ക്വാറികൾ പലതും ശരിയായ രീതിയിലല്ല പ്രവർത്തിക്കുന്നത് എന്നുള്ളതുകൂടി ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. സാമ്പത്തിക രംഗത്ത് നാം നൽകിയിരി ക്കുന്ന സാമൂഹ്യ പിൻബലത്തിന്റെ ഉദാഹരമാണ്, നമ്മുടെ ക്ഷേമ പദ്ധതികൾ. അതുകൂടി ഈ സന്ദർഭത്തിൽ പ്രത്യേകമായ ശ്രദ്ധ അർഹിക്കുന്നവയാണ്.

ശ്രീ. അൻവർ സാദത്ത്: സർ, വേളാർ സമുദായത്തെക്കുറിച്ച് നമുക്കെ ല്ലാമറിയാവുന്നതാണ്. വേളാർ സമുദായത്തിൽ കളിമൺ വ്യവസായത്തി

ലേർപ്പെട്ടിരിക്കുന്ന പരമ്പരാഗത തൊഴിലാളികളാണുള്ളത്. ഇന്ന് കേരളത്തിലെ എല്ലാ മേഖലകളിലെയും തൊഴിലാളികൾക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. വളരെ പാവപ്പെട്ട ഒരു ജനതയാണ് വേളാർ സമുദായവും ഈ കളിമൺ തൊഴിലാളികളും. ഇനിയെങ്കിലും അവർക്ക് പെൻഷൻ അനുവദിക്കാനുള്ള ഒരു സാഹചര്യം നമ്മുടെ ഗവൺമെന്റ് ഉണ്ടാക്കേണ്ടതല്ലേ; ആ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. വളരെ ദുർബലമായ ഒരു ജനവിഭാഗമാണ് അവർ. വളരെ ദുർബലമായ, വളരെ അംഗങ്ങൾ കുറഞ്ഞവരാണ് അവർ. ബഹുമാനപ്പെട്ട ചെയറിനറിയാം, ലീഡറുടെ സ്വന്തം നാടായ, അങ്ങയുടെ പിതാവിന്റെ കർമ്മഭൂമിയായ മാളയിലും ആലുവ, അങ്കമാലി തുടങ്ങിയ സ്ഥലങ്ങളിലുമൊക്കെ ഈ സമുദായമുണ്ട്. സത്യത്തിൽ ഏറ്റവും ദുർബലരായ ഈ ജനവിഭാഗം പെൻഷൻ ആനുകൂല്യത്തിനായി തികച്ചും അർഹതപ്പെട്ടവരാണ്. അത് കൊടുക്കണം.

മി. ചെയർമാൻ: യെസ്.......പ്ലീസ് കൺക്ലൂഡ്..........

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഒറ്റ വാക്കുകൂടി പറഞ്ഞ് അവസാനിപ്പിക്കാം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയം, അസംഘടിത തൊഴിലാളി മേഖലയിലെ ക്ഷേമനിധിയിൽ ഇവർക്കെല്ലാം അംഗങ്ങളാകാൻ ഇപ്പോൾത്തന്നെ പ്രൊവിഷനുണ്ട്. അതിന് പുതിയതായി ഒരു ക്ഷേമനിധിയുടെ ആവശ്യമില്ല.

മി. ചെയർമാൻ: വെരി ഗുഡ്. നല്ല ഒരു അഷ്വറൻസ് കിട്ടിയ സ്ഥിതിക്ക് ഇപ്പോൾ നിർത്താൻ പറ്റിയ സമയമാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, തൊഴിൽ വകുപ്പുമന്ത്രിയുടെ വിശദീകരണം നന്നായി. ആ പാവപ്പെട്ട ആളുകൾക്ക് ആ പെൻഷൻ കിട്ടും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ ബഡ്ജറ്റിന്റെ ചർച്ചയ്ക്ക് മറുപടി പറഞ്ഞപ്പോഴും ധനവിനിയോഗ ബില്ലിന്റെ ചർച്ചയ്ക്ക് വന്നപ്പോഴും ഞങ്ങളെല്ലാവരും ആവശ്യപ്പെടുകയുണ്ടായി, നിരവധി അംഗങ്ങൾ മത്സ്യത്തൊഴിലാളികളുമായി ബന്ധപ്പെട്ട്.........

മി. ചെയർമാൻ: പ്ലീസ്.....

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഞാൻ അതും കൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഈ വിഷയം പറയാതിരിക്കാൻ സാധിക്കില്ല. ദേശീയതലത്തിൽ ഇൻഡ്യയിൽത്തന്നെ കടലും കായലുമുള്ള നിരവധി സംസ്ഥാനങ്ങളുണ്ട്. നമ്മളെക്കാൾ കൂടുതൽ വരുമാനമുണ്ടാകുന്ന ഗുജറാത്ത് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുണ്ടെങ്കിൽപ്പോലും കേരളമാണ് ആദ്യമായി ഒരു കടാശ്വാസ കമ്മീഷൻ പാസ്സാക്കിയത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. എസ്. ശർമ്മ മന്ത്രിയായിരിക്കുമ്പോൾ കൊണ്ടുവന്ന ഒരു നിയമമാണ്. അന്ന് നിയമസഭയിൽ വച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി, പ്രത്യേകമായും പ്രതിപക്ഷ നിരയിൽ ഇരുന്നുകൊണ്ട് ഞങ്ങൾക്ക് ഒരു വിപ്പ് നൽകി. ഞങ്ങളോട് പറഞ്ഞത്, ശ്രീ. എസ്. ശർമ്മ കൊണ്ടുവന്ന കടാശ്വാസ കമ്മീഷൻ ബില്ലിന് പരിപൂർണ്ണമായ പിന്തുണ പ്രതിപക്ഷ അംഗങ്ങൾ കൂടെ നിൽക്കണമെന്നുപറഞ്ഞ് അത് സെലക്ട് കമ്മിറ്റിയിൽ പോയി. ഒരുപക്ഷേ ഫിഷറീസ് മന്ത്രിയോടൊപ്പം...... ബഹുമാനപ്പെട്ട മാണി സാറെ, അങ്ങ് ബഡ്ജറ്റിന്റെ ചർച്ചയ്ക്ക് മറുപടി പറഞ്ഞപ്പോഴും ധനവിനിയോഗ ബില്ലിന്റെ കാര്യത്തിൽ വന്നപ്പോഴുമൊക്കെ കടാശ്വാസ കമ്മീഷന് കൂടുതൽ പണം

അനുവദിച്ചുതരണമെന്ന് പറഞ്ഞു. 80 വയസ്സ് കഴിഞ്ഞിട്ടും മാണി സാറിന്റെ ശബ്ദ ഗാംഭീര്യം പ്രബലമാണ്. പക്ഷേ ആ ശബ്ദ ഗാംഭീര്യത്തിനനുസരിച്ച് പണം വരുന്നില്ല. മാണി സാർ പറഞ്ഞാൽ, പണം ട്രഷറിയിൽ എത്തി മത്സ്യ ത്തൊഴിലാളി കടാശ്വാസ കമ്മീഷന് ഇപ്പോൾ നൽകാൻ കഴിയും. മാണി സാറെ, മറ്റന്നാൾ സഭ പിരിഞ്ഞുപോകും. അതുകഴിഞ്ഞ് ഇതെല്ലാം ഇംപ്ലിമെന്റ് ചെയ്യപ്പെടുമ്പോൾ ഈ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കടാശ്വാസ കമ്മീഷനുവേണ്ടി ഒരു നൂറു കോടി രൂപയെങ്കിലും അനുവദിക്കണം. ഇതിന് അർഹതപ്പെട്ടവർ വൈക്കത്തുണ്ട്. കുട്ടികളുടെ ലംപ്സംഗ്രാന്റ് ഇന്നുവരെ കൊടുത്തിട്ടില്ല. മത്സ്യത്തൊഴിലാളികളുടെ പ്രത്യേകത, ലത്തീൻ കത്തോലിക്ക സമുദായത്തിൽപ്പെട്ട, മുസ്ലീംസമുദായത്തിൽപ്പെട്ട അതേപോലെ ഹിന്ദു വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളാണ് ഈ തീരപ്രദേശത്തുള്ളത്. തിരുവനന്തപുരത്താണ് ഏറ്റവും കൂടുതൽ ആളുകളുള്ളത്. അവർക്ക് കൊടു ക്കേണ്ട വിദ്യാഭ്യാസ ആനുകൂല്യം 20 കോടി രൂപയേയുള്ളൂ. മാണി സാറിന് 20 കോടി രൂപ എന്നുപറഞ്ഞാൽ 20 അക്ഷരത്തേക്കാൾ ചെറുതാണ്. ആ മത്സ്യത്തൊഴിലാളി കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യത്തിനുവേണ്ടിയുള്ള 20 കോടി രൂപ മാണി സാർ ഇന്ന്, ഇന്ന ഡേറ്റിൽ കൊടുക്കുമെന്ന മറുപടി തരുമെന്നാണ് പ്രതീക്ഷിക്കുന്നത്. മാണി സാർ ഒറ്റ കാര്യം കൂടി, ഇത്തര ത്തിൽ ഈ ദുർബല, വീക്കർ സെക്ഷനുവേണ്ടിയുള്ള പിന്തുണ കൊടുക്കുന്ന തിൽ മാണി സാർ പ്രത്യേകമായ ഒരു താൽപ്പര്യമെടുക്കുമെന്ന് പ്രതീക്ഷിച്ചു കൊണ്ട്..... അങ്ങ് ഇന്ന് ഇപ്പോൾ മറുപടി പറയുമ്പോൾ ഇത്തരത്തിലുള്ള വീക്കർ സെക്ഷനുവേണ്ടിയുള്ള...... എവിടെയെങ്കിലുമൊക്കെ പോരായ്മയു

ണ്ടെങ്കിൽ അത് പരിഹരിക്കപ്പെടുമെന്ന പ്രതീക്ഷയോടുകൂടി ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

മി. ചെയർമാൻ: ശ്രീ. എ. പ്രദീപ്കുമാർ, ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014–ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ഗവൺമെന്റിന്റെ ധനകാര്യ രംഗത്തുള്ള സമീപനത്തേയും, വിഭവ സമാഹരണത്തിന്റെ കാര്യത്തിലും അതിന്റെ വിനിയോഗത്തിന്റെ കാര്യത്തിലുമൊക്കെ ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനത്തെ ശക്തമായി ഞാൻ എതിർക്കുകയാണ്. എല്ലാംകൂടി ചേർന്നതാണ് ഈ സർക്കാരിന്റെ ധനമേഖലയിലെ സമീപനം. അതിൽ അഴിമതിയുണ്ട്, സ്വജനപക്ഷപാതമുണ്ട്, അനീതിയുണ്ട്, വാഗ്ദാനലംഘനമുണ്ട്. ഈ കഴിഞ്ഞ ദിവസങ്ങളിൽ ഓരോ ധനാഭ്യർത്ഥനയും വകുപ്പ് തിരിച്ച് ചർച്ച ചെയ്ത സമയത്ത് പ്രതിപക്ഷാംഗങ്ങൾ എണ്ണിയെണ്ണി ഓരോ കാര്യങ്ങൾ പറയുകയും എന്നാൽ അങ്ങനെ നേരെയല്ലാതെ...... ശ്രീ. ടി. എൻ. പ്രതാപനൊക്കെ സൂചിപ്പിച്ചതുപോലെ ഭരണകക്ഷിയുടെ ഭാഗത്തുനിന്ന് indirect ആയിട്ടും ആ കാര്യങ്ങളൊക്കെ ഇവിടെ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ ശബ്ദഗാംഭീര്യത്തെക്കുറിച്ചെല്ലാം ശ്രീ. ടി. എൻ. പ്രതാപൻ അവസാനം ഇവിടെ സൂചിപ്പിച്ചു. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയെ ബഹുമാനത്തോടു

കൂടി കാണുന്നയാളാണ്. അദ്ദേഹം ഏറ്റവും സീനിയറാണ്, എനിക്ക് രണ്ടു വയസുള്ളപ്പോൾത്തന്നെ അദ്ദേഹം ഈ സഭയിലുണ്ട്. അദ്ദേഹം വളരെ പരിചയസമ്പന്നനാണ്, വലിയ ആധികാരികതയുള്ള ആളാണ്. ചിലപ്പോൾ അദ്ദേഹത്തിന്റെ അംഗചലനമൊക്കെ കാണുമ്പോൾ ഷേക്സ്പിയർ നാടകത്തിലെ കഥാപാത്രത്തെപ്പോലെ തോന്നും. ചിലപ്പോൾ പെട്ടെന്ന് ഉച്ചത്തിൽ സംസാരിക്കും, പെട്ടെന്ന് സീറ്റിലിരിക്കും, വീണ്ടും ഉയർന്നുപൊങ്ങും. ഇങ്ങനെയൊക്കെയാണ് അദ്ദേഹത്തിന്റെ അവതരണങ്ങൾ.

ശ്രീ. എ. കെ. ബാലൻ: സർ, ഷേക്സ്പിയറിന്റെ കഥാപാത്രങ്ങളിൽ ക്ലീറ്റസ് എന്ന കഥാപാത്രമുണ്ട്. അതുമായിട്ടാണോ ബന്ധപ്പെടുത്തുന്നത്?

ശ്രീ. എ. പ്രദീപ്കുമാർ: സർ, അത് പല തരത്തിലുള്ള സന്ദർഭങ്ങൾക്കനുസരിച്ചാണ്. ഞങ്ങളൊക്കെ അദ്ദേഹത്തേക്കാൾ എത്രയോ പ്രായം കുറഞ്ഞ, ജൂനിയറായിവന്ന ആളുകളെന്ന നിലയിൽ..... അദ്ദേഹം അവതരിപ്പിച്ച രണ്ടുമൂന്ന് ബഡ്ജറ്റെടുത്താൽ അദ്ദേഹം പറയുന്ന കാര്യങ്ങളൊന്നും പാലിച്ചില്ലെന്ന് മാത്രമല്ല, ഇവിടെ വളരെ ഗൗരവമായി നമ്മുടെ അംഗങ്ങൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾ, വിമർശനങ്ങൾ, സംശയങ്ങൾ എന്നിവയൊക്കെ വസ്തുതാപരമായി എടുത്തുകൊണ്ട് ഒരു മറുപടിപോലും അദ്ദേഹം പറയുന്നില്ല, വിശദീകരണം നൽകുന്നില്ല. അതല്ലേ ഞങ്ങൾ അങ്ങയിൽനിന്ന് പ്രതീക്ഷിക്കുന്നത്. ശ്രീ. ടി. എൻ. പ്രതാപൻ പറഞ്ഞതുപോലെ അദ്ദേഹം വലിയ ശബ്ദഗാംഭീര്യമൊക്കെ എടുത്തൊന്ന് പ്രയോഗിച്ച്, ഒന്നാകെയെടുത്ത് കുടഞ്ഞ്, എന്നിട്ട് കണ്ടവനെ കൂട്ടിക്കോയെന്ന മട്ടിൽ ഒരു മറുപടിയും പറഞ്ഞ് ഇരിക്കുകയാണ്. ഇക്കഴിഞ്ഞ ദിവസങ്ങളിലൊക്കെ അങ്ങനെയാണുണ്ടായത്. ആ സമീപനം ശരിയല്ല. അങ്ങനെ വരുമ്പോൾ ഇങ്ങനെയൊക്കെ ചർച്ച ചെയ്യുന്നതിൽത്തന്നെയുള്ള യുക്തിയും സാംഗത്യം

പോലും സംശയിച്ചുപോകുന്ന ഒരു സാഹചര്യമാണുള്ളത്. എന്തായാലും ഈയൊരു സമീപനത്തെയാണ് ഞങ്ങളൊക്കെ എതിർത്തുകൊണ്ടിരുന്നത്. വകുപ്പ് തിരിച്ചുള്ള ചർച്ചയിലൊക്കെ എല്ലാവരും പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അതോടൊപ്പംതന്നെ ഇപ്പോൾ ഗവൺമെന്റ് പണം സമാഹരിക്കുന്നതും വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾതന്നെ ഇവിടെ സൂചിപ്പിക്കേണ്ടതുകൊണ്ട് ഇവിടെ പൊതുവേ ഉയർന്നുവന്ന ചർച്ചകളിൽ നമ്മൾ പരാമർശിക്കാതെപോയ എന്നാൽ നമ്മുടെ ഗവൺമെന്റും കേരളീയ സമൂഹവും ഇപ്പോൾ പ്രാധാന്യം നൽകി ശ്രദ്ധിക്കേണ്ടുന്ന ഒരു മേഖലയുടെ പ്രശ്നം ഞാൻ ഇപ്പോൾ പറയാം. അത് സ്പോർട്സുമായി ബന്ധപ്പെട്ടുള്ള കാര്യമാണ്. നമ്മൾ ഇപ്പോൾ ദേശീയ ഗെയിംസിനുവേണ്ടി ഒരുങ്ങുന്ന സമയംകൂടിയാണ്. അത് ഈ സന്ദർഭത്തിൽ ധനകാര്യ വകുപ്പുമന്ത്രിയുടെയും ധനവിനിയോഗത്തിന്റെയുമെല്ലാം പരിഗണ നയിൽ വരേണ്ടതാണ്. സർക്കാരിന്റെയും സഭയുടെയുമൊക്കെ പ്രധാന പരിഗ ണനയിൽ വരേണ്ടതാണ്. ഇപ്പോൾ ലോകകപ്പ് ഫുട്ബോളൊക്കെ കഴിഞ്ഞു. അതിന്റെ ആരവമൊടുങ്ങി. അതിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് എം.എൽ.എ.-മാരെല്ലാവരും ഫുട്ബോൾ കളിച്ചു. അതിനെന്തൊക്കെ അഭംഗി യുണ്ടായാലും അതിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചാണ് കളിച്ചത്. നമ്മുടെ പ്രതാപൻ നീരാളിയുടെ പ്രവചനം പൊളിഞ്ഞു. ശ്രീ. റ്റി. എൻ. പ്രതാപൻ ചാനലിൽപ്പോയി ഘാന സെമിയിൽ വരുമെന്നൊക്കെ പറഞ്ഞത് വ്യത്യസ്ത മായി പറയാൻവേണ്ടിയാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ബഹുമാനപ്പെട്ട എ. പ്രദീപ്കുമാർ, ഞാൻ അർജന്റീന ടീമിനെ ഇഷ്ടപ്പെടുന്ന ഒരാളാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഇഷ്ടം ജർമ്മനിയാണെന്ന് അവിടെയിരുന്ന് പറയു

ന്നുണ്ട്. ഇതൊക്കെയാണെങ്കിലും അർജന്റീനയുടെ പോരായ്മകളൊക്കെ പറഞ്ഞ് സെമിഫൈനൽ മുതൽ ഏത് അഭിപ്രായപ്രകടനങ്ങളിലും അർജന്റീന ജയിക്കണമെന്നാഗ്രഹിച്ചുകൊണ്ട് ജർമനിക്കാണ് വിജയസാദ്ധ്യതയെന്ന് എല്ലാ ചർച്ചകളിലും പറഞ്ഞ ആളാണ് ഞാൻ. അദ്ദേഹം ഫുട്ബോളിന്റെ കാര്യമാണ് പറഞ്ഞത്.

മി. ചെയർമാൻ: ഏതായാലും അതിനെക്കുറിച്ച് തർക്കം വേണ്ട.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ശ്രീ. റ്റി. എൻ. പ്രതാപനുള്ള ചർച്ചകളിൽ ഭാഗഭാക്കായ ആളുകൾ ഇവിടെയുണ്ട്. ഒരുഘട്ടത്തിലും ശ്രീ. റ്റി. എൻ. പ്രതാപൻ ജർമ്മനി വിജയിക്കുമെന്ന് പറഞ്ഞിട്ടില്ല. മാത്രവുമല്ല ഘാന സെമിയിൽവരും............

മി. ചെയർമാൻ: ഇനി അതിനെക്കുറിച്ച് തർക്കം വേണ്ട. സബ്ജക്ടി ലേയ്ക്ക് വരൂ.

ശ്രീ. എ. പ്രദീപ്കുമാർ: സർ, അതിന്റെയൊരു പശ്ചാത്തലത്തിൽ, നമ്മൾ ദേശീയ ഗെയിംസിനൊക്കെ ഒരുങ്ങുന്ന കാലത്ത് നമ്മുടെ സർക്കാർ പരിഗണി ക്കേണ്ട കാര്യങ്ങളാണ്. എന്തായാലും ഈയൊരു ചർച്ചയുടെ പശ്ചാത്തലത്തി ലായിരിക്കാം നമ്മുടെ ബഹുമാന്യനായ സ്പോർട്സ് വകുപ്പുമന്ത്രി ആവേശം കൊണ്ട് ഒരു പ്രഖ്യാപനം നടത്തിയത് കഴിഞ്ഞ ദിവസം പത്രത്തിൽവന്നു. അദ്ദേഹം പറഞ്ഞത്, ലോകകപ്പ് ഫുട്ബോളിന്റെ ഓർമ്മ നിലനിർത്താനുതകം വിധത്തിൽ നമ്മുടെ സംസ്ഥാനത്തെ 14 ജില്ലകളിൽ പുതിയ ഫുട്ബോൾ സ്റ്റേഡിയങ്ങളുണ്ടാക്കണം. എന്നിട്ട് അതിന് ബ്രസൂക്കയെന്ന് പേര് കൊടുക്കും. 14 സ്റ്റേഡിയങ്ങളുടെയും പേര് ബ്രസൂക്കയെന്നാണ്. ബ്രസൂക്ക യെന്നാൽ ഫുട്ബോളിന്റെ പേരാണ്. അവിടെ ഫുട്ബോൾ നടന്ന

മറാഖാനപോലെയുള്ള സ്റ്റേഡിയങ്ങളുണ്ട്. ആ സ്റ്റേഡിയങ്ങളുടെ പേരല്ല. എന്തായാലും ഇപ്പോൾ ബ്രസൂക്കയെന്നുള്ളത് ബ്രസീലുകാർപോലും ഓർക്കാൻ ഇഷ്ടപ്പെടാത്ത ഒന്നായിമാറി. ബ്രസീലുകാർപോലും ആ ഒരു ഓർമ്മയെ ഭയക്കുകയാണ്. 7–1–ന് ജർമ്മനിയോട് തോറ്റ് തകർന്നടിഞ്ഞ തോടുകൂടി, ഏതാണ്ട് നിങ്ങളുടെ ഭരണത്തിന്റെ പ്രതിരോധം തകർന്നതു പോലെ, ബ്രസീലിന്റെ പ്രതിരോധം തകർന്നപ്പോൾ 7 ഗോൾ ജർമ്മനി അടിച്ചു. അതാണ് സംഭവിച്ചത്. അതിന് സമാനമായത് യു.ഡി.എഫ്. ഭരണത്തിന്റെ ഡിഫൻസാണ്. 14 ജില്ലകളിലും സ്റ്റേഡിയമുണ്ടാക്കി ബ്രസൂക്കയെന്ന പേര് കൊടുക്കുമെന്നാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്. ശ്രീ. റ്റി. എൻ. പ്രതാപന്റെ വർത്തമാനമൊക്കെ കേട്ട ആവേശത്തിലായി രിക്കാം അദ്ദേഹം അങ്ങനെ പ്രഖ്യാപിച്ചത്. എന്തായാലും ഇതൊക്കെ യാഥാർത്ഥ്യമാകാൻ പോകുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കേണ്ടത്, ഈ 14 സ്റ്റേഡിയങ്ങളുണ്ടാക്കാനുള്ള പണം....

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കഴിഞ്ഞ മന്ത്രിസഭയിലെ സ്പോർട്സ് മിനിസ്റ്റർ ശ്രീ. എം. വിജയകുമാർ, കേരളം അടുത്ത ഒളിമ്പിക്സിൽ ഒരു സ്വർണം നേടുമെന്ന് പ്രഖ്യാപിച്ച കാര്യം ഓർമ്മയുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, തീർച്ചയായും. അതൊരു സ്വപ്നമാണ്. കേരളത്തിലുള്ള ഒരു താരം ഇന്ത്യയ്ക്കുവേണ്ടി സ്വർണം നേടുകയെന്നത് നമ്മുടെ സ്വപ്നമാണ്. അങ്ങനെയുള്ള സ്വപ്നം ഒരു മന്ത്രി പറയുന്നതിൽ തെറ്റൊന്നുമില്ല. പക്ഷേ സ്റ്റേഡിയ നിർമ്മാണമെന്ന് പറയുന്നത് അതുപോലെ യല്ല. സ്റ്റേഡിയനിർമ്മാണം സ്വപ്നമല്ല, അതൊരു യാഥാർത്ഥ്യമാണ്. അതിന്

പണം വയ്ക്കണം. മറ്റൊന്നിന്, പരിശീലനവും മറ്റ് കാര്യങ്ങളുംവേണം. കേരളത്തിൽനിന്ന് ഒളിമ്പിക്സിൽ സ്വർണം നേടേണ്ട ടിന്റു ലൂക്കയെപ്പോലെയുള്ള ആളുകളെ ഈ സർക്കാർ എങ്ങനെയാണ് കൈകാര്യം ചെയ്തുവെന്നുള്ളത് ഞാൻ വഴിയേ പറയാം. ഇങ്ങനെ ഒരിക്കലും യാഥാർത്ഥ്യമാകാനിടയില്ലാത്ത പ്രഖ്യാപനങ്ങൾ ഓരോ വകുപ്പും മന്ത്രിമാരും നടത്തുന്നു. ധനകാര്യ വകുപ്പുമന്ത്രിയാണെങ്കിൽ അതിന് പണം അനുവദിക്കുന്നില്ല. കഴിഞ്ഞ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോഴിക്കോടിന് ഇന്റർനാഷണൽ സ്റ്റാൻഡേർഡുള്ള ഒരു ഫുട്ബോൾ സ്റ്റേഡിയം പ്രഖ്യാപിച്ചു. ബഹുമാനപ്പെട്ട മന്ത്രി കെ. ബാബുവിന് അറിയാം. അദ്ദേഹം ഫുട്ബോളിനോട് ഏറ്റവും താൽപര്യമുള്ള ആളാണ്. അത് ഞങ്ങളൊക്കെ ആവശ്യപ്പെട്ടതായിരുന്നു. കോഴിക്കോടിന്റെ പ്രാധാന്യം പരിഗണിച്ചാണ് അദ്ദേഹം പ്രഖ്യാപിച്ചത്.

ഇൻഡ്യയിൽ കൽക്കട്ട കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട ഫുട്ബോളിന്റെ തട്ടകം കോഴിക്കോടാണ്. ആ പരിഗണന വച്ചുകൊണ്ടാണ് മുഖ്യമന്ത്രി ഇവിടെ ഒരു സ്റ്റേഡിയം നിർമ്മിക്കാനുള്ള പ്രഖ്യാപനം നടത്തിയത്. ആ ഫുട്ബോൾ സ്റ്റേഡിയത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുകയോ, സ്റ്റേഡിയം നിർമ്മാണത്തിനാവശ്യമായ എന്തെങ്കിലും നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് ഇതുവരെയും ഉണ്ടായിട്ടില്ല. ഒരു സ്റ്റേഡിയം നിർമ്മിക്കാനുള്ള പ്രഖ്യാപനം മാത്രമാണ് നടത്തിയത്. പത്രങ്ങളിൽ ഇതിനെക്കുറിച്ച് വാർത്ത വരികയും കോഴിക്കോട്ടുകാർക്ക് സന്തോഷമാകുകയും ചെയ്തു. 14 സ്റ്റേഡിയങ്ങൾ നിർമ്മിക്കുമെന്ന് പ്രഖ്യാപനം നടത്താതെ പ്രായോഗികമായിട്ടുള്ളത് ചെയ്യണം. കോഴിക്കോട്ടും കോട്ടയത്തും മലപ്പുറത്തും സാദ്ധ്യമാകുന്നതിന്

പണം വിനിയോഗിച്ച് സ്റ്റേഡിയങ്ങൾ ഉണ്ടാക്കുകയാണ് വേണ്ടത്. ആ സ്റ്റേഡിയത്തിന് ബ്രസൂക്ക എന്നുള്ള പേര് നൽകരുത്. നിങ്ങളുടെ രാഷ്ട്രീയമായ താൽപ്പര്യം കൂടി ഉൾപ്പെടുത്തി ഒരേ ഒരു മന്ത്രിയായ............... മുനീർക്ക എന്ന് സ്റ്റേഡിയത്തിന് പേരുനൽകാവുന്നതാണ്. എന്തായാലും ആ സ്റ്റേഡിയം യാഥാർത്ഥ്യമാക്കുക എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഇവിടെ ദേശീയ ഗെയിംസിന്റെ ...........

ശ്രീ. കെ. രാജു : സർ, ഇവിടെ മാണിസാറിന്റെ വാഗ്ദാനം, വാഗ്ദാന ലംഘനം തുടങ്ങിയവയെക്കുറിച്ചാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. കേരള കോൺഗ്രസ് മാണി ഗ്രൂപ്പിലെ, മാണി കോൺഗ്രസിന്റെ വൈസ്ചെയർമാനും കോൺഗ്രസ് ചീഫ് വിപ്പുമായ ശ്രീ. പി. സി. ജോർജിന്റെ നേതൃത്വത്തിൽ പുതിയ ഒരു പാർട്ടി രൂപീകരിച്ച വാർത്ത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ശ്രീ. പി.സി. ജോർജ് ആ പാർട്ടിയുടെ പ്രസിഡന്റും കുട്ടപ്പൻ ചെട്ടിയാർ സംഘടനയുടെ ജനറൽ സെക്രട്ടറിയുമെന്ന് ഇന്ന് പത്രത്തിൽ അച്ചടിച്ചുവന്നിരിക്കുകയാണ്. മാണിസാറിനോടൊപ്പം ഇരിക്കുകയും....

മി. ചെയർമാൻ : എവിടെ ചർച്ച ചെയ്യപ്പെടുന്ന വിഷയം ധനകാര്യബില്ലാണ്.

ശ്രീ. കെ. രാജു : സർ, മാണിസാറിനോടൊപ്പം ഇരിക്കുകയും അദ്ദേഹം തന്നെ പോയി വേറെ പാർട്ടി രൂപീകരിക്കുകയും ആ പാർട്ടി രജിസ്റ്റർ ചെയ്യാൻ അപേക്ഷ കൊടുക്കുകയും ചെയ്തു എന്നാണ് പത്രവാർത്തയിൽ വന്നിട്ടുള്ളത്.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, അഴിമതിക്കെതിരായ പോരാട്ടത്തിൽ കുട്ടപ്പൻ ചെട്ടിയാരുമായി കൂട്ടുകൂടിയാൽ മാത്രമേ നടക്കുകയുള്ളു

എന്നുണ്ടോ? ആരാണ് ഈ കുട്ടപ്പൻ ചെട്ടിയാർ എന്നുള്ള രഹസ്യം അങ്ങേയ്ക്ക് വെളിപ്പെടുത്താമോ? അങ്ങയുടെ പാർട്ടിയുടെ നയമെന്താണെന്ന് വ്യക്തമാക്കാമോ? ശ്രീ. കെ. എം. മാണി സാറിന്റെ തൊഴിലാളി വർഗ്ഗ സിദ്ധാന്തം .....

മി. ചെയർമാൻ : ശ്രീ. സുനിൽ കുമാർ അങ്ങ് ചോദിക്കുന്നത് പ്രദീപ് കുമാറിനോടല്ലേ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, അദ്ദേഹം ഒന്നാമത്തെ വൈസ് പ്രസിഡന്റായി തുടർന്നുകൊണ്ട് ഒരു നാഴിക്കകത്ത് വേറൊരു നാഴി ചേരില്ല എന്നു പറഞ്ഞതുപോലെ മാണിസാറിന്റെ പാർട്ടിയുള്ളപ്പോൾ അങ്ങ് എന്തിനാണ് പുതിയ പാർട്ടി ഉണ്ടാക്കിയതെന്ന് വ്യക്തമാക്കാമോ?

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : സർ, ഒരു രാഷ്ട്രീയപാർട്ടിയും ഞാൻ രൂപീകരിച്ചിട്ടില്ല. ഇവിടത്തെ പിന്നോക്കക്കാരും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗവും ഉൾപ്പെടെയുള്ള ആളുകളുടെ നേതൃത്വത്തിൽ ഒരു സാംസ്കാരിക സംഘടന രജിസ്റ്റർ ചെയ്തിട്ടുണ്ട്. സുനിൽ കുമാർ പരിഭ്രമിക്കണ്ട, ഇവിടെ പരാമർശിച്ച കുട്ടപ്പൻ ചെട്ടിയാർ നല്ല ജനപിന്തുണയുള്ള ഒരു പാവപ്പെട്ട പിന്നോക്ക വിഭാഗത്തിൽപ്പെട്ട ആളാണ്. മുപ്പതോളം പിന്നോക്ക സംഘടന അദ്ദേഹത്തോടൊപ്പമുണ്ട്. ശ്രീ. സുനിൽ കുമാറിനെ വേണമെങ്കിൽ ചേർക്കാം.

ശ്രീ. കെ. എം. മാണി : സർ, ഇതുപോലുള്ള വേറെ സംഘടനകളും കേരള കോൺഗ്രസിലുണ്ട്. അതാണ് അതിലുള്ള ഏറ്റവും വലിയ കാര്യം.

ശ്രീ. എ. പ്രദീപ് കുമാർ : സർ, ഇന്നലെ ടി.വി. ചാനലുകളിൽ നമ്മുടെ ചീഫ് വിപ്പിന്റെ അഭിമുഖം ഈ വിഷയവുമായി ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞത് അഴിമതിയ്ക്കെതിരെയുള്ള ഒരു മുന്നണിയെന്ന നിലയിലാണ്

ഞാൻ ഇങ്ങനെയൊരു സംഘടന രൂപീകരിക്കുന്നതെന്നാണ്. ഇത് അഴിമതി യ്ക്കെതിരെയുള്ള വിട്ടുവീഴ്ചയില്ലാത്ത ഒരു സമരമെന്നാണ് അദ്ദേഹം സൂചി പ്പിച്ചത്. അപ്പോൾ ചാനലുകാർ ഇന്നത്തെ ഗവൺമെന്റിന്റെ അഴിമതി കൾക്കെതിരെയുള്ള സമരം നിങ്ങൾ നടത്തുമോ എന്നു ചോദിച്ചപ്പോൾ തീർച്ചയായിട്ടും നിങ്ങൾക്കത് കാണാൻ ഇരിക്കുന്നതെയുള്ളു എന്നാണ് അദ്ദേഹം പ്രതികരിച്ചത്. എന്തായാലും മാണിസാറിന്റെ പാർട്ടിക്കകത്ത് ഇരുന്നുകൊണ്ട് അതിന്റെ വൈസ് ചെയർമാന് അഴിമതി വിരുദ്ധമായിട്ടുള്ള ഒരു സമരം നടത്താൻ കഴിയുകയില്ല. അതുപോലെ യു.ഡി.എഫ്.-ന്റെ ചീഫ് വിപ്പായി നിന്നുകൊണ്ടും അഴിമതിയ്ക്കെതിരായ നിലപാട് സ്വീകരിക്കുവാൻ സാധിക്കുകയില്ല. ഇതുപോലുള്ള ഒരു അധികാരസ്ഥാനം അദ്ദേഹത്തിനുണ്ടാ യിട്ടും അഴിമതിയ്ക്കെതിരായിട്ടുള്ള നിലപാട് സ്വീകരിക്കാൻ സാധിക്കില്ല എന്നുള്ള ഉത്തമബോദ്ധ്യമുള്ളതുകൊണ്ടാണ് അദ്ദേഹം ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചത്. ഇപ്പോൾ ഞങ്ങളെല്ലാവരും അഴിമതിയ്ക്കെതിരെ സമരം ചെയ്യുന്നവരാണ്. ഞങ്ങൾക്ക് ഇവിടെ അഴിമതിയ്ക്കെതിരെ സമരം ചെയ്യാനുള്ള ഏറ്റവും മികച്ച സ്ഥലം ഞങ്ങളുടെ പാർട്ടിയാണ്, ഞങ്ങളുടെ പ്രസ്ഥാനമാണ് എന്നു കണ്ടിട്ടാണ് ഞങ്ങൾ ഇവരോടൊപ്പം നിന്ന് അഴിമതി യ്ക്കെതിരായി സമരം നടത്തുന്നത്. ഭരണകക്ഷിയുടെ കൂടാരത്തിന കത്തുനിന്ന് അത് സാദ്ധ്യമല്ലെന്നു ചീഫ് വിപ്പിനെങ്കിലും ഇപ്പോൾ ബോദ്ധ്യപ്പെ ട്ടതിന്റെ അടിസ്ഥാനത്തിലാവും ഇങ്ങനെയൊരു പാർട്ടി രൂപീകരിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. അതിന് ഒരു വിശദീകരണം മാണിസാർ നൽകേ ണ്ടതായിരുന്നു. ഇത് കേരള കോൺഗ്രസിന്റെ ഒരു സാംസ്കാരിക സംഘടന യാണെന്ന് ചീഫ് വിപ്പ് ഒരിക്കലും പറഞ്ഞിട്ടില്ല. അങ്ങനെയാണെങ്കിൽ

അദ്ദേഹം അത് വ്യക്തമാക്കേണ്ടതാണ്. ഇനി ആരെല്ലാം ഇങ്ങനെയുള്ള അഴിമതിക്കെതിരെ മുന്നോട്ടു വരുമെന്നറിയേണ്ടതാണ്.

ശ്രീ. ജി. സുധാകരൻ : സർ, പ്രഖ്യാപിക്കാത്ത ധാരാളം സാംസ്കാരിക സംഘനകൾ കേരള കോൺഗ്രസ്സിന് ഉണ്ടെന്നത് അറിയാമോ?

ശ്രീ. സി. എഫ്. തോമസ് : സർ, 1064-ൽ തിരുനക്കര മൈതാനത്ത് ആദ്യത്തെ മുദ്രാവാക്യവുമായി ഉയർത്തിയത് അഴിതിയില്ലാത്ത സത്ഭരണം എന്നുള്ളതാണ്. കേരള കോൺഗ്രസിനകത്തുനിന്നാണെങ്കിലും കേരള കോൺഗ്രസ്സിനോട് ചേർന്നുള്ള സാംസ്കാരിക സംഘടനയാണെങ്കിലും കേരള കോൺഗ്രസ്സുകാർക്കെല്ലാം അഴിമതിയ്ക്കെതിരായി പോരാടാനുള്ള ധാർമ്മിക ബാദ്ധ്യത ഞങ്ങളുടെ പാർട്ടിയുടെ ആശയങ്ങളിൽതന്നെ ഞങ്ങൾ നൽകുന്നുണ്ടെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. ചെയർമാൻ : ചർച്ച ഇങ്ങനെ അനന്തമായി നീട്ടുന്നത് ശരിയല്ല. ശ്രീ. പ്രദീപ് കുമാർ, അങ്ങ് 15 മിനിട്ട് അധികമായെടുത്തു. അങ്ങ് വഴങ്ങുബോഴാണ് അംഗങ്ങൾ ചോദിച്ചുക്കൊണ്ടിരിക്കുന്നത്.

ശ്രീ. രാജു എബ്രഹാം : സർ, കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി.എം. സുധീരൻ കോൺഗ്രസ് ഒഴിച്ചുള്ള മറ്റു മന്ത്രിമാരൊക്കെ അഴിമതി കാണിക്കുന്നുണ്ട് എന്നു പറഞ്ഞതിന്റെ പശ്ചാത്തലത്തിലാണോ ഈ പുതിയ സംഘടന രൂപീകരിച്ചതെന്ന് അങ്ങേയ്ക്ക് എന്തെങ്കിലും സംശയമുണ്ടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. എ. പ്രദീപ് കുമാർ : സർ, ഇവിടെ കേരള കോൺഗ്രസിന്റെ നേതാക്കന്മാരിൽ ശ്രീ. സി. എഫ്. തോമസ് ഉൾപ്പെടെയുള്ളവർ സ്ഥാപിക്കാൻ ആഗ്രഹിക്കുന്നത് ഇത് കേരള കോൺഗ്രസിന്റെ അനുവാദത്തോടുകൂടിയുള്ള

ഒരു സാംസ്കാരിക സംഘടന എന്നുള്ള നിലയിലാണ്. എന്നാൽ കേരള കോൺഗ്രസ്സിന്റെ സാംസ്കാരിക സംഘടന ഇതാണെങ്കിൽ അങ്ങനെയുള്ള അഴിമതി വിരുദ്ധ സംഘത്തിന്റെ കൺവീനറായി പ്രവർത്തിക്കുന്ന കുട്ടപ്പൻ ചെട്ടിയാരുടെ ഇനിഷ്യൽ മാണിസാറിന് പറയാൻ സാധിക്കുമോ? കേരള കോൺഗ്രസ്സിന്റെ സംഘടനയാണെങ്കിൽ കുട്ടപ്പൻ ചെട്ടിയാർ ആരാണെന്നുള്ള കാര്യം അദ്ദേഹം അറിയേണ്ടതാണ്.

മി. ചെയർമാൻ : സഭയിൽ അംഗമല്ലാത്ത ഒരു വ്യക്തിയെക്കുറിച്ച് നിരന്തരമായി ഇങ്ങനെ പറയുമ്പോൾ റിക്കോർഡിൽ വരികയാണ്. കുട്ടപ്പൻ ചെട്ടിയാർ ഇപ്പോൾ സഭയുടെ ഭാഗമായി മാറുകയാണ്.

ശ്രീ. എ. പി. പ്രദീപ് കുമാർ : സർ, സ്പോർട്സ് രംഗത്തുള്ള ചില പ്രശ്നങ്ങൾകൂടി സൂചിപ്പിക്കുവാനുണ്ട്. ദേശീയ ഗെയിംസിന്റെ കാര്യത്തിൽ സഭയും സർക്കാരും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമൊക്കെ വളരെ ഗൗരവമായി പരിഗണിക്കേണ്ട ചില വിഷയങ്ങളുണ്ട്. അതിലൊന്ന് സ്പോർട്സ് വകുപ്പിന് ഇപ്പോൾ നാഥനില്ലാത്ത അവസ്ഥയാണ്. ഇക്കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ മൂന്നു മന്ത്രിമാരാണ് ആ വകുപ്പ് കൈകാര്യം ചെയ്തത്. ആദ്യം ശ്രീ. കെ. ബി. ഗണേഷ് കുമാർ വകുപ്പിന്റെ ഭരണം നല്ലതു പോലെ നടത്തിയെങ്കിലും അദ്ദേഹത്തിന് തുടർന്നു പോകാൻ സാധിച്ചില്ല. പിന്നീട് മുഖ്യമന്ത്രിക്കായിരുന്നു സ്പോർട്സിന്റെ ചുമതല. മുഖ്യമന്ത്രിക്ക് അദ്ദേഹത്തിന്റെ മുഖ്യ ചുമതലയ്ക്കിടയിൽ സ്പോർട്സിനെക്കുറിച്ച് നോക്കാനായില്ല. ഇപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ് സ്പോർട്സിന്റെ ചുമതല. അദ്ദേഹം സ്പോർട്സ് വകുപ്പ് മന്ത്രിയാണെന്ന് അദ്ദേഹംതന്നെ ചിന്തിക്കുന്നുണ്ടോ എന്നെനിക്ക് സംശയമുണ്ട്. മറ്റ് വകുപ്പുകളെക്കുറിച്ചൊക്കെ അദ്ദേഹം സഭയിൽ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ സ്പോർട്സിനെ

ക്കുറിച്ചൊന്നും പറയാറില്ല. ദേശീയ ഗെയിംസിന്റെ തീയതി കഴിഞ്ഞ ദിവസം കേന്ദ്ര മന്ത്രിവന്ന് ഇവിടെ പ്രഖ്യാപിച്ചു. അതിനാവശ്യമായ വേദികളുടെ നിർമ്മാണം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതാണ്. അത് വളരെ കാലതാമസമെടുത്താണ് പോകുന്നത്. പ്രധാനപ്പെട്ട വേദികളുടെ പണി പൂർത്തിയാകില്ല എന്നുള്ള കാര്യം ഉറപ്പാണ്. ഒരു കാര്യം ഞാൻ ഉറപ്പിച്ചു പറയാൻ ആഗ്രഹിക്കുകയാണ്. തിരുവനന്തപുരത്തെ കാര്യവട്ടത്തുള്ള പ്രധാന സ്റ്റേഡിയം പൂർത്തിയായി വന്നാൽ നല്ല സ്റ്റേഡിയമായിരിക്കും. പക്ഷേ, അതിന്റെ പണി പൂർത്തിയാകാൻ പോകന്നില്ല. സ്റ്റേഡിയത്തിലേക്കുള്ള റോഡ് സിക്സ് ലൈൻ റോഡാണ്. 24 മീറ്റർ വീതി ആ റോഡിന്റെ പണി നടത്തണ മെങ്കിൽ യൂണിവേഴ്സിറ്റി അനുവദിക്കണം. യൂണിവേഴ്സിറ്റി അനുവദിക്കു ന്നില്ല. ഇതിനെക്കുറിച്ച് സ്പോർട്സ് വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽ ഉണ്ടോയെന്ന് എനിക്കറിയില്ല. യൂണിവേഴ്സിറ്റി അത് അനുവദിക്കുന്നില്ല ദേശീയ ഗെയിംസിന്റെ സെക്രട്ടറിയെ മനസ്സിലാക്കിയപ്പോൾ അവിടെ ചെന്ന സമയത്ത് അവരെ തടസ്സപ്പെടുത്തിയിരിക്കുയാണ്. എന്നാൽ ആ പ്രശ്നത്തിൽ ഇടപെട്ട് തീർപ്പുണ്ടാക്കുവാനും തീരുമാനമുണ്ടാക്കുവാനും ആ നിർമ്മാണം ആരംഭിക്കുവാനും ഇവിടെ സ്പോർട്സ് വകുപ്പിന് നാഥനുമില്ല, നേതൃത വുമില്ല. ഇതാണ് ഇവിടെ നടക്കുന്നത്. കോഴിക്കോട് ഇ.എം.എസ് സ്റ്റേഡിയം അതാണ് പ്രധാനപ്പെട്ട ഫുട്ബോളിന്റെ വെന്യു. അവിടെയും ഇതേ പ്രശ്ന മുണ്ട്. മെഡിക്കൽ കോളേജിലൊരു സിന്തറ്റിക് ട്രാക്കോടു കൂടിയിട്ടുള്ള അത്ലറ്റിക്സ് സ്റ്റേഡിയവും ഫുട്ബോൾ സ്റ്റേഡിയവും അവിടെ ഉണ്ടാക്കിയി ട്ടുണ്ട്. അവിടെയും ഇങ്ങനെയുള്ള പ്രശ്നങ്ങളുണ്ട്. എസ്റ്റിമേറ്റിനുള്ള തുക പോലും ഇവിടെ നിന്ന് ഡയറക്ഷൻ കൊടുത്ത് ഉണ്ടാക്കാൻ പി.ഡബ്ല്യു.ഡി.

–ക്ക് കഴിഞ്ഞിട്ടില്ല. ഇവിടെ ബ്രസൂക്കയെക്കുറിച്ച് പറയുന്നു, ബ്രസീലിലെ ഏറ്റവും മികച്ച നിലയിലുള്ള ഫുട്ബോൾ സംഘാടനത്തെക്കുറിച്ചൊക്കെ ആവേശംകൊണ്ട് പറയുന്നുണ്ട്. എന്നാൽ വിളിപ്പാടകലെ നിൽക്കുമ്പോൾ ദേശീയ ഗെയിംസിനുവേണ്ടിയുള്ള തയ്യാറെടുപ്പ് കാര്യക്ഷമമായി നടത്താൻ കഴിയാത്ത കെൽപ്പില്ലായ്മ സ്പോർട്സ് വകുപ്പും ഈ ഗവൺമെന്റും കാണിക്കുകയാണ്. മറ്റു പല കാര്യങ്ങളിലുമാണ് നമുക്ക് താൽപ്പര്യം. എന്തുകൊണ്ടാണ് ഇങ്ങനെയുള്ള ഡിലേ ഉണ്ടാകുന്നതെന്ന് നാം ആലോചിക്കേണ്ടതാണ്. ഇതിനാവശ്യമായിട്ടുള്ള റിവ്യൂ നടക്കുന്നില്ല. പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി മന്ത്രിതലത്തിലുള്ള റിവ്യൂ നടത്തേണ്ടത് ആവശ്യമാണ്. സ്പോർട്സ് വകുപ്പിൽ ഓരോ വെന്യുവിന്റെയും അതാത് ഡെസ്റ്റിനേഷിലുള്ള എം.എൽ.എ. മാർ ഉൾപ്പെടുന്ന മറ്റു തദ്ദേശയംഭരണ സ്ഥാപനത്തിന്റെ ആളുകൾ ഉൾപ്പെടുന്ന ഒരു റിവ്യൂ കമ്മിറ്റിയുണ്ട്. ഈ കമ്മിറ്റി ഇപ്പോൾ ചേരാറില്ല. ഉദ്യോഗസ്ഥന്മാരെ മാത്രം വിളിക്കാറുണ്ട്. എത്രയോ മാസങ്ങളായി അത് ചേരുന്നില്ല. ഞങ്ങളുടെ പ്രദേശത്തെ കൺസ്ട്രക്ഷനെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പറയാനുണ്ടായിരുന്നു. അതിനുള്ള അവസരം പോലും ലഭിക്കുന്നില്ല. ഈ ഉദ്യോഗസ്ഥന്മാർ ആരെങ്കിലും അവിടെ വരുന്നതും പോകുന്നതും ജനപ്രതിനിധികളാരും അറിയുന്നില്ല. നാഥനും നേതൃത്വവുമില്ലാത്ത നിലയിൽ ദേശീയ ഗെയിംസിന്റെ സംഘാടനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നു എന്നുള്ള ശക്തമായ ഒരു വിമർശനമാണ് എനിക്ക് പറയാനുള്ളത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ദേശീയ ഗെയിംസിന്റെ

എല്ലാ പ്രവർത്തനങ്ങളും കറക്ടായി നടക്കുന്നുണ്ട്. അതിൽ ഭരണ–പ്രതിപക്ഷ കക്ഷി വ്യത്യാസമില്ല. 2009–ൽ അന്നത്തെ ഗവൺമെന്റാണ് ഇതിന്റെ തുടക്കം കുറിച്ചത്. അന്ന് ആ ഗവൺമെന്റ് രൂപീകരിച്ച ചില കമ്മിറ്റികളുണ്ട്. ആ കമ്മിറ്റികളിലെ മന്ത്രിമാരുടെ സ്ഥാനത്ത് പുതിയ മന്ത്രിമാർ വന്നു. ജില്ല കളിലെല്ലാം ഓരോരുത്തർക്കും ചാർജ്ജ് വരികയാണ്. ശ്രീ. എ. പ്രദീപ്കുമാർ സ്പോർട്സ് കൗൺസിലിലെ അംഗം കൂടിയാണ്. അദ്ദേഹത്തിന് ഇത് കൃത്യമായി അറിയാം. എന്നെക്കൊണ്ട് വെറുതെ പറയിപ്പിക്കാൻവേണ്ടിയാണ് അദ്ദേഹം ഇതുന്നയിച്ചതെന്നും അറിയാം. എന്നുമാത്രമല്ല ഞങ്ങളൊരുമിച്ചാണ് കോഴിക്കോട് ഇൻഡോർ സ്റ്റേഡിയത്തിന്റെ ഉദ്ഘാടനത്തിന് പോയത്. പ്രമുഖ പങ്കാളിത്തമുണ്ടായിരുന്ന ആളാണ്. നമ്മളൊരുമിച്ച് അവിടെയുള്ള മറ്റേ സ്റ്റേഡിയം ഉദ്ഘാടനം ചെയ്യാൻ പോകുകയും ചെയ്യും. ഇതിനെല്ലാം കൺസൾട്ടേഷനുണ്ട്. വെറുതെയല്ല, അങ്ങുമായും കൺസൾട്ട് ചെയ്യുന്നുണ്ട്. അങ്ങ് ഈ കമ്മിറ്റിയിലെ പ്രധാനപ്പെട്ട ആളാണ്. അങ്ങയെപ്പോലെതന്നെ ഈ സഭയിൽ അപ്പുറത്തും ഇപ്പുറത്തുമുള്ള നിരവധി എം.എൽ.എ. മാർ ഇതുമായി സഹകരിക്കുന്നുണ്ട്. സ്പോർട്സിന്റെ ഡേറ്റ് തീരുമാനിക്കാതിരുന്നതുകൊണ്ട് കമ്മിറ്റികൾ വിളിച്ചുകൂട്ടുന്നതിന് ആ സമയത്ത് കുറച്ചുവേഗത ഉണ്ടായിരുന്നു. അത് ഡേറ്റ് തീരുമാനിക്കാത്തതുകൊണ്ടാണ്. ഡേറ്റ് നമ്മളെല്ലാവരുംകൂടി ഒരുമിച്ച് തീരുമാനിച്ചു. ജനുവരി 31 മുതൽ ഫെബ്രുവരി 15 വരെയാണ് നാഷണൽ ഗെയിംസ് നടത്തുന്നത്. ഇനി ഇപ്പോൾ അതെല്ലാം സ്പീഡ് അപ് ചെയ്യത്തക്കവിധത്തിൽ എല്ലാം നല്ല ക്രമീകരണത്തിൽ പോകുകയാണ്. അങ്ങേയ്ക്ക് ഇതിനെക്കാൾ അപ്പുറത്ത് എന്തെങ്കിലും പുതിയ നിർദ്ദേശങ്ങളുണ്ടെങ്കിൽ ഒന്നുകിൽ കോഴിക്കോട് കമ്മി

റ്റിയിലെ ഏറ്റവും സജീവ പങ്കാളിത്തമുള്ള ആള്  എന്നുള്ള നിലയിൽ അവിടെയോ അതല്ല  ഇതിനെക്കാൾ  അപ്പുറത്തുള്ള എന്തെങ്കിലും നിർദ്ദേശമുണ്ടെങ്കിൽ ഇവിടെയോ എവിടെ വേണമെങ്കിലും  അങ്ങേയ്ക്കത് ഉന്നയിക്കാം. ഗവൺമെന്റിന് അക്കാര്യത്തിൽ വളരെ തുറന്ന മനസ്സോടുകൂടിയ സമീപനമാണുള്ളത്.  നമുക്ക് ഈ സ്പോർട്സ് വിജയിപ്പിക്കണം.  അതിനുവേണ്ടിയാണ് ശ്രമിക്കുന്നത്.  അതാണ് ഗവൺമെന്റ് എടുത്തിരിക്കുന്ന സ്റ്റാന്റ്.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, നാഷണൽ ഗെയിംസ് നടക്കുന്ന venue-കളിലൊന്നാണ് തൃപ്രയാർ ഇൻഡോർ സ്റ്റേഡിയം.  ശ്രീ. എ. പ്രദീപ്കുമാർ അതിന്റെ ഇൻഫ്രാസ്ട്രക്ചറുമായി ബന്ധപ്പെട്ട കാര്യമാണ് പറഞ്ഞത്.  അങ്ങ് പറഞ്ഞതുപോലെ നല്ല മോണിറ്ററിംഗ് നടക്കുന്നുണ്ട്.  നാഷണൽ ഗെയിംസിൽ പങ്കെടുക്കേണ്ട കേരളത്തിലെ വിവിധ ടീമുകളുണ്ട്.  ഉദാഹരണം ബോക്സിംഗിന് കേരളത്തിലിതുവരെ ടീമിനെ തെരഞ്ഞെടുത്തിട്ടില്ല.  വേണ്ട പരിശീലനം കൊടുത്തിട്ടില്ല.  അതിനുവേണ്ട ക്രമീകരണങ്ങളൊന്നും നടത്തിയിട്ടില്ല.  ബോക്സിംഗ് അസോസിയേഷന്റെ പ്രസിഡന്റ്പോലും രാജിവച്ച് പോയി.  അതുകൊണ്ട് നാഷണൽ ഗെയിംസിൽ പങ്കെടുക്കേണ്ട വിവിധ ഗെയിംസുകളുടെ  അസോസിയേഷനുകളുമായി.......... അങ്ങ് അടിന്തരമായി ഈ വിഷയത്തിലിടപെടണം.  ഇടപെട്ടില്ലെങ്കിൽ കേരള ടീമിന് പല ഗെയിമുകളിലും പങ്കെടുക്കാൻ കഴിയാതെ അന്യ സംസ്ഥാനക്കാർ മാത്രമാകും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രശ്നം അതല്ല.  ടീമിനെ സെലക്ട് ചെയ്യുന്നത് അസോസിയേഷനുകളാണ്.  അസോസിയേഷനുകളുടെ ആഭിമുഖ്യത്തിൽ സ്പോർട്സ് കൗൺസിലിനെയാണ്  ചുമതലപ്പെടുത്തിയിട്ടുള്ളത്.  അതിലൊരു അസോസിയേഷന്റെ  പ്രസിഡന്റായ അങ്ങുത

ന്നെയാണ് ഈ ചോദ്യം ചോദിച്ചുകൊണ്ടേയിരിക്കുന്നത്. അപ്പോൾ ഇവിടെ ഈ അസോസിയേഷനെ വളരെ അഡ്വാൻസായി ചെയ്യേണ്ടതുണ്ട്. കാരണം ഇവരൊക്കെ മറ്റുചില ഗെയിംസിൽ പങ്കെടുക്കാനുള്ള ആളുകളാണ്. അപ്പോൾ നമ്മളിവിടെ ക്യാമ്പ് ഓപ്പൺ ചെയ്താലുംശരി ആ ആളുകൾ ഇവിടെ വരണമെന്നില്ല. ജൂലൈ മാസത്തിൽ ഇതിനെക്കുറിച്ച് നമ്മൾ രണ്ടു പ്രാവശ്യം ചർച്ച നടത്തിയിട്ടുണ്ട്. ബാക്കിയുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അസോസിയേഷനുകളുടെ ആഭിമുഖ്യത്തിൽ സ്പോർട്സ് കൗൺസിൽ നേതൃത്വം കൊടുക്കുന്ന നല്ലരൂപത്തിൽ ഈ പ്രവർത്തനം മുന്നോട്ടുപോകും.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ പറഞ്ഞുവന്നത് .........

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയർ ഇന്ന് കാര്യമായി ഇടപെടുന്നില്ല. സംസാരിക്കാൻ പൂർണ്ണമായും വിട്ടുകൊടുത്തിരിക്കുകയാണ്. ശ്രീ. എ. പ്രദീപ്കുമാർ നൊയമ്പുണ്ടെന്നാണ് പറഞ്ഞത്.

ശ്രീ. എ. പ്രദീപ്കുമാർ: ഞാൻ ഇനി വഴങ്ങുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ എല്ലാം ഭാംഗിയായിട്ട് നടക്കണമെന്നുള്ള ആഗ്രഹം കൊണ്ട് പറഞ്ഞതാണ്. നമ്മളെല്ലാം ഒരുമിച്ചുതന്നെയാണ് അത് വിജയിപ്പിക്കാൻ ശ്രമിക്കുന്നത്. പക്ഷെ അതിന്റെ പ്രവർത്തനങ്ങളിൽ ചില പോരായ്മകളുള്ളതുകൊണ്ടാണ് ഞാൻ പറഞ്ഞത്. അങ്ങ് വരുന്നതിനുമുമ്പ് ഞാൻ പറഞ്ഞുകൊണ്ടിരുന്നത് തിരുവനന്തപുരം കാര്യവട്ടത്തെ സ്റ്റേഡിയത്തിലേയ്ക്ക് ആവശ്യമായ റോഡ് നിർമ്മാണത്തിന്റെ കാര്യമാണ്. ആ റോഡ് നിർമ്മാണത്തിന് യൂണിവേഴ്സിറ്റി തടസ്സം നിൽക്കുന്നു. ആ പ്രശ്നത്തിന് പരിഹാരമുണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഇതുപോലെതന്നെയാണ് കോഴിക്കോട്.......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറയുന്നത് എൽ.എൻ.സി.പി.-യുടെ ഗ്രൗണ്ടിന് തൊട്ടടുത്തുള്ള കാര്യവട്ടം യൂണിവേഴ്സിറ്റിയുടെ സ്ഥലത്തെക്കുറിച്ചാണ്. ആ റോഡ് സ്ട്രെയിറ്റൻ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഞാൻ പങ്കെടുത്ത മൂന്ന് യോഗങ്ങൾ ഇതിനകം നടന്നിട്ടുണ്ട്. ആ റോഡ് സ്ട്രെയിറ്റൻ ചെയ്ത്കിട്ടത്തക്കവിധത്തിലുള്ള നടപടിയുമെടുക്കുന്നുണ്ട്. ആ റോഡിന് തൊട്ടപ്പുറത്ത് റയിൽവേയുടെ ഒരു മേൽപ്പാലത്തിന്റെ പണികൂടി നടക്കണം. അത് സ്പീഡിൽ തീർക്കാനുള്ള പരിശ്രമത്തിലാണ്.

ശ്രീ. എ. പ്രദീപ്കുമാർ: ഇന്നും അതിന്റെ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. അതുകൊണ്ട് പറഞ്ഞതാണ്. അതുപോലെതന്നെ ദേശീയ ഗെയിംസിന്റെ സംഘാടനവുമായി ബന്ധപ്പെട്ട് ഈ സന്ദർഭത്തിൽ മറ്റൊരു വിമർശനംകൂടി എനിക്ക് ഉന്നയിക്കാനുണ്ട്. ദേശീയ ഗെയിംസിന്റെ വേദികൾക്ക് പേരിട്ടതുമായി ബന്ധപ്പെട്ടാണ്. ബഹുമാനപ്പെട്ട മന്ത്രി നേരിട്ടിടപെട്ടു എന്നല്ല പറയുന്നത്. നാഷണൽ ഗെയിംസ് സെക്രട്ടേറിയേറ്റോ ഉദ്യോഗസ്ഥരോ ആയിരിക്കാം. കോഴിക്കോട് ഫുട്ബോളിന്റെ വേദിക്ക് പി.കെ. ബാനർജിയുടെ പേരാണ് നൽകിയത്. പി.കെ. ബാനർജി പ്രശസ്തനായ ഇന്ത്യൻ ഫുട്ബോൾ താരമായിരുന്നു എന്നുള്ളതിനോട് അഭിപ്രായ വ്യത്യാസമൊന്നുമില്ല. അദ്ദേഹം കോച്ചായിരുന്നു. പക്ഷെ ഇന്ത്യൻ ഫുട്ബോളിന്റെ എക്കാലത്തേയും അഭിമാനമായ ഒരു താരം കോഴിക്കോട് നിന്നുണ്ട്. ഒളിമ്പ്യൻ റഹ്മാൻ - ഇന്ത്യൻ ഫുട്ബോളിൽ എക്കാലത്തേയും ഏറ്റവും മികച്ച നേട്ടം ഏതാണെന്ന് ചോദിച്ചാൽ 1956-ലെ മെൽബൻ ഒളിമ്പിക്സിൽ സെമി ഫൈനലിൽ നാലാം സ്ഥാനത്ത് എത്തിയതാണ്. അന്ന് ഇന്ത്യയെ പ്രതിനിധീകരിച്ച, ഇന്ത്യയുടെ ഏറ്റവും താരമൂല്യമുള്ള കളിക്കാരനായിരുന്നു ഒളിമ്പ്യൻ

റഹ്മാൻ. ആ ഒളിമ്പ്യൻ റഹ്മാന്റെ നാട്ടിൽ പി.കെ. ബാനർജി-യുടെ പേര് ഏക പക്ഷീയമായി പ്രഖ്യാപിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത് തികച്ചും തെറ്റിദ്ധാരണാ ജനകമാണ്. ഞാൻ ഒരു വാക്ക് പറയട്ടെ, അങ്ങയെപ്പോലുള്ള ആളുകൾ ഇതെല്ലാം അറിഞ്ഞിരിക്കണം. അങ്ങ് പറഞ്ഞ ബാനർജിയുടെ പേര് സ്റ്റേഡിയ ത്തിന് ചുറ്റുമുള്ള മുഴുവൻ സംവിധാനങ്ങളും ഉൾപ്പെടുന്ന പ്ലാസയുടെ പേരാണ്. അങ്ങിവിടെ സൂചിപ്പിച്ച ഒളിമ്പ്യൻ റഹ്മാന്റെ പേര് അവിടത്തെ കോർപ്പറേഷനുണ്ടാക്കിയ സ്റ്റേഡിയത്തിന് ഇടണം എന്നൊരു വാദഗതിയുണ്ടാ യിരുന്നു. അന്ന് ആ പേരിട്ടില്ല. കാരണം എന്താണെന്ന് അങ്ങേയ്ക്കറിയാം. ഞാനത് സൂചിപ്പിക്കുന്നുമില്ല. പക്ഷെ നമുക്ക് തർക്കം വേണ്ട. ഞങ്ങൾ ആ സ്റ്റേഡിയത്തിന് റഹ്മാന്റെ പേരിടാൻതന്നെ തീരുമാനിച്ചിരിക്കുകയാണ്. അതാണ് നടക്കാൻ പോകുന്നത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, സ്റ്റേഡിയത്തിന് പേരിടുന്ന കാര്യമല്ല പറഞ്ഞത്. സ്റ്റേഡിയങ്ങളിൽ ചിലതിന് നേരത്തെ പേരുണ്ട്. ഓരോ വേദി കൾക്കുമാണ് പേരിടുന്നത്. അത് ഗെയിംസിന്റെ സന്ദർഭത്തിൽ മാത്രമാണ് ആ പേര്. ബഹുമാനപ്പെട്ട മന്ത്രി അത് വളച്ചൊടിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പ്രദീപ് കുമാർ 26 മിനിറ്റായി.

ശ്രീ. എ. പ്രദീപ്കുമാർ: ഞാൻ അവസാനിപ്പിക്കുകയാണ്. സ്പോർട്സിനുവേണ്ടി പണം വകയിരുത്താത്തതുൾപ്പെടെയുള്ള കാര്യങ്ങൾ പറഞ്ഞപ്പോൾ ആ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പറഞ്ഞതാണ്. അതുപോലെതന്നെ സ്പോർട്സിനോടും കളിക്കാരോടും നമ്മുടെ ഗവൺമെന്റ് കാണിക്കുന്ന അവഗണനയുടെ പ്രശ്നമുണ്ട്. ഞാൻ ഇനി വഴങ്ങുന്നില്ല. നിങ്ങൾ തന്നെ പ്രസംഗിക്കുകയാണ്. അങ്ങയോട് എനിക്ക്

ബഹുമാനമുണ്ട് പക്ഷെ ഇപ്പോൾ വഴങ്ങിയാൽ ചെയറിനെ ധിക്കരിക്കലാകും. ഇവിടെ ഇഷ്ടംപോലെ പണം വാരിക്കോരി കൊടുക്കുകയാണെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. പണത്തിന് ഗവൺമെന്റിന് ബുദ്ധിമുട്ടില്ല, വരുമാനമുണ്ട്. ഒന്നിനും ഒരു ലോഭവുമില്ലാതെ പണം കൊടുത്തുകൊണ്ടിരിക്കുന്നു എന്നാണ് പറയുന്നത്. ദേശീയ സ്കൂൾ ഗെയിംസിലും അതുപോലെതന്നെ മറ്റ് ദേശീയ മത്സരങ്ങളിലും പങ്കെടുക്കുന്ന സ്കൂൾ കുട്ടികൾക്ക് വിദ്യാഭ്യാസ വകുപ്പ് സാധാരണ ക്യാഷ് അവാർഡ് കൊടുക്കാറുണ്ട്. അത് അങ്ങയുടെ വകുപ്പല്ല. രണ്ടുവർഷമായിട്ട് വിദ്യാഭ്യാസ വകുപ്പ് അത് കൊടുക്കുന്നില്ല. നിങ്ങൾക്ക് പണത്തിന് പ്രയാസമില്ലെങ്കിൽപ്പിന്നെ ബോധപൂർവ്വം കൊടുക്കാത്തതാണോ; ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെയില്ല. മറ്റെല്ലാ കാര്യങ്ങളും, നമ്മുടെ പെൻഷനുകളും ക്ഷേമപദ്ധതികളുമെല്ലാം അട്ടിമറിക്കപ്പെടുമ്പോൾ അതെല്ലാം ചർച്ച ചെയ്യപ്പെടുമ്പോൾ സ്പോർട്സിന്റെ കാര്യങ്ങൾ പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകുന്നു. ഇതുപോലെതന്നെ കഴിഞ്ഞ സ്പോർട്സ് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. വിജയകുമാർ ഒളിമ്പിക്സിൽ ഒരു സ്വർണ്ണമെന്ന സ്വപ്നം പറഞ്ഞു. തീർച്ചയായും അന്ന് സ്പോർട്സിന്റെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ് ചെയ്യാനുള്ള ശ്രമം ഉണ്ടായിരുന്നു. നമ്മുടെ കായികതാരങ്ങളെ, കുരുന്നിലേ അവരുടെ പ്രതിഭ കണ്ടെത്തി അവരുടെ കഴിവ് വികസിപ്പിക്കാനുള്ള പദ്ധതി അന്ന് ഗവൺമെന്റ് ആവിഷ്കരിച്ചിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ആ പദ്ധതികളിൽ പലതും തുടർന്നില്ല.

ഉദാഹരണമായി വിഷൻ ഇന്ത്യാ പ്രോജക്ട് എന്തായി? ഫുട്ബോൾ താരങ്ങളെ വളർത്തിയെടുക്കാൻ നമ്മുക്ക് ജർമനിയേയും ബ്രസീലിനേയും

അർജന്റീനയേയും രാജ്യങ്ങളിലെ ടീമുകളെയൊക്കെ വികസിപ്പിക്കാൻ ഉതകുന്ന വിഷൻ ഇന്ത്യാ പ്രോജക്ട് സ്കൂളുകൾ കേന്ദ്രീകരിച്ച് സംഘടിപ്പിച്ചതാണ്. അത് നല്ല നിലയിൽ നടന്നു. ആ പ്രോജക്ടിന്റെ ഭാഗമായി വന്ന കുട്ടികൾ ഇപ്പോൾ യൂറോപ്, അർജന്റീന രാജ്യങ്ങളിലെ ചില ക്ലബ്ബുകളിൽ പരിശീലനത്തിനായി സെലക്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതിന്റെ തുടർച്ച ഇപ്പോൾ ഉണ്ടാകാതെ അത് അവസാനിച്ചു. അത്‌ലറ്റിക്സിൽ ഒളിമ്പിക് സ്വർണ്ണം എന്നു പറയുമ്പോൾ, കേരളത്തിന് പ്രതീക്ഷ നൽകുന്ന ടിന്റുലൂക്ക ജെസി ജോസഫ്. എന്ന രണ്ടു പെൺകുട്ടികളുണ്ട്. ടിന്റു ലൂക്ക ഇന്ന് വേൾഡ് റാങ്കിംഗിൽ എട്ടാം സ്ഥാനത്താണ്. സന്നാഹമത്സരങ്ങളിൽ പങ്കെടുത്താണ് അവരുടെ ഗ്രേഡിംഗ് ഉയർത്തേണ്ടത്. കോമൺ വെൽത്ത് ഗെയിംസിൽ പങ്കെടുക്കാനായി ഇപ്പോൾ അവർ പോകുകയാണ്. ആ ഗെയിംസിൽ പോകുമ്പോൾ അതിനുമുന്നോടിയായി അയർലന്റിലും ഇംഗ്ലണ്ടിലും ഒക്കെയുള്ള സന്നാഹമത്സരങ്ങളിൽ അവർ പങ്കെടുക്കണം. സ്പോർട്സ് വകുപ്പ് കൈകാര്യം ചെയ്യുന്ന കേന്ദ്ര-സംസ്ഥാന ഭരണാധികാരികളുടെ അനാസ്ഥ കാരണം ആ കുട്ടിക്ക് ഇപ്പോൾ സന്നാഹമത്സരങ്ങളിൽ പങ്കെടുക്കാൻ പറ്റാത്ത സിറ്റ്വേഷൻ വന്നു. ടിന്റുലൂക്ക നമ്മുടെ രാജ്യത്തിന് അഭിമാനമാണെന്നും അക്കാര്യത്തിൽ ഞാൻ ഉടൻ ഇടപെടുമെന്നും ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രി മാധ്യമപ്രവർത്തകരോട് പറയുന്നത് ഞാൻ ടി.വി-യിൽ കണ്ടിരുന്നു. ഞാൻ മനസ്സിലാക്കിയത്, ഇതുവരെ അങ്ങനെയുള്ള ഒരു ഇടപെടൽ സ്പോർട്സ് വകുപ്പിൽ നിന്ന് ഉണ്ടായിട്ടില്ല. അവരുടെ യാത്ര മുടങ്ങിയെന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ. ജെസി ജോസഫ്, അവർ ഏഷ്യൻ ചാമ്പ്യൻ താരമാണ്. ഏഷ്യൻ മീറ്റിൽ പങ്കെടുത്ത് ഇപ്പോൾ ഗോൾഡ് മെഡലും വെള്ളി മെഡലും രണ്ടുനിലയിലും ഇൻഡിവിഡ്വലായി മെഡൽ വാങ്ങിച്ച് മൂന്നാഴ്ച

മൂമ്പാണ് കേരളത്തിൽ തിരിച്ചെത്തിയത്. ഒരാൾ പോലും ആ കുട്ടിയെ തിരിഞ്ഞുനോക്കാൻ ഉണ്ടായിരുന്നില്ല. ഞാൻ ഇക്കാര്യം പറയുന്നത് കുറ്റപ്പെടുത്താനല്ല; അങ്ങ് ഇക്കാര്യത്തിൽ ഇടപെടാനും ശ്രദ്ധിക്കാനുമാണ്. നമ്മുടെ സ്പോർട്ട്സ് വകുപ്പും സ്പോർട്സ് കൗൺസിലും ഡയറക്ടറേറ്റും ജാഗ്രതയോടുകൂടി ഇത്തരം കാര്യങ്ങളിൽ ഒരു ഇടപെടൽ ഉണ്ടാകണമെന്നു കൂടിയാണ് ഞാൻ പറഞ്ഞത്. നമ്മുക്ക് അതിന് ആവശ്യമായ പണം തരുന്നില്ല, ലഭിക്കുന്ന പണം ശരിയായ നിലയിൽ വിനിയോഗിക്കാവുന്ന സാഹചര്യം നമ്മുടെ സ്പോർട്സ് വകുപ്പിൽ ഇല്ല, അത് ശരിയായ നിലയിൽ വിനിയോഗി ക്കണം. മറ്റൊരു കാര്യം, കഴിഞ്ഞ ഗവൺമെന്റിന്റെ ആരോഗ്യ വകുപ്പുമന്ത്രി യായിരുന്ന ശ്രീമതി പി.കെ. ശ്രീമതി ടീച്ചറിന്റെ കാലത്താണ് ദക്ഷിണേന്ത്യ യിലെ ആദ്യത്തെ സ്പോർട്സ് മെഡിസിൻ ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് സ്ഥാപിച്ചത്. ആ ക്യാമ്പസ്സിൽ തറക്കല്ലും ഇട്ടു. അവിടെ ഒരു തസ്തികയും ഇതുവരെ അനുവദിച്ചില്ല, തസ്തിക സൃഷ്ടിക്കാൻ ഫിനാൻസ് വകുപ്പ് അനു വദിക്കുന്നില്ല, പോസ്റ്റിംഗും നടക്കുന്നില്ല. ദേശീയ ഗെയിംസുമായി ബന്ധപ്പെ ട്ടെങ്കിലും സ്പോർട്സ് മെഡിസിൻ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തന സജ്ജമാക്കുന്ന തിന് ഈ ഗവൺമെന്റ് തയ്യാറാകുമോ എന്ന് അറിയേണ്ടതുണ്ട്. അക്കാര്യത്തെ സംബന്ധിച്ച് ശ്രീ. കെ. എം. മാണിയാണ് മറുപടി പറയേണ്ടത്. ഞാൻ പ്രസംഗം അവസാനിപ്പിക്കാൻ പോകുകയാണ്. ഈ ഗവൺമെന്റിന്റെ എല്ലാ താളവും പിഴച്ചിരിക്കുകയാണ്. ഇവിടെ ചർച്ച നടന്നപ്പോൾ സ്പോർട്സിനെ ക്കുറിച്ച് ആരും ഒന്നും പറയാതിരുന്നതുകൊണ്ടാണ് ഞാൻ അതിനെ കുറച്ച് പറഞ്ഞത്. മറ്റെല്ലാവകുപ്പുകളുടെ ചർച്ചയിലും ഇതുപോലെതന്നെ വളരെ നീതിരഹിതമായി പക്ഷപാതിത്തം കാണിച്ച് ആവശ്യത്തിന് പണം നൽകാത്ത ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ യാഥാർത്ഥ്യമാക്കാത്ത ഒരുപാട് കഥകൾ ഇവിടെ

അവതരിപ്പിച്ചു. രാഷ്ട്രീയമായിട്ടുള്ള ധാർമ്മികതയും യു.ഡി.എഫ്.–ന് നേതൃത്വം കൊടുക്കേണ്ട കോൺഗ്രസ്സിന് നഷ്ടപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ദിവസം പത്രങ്ങളിൽ വായിച്ച ഒരു കാര്യം ഞാൻ പറയാം. ഞാൻ അത്ഭുതപ്പെട്ടു, അതിന്റെ ഒരു പ്രതികരണം പോലും ഇവിടെ ഉയർന്നുവന്നില്ല. ദേശീയ തൊഴി ലുറപ്പ് പദ്ധതിയുടെ പേര് മഹാത്മാഗാന്ധിയാണ്, അതിന്റെ പേര് കേന്ദ്ര ഗവൺമെന്റ് മാറ്റി. അത് പറയുമ്പോൾ അങ്ങ് എന്നെ തടയരുത്. ശക്തമായ ഒരു പ്രതികരണം ഉയർത്താൻ കോൺഗ്രസ്സിന്റെ ദേശീയ നേതൃത്വത്തിന് കഴി ഞ്ഞോ, നിങ്ങൾക്ക് ഗാന്ധിയുമായിട്ട് കടലും കടലാടിയും തമ്മിലുള്ള ബന്ധമേ ഉള്ളുവെന്ന് നമ്മുക്ക് പറയാം. എങ്കിൽപോലും ആ കാര്യം പറയേ ണ്ടവരല്ലേ നിങ്ങൾ? പുതിയ കേന്ദ്രഗവൺമെന്റ് വന്നപ്പോൾ ഗാന്ധി വധവു മായി ബന്ധപ്പെട്ട തെളിവുകൾ പലതും നശിപ്പിക്കപ്പെട്ടത് സി.പി.ഐ.(എം.) –ന്റെ എം.പി.യാണ് രാജ്യസഭയിൽ ഉന്നയിച്ചത്. തീർച്ചയായും കോൺഗ്രസ്സിന്റെ ആൾക്കാർ അതിനെ പിന്തുണച്ചിട്ടുണ്ടാകും. ഇങ്ങനെ അടിയിളകി, എല്ലാ രാഷ്ട്രീയ ധാർമ്മികതയും നഷ്ടപ്പെട്ട് കിടക്കുകയാണ്. ഇങ്ങനെ ഐഡിയോളജിയില്ലാത്ത, ഭരണത്തിനുള്ള സ്ഥിരതയില്ലാത്ത, ഒരു നിലയിലും കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത, കുത്തഴിഞ്ഞുകിടക്കുന്ന ഈ ഗവൺമെന്റിന്റെ ഫിനാൻസ് ബില്ലിനെ സപ്പോർട്ട് ചെയ്യാനുള്ള വിഷമമുള്ളതുകൊണ്ട് ശക്തമായി ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്.

ശ്രീ. എ. എം. ആരിഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014–ലെ കേരള ധനകാര്യ (2–ാം നമ്പർ) ബിൽ പൊതു ജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ

ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് ഞാൻ സി.ആന്റ്.എ.ജി. യുടെ ഫൈന്റിംഗ്സുമായി ബന്ധപ്പെട്ടുള്ള വിമർശനങ്ങൾ ഉന്നയിക്കാൻ വച്ച കുറേ കാര്യങ്ങൾ ശ്രീ. റ്റി. എൻ. പ്രതാപൻ ഇവിടെ ഉന്നയി ക്കുകയുണ്ടായി. ശ്രീ. കെ. എം. മാണിസാർ വരുന്നതിനുമുമ്പ് ഗവൺമെന്റിന്റെ വീഴ്ച്ചകളെ സംബന്ധിച്ച് ശ്രീ. റ്റി. എൻ. പ്രതാപൻ നല്ല തകർത്ത് സംസാരിച്ചു. ശ്രീ. കെ. എം. മാണിസാറിന്റെ വെട്ടം കണ്ടപ്പോൾ ശ്രീ. റ്റി. എൻ. പ്രതാപൻ ടൂൺ മാറ്റി, ശ്രീ. കെ. എം. മാണിസാറിനെ പുകഴ്ത്താൻ തുടങ്ങി. ഇതുതന്നെയാണ് കുറേകാലമായി ശ്രീ. കെ. എം. മാണിസാറിനെ വെട്ടിലിട്ടുകൊണ്ടിരിക്കുന്നത്. അപ്പുറത്ത് നടക്കുന്ന പ്രക്രിയ ഇതാണ്. ശ്രീ. കെ. എം. മാണിസാർ ഇരിക്കുമ്പോൾ ശ്രീ. കെ. എം. മാണി സാർ ധനകാര്യത്തിന്റെ മർമ്മാണിയാണ്, ശ്രീ. കെ. എം. മാണിസാറാണ് ഏറ്റവും വലിയ കാര്യം, അദ്ദേഹം മാന്ത്രികവിദ്യയെക്കുറിച്ച് പറയും. ഇങ്ങനെ വിധ്വാന്മാരെല്ലാവരും കൂടി അദ്ദേഹത്തെ പാടിപ്പാടി പുകഴ്ത്തി സുഖിപ്പിച്ച്, പതപ്പിച്ച്, എ.എസ്. എല്ലാം വാങ്ങിച്ചുകൊണ്ട് പോകും. അങ്ങനെ എ.എസ്. എല്ലാം വാങ്ങി ടെണ്ടർ ചെയ്ത് വർക്ക് എല്ലാം ചെയ്ത് പൈസ കൊടുക്കാൻ ഇല്ലാതെ വന്നപ്പോൾ അകത്ത് പുകഴ്ത്തലും പുറത്ത് പൂരപ്പാട്ടുമാണ്. ഇതൊന്നും ശ്രീ. കെ. എം. മാണിസാർ അറിയുന്നില്ല. അകത്ത് ഇപ്പോഴും കാണുമ്പോൾ പുകഴ്ത്തും പക്ഷേ പുറത്ത് പൂരപ്പാട്ടാണ്. പൈസ കൊടുത്താ ലല്ലേ വർക്ക് ചെയ്യാൻ പറ്റുകയുള്ളു. പൈസ കൊടുക്കാൻ കഴിയുന്നില്ല. ട്രഷറി പൂട്ടലും ധനകാര്യപ്രതിസന്ധികളും എല്ലാം വരുമ്പോൾ........... ശ്രീ. കെ. എം. മാണിസാറിന് ഒരു ഭാഗ്യമുണ്ട്. അത് എന്താണെന്ന് ചോദിച്ചാൽ, പല വഴിക്കുള്ള വിവാദങ്ങൾ പൊട്ടിപുറപ്പെടുവിക്കും. വിവാദങ്ങൾ എന്നുപറ ഞ്ഞാൽ ആ വിവാദങ്ങളുടെ ചിറകിൽ ഒളിക്കുക എന്ന ഒരു വലിയ ഭാഗ്യ

മാണ് ശ്രീ. കെ. എം. മാണിസാറിന് ലഭിക്കുന്നത്. മദ്യം, മന്ത്രിസഭാ പുന: സംഘടന, ബഹുമാനപ്പെട്ട സഭാനാഥൻ രാജിവയ്ക്കുന്നു എന്നുള്ള അഭ്യൂഹങ്ങൾ, പി.സി. ജോർജിന്റെ പാർട്ടി, ഇങ്ങനെയുള്ള പല വിവാദങ്ങളും ഉണ്ട്. ഈ വിവാദങ്ങളുടെ ചിറകിലേറി രക്ഷപ്പെടുന്നുവെന്നതാണ് രസകരമായ സംഭവം. യഥാർത്ഥത്തിൽ ഇത് ഉത്സവപ്പറമ്പിലെ ഒരു പണി യാണ്. ഇങ്ങനെ ഓരോന്നോരോന്നായി പി. സി. ജോർജും ഇക്കാര്യത്തിൽ വിവാദങ്ങളൊക്കെ ഉണ്ടാക്കുന്ന കാര്യത്തിൽ സഹായിച്ചുകൊടുത്ത് ഇണക്കം വരുമ്പോൾ സഹായിച്ചുകൊടുക്കുകയും പിണക്കം വരുമ്പോൾ വേറൊരു രീതിയിലും വരും. ഇതൊക്കെ ഇതിന്റെ പിന്നാലെ നടക്കുകയാണ്. അത് ഈ ഉത്സവപ്പറമ്പിലെ മാലപ്പറിക്കാരന്റെ പണിയാണ്. കാര്യം എന്താണെന്ന് വച്ചാൽ, ആന വിരണ്ടേ എന്ന് പറഞ്ഞ് ബഹളം വയ്ക്കുമ്പോൾ ആളുക ളെല്ലാം ഓടും. ഓടുന്ന വഴിയിൽ മാലപ്പറിക്കാരന്റെ പണി നടക്കുകയും ചെയ്യും. ഇങ്ങനെ ശ്രീ. കെ. എം. മാണിസാറിന്റെ ധനകാര്യ അത്ഭുതങ്ങൾ ഇങ്ങനെ അരങ്ങ് തകർക്കുമ്പോൾ, ഈ നിയമസഭ ചേരുന്ന ഘട്ടത്തിൽ, ഈ നിയമസഭാ കവാടത്തിനുമുന്നിലും സെക്രട്ടേറിയറ്റിന് മുന്നിലും പണം കിട്ടാ നുണ്ടെന്ന് പറഞ്ഞ് സമരം ചെയ്യാത്തവരായിട്ട് ആരെങ്കിലുമുണ്ടോ? അങ്ങ് ഇത് കാണുന്നുണ്ടോ? വാസ്തവത്തിൽ കരാറുകാർ, അവരുടെ 2000 കോടി രൂപ കിട്ടാനുണ്ടെന്ന് പറഞ്ഞുകൊണ്ട് അവർ സമരത്തിലാണ്. അൽപ്പം മുമ്പ് ചെയറിലിരുന്ന ശ്രീ. കെ. മുരളീധരൻ, അദ്ദേഹത്തിന്റെ സംഘടന ഉൾപ്പെടെ കരാരുകാർ പണം കിട്ടാനുണ്ടെന്ന് പറഞ്ഞ് സമരത്തിന് വന്നതാണ്. അങ്ങ് വരുന്നതിനുമുമ്പ് തന്നെ ശ്രീ. റ്റി. എൻ. പ്രതാപൻ മത്സ്യത്തൊഴിലാളി കുട്ടിക ളുടെ കുടുംബങ്ങൾക്ക് ലംപ്സംഗ്രാന്റ് കൊടുക്കുന്ന കാര്യം, ഇന്ന് പ്രഖ്യാപി

ക്കണം അവർ സമരത്തിലാണ് എന്ന് പറഞ്ഞിരുന്നു. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ വിധി നടപ്പിലാക്കണം, അതിന്റെ പൈസ കിട്ടാനുണ്ട് എന്ന് പറഞ്ഞുകൊണ്ടുള്ള സമരം, ആശാവർക്കേഴ്സ്, കയർതൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, കൃഷിക്കാർ, കെ.എസ്.ആർ.ടി.സി. പെൻഷൻകാർ അങ്ങനെ തുടങ്ങി സഭ നടക്കുന്ന വേളയിലെല്ലാം ശ്രീ. കെ. എം. മാണിസാറിന്റെ മഹാത്ഭുതങ്ങളെ സംബന്ധിച്ച് നമ്മൾ ഇവിടെ പറയുമ്പോൾ, പുറത്ത് പൈസ കിട്ടാനുള്ളവരെല്ലാം ഇതിന്റെ വാതിൽക്കൽ പൈസയും ചോദിച്ച് വന്ന് ക്യൂ നിൽക്കുന്ന കാഴ്ചയാണ് കാണുന്നത്. പൈസ കൊടുക്കാനുള്ള വരുടെ എല്ലാം ലിസ്റ്റ് അങ്ങ് പോക്കറ്റിലിട്ട് ഇരിക്കുന്ന ഈ സന്ദർഭത്തിൽ പഞ്ചാബി ഹൗസ് സിനിമയിലെ സീനാണ് എനിക്ക് ഓർമ്മ വരുന്നത്, അതിൽ ദിലീപ് പൈസ കൊടുക്കാനുള്ളവരുടെ എല്ലാം ലിസ്റ്റ് പോക്കറ്റിലിട്ട് വെള്ളത്തിൽ ചാടി. ദിലീപിനെ കടലിൽ നിന്ന് കിട്ടിക്കഴിഞ്ഞപ്പോൾ കൊച്ചിൻഹനീഫ ദിലീപിനെ കൊണ്ടുവന്ന് ഇടിക്കുമ്പോൾ ഹരിശ്രീ അശോകൻ പറയുന്നത് ഈ കിടക്കുന്നത് ആരാണെന്ന് അറിയാമോ മുതലാളി ഒരു പാടുപേർക്ക് പൈസ കൊടുക്കാനുള്ള വലിയൊരു കോടീശ്വരനാണ്. ശ്രീ. കെ. എം. മാണിസാറിനെ കാണുമ്പോൾ പൈസ കൊടുക്കാനുള്ള വരെക്കുറിച്ചാണ് എനിക്ക് ഓർമ്മ വരുന്നത്. ശ്രീ. കെ. എം. മാണിസാറിനെ പുകഴ്ത്തിക്കൊണ്ട് കഴിഞ്ഞ കാലയളവിൽ ഇവരെല്ലാം നടത്തിയ പദപ്രയോഗങ്ങൾക്ക് നികുതി ഏർപ്പെടുത്തിയിരുന്നെങ്കിൽ ഈ ഗവൺമെന്റിന്റെ പകുതി പ്രതിസന്ധി തീർന്നേനെ. അത്രത്തോളം പുകഴ്ത്തലുകൾ ഉണ്ടായിരുന്നു. ഇതെല്ലാം കേട്ട് നമ്മുടെ നാട് അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധിക്ക് ധനകാര്യ മാനേജ്മെന്റിനെ സംബന്ധിച്ച് അങ്ങ് തന്നെ പറഞ്ഞിട്ടുള്ള കാര്യങ്ങളൊക്കെ ഓർമ്മവരികയാണ്. വരവും ചെലവും നിയന്ത്രിച്ച്

വരവിനനുസരിച്ച് ചെലവ് ചെയ്യുകയും അതുപോലെ വരവ് വർദ്ധിപ്പിച്ച് ധന കാര്യ ഫണ്ടിൽ മിച്ച സംസ്ഥാനമായി കേരളത്തെ മാറ്റും, അങ്ങനെ മാറ്റുന്ന ധനഉത്തരവാദിത്ത നിയമമനുസരിച്ചുള്ള കാര്യങ്ങളിലേയ്ക്ക് എല്ലാം കേരളത്തെ കൊണ്ടുവരും അദ്ദേഹത്തിന്റെ പ്രഖ്യാപനങ്ങൾ സംബന്ധിച്ച മറു പടികളൊക്കെ ഉണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഒന്നും പോകു ന്നില്ല. ഇക്കാര്യങ്ങളെല്ലാം ഇവിടെ ശ്രീ. കെ. എം. മാണി ഇവിടെ പറഞ്ഞ താണ്. പക്ഷേ നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്നില്ല. ട്രഷറി പല തവണ പൂട്ടുകയാണ്. ഇതൊക്കെ ചെയ്യുമ്പോൾ നികുതി വരുമാനം വർദ്ധിപ്പി ക്കാൻ കഴിയാതെ പോയതിന്റെ കാരണങ്ങൾ ഇവിടെ ഓരോരുത്തരും നികുതി പിരിവ് നടക്കുന്നില്ല എന്നത് സംബന്ധിച്ച് പത്രങ്ങളിൽ വന്നിട്ടുള്ള ഓരോ വാർത്തകളും വാണിജ്യനികുതി 833 കോടി രൂപ പിരിച്ചില്ല എന്ന് സി.ആന്റ്.എ.ജി. പറഞ്ഞത് തുടങ്ങിയിട്ടുള്ള ................

<u>ശ്രീ. പാലോട് രവി</u>: സർ, ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി വാക്കുപാലിക്കാത്തതിനെക്കുറിച്ചാണ് പറഞ്ഞത്. അങ്ങനെ വാക്കുപാലി ക്കാത്ത ധനകാര്യ വകുപ്പുമന്ത്രിയെ കേരളത്തിൽ വിളിച്ചുകൂട്ടിയ ഏറ്റവും പ്രധാനപ്പെട്ട പ്ലീനത്തിലേയ്ക്ക് സി.പി.ഐ. (എം) ക്ഷണിച്ച് സംസാരിപ്പിച്ചതെ ന്തിനാണ്?

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, അതിൽ എന്താണ് തെറ്റ്? പത്ത് ബഡ്ജറ്റു കൾ അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീ. കെ. എം. മാണിക്ക് ഒരു കഴിവുമില്ല എന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല.

<u>ശ്രീ. പാലോട് രവി</u>: മാർക്സിസ്റ്റ് പാർട്ടിയുടെ പ്ലീനത്തിൽ വിളിച്ചു വരുത്തി അദ്ദേഹത്തെ പുകഴ്ത്തിയവരല്ലേ നിങ്ങൾ? കേരളത്തിൽ മാർക്സിസ്റ്റ് പാർട്ടിതന്നെ അദ്ദേഹം പ്രഗത്ഭനാണെന്ന് .......(മൈക്ക് ഓഫ്).......

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, മാർക്സിസ്റ്റ് പാർട്ടിയുടെ പ്ലീനത്തിലേയ്ക്കല്ല, പ്ലീനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ഒരു സെമിനാറിലാണ് വിളിച്ചത്. അത് ഇനിയും വിളിക്കും. നിങ്ങൾ എല്ലാവരുംകൂടി മാണി സാറിനെ പറഞ്ഞ് സുഖിപ്പിച്ച് കാര്യം സാധിച്ചുകൊണ്ടുപോയതും മാണി സാറിനെ വെട്ടിലാക്കിയ കാര്യവുമാണ് ഞാൻ പറഞ്ഞുകൊണ്ടിരുന്നത്. മാണി സാർ പ്ലീനത്തിൽ വരുന്നതിനും സംസാരിക്കാനും അർഹതയുള്ള ആളാണ്, അദ്ദേഹത്തിന് കഴിവും ഉണ്ട്. പക്ഷേ അദ്ദേഹത്തിന്റെ കഴിവുകളെ മുഴുവൻ തെറ്റിക്കുന്ന നിങ്ങൾ ഓരോരുത്തരായി അദ്ദേഹത്തെ സ്വാധീനിച്ച് വരവിനെക്കാൾ കൂടുതൽ കൊണ്ടുപോയി, അദ്ദേഹമിപ്പോൾ അതിന്റെ ആഘാത കെണിയിലാണ്. അതിന്റെ ഭാഗമായി കേരളമാകെ കെണിയിൽപ്പെട്ടു കിടക്കുന്നു എന്നതാണ് അവസ്ഥ.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): സർ, എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ ഡോ. ടി. എം. തോമസ് ഐസക് 5000 കോടിരൂപയുടെ സ്റ്റിമുലസ് പാക്കേജിന് എ.എസ്. കൊടുത്തില്ലായിരുന്നുവെങ്കിൽ എനിക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാകുമായിരുന്നില്ല. ഞാൻ അതും വഹിച്ച് ശ്വാസംമുട്ടി നടക്കുകയാണ്. എന്നിട്ടും നിത്യനിദാന ചെലവുകൾക്ക് ഒരു ബുദ്ധിമുട്ടും കൂടാതെ കാര്യങ്ങളെല്ലാം നിർവഹിച്ചുപോകുന്നുണ്ട്.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ 3500 കോടി രൂപയുടെ എ. എസ്. കൊടുക്കാൻ ബാക്കിയുണ്ടായിരുന്നു. നിങ്ങൾ അധികാരമൊഴിയുമ്പോഴും എ. എസ് കൊടുക്കാൻ ബാക്കിയുണ്ടാകും. അത് പുതിയ കാര്യമല്ല.

<u>ശ്രീ. എ. എം. ആരിഫ്:</u> സർ, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 3000 കോടിയിൽപ്പരം രൂപ ട്രഷറിയിലുണ്ടായിരുന്നു എന്ന് ശ്രീ. കെ. എം. മാണി തന്നെ ഇവിടെ രേഖാമൂലം സമ്മതിച്ചിട്ടുള്ള കാര്യമാണ്. ഇത് എല്ലാ കാലത്തും എല്ലാ ഗവൺമെന്റുകളും............ നേരത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ട്രഷറിയിൽ വലിയ ബാധ്യതയായിരുന്നു.

<u>ശ്രീ. ജി. സുധാകരൻ:</u> സർ, പോയിന്റ് ഓഫ് ഓർഡർ .......ഇവിടെ ശ്രീ. എ. കെ. ബാലൻ പറഞ്ഞതുപോലെ ഭരണം തുടർച്ചയായി വരുന്നതാണ്. മുമ്പ് അധികാരത്തിലിരുന്ന ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങളുടെ സാമ്പത്തികമായ ആഘാതം അടുത്ത ഗവൺമെന്റിന് തുടർച്ചയായി വരുന്നു. അത് സംബന്ധിച്ച് തർക്കിക്കുന്നത് ഓർഡറിൽ അല്ല. ശ്രീ. എ. കെ. ബാലൻ പറഞ്ഞതാണ് ശരി.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ഇതാണോ പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. പി.സി. ജോർജ്:</u> സർ, ഇവിടെ ശ്രീ. കെ. എം. മാണിസാറിനെക്കുറിച്ചുള്ള തർക്കത്തിന് പ്രസക്തിയില്ല എന്ന അഭിപ്രായമാണ് എനിക്കുള്ളത്. കാരണം പ്രതിപക്ഷ ഉപനേതാവായ ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. സി. ദിവാകരനും പറയുന്നത് ശ്രീ. കെ. എം. മാണി മുഖ്യമന്ത്രി ആകണമെന്നാണ്. പിന്നെന്തിനാണ് ശ്രീ. കെ. എം. മാണിയെ കുറ്റം പറയുന്നത്? അതുകൊണ്ട് ഈ ചർച്ച അവസാനിപ്പിച്ച് മറ്റ് കാര്യങ്ങൾ പറയണം.

ശ്രീ. എ. കെ. ബാലൻ: സർ, കുറ്റം പറയുന്നതല്ല. പ്രയോഗത്തിൽ വരുത്താൻ പറ്റില്ലെങ്കിൽപ്പോലും താത്വികമായി ശ്രീ. കെ. എം. മാണി മുഖ്യമന്ത്രിയാകണമെന്ന് ശ്രീ. പി. സി. ജോർജ്ജും പറയുന്നുണ്ട്. നമ്മളെല്ലാം പറയുന്നത് ഒന്നുതന്നെയല്ലേ?

ശ്രീ. എ. എം. ആരിഫ്: സർ, ശ്രീ. കെ. എം. മാണിയുടെ ധനകാര്യ വൈദഗ്ദ്ധ്യത്തെ സംബന്ധിച്ചുണ്ടായിരുന്ന സങ്കല്പങ്ങൾ ദിനംതോറും അട്ടിമറിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നാണ് ഞാൻ പറഞ്ഞത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണം അവസാനിച്ച് എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എത്ര കോടി രൂപയുടെ കടബാധ്യതയാണുണ്ടായിരുന്നത് എന്ന് ഇവിടെ രേഖയിൽ ഇല്ലേ? അതെല്ലാം ആ ഗവൺമെന്റ് കൊടുത്തുതീർത്തിട്ടല്ലേ തുടർച്ചയായി വന്നത്. ശ്രീ. കെ. എം. മാണി നേരത്തെ സ്റ്റിമുലസ് പാക്കേജിന്റെ കാര്യം പറഞ്ഞു. ആസ്തി വികസന ഫണ്ടായി 705 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതല്ലേ? മാണി സാർ ഇത് വെരിഫൈ ചെയ്യണം. ആസ്തി വികസന ഫണ്ടിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള ഒരു കോൺട്രാക്ടർക്കുപോലും പൈസ കൊടുത്തിട്ടില്ലെന്നാണ് എല്ലാ കോൺട്രാക്ടർമാരും പറയുന്നത്. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയായിട്ടുപോലും കൊടുക്കാൻ കഴിയുന്നില്ല. അപ്പോൾ ഇതാണ് നമ്മുടെ അവസ്ഥ; എങ്ങോട്ടാണ് നമ്മൾ പോകുന്നത്?

ശ്രീ. എം. ഹംസ: സർ, ആസ്തി വികസന ഫണ്ടുൾപ്പെടെ പി. ഡബ്ല്യു.ഡി. വർക്കുകൾക്ക് പെർഫോമൻസ് ഗ്യാരന്റിയായി മുമ്പ് ബാങ്ക് ഗ്യാരന്റി മതിയായിരുന്നു. എന്നാൽ ഇപ്പോൾ പണമായി ട്രഷറിയിൽ അടയ്ക്ക

ണമെന്ന് തീരുമാനിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നല്ലൊരു ധനകാര്യ വകുപ്പുമന്ത്രിയാണെങ്കിൽ ശ്രീ. കെ. എം. മാണി അത് തിരുത്തേണ്ടതല്ലേ?

ശ്രീ. എ. എം. ആരിഫ്: സർ, വർക്കുകൾക്ക് പെർഫോമൻസ് ഗ്യാരണ്ടിയായി പണം ട്രഷറിയിൽ അടയ്ക്കേണ്ടി വരുന്നതിനാൽ കോൺട്രാക്ടർമാർ വർക്ക് എടുക്കാനുള്ള സന്നദ്ധത കാണിക്കാതെ വരുമ്പോൾ അതെല്ലാം നമ്മുടെ അസറ്റ് ക്രിയേഷനെ ബാധിക്കുകയാണ്. സാമ്പത്തിക ഉന്നമനത്തിലേയ്ക്കുള്ള വഴി തുറന്നുകിട്ടുന്നത് ഗ്രാമീണ പാതകളുടെ വികസനത്തിലൂടെയാണെന്ന് മലയാള മനോരമയുടെ ആഭിമുഖ്യത്തിലുള്ള ബഡ്ജറ്റ് പ്രഭാഷണത്തിൽ സാമ്പത്തിക വിദഗ്ദ്ധൻ ശ്രീ. എം. ദാമോദരൻ അഭിപ്രായപ്പെടുകയുണ്ടായി. 'സാമ്പത്തിക ഉന്നമനം വരുന്നത് ഗ്രാമീണ പാതകളിലൂടെ' എന്ന് വലിയ ഹെഡിംഗോടെ ഇത് സംബന്ധിച്ച് മലയാള മനോരമയിൽ വിശദീകരിച്ചിട്ടുണ്ട്. ഇതുപോലുള്ള കാര്യങ്ങൾ നടക്കണമെന്നുണ്ടെങ്കിൽ പണം കൊടുക്കാതെ കഴിയില്ല. മുൻകാലങ്ങളിൽ ട്രഷറി പൂട്ടാതെ, കരാറുകാർക്ക് മൂന്ന് മാസത്തിൽ കൂടുതൽ സാമ്പത്തിക ബാധ്യതയില്ലാതെ ഇടപാടുകൾ തീർത്ത് ധനകാര്യ മാനേജ്മെന്റ് ചെയ്തതിനെ സംബന്ധിച്ച് വലിയ അത്ഭുതമല്ല, അതൊക്കെ സാധാരണ രീതിയിൽ നടക്കുന്ന കാര്യങ്ങളാണ് എന്നൊക്കെ അങ്ങ് ഇപ്പുറത്ത് ഇരുന്ന് പറഞ്ഞത് ഞാൻ ഓർക്കുകയാണ്. അങ്ങ് മഹാത്ഭുതങ്ങൾ കാണിക്കും എന്നുപറഞ്ഞിട്ട് ഇപ്പോൾ കേരളം വലിയ കടക്കെണിയിലേയ്ക്കാണ് പോകുന്നത്. ഏകദേശം ആളോഹരി കടം 16000 രൂപയാണ് ഒരു വ്യക്തിക്കെങ്കിൽ 25000 രൂപ കടക്കാരനായി കേരളത്തിലെ ഓരോരുത്തരും മാറിയെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് അങ്ങയുടെ സാന്നിദ്ധ്യത്തിൽ തന്നെ നടന്ന ചർച്ചയിൽ ധനകാര്യ വിദഗ്ദ്ധൻമാർ ചൂണ്ടി

ക്കാണിച്ചതാണ്. ഇത്തരത്തിലുള്ള അപകടാവസ്ഥയിലേയ്ക്കാണ് കേരളം പൊയ്ക്കൊണ്ടിരിക്കുന്നത്. വരുമാനമുണ്ടാക്കേണ്ട ചെക്പോസ്റ്റുകളുടെ കാര്യത്തിൽ, എൽ.ഡി.എഫ്.–ന്റെ ഭരണകാലവും യുഡി.എഫ്.–ന്റെ ഭരണകാലവും തമ്മിൽ ഒരു താരതമ്യ പഠനം നടത്തിയാൽ നേരത്തെ ചെക്പോസ്റ്റുകളിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരെല്ലാം ഓഫീസുകളിലേയ്ക്ക് ട്രാൻസ്ഫർ ലഭിക്കുന്നതിനുവേണ്ടിയാണ് സമ്മർദ്ദം ചെലുത്തിയിരുന്നത്. എന്നാൽ ഇപ്പോൾ ചെക്പോസ്റ്റിലേയ്ക്ക് ട്രാൻസ്ഫർ ലഭിക്കുന്നതിനാണ് സമ്മർദ്ദം ചെലുത്തുന്നത്. ട്രാൻസ്ഫർ ലഭിക്കുന്നതിനുവേണ്ടിയുള്ള കോഴക്കഥകളും പത്രങ്ങളിലൊക്കെ വന്നുകൊണ്ടിരിക്കുകയാണ്. ചെക്പോസ്റ്റുകളിലേയ്ക്ക് പോസ്റ്റിംഗ് വാങ്ങുന്നതിന്റെ ഉദ്ദേശം തന്നെ അവിടെ അഴിമതി നടത്തി സംസ്ഥാനത്തിന്റെ വരുമാനം കുറയ്ക്കുക എന്നതാണ്. മാതൃഭൂമി പത്രത്തിലെ മുഖപ്രസംഗത്തിന്റെ കുറച്ചുഭാഗം വായിക്കാം. 'വാളയാറിൽ പലപ്പോഴും ആറ് മണിക്കൂർ വരെ കാത്ത് കിടക്കേണ്ടി വരുന്നു, പാർക്കിംഗ് സൗകര്യമില്ല, രേഖകളെല്ലാം ശരിയാണെങ്കിലും കൈക്കൂലി നൽകേണ്ടി വരുന്നു എന്നിങ്ങനെ പോകുന്നു അവരുടെ വേവലാതികൾ. വാളയാറിലൂടെ മാത്രം പ്രതിദിനം 3000–ത്തോളം വാഹനങ്ങൾ കടന്നുപോകുന്നുണ്ട്. അവ പരിശോധിക്കാൻ സാധാരണ ഗതിയിൽ നാലോ അഞ്ചോ ഉദ്യോഗസ്ഥരേ ഉണ്ടാകൂ എന്ന് അവർ പറയുന്നു. സ്പിരിറ്റ് കടത്തും മറ്റും കണ്ടെത്താൻ ലോഡ് കുത്തി നോക്കുകയാണ് ചെയ്യുന്നത്. സ്കാനർ ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങളൊന്നുമില്ല' തുടങ്ങിയുള്ള കാര്യങ്ങൾ മാതൃഭൂമി പത്രത്തിന്റെ മുഖപ്രസംഗത്തിലുണ്ട്. സ്കാനർ സംവിധാനം നടപ്പാക്കുന്നത് സംബന്ധിച്ച് എത്രയോ പ്രാവശ്യം ഇവിടെ ചർച്ച ചെയ്തു. കഴിഞ്ഞ പ്രാവ

ശ്യവും ധനകാര്യ ബിൽ ചർച്ച ചെയ്യുന്ന ഘട്ടത്തിൽ ഡോ. ടി. എം. തോമസ് ഐസക് ഇടപെട്ട് ചർച്ച ചെയ്തപ്പോൾ സ്കാനർ സംവിധാനം ഉടനെ നടപ്പാക്കും എന്നാണ് പറഞ്ഞത്. നികുതി പിരിക്കാത്തത് സംബന്ധിച്ച് സി. ആന്റ് എ.ജി. തന്നെ പല ഘട്ടങ്ങളിലായി പറഞ്ഞിട്ടുണ്ട്. ഞാൻ നേരത്തെ കണക്ക് ഉദ്ധരിച്ചിരുന്നു, കൂടാതെ മറ്റുള്ളവരെല്ലാം പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. നമ്മുടെ സാമ്പത്തിക സ്ഥിതി സംരക്ഷിച്ചുനിർത്തേണ്ടത് എവിടെനിന്നാണ്? അസൂത്രണ ബോർഡാണ് ഇക്കാര്യത്തിൽ പ്രധാന പങ്ക് വഹിക്കേണ്ടത്. ആസൂത്രണ ബോർഡിനെ സംബന്ധിച്ച് അഴിമതിയാരോപണമുൾപ്പെടെ വലിയ പരാതിയാണ് വന്നുകൊണ്ടിരിക്കുന്നത്. അവരെന്ത് ആസൂത്രണമാണ് ചെയ്യുന്നത് എന്നത് അറിയില്ല. ആസൂത്രണ ബോർഡിലെ അഴിമതിയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട പത്ര വാർത്തകൾ വന്നിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ആസൂത്രണ ബോർഡിൽ നല്ല കോൺഫറൻസ് ഹാളും മറ്റെല്ലാ സൗകര്യങ്ങളുമുണ്ടെങ്കിലും അതൊന്നും ഉപയോഗിക്കാതെ ആസൂത്രണ ബോർഡുമായി ബന്ധപ്പെട്ട എല്ലാ യോഗങ്ങളും താജ് ഹോട്ടലിലാണ് ചേരുന്നത്. ചെലവ് ചുരുക്കുന്നത് സംബന്ധിച്ച് മാതൃക കാട്ടേണ്ടവരാണ് ഇങ്ങനെ ചെയ്യുന്നത്. പല യോഗങ്ങളും താജ് ഹോട്ടലിൽ ചേർന്നതായി പത്രവാർത്തകൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. ആരാണ് നമ്മുടെ സാമ്പത്തിക ആസൂത്രണം നിർവഹിക്കുന്നത്?

നേരത്തെ ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് കിട്ടിയ പരാതിയിന്മേൽ എടുത്ത ഏറ്റവും വലിയ നടപടി, ക്ഷേമ പെൻഷനുകൾ ലഭിക്കുന്നതിനുള്ള

വരുമാന പരിധി ഉയർത്തിയേ മതിയാകൂ. അതുകൊണ്ട് ഞങ്ങൾ 3,00,000–മായി ഉയർത്തുകയാണെന്ന് അദ്ദേഹം ഈ സഭയ്ക്കകത്ത് പറഞ്ഞപ്പോൾ അപ്പുറത്തുള്ള എല്ലാപേരും ചേർന്നുകൊണ്ട് കുറെ നേരം നീണ്ടുനിന്ന നിലയ്ക്കാത്ത കൈയടിയായിരുന്നു. . ഇപ്പോൾ അത് ഒരു ലക്ഷം രൂപയാക്കിയില്ലേ?. ക്ഷേമ പെൻഷനുകൾ കൊടുക്കാൻ അർഹതപ്പെട്ടവരെ കണ്ടെത്തിക്കഴിഞ്ഞപ്പോൾ പറയുന്നു, വീണ്ടും തുക വെട്ടിക്കുറച്ചിരിക്കുകയാണെന്ന്. ഇനി അർഹരായി കണ്ടെത്തിയവരെ പലരേയും അനർഹരായി കണ്ടെത്തേണ്ട സ്ഥിതിയിലേയ്ക്ക് പോകുകയാണ്. എവിടെയാണ് ഇതെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നത്?. ഒരു ഭാഗത്ത് പ്രഖ്യാപനം നടത്തുകയും മറുഭാഗത്ത് അത് പിൻവലിച്ചുകൊണ്ട് നടപ്പാക്കാതിരിക്കുക. ഭക്ഷണം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, പശ്ചാത്തല വികസനം എന്നീ രംഗങ്ങളിൽ സർക്കാരിന്റെ ഓരോ കാര്യങ്ങളുമെടുത്ത് നോക്കിയാൽ,... ഭക്ഷണം, പൊതുവിതരണ സമ്പ്രദായം, പൊതുവിതരണ സമ്പ്രദായത്തിൽ നമുക്ക് ഉണ്ടായിട്ടുള്ള സംഭവങ്ങൾ ഓരോ ദിവസവും അടിയന്തിര പ്രമേയമായി വരികയാണ്. പൊതുവിപണിയിലെ വില നിലവാരം അനുദിനം കുതിച്ചുയരുകയാണ്. വിപണിയിലിടപെടൽ കാര്യക്ഷമമായ നിലയിൽ നടക്കുന്നുണ്ടോ? എല്ലാ സാധനങ്ങൾക്കും തീ വിലയായി. ഈ ഗവൺമെന്റ് വന്നതിനുശേഷം പാർപ്പിട പദ്ധതിയുമായി ബന്ധപ്പെട്ടു എത്ര വീടുകൾ വച്ച് കൊടുത്തിട്ടുണ്ട്? ഞാൻ കഴിഞ്ഞ നിയമ സഭാ സമ്മേളനത്തിൽ ചോദ്യം ചോദിച്ചപ്പോൾ ഗവൺമെന്റ് പാർപ്പിട പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു വീടുപോലും വച്ചിട്ടില്ല. അപ്പോൾ പാർപ്പിടവും ഭക്ഷണവുമില്ല. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് ആർ.എസ്.ബി.വൈ–

യിലേയ്ക്ക് നമ്മുടെ ഷെയർ കൊടുക്കാത്തതുകൊണ്ട് കമ്പനികൾക്ക് പൈസ കൊടുക്കാത്തതുകൊണ്ട് പല ആശുപത്രികളിലും മരുന്നും ഇൻഷുറൻസു മായി ബന്ധപ്പെട്ട് കിട്ടിക്കൊണ്ടിരുന്നതുപോലും കിട്ടാതെയായി. ചേർത്തല ആശുപത്രിയുമായി ബന്ധപ്പെട്ട ഒരു യോഗം അവിടത്തെ എം.പി. കഴിഞ്ഞ ദിവസം വിളിച്ച് ചേർത്തു. പക്ഷേ ഇതുവരെയും പരിഹരിക്കപ്പെട്ടിട്ടില്ല. ഷെയർ കൊടുക്കാത്തതുകൊണ്ട്.ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ കിട്ടി ക്കൊണ്ടിരിന്ന ആനുകൂല്യം നഷ്ടമായി. അതുപോലെ വിദ്യാഭ്യാസം. വിദ്യാഭ്യാസത്തെപ്പറ്റി ചർച്ചചെയ്യാത്ത ഒരു ദിവസം സഭയിൽ ഉണ്ടായി ട്ടുണ്ടോ? എന്നും കുളമായിക്കിടക്കുന്ന ഒരു വകുപ്പായി വിദ്യാഭ്യാസ വകുപ്പ് മാറി. ഇനി തൊഴിൽ രംഗമെടുക്കാം, ചെലവുകളെല്ലാം വെട്ടിക്കുറയ്ക്കുന്ന തിന് വേണ്ടി നിയമന നിരോധനവും അതുപോലെ പോസ്റ്റ് ക്രിയേഷനും എല്ലാ തലങ്ങളിലുമുള്ള നിയമനങ്ങളും നിരോധിപ്പെട്ടിരിക്കുകയാണ്. പശ്ചാ ത്തല വികസനം ഇനി നടക്കുകയില്ല. പൈസ കൊടുക്കാതെ ഒരു കാര്യവും നടക്കുകയില്ല. കടമെടുത്തുകൊണ്ടാണ് ഭരിച്ചുകൊണ്ടിരിക്കുന്നത്. കടമെടു ക്കുകായെന്നു പറഞ്ഞു കഴിഞ്ഞാൽ, വികസനത്തിനുവേണ്ടി കടമെടുക്കാം. പക്ഷേ നിത്യനിദാനച്ചെലവിനുവേണ്ടി .ഓരോ മാസവും ആയിരം കോടി രൂപാ വീതം കടമെടുക്കേണ്ടിവരുന്ന അവസ്ഥിയിലേയ്ക്ക് എത്തിയിരിക്കുക യാണ്. പശ്ചാത്തല വികസനം നടക്കുമോ? സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഒരു ഗവൺമെന്റിന്റെ മുഖമുദ്രയാണ്. ആ സാമൂഹ്യക്ഷേമ പെൻഷനുകൾ കുടിശ്ശികയായി കിടക്കുന്നു. എന്തു ഭരണമാണ് ഇവിടെ നടക്കുന്നത്?. ഐ. എ.എസു–കാർ തമ്മിലുള്ള തർക്കമാണോ ഭരണം? ഐ.എ.എസുകാർ തമ്മി ലുള്ള പ്രശ്നങ്ങൾ, ബാർ പ്രശ്നത്തിലുള്ള അന്യോന്യമുള്ള ഏറ്റുമുട്ടൽ, മന്ത്രിസഭാ പുന:സംഘടനയെക്കുറിച്ചുള്ള ചർച്ചകളും വിവാദങ്ങളും

ഡൽഹിക്ക് പോക്കും അതിന്റെ പേരിലുള്ള പ്രശ്നങ്ങളുമാണോ ഭരണം? അതുപോലെ ഹയർ സെക്കന്ററി അനുവദിക്കുമെന്നും ഒരു പഞ്ചായത്തിൽ ഒരെണ്ണം വീതം കൊടുക്കുമെന്നും അതിനെപ്പറ്റിയുള്ള തർക്കങ്ങളും വിവാദ ങ്ങളും ഉണ്ടാക്കുന്ന പ്രശ്നങ്ങൾ, സലിം രാജും മറ്റുള്ളവരുമുൾപ്പെട്ടിട്ടുള്ള ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇവയൊക്കെയൊണോ ഭരണം? ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത പ്രശ്നങ്ങൾക്ക് നടുവിൽ നിൽക്കുന്ന ഒരു ഗവൺമെന്റിന്. ജനങ്ങളുടെ ഏതെങ്കിലും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമോ? അതുകൊണ്ട് ഈ ഗവൺമെന്റിന്റെ എല്ലാ ധന നിർദ്ദേ ശങ്ങളോടും യോജിക്കാനോ അംഗീകരിക്കാനോ കഴിയില്ല അതുകൊണ്ട് ഞാൻ എന്റെ ഭേദഗതി ശക്തയായി മൂവ് ചെയ്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, സബ്ജറ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജറ്റു കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ ധനമന്ത്രിയെക്കുറിച്ച് പറഞ്ഞു, എ.എസുകൾ എല്ലാം മേടിച്ചു കൊണ്ട് പോകുന്നുവെന്നാണ് ശ്രീ. ആരിഫ് ഇവിടെ സൂചിപ്പിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തും ഏറ്റവും കൂടു തൽ എ.എസുകൾ കിട്ടിയ ഒരു എം.എൽ.എ. ശ്രീ. ആരിഫാണ്. അതു കൊണ്ട് ഇക്കാര്യത്തിൽ അങ്ങ് ഒരു എക്സ്പേർട്ടാണ് എന്നതിൽ ഞങ്ങൾക്ക് സംശയമില്ല. അങ്ങയുടെ അത്രയും ഒരു എക്സപെർട്ടൈസ് ഈ കാര്യ

ത്തിൽ ഞങ്ങൾക്കാർക്കും ആർജ്ജിക്കാൻ കഴിഞ്ഞിട്ടില്ലായെന്നുള്ള കാര്യം അങ്ങയെ ഓർമ്മപ്പെടുത്തുകയാണ്. നികുതി വരുമാനത്തെക്കുറിച്ച് സ്ഥിരമായി പറയുന്നു, നികുതി വരുമാനം കുറഞ്ഞു, നികുതി വരുമാനമില്ല, വരുമാനം പോയി, മാണി സാർ പണം പിരിക്കുന്നില്ല എന്നൊക്കെ പറഞ്ഞ് പറഞ്ഞ് പോകുകയാണ്. 2012–2013–ൽ 26,000 കോടിരൂപയായിരുന്നു വാണിജ്യ നികുതി അടവ്. ബഡ്ജറ്റ് എസ്റ്റിമേറ്റ് അടുത്ത വർഷത്തിലേത് 54,000 കോടി രൂപയാണ്. ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ അത്രയും വന്നിട്ടില്ല. പക്ഷേ 26,000 കോടിയിൽ നിന്ന് 49,000 കോടിയിലേയ്ക്ക് വരുമാനം വർദ്ധിച്ചു. ഏത് കാലഘട്ടത്തിലാണീ വർദ്ധനവെന്ന് ഓർക്കണം. ലോകത്തെല്ലായിടത്തും സാമ്പത്തിക മാന്ദ്യം അനുഭവപ്പെട്ട ഒരു കാലഘട്ടത്തിൽ നമ്മുടെ രാജ്യത്താകമാനം സാമ്പത്തിക മാന്ദ്യം അനുഭവപ്പെട്ട ഒരു കാലഘട്ടത്തിൽ. ജനങ്ങളുടെ കൈയിൽ പണമില്ലാതെ വന്ന ഒരു കാലഘട്ടം. ആ കാലഘട്ടത്തിലാണ് 26,000 കോടിയിൽ നിന്ന് 49,000 കോടി രൂപയായി വാണിജ്യ നികുതിയിനത്തിലെ വരുമാനം മാത്രം വർദ്ധിച്ചതെന്ന കാര്യം മറന്നുകൊണ്ട് മുന്നോട്ടുപോകുവാൻ കഴിയുമോ? വരുമാനം വർദ്ധിപ്പിക്കണം. ചെലവുകൾ കുറയ്ക്കണം. പക്ഷേ ഇനിയും നമ്മൾ കൂടുതൽ ശ്രദ്ധിച്ചില്ലെങ്കിൽ നമുക്ക് മുന്നോട്ട് പോകാൻ കഴിയില്ല. നമ്മൾ പ്രത്യേകമായ ഒറ്റപ്പെട്ട ഒരു തുരുത്തിലല്ലോ. നമുക്ക് രാജ്യത്തെമ്പാടും നടക്കുന്ന മാറ്റങ്ങൾക്കനുസൃതമായി മാത്രമേ നമ്മുടെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഈ വാണിജ്യ നികുതി വർദ്ധനവ് റബ്ബർ വിലയിടിവിന്റെ ഒരു കാലഘട്ടത്തിലാണ് ഉണ്ടാക്കിയതെന്നുള്ള കാര്യം പ്രത്യേകം നമ്മൾ സ്മരിക്കേണ്ടതല്ലേ. നമ്മുടെ വരുമാനത്തിന്റെ സിംഹഭാഗവും സംസ്ഥാനത്തിനകത്ത് നിന്നുണ്ടാക്കുന്ന വരുമാനത്തെപ്പോലെ തന്നെ, കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള വരുമാനവും

പല പല കേന്ദ്ര പദ്ധതികളിൽ നിന്നുള്ള വരുമാനവുമില്ലേ ? കഴിഞ്ഞ കാല ങ്ങളിൽ കേന്ദ്രത്തിൽ നിന്ന് ലഭിച്ചിരുന്ന അത്രയും സഹായം കേന്ദ്രത്തിൽ നിന്ന് നമുക്ക് പ്രതീക്ഷിക്കാൻ കഴിയുമോ? കേന്ദ്രത്തിന്റെ മനോഭാവമെന്താ ണെന്ന് അവരുടെ രണ്ട് ബഡ്ജറ്റിൽ നിന്ന് നമുക്ക് ബോധ്യമായി. റയിൽവേ ബഡ്ജറ്റും കേന്ദ്രബഡ്ജറ്റും വന്നു. രണ്ട് ബഡ്ജറ്റിലൂടെയും കേന്ദ്ര ഗവൺമെന്റിന്റെ നയമെന്താണെന്നും സാമ്പത്തിക കാഴ്ചപ്പാടെന്താണെന്നും സംസ്ഥാനങ്ങളോട് കാണിക്കുന്ന സമീപനത്തെ സംബന്ധിച്ചും വ്യക്തമായ ഒരു ധാരണയുണ്ടായി. അതുകൊണ്ട് തന്നെ മുൻ കാലങ്ങളിൽ ലഭിച്ചു കൊണ്ടിരുന്ന അത്രയും ഗ്രാന്റായിട്ടോ, പദ്ധതി വിഹിതങ്ങളായിട്ടോ, എക്സൈസ് ഡ്യൂട്ടിയുടെ വിഹിതമായിട്ടോ നമുക്ക് ലഭിക്കാനുള്ള സാധ്യത കുറഞ്ഞുവരുന്നുവെന്നുള്ള യാഥാർത്ഥ്യം മറന്നുകൊണ്ട് മുന്നോട്ട് പോകു വാൻ സാധ്യമല്ല. . കേന്ദ്ര ബഡ്ജറ്റ് വന്നപ്പോൾ സാമ്പത്തിക രംഗമാകമാനം നല്ല പാതയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ഒരു വലിയ സുധീരമായ ചുവ ടുവയ്പ്പാണെന്നാണ് മാധ്യമങ്ങളൊക്കെ പറഞ്ഞത്. അതായത് കഴിഞ്ഞ യു. പി.എ ഗവൺമെന്റിന്റെ കാലത്ത് സാമ്പത്തിക രംഗമൊക്കെ പാളംതെറ്റിയാണ് പോയ്ക്കൊണ്ടിരുന്നത്. ഇപ്പോൾ അത് പാളത്തിലേയ്ക്ക് വന്നിരിക്കുന്നു വെന്നുമാണ് എല്ലാ പത്രങ്ങളിലും ഇതിനെപ്പറ്റിവന്ന വാർത്തകൾ. മലയാള മനോരമയുടെ എഡിറ്റോറിയലാണിത്. ഇൻഡ്യയെ സാമ്പത്തിക വളർച്ചയു ടെ പാതയിലേയ്ക്ക് മടക്കിക്കൊണ്ട് വരാനുള്ള ആദ്യ കുതിപ്പ് നരേന്ദ്രമോദി സർക്കാരിന്റെ കന്നി ബഡ്ജറ്റിലുണ്ടാവുമോയെന്നതായിരുന്നു. സാമ്പത്തിക വളർച്ചയുടെ പാതയിലല്ലായിരുന്നു കഴിഞ്ഞ യു.പി.എ. ഗവൺമെന്റ് എന്നുള്ളത് വ്യക്തമല്ലേ. കേരള കൗമുദി □നരേന്ദ്രമോദി സർക്കാരിന്റെ കന്നി ബഡ്ജറ്റിൽ രാജ്യത്തെ ബാധിച്ച സാമ്പത്തിക രോഗങ്ങൾക്കുള്ള പുതിയ

ചികൽസാ പദ്ധതികൾ□ അതിനെക്കുറിച്ചാണ് പറയുന്നത്. രോഗ ഗ്രസ്തമായിരുന്നു നമ്മുടെ സാമ്പത്തിക രംഗം. പുതിയ മോഡി സർക്കാരിനെ നമ്മൾ വാഴ്ത്തുന്നതിൽ കുഴപ്പമൊന്നുമില്ല. പക്ഷേ യാഥാർത്ഥ്യങ്ങളെ യാഥാർത്ഥ്യങ്ങളായി കണ്ടുകൊണ്ടല്ലേ നമുക്ക് മുന്നോട്ട് പോകാൻ കഴിയുകയുള്ളൂ. നമ്മുടെ രാജ്യം കഴിഞ്ഞ വർഷം 5.40 ശതമാനം സാമ്പത്തിക വളർച്ച നേടിയ ഒരു രാജ്യമാണ്. ലോകത്തിലെ എത്ര രാജ്യങ്ങൾ സാമ്പത്തിക വളർച്ച നേടി, വികസിത രാജ്യങ്ങൾ....... അധികം ഞാൻ വഴങ്ങുകയില്ല. അതുകൊണ്ട് എന്തെങ്കിലും ഉണ്ടെങ്കിൽ ഇപ്പോൾ തന്നെ ചോദിക്കണം.

<u>ശ്രീ.എ.എം. ആരിഫ്</u>: സർ, പോവർട്ടി ഇൻഡക്സ്സ് പ്രകാരം ദരിദ്ര രാജ്യങ്ങളുടെ പട്ടികയിൽ 131-ാം സ്ഥാനമാണ് ഇൻഡ്യക്കുള്ളതെന്നുള്ള വിവരം അങ്ങയ്ക്ക് അറിയാമോ?

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, ഞാൻ അതിലേയ്ക്ക് വരാം. നിങ്ങൾ ഇപ്പോഴും കോൺഗ്രസ്സിനെ എങ്ങനെ ആക്രമിക്കാമെന്നുള്ളതാണ് നോട്ടം. ഈ മാധ്യമങ്ങളും നൽകുന്ന സൂചന അതാണ്. മോദിയെ വാഴ്ത്തുന്നതിലല്ല, കോൺഗ്രസ്സിനെ ആക്രമിച്ച് മോദിയെ ശക്തിപ്പെടുത്തുകയെന്നതാണ്. ആ ഒരു സൂചനയാണ് താങ്കളിൽ നിന്ന് ഇപ്പോൾ വന്നത്. 5.40% വളർച്ച ലോകത്തിലെ എത്ര രാജ്യങ്ങൾക്ക് ആ വളർച്ചാനിരക്ക് വരുത്തുവാൻ കഴിഞ്ഞു? വികസിതരാജ്യങ്ങളായ യൂറോപ്യൻ രാജ്യങ്ങൾ പോലും ആ നിലയിലേയ്ക്ക് വന്നില്ല. നമ്മളെക്കാലും മുൻപിൽ ചൈനയുണ്ട്. 7%-ൽ അധികം വളർച്ച നേടിയ ഒരു രാജ്യം.

പക്ഷേ, സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടേറിയ, ലോക സാമ്പത്തിക രംഗത്താകമാനം അമേരിക്ക ഉൾപ്പെടെയുള്ള വികസിത രാജ്യ

ങ്ങളിൽ സാമ്പത്തിക മാന്ദ്യവും സ്തംഭനവുമൊക്കെ ഉണ്ടായ കാലഘട്ടത്തിൽ 5.4 ശതമാനം വളർച്ച നമ്മൾ നേടിയെങ്കിൽ സാമ്പത്തികമായ മാനേജ്മെന്റ് റല്യൂമശഹ ആയിപ്പോയെന്ന് എങ്ങനെ പറയാൻ കഴിയും? അങ്ങനെ അടച്ചാക്ഷേപിക്കേണ്ട കാര്യമുണ്ടോ? കോൺഗ്രസ് തോറ്റെന്നുള്ളത് ശരിയാണ്. ഞങ്ങൾക്ക് കുറച്ച് ബുദ്ധിമുട്ടുകളുണ്ടായി. യഥാർത്ഥത്തിൽ ഏറ്റവും കൂടുതൽ സബ്സിഡി കൊടുക്കുന്നത് ഫുഡ്, ഫ്യുവൽ, എംപ്ലോയ്മെന്റ് എന്നീ 3 മേഖലകളിലാണ്. ഫുഡ് സബ്സിഡി കുറച്ചിട്ടില്ലല്ലോ? റേഷൻ സബ്സിഡി വർദ്ധിപ്പിച്ചതല്ലാതെ ഫുഡിന്റെ സബ്സിഡി കുറച്ചില്ല. എംപ്ലോയ്മെന്റിനെക്കുറിച്ച് പറഞ്ഞാൽ, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലാണ് എംപ്ലോയ്മെന്റ് സബ്സിഡി ഏറ്റവും കൂടുതലുള്ളത്. അതിന്റെ പേര് മാറിയെന്ന് ആരാണ് നിങ്ങളോട് പറഞ്ഞത്? എവിടെയെങ്കിലും ആരെങ്കിലും എന്തെങ്കിലും പറയുന്നത് കേട്ട് യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാതെ വസ്തുതാവിരുദ്ധമായി പേര് മാറിയെന്ന് പറയുകയാണ്. ശ്രീ. റ്റി.എൻ. പ്രതാപൻ പറയുന്നതാണ് ശ്രീ. കോടിയേരി ബാലകൃഷ്ണന് വേദവാക്യമെന്ന് ഞാൻ കരുതുന്നില്ല. അങ്ങയെ പോലൊരാൾ ശ്രീ. റ്റി.എൻ. പ്രതാപനെ ഉദ്ധരിച്ചുകൊണ്ട് തെറ്റായ കാര്യങ്ങൾ നിയമസഭയിൽ പറയരുത്. അങ്ങ് പോളിറ്റ് ബ്യൂറോ മെമ്പറാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ ഫുഡ് സബ്സിഡി വെട്ടിക്കുറച്ചിട്ടില്ലെന്ന് പറഞ്ഞു. നിങ്ങൾ ഭക്ഷ്യ സുരക്ഷാ നിയമം പാസ്സാക്കി. അതിന്റെ നേട്ടമായി അവകാശപ്പെടുന്നത് ഒട്ടേറെപേർക്ക് ഭക്ഷ്യധാന്യം കൂടുതൽ കൊടുക്കാൻ സാധിക്കുമെന്നുള്ളതാണ്. ചോദ്യം കുറച്ചോ ഇല്ലയോ എന്നുള്ളതല്ല; കൂട്ടിയിട്ടുണ്ടോ എന്നുള്ളതാണ്. മുമ്പുള്ള അതേ ഭക്ഷ്യ സബ്സിഡിയാണ് ഇപ്പോഴും ഉള്ളത്.

Minister for Home and Vigilance (Shri Ramesh Chennithala): World over, all Countries reduce the subsidies. Do you agree with that?

ഡോ. ടി. എം. തോമസ് ഐസക്: ലോകം മുഴുവൻ അങ്ങനെയായാലും ഇൻഡ്യ, ഇൻഡ്യ തന്നെയല്ലേ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഇപ്പോൾ എല്ലാവർക്കും ഒരു കാര്യം മനസ്സിലായല്ലോ. ഭക്ഷ്യ സബ്സിഡി കൂട്ടിയിട്ടില്ലെന്നാണ് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത്. എംപ്ലോയ്മെന്റിന്റെ കാര്യത്തിൽ, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ വലിയ തോതിൽ വർദ്ധനവുണ്ടാക്കി. അസെറ്റ് ക്രിയേറ്റ് ചെയ്തോ ഇല്ലയോ എന്നുള്ളത് വേറെ ചോദ്യം. ഇൻഡ്യയുടെ സാമ്പത്തിക വളർച്ചയുടെ നല്ല ഫലങ്ങൾ ഗ്രാമീണ മേഖലയിലെ പാവപ്പെട്ടവന് ലഭിക്കുന്ന, യു.പി.എ. ഗവൺമെന്റിന്റെ ളഹമഴവെശു ുൃീഴൃമാാല ആണത്. അതിന് സബ്സിഡി കൂട്ടി, കൂടുതൽ തുക വകയിരുത്തി. ഗ്രാമീണ മേഖലയിലെ പട്ടിണി മാറ്റുന്നതിനും തൊഴിലില്ലായ്മ അകറ്റുന്നതിനും കേന്ദ്രഗവൺമെന്റ് ഊന്നൽ കൊടുത്തത് ഏറ്റവും പ്രധാനമായി മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലാണ്. നമ്മൾ ഫ്യുവൽ സബ്സിഡിയുടെ കാര്യത്തിൽ കുറവ് വരുത്തിയതിനെക്കാൾ കൂടുതൽ റാഷണലൈസ് ചെയ്യാനുള്ള ശ്രമം നടത്തി. തീർച്ചയായും അത് എതിർപ്പ് വരുത്തിയിട്ടുണ്ട്. ജനങ്ങൾക്ക് പ്രായോഗികമായ ബുദ്ധിമുട്ടും പ്രയാസവും ഉണ്ടായപ്പോൾ ജനങ്ങൾക്ക് എതിർപ്പുണ്ടായി. ആ എതിർപ്പിനെ മുതലാക്കി അധികാരത്തിൽ വന്ന ഗവൺമെന്റ് ഇപ്പോൾ ഫ്യുവൽ സബ്സിഡി വീണ്ടും കുറയ്ക്കുകയല്ലേ? റാഷണലൈസ് ചെയ്തത് മാറ്റി, തിരുത്തി പഴയ നിലയിലേയ്ക്ക് കൊണ്ടുവരാൻ അവർ തയ്യാറായിട്ടുണ്ടോ? ഞാൻ അവിടേയ്ക്കല്ല വരുന്നത്. ഇവിടെ

ഇപ്പോൾ ധനകമ്മി 4.1 എന്നുള്ള നിലയിലായിരുന്നു. 4.1 തന്നെ നിലനിർത്തിക്കൊണ്ട് പോകാനാണ് ശ്രീ. അരുൺ ജെയ്റ്റ്ലിയുടെ ബഡ്ജറ്റിലെ നിർദ്ദേശം. സാധിക്കുമോ ഇല്ലയോ എന്നുളളതിനെ സംബന്ധിച്ച് അവർക്ക് തന്നെ വിശ്വാസമില്ല. കാരണം ഫസ്റ്റ് ക്വാർട്ടർ കഴിഞ്ഞപ്പോൾ തന്നെ പ്രഖ്യാപിച്ചതിന്റെ ഏകദേശം 75 ശതമാനം കഴിഞ്ഞിരിക്കുന്നു. 4.6–ലേയ്ക്ക് കടക്കുമെന്നാണ് കരുതുന്നത്. നമുക്ക് കൂടുതൽ തുക കിട്ടാനുള്ള മാർഗ്ഗമുണ്ടോ? ധനാഗമ മാർഗ്ഗങ്ങൾ കൂടുതൽ വേണം. കേന്ദ്ര ഗവൺമെന്റ്, സർദാർ വല്ലഭായി പട്ടേലിനെ കാവി പുതപ്പിക്കുന്നതിനുവേണ്ടി 5000 കോടി രൂപയുടെ പ്രതിമ നിർമ്മാണത്തിന് 200 കോടി രൂപ വകയിരുത്തിയിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധ എങ്ങോട്ടാണെന്നുള്ളത് വളരെ വ്യക്തമായില്ലേ? അതിനെക്കുറിച്ചല്ല, ഇപ്പോഴും യു.പി.എ. ഗവൺമെന്റിന്റെ നയങ്ങളെ ആക്രമിക്കാനാണ് ശ്രദ്ധിക്കുന്ന്. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ പണമുണ്ടാക്കുന്നത് എങ്ങനെയാണ്? ആദ്യമായി, ദേശസാൽകൃത ബാങ്കുകളുടെ ഓഹരി വിറ്റഴിക്കാൻ ശ്രമിക്കുന്നു. യു.പി.എ. ഗവൺമെന്റിന്റെ നയമെന്തായിരുന്നു? ദേശസാൽകൃത ബാങ്കുകൾക്ക് ക്യാപ്പിറ്റലൈസേഷന് വേണ്ടി ലക്ഷക്കണക്കിന് കോടി രൂപ യു.പി.എ. ഗവൺമെന്റ് കൊടുക്കുകയായിരുന്നു. അങ്ങനെ എസ്.ബി.ഐ.യുടെ കീഴിൽ പ്രവർത്തിക്കുന്ന എസ്.ബി.ടി. പോലെയുള്ള സ്ഥാപനങ്ങൾ ഒരുമിച്ച് ബാങ്കുകളെ ശക്തിപ്പെടുത്തണമെന്ന് പറഞ്ഞു. അത് സ്വകാര്യമേഖലയിലേയ്ക്കുള്ള ചുവട് വയ്പ്പാണെന്ന് ഇവിടെ വിശേഷിപ്പിച്ചു. ഞങ്ങൾ ക്യാപ്പിറ്റലൈസേഷന് വേണ്ടി അങ്ങോട്ട് പണം കൊടുക്കുകയായിരുന്നു. ഇപ്പോൾ ചെയ്യുന്നത് 2,40,000 കോടി രൂപയ്ക്ക് എസ്.ബി.ഐ. ഉൾപ്പെടെയുള്ള ബാങ്കുകളുടെ ഓഹരി വിൽക്കാനായി ബഡ്ജറ്റിൽ നിർദ്ദേശം വന്നിരിക്കുന്നു. മുമ്പ് ബി.ജെ.പി. അധികാരത്തിൽ വന്നപ്പോൾ പൊതുമേ

ഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുന്നതിനുവേണ്ടി മാത്രം ശ്രീ. അരുൺ ഷൂറിയെ മന്ത്രിയായി നിയമിച്ചിരുന്നു. ഇപ്പോൾ മന്ത്രിയെ വച്ചിട്ടില്ല, പ്രധാനമന്ത്രിയുടെ ചുമതലയിൽത്തന്നെ ഓഹരി വിറ്റഴിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇത് നമ്മുടെ വരുമാനം കൂട്ടാൻ സഹായിക്കുമോ? നമുക്ക് കേന്ദ്രത്തിൽ നിന്നും കിട്ടാനുള്ള പണം കിട്ടുമോ? കഴിഞ്ഞ കാലങ്ങളിൽ ലഭിച്ചിരുന്ന സബ്സിഡി കിട്ടുമോ? ഇപ്പോൾ കൃഷിക്കാർക്ക് നെല്ല് സംഭരിച്ചതിന് പണം കൊടുത്തില്ലെന്ന് ശ്രീ. തോമസ് ചാണ്ടി ഉൾപ്പെടെയുള്ള ആളുകൾ സഭയിൽ പറഞ്ഞതാണ്. ഇപ്പോൾ കേന്ദ്രം കൊടുക്കുന്ന സബ്സിഡിക്ക് പുറമേ സംസ്ഥാനം സബ്സിഡി കൊടുക്കാൻ പാടില്ലെന്ന് കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുകയാണ്. കർഷകർക്ക് നെല്ലിന്റെ വിലയായി കൊടുക്കുന്നത് കേന്ദ്രത്തിന്റെ സബ്സിഡിയും സംസ്ഥാന ഗവൺമെന്റിന്റെ സബ്സിഡിയും ചേർത്താണ്. അങ്ങനെ ചെയ്യാൻ പാടില്ലെന്നാണ് ശ്രീ. നരേന്ദ്ര മോഡി ഇപ്പോൾ പറയുന്നത്. അപ്പോൾ ഓരോ മേഖലയിലും കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾ മൂലമുള്ള വലിയ പ്രതിസന്ധി നമ്മൾ നേരിടാൻ പോകുന്നു. ഈ പ്രതിസന്ധിക്ക് ഇടയിലാണ് ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ പ്രവർത്തനങ്ങളുടെ മികവ് നമുക്ക് ബോദ്ധ്യപ്പെടേണ്ടത്. അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. യഥാർത്ഥത്തിൽ നമ്മുടെ ചെലവ് എന്നുപറയുന്നത്, സാലറി, പെൻഷൻ, സബ്സിഡി, ഗ്രാന്റ്, കടത്തിന്റെ ഇന്ററസ്റ്റ് എന്നിവയാണ്. സാലറിയും പെൻഷനും കൂടുന്നതല്ലാതെ കുറയില്ലല്ലോ. എന്നാൽ ചില കാര്യങ്ങളിൽ ചില നിയന്ത്രണങ്ങൾ വേണ്ടേ? വരുമാനമുണ്ടാക്കാൻ കഴിയുന്ന മേഖലകൾ വളരെ ചുരുക്കമല്ലേ? എങ്ങനെ ചെലവ് കുറയ്ക്കാൻ കഴിയും? റോഡിന് പണം വേണം, ആസ്തി വികസന ഫണ്ട് വേണം, അത് ചെലവഴിച്ചാൽ കോൺട്രാക്ടർക്ക് പണം

കിട്ടണം, പദ്ധതികൾ വേണം, കോളേജുകളും മെഡിക്കൽ കോളേജുകളും ധാരാളം സ്ഥാപനങ്ങളും വേണം. അതോടൊപ്പം എയർപോർട്ടും വേണം. പക്ഷേ, അതിന് സംസ്ഥാനത്തിന്റെ പണം വേണ്ട. അല്ലാതെ എയർപോർട്ട് കൊണ്ടുവരുന്നതിനുള്ള ശ്രമമാണ്. അതിൽ ആരും എതിർക്കണ്ട. സംസ്ഥാന ത്തിന്റെ പണം ചെലവഴിക്കുമ്പോഴല്ലേ പ്രശ്നമുള്ളൂ. ഈ സ്ഥാപനങ്ങൾ വേണമെന്നുണ്ടെങ്കിൽ നമുക്ക് പണം ആവശ്യമാണ്. ഭരണപക്ഷത്തും പ്രതി പക്ഷത്തുമുള്ളവർ പൊതുവായി ചില കാര്യങ്ങളിൽ അഭിപ്രായം പറയാൻ മടിച്ചുനിൽക്കുന്നു. 10 കുട്ടികളിൽ താഴെയുള്ള സ്കൂളുകളിൽ എത്ര അദ്ധ്യാ പകർ വേണം? മൂന്നോ നാലോ അദ്ധ്യാപകർ. ഞാൻ സ്കൂൾ പൂട്ടണമെന്ന് പറയില്ല. സ്കൂൾ പൂട്ടണമെന്ന് പറയുമ്പോൾ പൊതുവിദ്യാലയങ്ങൾ അടച്ചു പൂട്ടി, സ്വകാര്യമേഖലയെ പിന്തുണയ്ക്കുവെന്ന് പ്രതിപക്ഷത്തുള്ളവർ ആരോ പണം ഉന്നയിക്കും. അൺ-എക്കണോമിക്കൽ സ്കൂൾ പൂട്ടുന്നത് തുടങ്ങി യത് നിങ്ങളാണ്. ഇന്ന് ശ്രീ. പി.സി. വിഷ്ണുനാഥിന്റെ മണ്ഡലത്തിൽ ഉള്ളതും മുമ്പ് ആറന്മുള നിയോജകമണ്ഡലത്തിൽ പെട്ടതുമായ കാരക്കാട് സ്കൂളാണ് അൺ-എക്കണോമിക് സ്കൂളായി ഇടതുപക്ഷഭരണകാലത്ത് ആദ്യം പൂട്ടിയത്. പിന്നീട് കുറേ സ്കൂളുകൾ പൂട്ടി. പക്ഷേ, ഒന്നോ രണ്ടോ മൂന്നോ വിദ്യാർത്ഥികൾക്ക് വേണ്ടി ശമ്പളം കൊടുക്കുന്ന രീതി എത്രകാലം നമുക്ക് മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോ ചിക്കണം.

<u>ശ്രീ. പാലോട് രവി:</u> സർ, അൺ-എക്കണോമിക് സ്കൂളു കളെക്കുറിച്ച് പറഞ്ഞതുകൊണ്ടാണ് ഞാൻ പറയുന്നത്, അപ്പുറത്തുമിപ്പുറത്തു

മിരിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക്, 100 വർഷം പഴക്കമുള്ള നമ്മുടെ മുൻതലമുറ പഠിച്ച ഈ ഗവൺമെന്റ് സ്കൂളുകൾ മുഴുവൻ നിലനിർത്താൻ ഉത്തരവാദിത്വമില്ലേ; നമ്മുടെ യുവജനസംഘടനകൾക്ക് ഉത്തരവാദിത്വമില്ലേ? അവിടെയൊന്നും പഠിക്കാൻ കുട്ടികളില്ലാത്തതിന്റെ കാരണം ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ അജണ്ടയിലും നമ്മുടെ ഗവൺമെന്റ് സ്കൂളുകൾ ഇല്ലാത്തതാണ്. എല്ലാപേരും കുട്ടികളെ മറ്റ് സ്കൂളുകളിലേയ്ക്ക് അയയ്ക്കുന്നു. പി. എസ്.സി. ടെസ്റ്റ് കഴിഞ്ഞ് റാങ്ക് നേടിയ അദ്ധ്യാപകരാണ് ഈ സ്കൂളുകളിൽ പഠിപ്പിക്കാൻ വരുന്നത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, അങ്ങ് പറഞ്ഞ കാര്യംതന്നെയാണ് പറയുന്നത്. നമുക്ക് പൊതു വിദ്യാലയത്തെക്കുറിച്ച് പറയുമ്പോൾ ശ്രീ. പാലോട് രവിക്കും എനിക്കും അപ്പുറത്തിരിക്കുന്ന ആളുകൾക്കുമെല്ലാം ഭയങ്കര ആവേശമാണ്. നമ്മൾ പറയുന്നത് പൊതു വിദ്യാലയത്തെക്കുറിച്ചാണ്. പൊതു വിദ്യാലയം നന്നാക്കണം, കുട്ടികളെ എന്തുകൊണ്ട് പൊതു വിദ്യാലയങ്ങളിൽ പഠിക്കാനയയ്ക്കുന്നില്ലായെന്നാണ് ചോദ്യം. പക്ഷെ ആരാണ് അയയ്ക്കേണ്ടത്? എനിക്ക് രണ്ട് കുട്ടികളാണ്, ആ രണ്ടുപേരും ഹൈസ്കൂൾ വിദ്യാഭ്യാസം വരെ പഠിച്ചത് ഗവൺമെന്റ് മലയാളം മീഡിയം സ്കൂളിൽതന്നെയാണ്. പക്ഷെ, ഞാൻ പറയുന്നത് പൊതുമേഖലാ സ്കൂളുകളിൽ പഠിക്കാൻ കുട്ടികളില്ലെങ്കിൽ നമ്മൾ ഈ തത്വജ്ഞാനം പറഞ്ഞ് അദ്ധ്യാപകരെ പോസ്റ്റ് ചെയ്ത് ശമ്പളം കൊടുക്കണോ; ഇത് നമ്മൾ ഗൗരവമായി ചിന്തിക്കണം. നമ്മൾ പുതിയ സ്കൂളുകളുടെ കാര്യത്തിലേയ്ക്ക് വരുന്നു, എനിക്ക് അതിലൊന്നും തർക്കമില്ല. പക്ഷെ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബുദ്ധിമാനായ ഡോ. ടി. എം. തോമസ് ഐസക്, അവസാന വർഷ

മായ 2010–ലാണ് പ്ലസ് ടു സ്കൂളുകൾ അനുവദിച്ചത്. നാലുവർഷക്കാലം അനുവദിച്ചില്ല, അഞ്ചാമത്തെ വർഷം അനുവദിച്ചു, ബുദ്ധിമാനായതുകൊണ്ടാണ്. ശമ്പളം കൊടുത്തില്ലായെന്നുമാത്രമല്ല ഒരു അദ്ധ്യാപകന്റെ തസ്തികയും സൃഷ്ടിക്കേണ്ടിയും വന്നില്ല. അതിന്റെ പ്രയോജനം മുഴുവൻ ഡോ. ടി. എം. തോമസ് ഐസകിനും അദ്ദേഹത്തിന്റെ പാർട്ടിക്കും കിട്ടുകയും ചെയ്തു. പക്ഷേ ഈ ഗവൺമെന്റ് വന്നുകഴിഞ്ഞപ്പോൾ ആ സ്കൂളുകൾക്കു മുഴുവൻ തസ്തിക അനുവദിക്കുകയും അദ്ധ്യാപകർക്ക് മുഴുവൻ ശമ്പളം കൊടുക്കുകയും ചെയ്തു. അങ്ങനെ ചെലവുമുഴുവൻ ഇവിടെയും ക്രെഡിറ്റ് മുഴുവനും ഡോ. ടി. എം. തോമസ് ഐസകിനും കിട്ടി. അദ്ധ്യാപകർ എത്ര വർഷം... ഞാനും ഡോ. ടി. എം. തോമസ് ഐസകും ഡയറക്ട് പേമെന്റിനുവേണ്ടി സമരം ചെയ്ത അദ്ധ്യാപകരുടെ കൂടെ മുദ്രാവാക്യം വിളിച്ച ഒരു കെ.എസ്. യു. പ്രവർത്തകനാണ്. ഇപ്പോൾ നമ്മൾ ശമ്പളം കൊടുക്കുകയും സ്വകാര്യ മാനേജ്മെന്റ് കാശ് വാങ്ങുകയും ചെയ്യുന്നവെന്ന ഒരു നിലയിലായില്ലേ കാര്യങ്ങൾ? കുറ്റം ആരുടേതാണെന്നല്ല, കുറ്റം നമ്മുടേതെല്ലാവരുടേതുമാണ്. അതല്ലായെന്ന് ഞാൻ പറയുന്നില്ല. നമ്മുടെ എക്സ്പെൻഡിച്ചർ, എവിടെയാണ് ഏറ്റവും കൂടുതൽ വരുന്നത്; ആ എക്സ്പെൻഡിച്ചർ ഇല്ലാതാക്കാൻ അല്ലെങ്കിൽ കുറയ്ക്കാൻ നമുക്ക് എവിടെവരെ പോകാൻ കഴിയുമെന്നതിനെക്കുറിച്ച് ഗൗരവമായി ഇനിയും ആലോചിക്കുന്നില്ലെങ്കിൽ നമുക്ക് മുന്നോട്ടു പോകാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് നമ്മൾ ആലോചിക്കണ്ടേ? നമുക്ക് പദ്ധതികൾ വെട്ടിചുരുക്കാനും കടമെടുത്ത് ശമ്പളം കൊടുക്കാനും സാധിക്കുമോ? കടമെടുക്കുമ്പോൾ ആ കടമെടുക്കുന്നത് പദ്ധതി പ്രവർത്തനങ്ങൾക്കായിരിക്കണം, പദ്ധതിയേതര ചെലവുകൾക്കായിരിക്കരുത്. പക്ഷെ

ഇവിടെ ദൗർഭാഗ്യവശാൽ ഇന്ററസ്റ്റ് പേമെന്റിനുപോലും കടമെടുക്കേണ്ട ഒരു സാഹചര്യം നമ്മുടെ കേരളത്തിലെ സാമ്പത്തിക രംഗത്തുണ്ടായില്ലേ; ഇനിയു മത് ഉണ്ടാകില്ലേ? അതിനെക്കുറിച്ച് നമ്മൾ പ്രധാനമായും ആലോചിക്കണം. ഏറ്റവും വലിയ ചെലവ് വരുന്നത് സിവിൽ സർവ്വീസിന്റെയും, അദ്ധ്യാപകരു ടെയും, കോളേജ് അദ്ധ്യാപകരുടെയും ശമ്പളത്തിനാണ്. ഇവിടെ കമ്പ്യൂട്ട റൈസേഷൻ വന്നു. കമ്പ്യൂട്ടറൈസേഷൻ വന്നിട്ടും ആ സാങ്കേതികവിദ്യ യുടെ പ്രയോജനം നമ്മളെടുക്കുന്നില്ല. നേരത്തെയുണ്ടായിരുന്നതിനേക്കാൾ കൂടുതൽ തസ്തികകൾ ഓരോ ഡിപ്പാർട്ടുമെന്റിലും വന്നുകൊണ്ടിരിക്കുകയാ ണ്. കമ്പ്യൂട്ടറൈസേഷൻ ഉണ്ട്, കമ്പ്യൂട്ടറൈസേഷൻ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തിയാൽ മാൻപവർ കുറയേണ്ടതല്ലേ? മാൻപവർ കുറ യ്ക്കാൻ നമുക്ക് കഴിയുന്നില്ലല്ലോ; ഏത് ഡിപ്പാർട്ടുമെന്റിൽ നമുക്ക് മാൻപവർ കുറയ്ക്കാൻ സാധിക്കുന്നു? കമ്പ്യൂട്ടറൈസേഷനുള്ള മേഖലയിൽപ്പോലും മാൻപവർ കുറയ്ക്കാൻ കഴിയുന്നുണ്ടോ; ഇത്തരത്തിൽ ചെലവ് ചുരുക്കുന്ന കാര്യത്തിൽ ഓരോ ഡിപ്പാർട്ടുമെന്റും ഗൗരവമായി ആലോചിക്കണമെന്നു തന്നെയാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ ടാക്സ് ഇനത്തിൽ വരു മാനം വർദ്ധിപ്പിക്കണമെങ്കിൽ വളരെ പരിമിതമായി മാത്രമേ ടാക്സ് വർദ്ധിപ്പി ക്കാൻ സാധിക്കുകയുള്ളൂ. പക്ഷെ ടാക്സിന്റെ നെറ്റ് വർദ്ധിപ്പിക്കാൻ സാധി ക്കും. ജനങ്ങൾ സാധനങ്ങൾ വാങ്ങുമ്പോൾ ടാക്സ് നൽകുന്നുണ്ട്, ആരും ടാക്സ് കൊടുക്കാതിരിക്കുന്നില്ല. പക്ഷെ, കൊടുക്കുന്ന ടാക്സ് ഖജനാവി ലേയ്ക്ക് എത്തുന്നില്ല, ഇടയ്ക്കൊരു ചോർച്ചയുണ്ടാകുന്നു. പലയാളുകളും ടാക്സ് കളക്ട് ചെയ്യുന്നതുപോലും ഖജനാവിലേയ്ക്ക് അടയ്ക്കുന്നില്ല. അതുകൊണ്ട് ടാക്സിന്റെ നെറ്റ് വർദ്ധിപ്പിക്കണം. നോൺ ടാക്സ് റവന്യൂവും

നമുക്ക് വർദ്ധിപ്പിക്കാൻ കഴിയണം. ലോട്ടറിയുടെ കാര്യത്തിൽ, 300–350 കോടി രൂപയുടെ വരുമാനമുണ്ടായിരുന്ന ലോട്ടറിയിൽനിന്ന് പ്രതിവർഷം 1500–1600 കോടി രൂപയുടെ വരുമാനം ഈ ഗവൺമെന്റുണ്ടാക്കി, അതൊരു വലിയ നേട്ടംതന്നെയാണ്. പക്ഷെ, അതുകൊണ്ട് മാത്രമായില്ല, നോൺ ടാക്സ് വരുമാനം വർദ്ധിപ്പിക്കാൻ പറ്റിയ മേഖലകൾ ധാരാളമുണ്ട്. നമ്മുടെ ഫോറസ്റ്റ്, ഫോറസ്റ്റിൽനിന്നുള്ള വരുമാനം കുറയുന്നതല്ലാതെ ശരിയായ രീതിയിൽ അസെസ് ചെയ്ത്, പഠിച്ച് അവിടെനിന്നുള്ള വരുമാനം നമുക്ക് വർദ്ധിപ്പിക്കാൻ സാധിക്കണം. അതുപോലെ, നമ്മുടെ സെയിൽ ടാക്സസ് ഡിപ്പാർട്ടുമെന്റ് മോഡണൈസ് ചെയ്യണം. പഴയതരത്തിലുള്ള ഓഫീസുകൾ, പ്രവർത്തനങ്ങൾ എന്നിവ മോഡണൈസ് ചെയ്താൽതന്നെ വരുമാന വർദ്ധനവ് നമുക്കുണ്ടാക്കാൻ സാധിക്കും. വാളയാർ ചെക്പോസ്റ്റിൽ ഒരു ചെറിയ പരിഷ്കാരം നടത്തിയപ്പോൾത്തന്നെ ആ പരിഷ്കാരം അറിഞ്ഞോ അറിയാതെയോ ബോധപൂർവ്വമോ പരാജയപ്പെടുത്തത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങളുണ്ടായി. ശരിയായ രീതിയിൽ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കുന്ന ഒരു ഡിപ്പാർട്ടുമെന്റെന്നുള്ള നിലയിൽ ആ ഡിപ്പാർട്ടുമെന്റിനെ ആധുനികവൽക്കരിക്കാനുള്ള ഒരു നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. റിയൽ എസ്റ്റേറ്റ് മേഖലയിൽനിന്നുള്ള വരുമാനം കഴിഞ്ഞ കാലത്ത് വളരെയധികം കുറഞ്ഞു. ഏറ്റവും കൂടുതൽ വരുമാനം നമുക്ക് ലഭിക്കേണ്ടത് റിയൽ എസ്റ്റേറ്റ് മേഖലയിൽനിന്നാണ്. കേരളത്തിൽ മറ്റിതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി ഏറ്റവും കൂടുതൽ വസ്തുക്കളുടെ കൈമാറ്റം നടക്കുന്ന ഒരു മേഖലകൂടിയാണിത്. നമുക്ക് വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടില്ല. എങ്ങനെയാണ് ആ മേഖലയിൽ

വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുകയെന്നുള്ളതിനെക്കുറിച്ച് നമ്മളാലോചിക്കണം. നിർമ്മാണ മേഖല നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ആക്ടിവിറ്റിയാണ്. നിർമ്മാണ മേഖല സ്തംഭിച്ചാൽ സാമ്പത്തിക രംഗത്തുനിന്ന് വളരെയധികം പിന്നോട്ടു പോകേണ്ടിവരും. വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകും. പക്ഷെ, ഇവിടെ നിർമ്മാണ മേഖല സ്തംഭിക്കാനിടയാകുന്ന ഒരു സാഹചര്യം ഗവൺമെന്റിന്റെ തീരുമാനങ്ങൾക്കുമപ്പുറത്തുള്ള കാര്യമാണ്. മണൽ ലഭിക്കുന്നില്ല, ഗവൺമെന്റിന് വളരെ പരിമിതമായി മാത്രമേ ഇടപെടാൻ സാധിക്കുന്നുള്ളൂ. ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഇതിനൊരു പരിഹാരമുണ്ടാക്കാൻ ഡാമിൽനിന്ന് മണൽ എടുക്കാവുന്ന ഒരു പരീക്ഷണം നടത്തിയെങ്കിലും അത് മുന്നോട്ടു കൊണ്ടുപോകാനും പ്രായോഗികമായി നടപ്പിലാക്കാനും സാധിച്ചില്ല. പക്ഷെ ഒരു നല്ല സ്കീമാണ് അത്. ആ സ്കീം എങ്ങനെ നടപ്പിലാക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ഗൗരവമായി ഗവൺമെന്റ് ആലോചിക്കണം. അതുപോലെതന്നെ, ഇവിടെ ക്വാറികളുടെ കാര്യം ശ്രീ. റ്റി. എൻ. പ്രതാപനുൾപ്പെടെയുള്ള ആളുകൾ പറഞ്ഞു. എല്ലാവർക്കും കല്ല് വേണ്ടേ; റോഡ് ടാർ ചെയ്യുന്നതിന് മെറ്റൽ വേണ്ടേ, വീടുണ്ടാക്കുന്നതിന് കല്ല് വേണ്ടേ, തീരപ്രദേശങ്ങളിൽ കടലാക്രമണം തടയണമെങ്കിൽ കല്ലിടണ്ടേ? ക്വാറികളിൽ നിന്നല്ലാതെ എവിടെനിന്ന് കല്ല് ലഭിക്കും? ഇക്കാര്യത്തിൽ ആവശ്യമില്ലാതെ പ്രശ്നങ്ങളുണ്ടാകുന്നു. ആ പ്രശ്നങ്ങളുടെ പേരിൽ ഇപ്പോൾ ഏത് ക്വാറിയുണ്ടെങ്കിലും അവിടെയൊക്കെ കുറെയാളുകൾകൂടി മുദ്രാവാക്യം വിളിക്കുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങളെത്തിയിരിക്കുന്നു. ഈ നിലയിൽ മുന്നോട്ടുപോയാൽ നിർമ്മാണ മേഖലയാകെ സ്തംഭിക്കുന്ന ഒരു സാഹചര്യമുണ്ടാകുമെന്ന ഗൗരവ പൂർണ്ണമായ ഒരു സ്ഥിതിവിശേഷമുണ്ടാകും. നമ്മൾ അപ്പുറത്തും

ഇപ്പുറത്തുമിരിക്കുന്ന ആളുകൾ ഇത്തരത്തിലുള്ള തെറ്റായ മുദ്രാവാക്യങ്ങളുടെ പുറകെ പോകരുത്. ഞാൻ നിയമമില്ലാതെ നിയന്ത്രണമില്ലാതെ....

ഡോ. എൻ. ജയരാജ്: സർ, ഈ കെട്ടിട നിർമ്മാണ രംഗത്തുണ്ടാകുന്ന പ്രതിസന്ധികളെകുറിച്ച് സൂചിപ്പിക്കുമ്പോൾ നമ്മൾ പരമ്പരാഗതമായ കെട്ടിട നിർമ്മാണശൈലികൾ വീണ്ടും പിന്തുടരുന്നതുകൊണ്ടാണ് ഇങ്ങനെയൊരു പ്രതിസന്ധിയുണ്ടാകുന്നത്. എഫ്.എ.സി.ടി.യിൽ ജിപ്സം പാനൽ എന്നുപറയുന്ന പുതിയ സാങ്കേതിക വിദ്യ ഡെവലപ്പ് ചെയ്തിട്ടുണ്ട്. ഇപ്പോൾ കെട്ടിട നിർമ്മാണത്തിൽ കല്ലും അതോടൊപ്പം മണലുമൊക്കെ ലഭിക്കാത്ത സാഹചര്യത്തിൽ പുതിയ ടെക്നോളജി ഉപയോഗിച്ചുകൊണ്ടുള്ള കെട്ടിട നിർമ്മാണത്തെക്കുറിച്ച് ചിന്തിക്കേണ്ട ഒരു കാലഘട്ടത്തിലല്ലേ നമ്മൾ നിൽക്കുന്നത്?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഇതൊക്കെ വളരെ നല്ല കാര്യമാണ്. ആ ജിപ്സം ഉപയോഗിച്ച് ആദ്യം പ്രൊഫസറുടെ കുട്ടിക്ക് ഒരു വീട് വച്ചുകൊടുക്കണം. തുടക്കം അവിടെ നിന്നാകട്ടെ. നമ്മൾ വർത്തമാനം പറഞ്ഞിട്ട് കാര്യമില്ല. അങ്ങ് ജിപ്സം ഉപയോഗിച്ച് വീടുണ്ടാക്കണം. നമുക്ക് അതൊരു മാതൃകയാക്കാം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഗവണ്മെന്റിന് ചെയ്തുകൂടെ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, എന്തിനാണ് ഗവണ്മെന്റ് ചെയ്യണമെന്ന് വാശിപിടിക്കുന്നത്? ഗവണ്മെന്റ് ചെയ്യും. ലാറി ബേക്കറുടെ കാര്യം ഇവിടെ ശ്രീ. റ്റി. എൻ. പ്രതാപൻ സൂചിപ്പിച്ചു. ആ രീതിയിലുള്ള ചെലവ് കുറഞ്ഞ വീടുകളുണ്ടാക്കിയതിനുശേഷം കൈയൊന്ന് വീശണമെങ്കിൽ പുറത്തിറങ്ങണം. കൈ നിവർത്താൻ കഴിയുകയില്ല. അത് സിമന്റ് തേയ്ക്കാതെയുള്ള ചെലവ് കുറഞ്ഞ വീടാണ്. കുറേകഴിയുമ്പോൾ

ഇതിൽ സിമന്റ് തേയ്ക്കുകയെന്നത് അഡീഷണൽ ചെലവായി. ഈ നിലയിൽ നമ്മൾ ചെലവ് കുറഞ്ഞ വീടുണ്ടാക്കിയിട്ട് കാര്യമുണ്ടോ? ഇക്കാര്യത്തിൽ പ്രായോഗികമായ സമീപനം വേണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഇവിടെ എഫ്.എ.സി.റ്റി.-യുടെ ജിപ്സം ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ വീടുകളുടെ കാര്യം പറഞ്ഞു. ജിപ്സം ഉപയോഗിച്ച് കൊച്ചിൻ കോർപ്പറേഷന്റെ 104 ഫ്ളാറ്റുകൾ നിർമ്മിക്കാൻ തീരിമാനിച്ചിട്ടുണ്ട്. അതിന്റെ ഡി.പി.ആർ. നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന് എല്ലാപേരുടെയും സഹായം വേണം. കാരണം, അത് നിർമ്മിച്ചു കഴിയുമ്പോൾ അത് അഴിമതിയാണ്, എന്തിനുവേണ്ടിയാണ് ഉണ്ടാക്കിയെന്നുമുള്ള കാര്യങ്ങൾ നാളെ പറയാൻ പാടില്ല. അതുകൊണ്ട് എല്ലാപേരുടേയും സഹായ സഹകരണം വേണം. പുതിയൊരു കാര്യമാണ് ചെയ്യുന്നത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, നിർമ്മാണ മേഖലയിൽനിന്ന് നമുക്ക് വരുമാനമുണ്ട്. അതുപോലെ തൊഴിൽ നൽകുന്നതാണ് നിർമ്മാണ മേഖല. ആ മേഖല സ്തംഭിപ്പിക്കുന്ന രീതിയിലേയ്ക്ക് സാധനങ്ങളുടെ ദൗർലഭ്യം ഗുരുതരമായി സംസ്ഥാനത്ത് ബാധിച്ചിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ അത് ഒരുതരത്തിലും മുന്നോട്ടുകൊണ്ടുപോകില്ല എന്ന കാര്യം ഞാൻ സൂചിപ്പിച്ചുവെന്നുമാത്രമെയുള്ളൂ. അതുകൊണ്ട് നമുക്ക് വരുമാനം വർദ്ധിപ്പിക്കുകയും അതുവഴി ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കുകയും ചെയ്യുന്ന രീതിയിലുള്ള നോൺ-ടാക്സ് റവന്യൂ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. അതുപോലെതന്നെ ചെലവ്

ചുരുക്കുന്നതിനെ സംബന്ധിച്ച് ഗൗരവമായൊരു പഠനം നടത്തണം. തുറന്ന മനസ്സോടുകൂടി അക്കാര്യത്തിൽ ഒരു സമീപനമുണ്ടാകണമെന്നുമാത്രം ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇവിടെ വന്നിട്ടുള്ള ഡിസന്റിംഗ് നോട്ടുകൾ ഞാൻ പരിശോധിച്ചു. അതിൽ 2-ാമത്തെ പോയിന്റിൽ സ്റ്റാമ്പ് ഡ്യൂട്ടിയെ സംബന്ധിച്ചുള്ള നികുതി നിരക്കുകൾ 5, 6, 7 എന്നീ റേറ്റുകളായിരുന്നു പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും നിലനിന്നിരുന്നത്. അത് ഏകീകരിച്ച് 6 ശതമാനമാക്കി. അത് എല്ലാപേർക്കും സ്വീകാര്യമായ, സ്വാഗതാർഹമായ ഒരു സ്റ്റെപ്പാണ് എടുത്തിരിക്കുന്നത്. വിയോജനക്കുറിപ്പിൽ സഹകരണ സംഘങ്ങളിലെ MDS (Monthly Deposit Scheme)-ൽ ഡെപ്പോസിറ്റർ മാരിൽനിന്നും 100 രൂപവീതം രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നുവെന്ന് പറഞ്ഞിരിക്കുന്നു. അത് ശരിയല്ല. യാതൊരു രജിസ്ട്രേഷൻ ഫീസും ഈടാക്കുന്നില്ല. എന്നാൽ സഹകരണ ബാങ്കുകളോ സൊസൈറ്റികളോ ഉണ്ടാക്കുന്ന ഉടമ്പടികൾക്ക് 100 രൂപ നിരക്കിൽ സ്റ്റാമ്പ് ഡ്യൂട്ടി ചുമത്തുന്നു എന്നുള്ളതൊഴികെ രജിസ്ട്രേഷൻ ഫീസ് യാതൊന്നും ഈടാക്കുന്നില്ല. വാണിജ്യ ബാങ്കുകളിൽനിന്ന് എടുക്കുന്ന പണയ വായ്പയുടെ രജിസ്ട്രേഷൻ ഫീസ് നിരക്കും റീകൺവെയൻസ് ആധാരങ്ങളുടെ ഫീസ് നിരക്കും നിലവിലുള്ള 2 ശതമാനത്തിൽനിന്നും പരമാവധി 500 രൂപയിൽ നിജപ്പെടുത്തി. ഒരു ശതമാനമായി കുറയ്ക്കുന്ന പ്രഖ്യാപനം നടപ്പിലാക്കാൻവേണ്ട ഭേദഗതി ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല, അത്

എന്തുകൊണ്ടെന്നാണ് ഡോ. ടി. എം. തോമസ് ഐസക് ചോദിച്ചത്. രജിസ്ട്രേഷൻ ഫീസ് കുറയ്ക്കുന്നത് രജിസ്ട്രേഷൻ ചട്ടങ്ങളിൽ വരുത്തുന്ന ഭേദഗതിയാണ്. അത് ബില്ലിൽ സാധാരണ കൊണ്ടുവരാറില്ല. ബില്ലിൽ കൊണ്ടുവരുന്നത് നിയമങ്ങൾക്കുള്ള ഭേദഗതിയാണ്. റൂളുകൾക്കുള്ള ഭേദഗതി എക്സിക്യൂട്ടീവ് ഓർഡറായി കൊണ്ടുവരാവുന്നതാണ്. അത് ഫിനാൻസ് ബില്ലിൽ കൊണ്ടുവരാറില്ല. അതുകൊണ്ട് ഫിനാൻസ് ബില്ലിൽ കൊണ്ടുവന്നില്ലായെന്നുമാത്രമേയുള്ളൂ. അതുപോലെ വിയോജനക്കുറിപ്പിലെ 5-ാമത്തെ പോയിന്റിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, 1998-ലാണ് കെട്ടിട നികുതി വർദ്ധിപ്പിച്ചത്. ഇപ്പോൾ അത് ഇരട്ടിയാക്കി. അതിനെക്കുറിച്ച് ചെറിയൊരു സൂചന വിയോജനക്കുറിപ്പിലുണ്ട്. കെട്ടിട നികുതി വർദ്ധിപ്പിച്ചിട്ട് 16 വർഷമായി. 16 വർഷത്തിനുശേഷം ഇപ്പോൾ അത് ഇരട്ടിയാക്കിയതു കൊണ്ട് വലിയ ബുദ്ധിമുട്ട് വരില്ല. അതുമാത്രമല്ല, സാധാരണക്കാരെ നികുതിയിൽനിന്ന് ഒഴിവാക്കാനാണ് 100 m.sq. ഉള്ള വാസഗൃഹങ്ങളെയും 50 m.sq. ഉള്ള മറ്റ് കെട്ടിടങ്ങളെയും നികുതി വർദ്ധനവിൽനിന്ന് ഒഴിവാക്കിയത്. 2153 sq.ft. ഉള്ള വാസഗൃഹങ്ങളെയും 1076 sq.ft. ഉള്ള കൊമേഴ്സിയൽ കെട്ടിടങ്ങളെയും നികുതിയിൽനിന്ന് ഒഴിവാക്കണമെന്നാണ് ഡോ. ടി. എം. തോമസ് ഐസക് ആവശ്യപ്പെടുന്നത്. ഇത്തരം കെട്ടിടങ്ങൾ സാധാരണക്കാരുടെ കെട്ടിടങ്ങളല്ല. അത് ഉയർന്ന സാമ്പത്തികമുള്ളവരുടെ കെട്ടിടങ്ങളാണ്. അതിനെ നികുതിയിൽനിന്ന് ഒഴിവാക്കേണ്ട കാര്യമില്ല. സാധാരണക്കാരുടെ കെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളം നികുതിയിൽനിന്ന് ഒഴിവാകത്തക്ക രീതിയിലാണ് ഇത് കൊണ്ടുവന്നിരിക്കുന്നത്. ഇപ്പോൾ ഒരുലക്ഷം രൂപയിൽ താഴെയുള്ള മോട്ടോർ ബൈക്കുകളുടെയും 5 ലക്ഷംരൂപയിൽ താഴെയുള്ള

മോട്ടോർ കാറുകളുടെയും ഒറ്റത്തവണ നികുതിയിൽ വരുത്തിയ വർദ്ധനവ് സബ്ജക്ട് കമ്മിറ്റിയിൽവച്ച് പിൻവലിക്കുകയുണ്ടായി. ഇപ്പോൾ അതിന് 6 ശതമാനം മാത്രമെ നികുതിയുള്ളൂ. ഇത് മുൻവർഷത്തെ നിരക്കു തന്നെയാണ്. എന്നിട്ടും അതിനെസംബന്ധിച്ച വിമർശനങ്ങൾ വരികയുണ്ടായി. ഇപ്പോൾ അത് കൂട്ടിയിട്ടില്ല. വാഹനങ്ങളിൽ പുഷ്ബാക്ക് സീറ്റുകൾ ഘടിപ്പിക്കുമ്പോൾ സീറ്റുകളുടെ എണ്ണം കുറയുന്നു. അതിന്റെ ഫലമായി നമുക്ക് നികുതി നഷ്ടപ്പെടുന്നു. അതൊഴിവാക്കാനാണ് പുഷ്ബാക്കുള്ള കോൺട്രാക്ട് കാര്യേജുകൾക്ക് നികുതി വർദ്ധിപ്പിച്ചത്. ഇതൊക്കെയാണ് വിയോജനക്കുറിപ്പുകളെ സംബന്ധിച്ച് പറയുവാനുള്ളത്.

ശ്രീ. സി. ദിവാകരൻ: സർ, വിയോജനക്കുറിപ്പിലെ 7–ാമത്തെ പോയിന്റിൽ കൈത്തറിയുടെ ടേൺ ഓവർ ടാക്സിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. എം. മാണി: സർ, കൈത്തറിക്കുള്ള ടേൺ ഓവർ ടാക്സ് ഒഴിവാക്കാം. ഈ ആവശ്യം നിയമസഭയിൽ പൊതുവായി വന്ന ആവശ്യമാണ്. ഇവിടെ ശ്രീ. സി. ദിവാകരനും സൂചിപ്പിച്ചു. ഖാദിയെ ആദ്യമെതന്നെ ടാക്സിൽനിന്നും ഒഴിവാക്കി. ഇനി വേറെയെല്ലാം ഒഴിവാക്കണമെന്ന് പറയരുത്. അങ്ങനെ ഒഴിവാക്കിപോയാൽ പിന്നെ നമുക്കൊരു രക്ഷയുമില്ല. ഈ നിയമസഭയുടെ സെൻസ് എപ്പോഴും കൺസിഡർ ചെയ്യുന്ന ഒരു വ്യക്തിയാണ് ഞാൻ. അതുകൊണ്ട് ഖാദിയിലും കൈത്തറിയിലും അനേകായിരം പാവപ്പെട്ട തൊഴിലാളികൾ ജോലി ചെയ്യുന്ന ഒരു മേഖല എന്ന സ്പെഷ്യൽ കൺസിഡറേഷൻ നൽകിക്കൊണ്ട്, നിയമസഭയുടെ സെൻസ് അനുസരിച്ച് അവയെ നികുതിയിൽനിന്നും ഒഴിവാക്കാം. മറ്റൊരു കാര്യം പറയാനുള്ളത്, ഡോ. ടി. എം. തോമസ്

ഐസക് പറഞ്ഞത് കോഴിക്കേസ് എൽ.ഡി.എഫ്. കാലഘട്ടത്തിൽ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് ഉത്തരവിട്ടു എന്നാണ്. ഇതുകേട്ടാൽതോന്നും എൽ.ഡി.എഫ്. ഗവണ്മെന്റാണ് ഇതേക്കുറിച്ച് അന്വേഷിച്ച് എല്ലാം പുറത്തുകൊണ്ടുവന്നതെന്ന്. എൽ.ഡി. എഫ്. കാലഘട്ടത്തിൽ ഒരു അന്വേഷണവും നടന്നില്ല. കോഴിക്കേസിനെ സംബന്ധിച്ചിടത്തോളം ടാക്സ് ഇവേഷൻ സംബന്ധിച്ച റിപ്പോർട്ട് കിട്ടുന്നത് 21-06-2011–ലാണ്. 05-07-2011–ൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയമിച്ചു. 09-12-2011–ൽ മൂന്നുപേരെക്കൂടി വീണ്ടും നിയമിച്ചുകൊണ്ട് ഇൻവെസ്റ്റിഗേഷൻ ടീം ഒന്നുകൂടി വികസിപ്പിച്ചു. യഥാർത്ഥത്തിൽ അതാണ് ഉണ്ടായത്. അതു പോലെ കോഴിക്കേസിൽ തോംസൺ ഗ്രൂപ്പ് നികുതിവെട്ടിപ്പ് നടത്തിയത് മുൻ സർക്കാരിന്റെ കാലത്താണ്. 2011–ൽ യു.ഡി.എഫ്. ഗവണ്മെന്റ് വന്നശേഷം തൃശ്ശൂർ ഡി.സി.സി. കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്തു. കമ്മീഷണർ ഒരു അന്വേഷണ ടീമിനെ നിശ്ചയിച്ചു. ആ ടീമാണ് വെട്ടിപ്പ് കണ്ടുപിടിച്ചത്. 32 കോടിരൂപയുടെ നികുതി വെട്ടിപ്പ് കണ്ടുപിടിച്ചു. 64 കോടി രൂപ പെനാലിറ്റി ചുമത്തി. ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത്, അദ്ദേഹത്തിന്റെ കാലത്ത് കണ്ടുപിടിക്കുകയും ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ വയ്ക്കുകയും ചെയ്തുവെന്നാണ്. ഇത് എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്തുണ്ടായ നടപടിയല്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, വസ്തുതാവിരുദ്ധമായ കാര്യം പറയരുത്. ടീമിനെ നിയോഗിച്ചത് ഞാനാണെന്ന് പറഞ്ഞിട്ടില്ല. അങ്ങ് പരിശോധിച്ച് നോക്കിക്കൊള്ളൂ, പാലക്കാട് സ്പെഷ്യൽ ടീമാണ് ഇത്

കണ്ടുപിടിച്ചത്. അന്വേഷണത്തിന്റെ തുടർച്ചയായാണ് പതിനൊന്നാം മാസത്തിൽ അങ്ങോട്ട് റിപ്പോർട്ട് വന്നത്.

ശ്രീ. കെ. എം. മാണി: സർ, ഞാൻ പറഞ്ഞത് ശരിയാണെന്ന് അങ്ങ് സമ്മതിച്ചതിൽ സന്തോഷം. എൽ.ഡി.എഫ്.–ന്റെ കാലഘട്ടത്തിലല്ല ഇക്കാര്യങ്ങളിലൊന്നും നടപടി എടുത്തത്. യു.ഡി.എഫ്.–ന്റെ കാലത്ത് നിയമിച്ച ടീമാണ് കേസ് കൈകാര്യം ചെയതത്. 30/12/2012–ലാണ് പെനാൽറ്റി ചുമത്തി ഓർഡർ പുറപ്പെടുവിച്ചത്. ഇതിനെതിരെ തോംസൺ ഗ്രൂപ്പ് ഡി.സി. –യുടെ മുൻപിൽ അപ്പീൽ ഫയൽ ചെയ്തു. പെനാൽറ്റി അടയ്ക്കാൻ സാവകാശം ചോദിച്ചു. ഡി.സി. അപ്പീൽ കൊടുത്തില്ല. അവർ ഹൈക്കോടതി യിൽ പോയി, ഹൈക്കോടതി ആറ് കോടിരൂപ അടയ്ക്കാൻ പറഞ്ഞു. കൂടാതെ മറ്റൊരു ഡേറ്റിൽ ആറ് കോടിരൂപകൂടി അടയ്ക്കാൻ പറഞ്ഞു. അങ്ങനെ മൊത്തം 12 കോടി രൂപ. അതിൽ അവർ ആറ് കോടിരൂപ അടച്ചു. അതിനുശേഷം ബാക്കി ആറ് കോടിരൂപയെ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്തു. 8-4-2013 വരെ സുപ്രീം കോടതി സ്റ്റേ കൊടുത്തു. ഡി.സി. അപ്പീൽ 28-10-2013–ൽ പെനാൽറ്റി ഓർഡർ അസ്ഥിരപ്പെടുത്തി റിമാൻഡ് ചെയ്തു. ഡി.സി. ചാൾസാണ് റിമാൻഡ് ചെയ്തത്. ചാൾസിനുമുമ്പ് രണ്ടുപേരെ അകാരണമായി ട്രാൻസ്ഫർ ചെയ്തു, അവരെ കേരളമാകെ ഓടിച്ചുവെന്നാണ് ഡോ. തോമസ് ഐസക് പറഞ്ഞത്. ഇതൊക്കെ ഫിഗറേറ്റീവായി പറഞ്ഞുപോവുകയാണ്, ഇത് കേൾക്കുമ്പോൾ ആളുകൾക്ക് തോന്നും അവരെ ഇങ്ങനെ സർക്കാർ അഴിമതി നടത്താൻവേണ്ടി ഓടിച്ചുവെന്ന്. ആദ്യം ട്രാൻസ്ഫർ ചെയ്യുന്നത് സജീവിനെയാണ്. കോഴിക്കേസ് അന്വേഷണം പൂർത്തിയാക്കി പെനാൽറ്റി

ഉത്തരവ് ഇറക്കിയശേഷമാണ് സജീവിനെ ട്രാൻസ്ഫർ ചെയ്തത്, നടപടി പൂർത്തയാക്കിയതിനുശേഷമാണ്. ഇൻവെസ്റ്റിഗേറ്റിംഗ് സ്റ്റേജിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയ ഒരു ഓഫീസറെയും സ്ഥലം മാറ്റിയിട്ടില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇൻവെസ്റ്റിഗേഷൻ ഘട്ടത്തിൽ പുതിയ ഇൻവെസ്റ്റിഗേഷൻ നടത്താൻവേണ്ടി അങ്ങ് ശുപാർശ ചെയ്തോ? ഉത്തരവിട്ടോ?

ശ്രീ. കെ. എം. മാണി: സർ, നമ്മുടെ കയ്യിൽ പെറ്റീഷൻ കിട്ടുമ്പോൾ ഫ്രെഷ് എൻക്വയറി എന്ന് എഴുതിക്കാണും. പക്ഷെ അങ്ങനെയൊരു എൻക്വയറി ഗവൺമെന്റ് കൊടുത്തിട്ടില്ല. എന്റെ കൈയിൽ കിട്ടിയപ്പോൾ എൻഡോഴ്സ്മെന്റ് വച്ചു. ഞങ്ങൾ അത് പരിശോധിച്ച് അവസാന ഉത്തരവിനെ സംബന്ധിച്ച് ഗവൺമെന്റ് ഒരു ജി.ഒ. കൊടുത്തിട്ടില്ല. എന്റെ കൈയിൽ ധൃതിയിൽ കിട്ടിയ പെറ്റീഷനിൽ ഒരു എൻഡോഴ്സ്മെന്റ് വച്ചത് കാണിച്ചുകൊണ്ട്, ഇതാ ഉത്തരവ്... ഇതാ ഉത്തരവ് എന്നുപറഞ്ഞാൽ..... എവിടെപോയി ഉത്തരവ്? അത് വലിച്ച്കീറി ദൂരെ കളഞ്ഞു. ഗവൺമെന്റ് ഉത്തരവ് കൊടുത്തില്ല. ഗവൺമെന്റ് ഉത്തരവ് കൊടുക്കാതിരിക്കുന്നത് ഞാനുംകൂടി അറിഞ്ഞുകൊണ്ടാണ്. എന്റെ കൈയിൽ ഒരു കടലാസ് കിട്ടിക്കാണും, എന്തെങ്കിലുമൊന്ന് ഡിസ്പോസ് ചെയ്യണ്ടേ. അപ്പോൾ Necessary Action എന്ന് എഴുതി വയ്ക്കും. Necessary Action എന്നു പറഞ്ഞാൽ ഭയങ്കരം, ആക്ഷൻ എടുക്കാൻ പറഞ്ഞു........

ഡോ. ടി. എം. തോമസ് ഐസക്: സർ, Necessary Action എന്നല്ല എഴുതിയത്. അതാണെങ്കിൽ മനസ്സിലാക്കാമായിരുന്നു. ഒരു പുതിയ അന്വേഷണത്തിന്... put up urgently എന്നാണ് എഴുതിയത്.

ശ്രീ. കെ. എം. മാണി: സർ, ഡോ. തോമസ് ഐസക്, ഏതായാലും കളയാനല്ലല്ലോ പറഞ്ഞത്. അന്വേഷിക്കാനല്ലേ. അന്വേഷിച്ചോ. ഒരു കഷായം എത്ര ആവർത്തിച്ചാലും അത്രയും നല്ലത്. നൂറ് ആവർത്തിച്ചാൽ അത്രയും നല്ലത്. ഏതായാലും കളയാൻ പറഞ്ഞില്ലല്ലോ. എന്തിനാണ് ഡോ. തോമസ് ഐസക് ഇങ്ങനെ പറയുന്നത്, എനിക്ക് മനസ്സിലാകുന്നില്ല. ഡി.സി.-യെ പത്തനംതിട്ടയിലേയ്ക്ക് മാറ്റിയെന്ന് ഡോ. തോമസ് ഐസക് പറഞ്ഞു. ഉദ്യോഗസ്ഥൻമാരെ അങ്ങോട്ടുമിങ്ങോട്ടും സ്ഥലംമാറ്റിയെന്ന് അദ്ദേഹം പറയും. ഡോ. തോമസ് ഐസക്കിന്റെ കാലത്ത് മാറ്റിയില്ലേ? അഡ്മിനിസ്ട്രേറ്റീവ് കൺവീനിയൻസിന്റെ പേരിൽ ഉദ്യോഗസ്ഥന്മാരെ അങ്ങോട്ടുമിങ്ങോട്ടും സ്ഥലംമാറ്റും. കാതലായ ഒന്നുമില്ലാതെ, ഡോ. തോമസ് ഐസക് ഒരു ട്രാൻസ്ഫറിനെപ്പറ്റിയല്ലേ പറഞ്ഞത്, വേറെ വല്ലതുമുണ്ടോ? കമലാ ഭായി റിപ്പോർട്ട് ചെയ്തത് “I could not find anything from the report to suspect any negligence among the Officers” എന്നാണ്. രണ്ടാമത്തെകാര്യം, ഡി.സി. മുൻപാകെ അപ്പീലിരിക്കുമ്പോൾ മന്ത്‌ലി മീറ്റിംഗ് കമ്മീഷണർ വിളിച്ചുചേർത്തു. ആ മീറ്റിംഗിൽ തോംസൺ ഗ്രൂപ്പിനെപ്പറ്റി ഡിസ്ക്കസ് ചെയ്തു എന്ന് ഒരു ആക്ഷേപംപോലെ ഡോ. തോമസ് ഐസക് ഇവിടെ പറയുകയുണ്ടായി. അവിടെ റെക്കാർഡ് ചെയ്തിരിക്കുന്നത് ഞാൻ പരിശോധിച്ചു. സ്പെസിഫിക്കായി റെക്കാർഡ് ചെയ്തിരിക്കുന്നത് “Thomson group was specifically recorded that the D.C. (appeal) is to dispose off the appeal on merit even if he has to take sometime to study” മെറിറ്റിൽ ഡിസ്പോസ് ചെയ്യണമെന്നാണ് എഴുതിയിരിക്കുന്നത്. അങ്ങനെയാണ് ഉത്തരവ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, പെനാൽറ്റി രണ്ട് രീതിയിൽ ഡിസ്പോസ് ചെയ്യാം. ഒന്ന് മെറിറ്റിൽ തീരുമാനിച്ച് വെട്ടിക്കുറയ്ക്കുകയോ അനൽ ചെയ്യുകയോ എന്ത് വേണമെങ്കിലും ചെയ്യാം. അതുകഴിഞ്ഞ് ട്രൈബ്യൂണലിൽപോയി പരിശോധിപ്പിക്കും. രണ്ടാമത്തേത്, റിമാൻഡ് ചെയ്യാം. ഈ തെളിവുകൾ ശരിയല്ല. പുതിയ തെളിവുണ്ടാക്കണമെന്ന് പറയാം. അത് ചെയ്യരുതെന്നാണ് നിങ്ങളുടെ മന്ത്‌ലി റിവ്യൂ മീറ്റിംഗിലുള്ളത്. അതിൽ ചെയ്യരുതെന്ന് പറയാൻ കാരണം കമലാ ഭായി തന്നെ പറഞ്ഞിരിക്കുന്നു, "(1) ഇത്തരത്തിൽ അപ്പീൽ അതോറിറ്റികളുടെ മേൽ സമ്മർദ്ദമുണ്ടെന്ന് അവർ മൊഴി തന്നിരിക്കുന്നു. (2) ഇത്തരത്തിൽ മാറ്റങ്ങൾ വരുത്താനുള്ള ശ്രമങ്ങൾ അവരുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു". അപ്പോൾ വെറുതേയങ്ങനെ പറഞ്ഞുപോകല്ലേ.

ശ്രീ. കെ. എം. മാണി: സർ, വെറുതേ ഇങ്ങനെ പരത്തിപ്പറയുന്നതും ശരിയല്ലല്ലോ. കോഴിക്കേസ് റിമാൻഡ് ചെയ്യരുതെന്ന് ഒരു തീരുമാനം ഡി.സി. അപ്പീൽ കോൺഫറൻസിൽ ഉണ്ടായിട്ടില്ല. വെറുതേ ഡോ. തോമസ് ഐസക് പറഞ്ഞാൽ മതിയോ. റിമാൻഡ് ഓർഡറിനെതിരെ.......

ഡോ. ടി. എം. തോമസ് ഐസക്: സർ, റിമാൻഡ് ചെയ്യരുതെന്നല്ല പറയുക, കേസ് മെറിറ്റിൽ ഡിസ്പോസ് ചെയ്യണമെന്ന് പറഞ്ഞാൽ ഇത് റിമാൻഡ് ചെയ്യരുതെന്നാണ് അർത്ഥം. അവർ ചെയ്യുമെന്ന് ഉറപ്പ് വരുത്താൻ വേണ്ടി മിനിട്ടിൽ രേഖപ്പെടുത്തുകയും ചെയ്തു. അതുകൊണ്ട് സാർ പറഞ്ഞത് വസ്തുതാപരമല്ല, റിമാൻഡ് ചെയ്യരുതെന്നാണ് അതിന്റെ അർത്ഥം.

ശ്രീ. കെ. എം. മാണി: സർ, ഡോ. ടി. എം. തോമസ് ഐസക് ആരോപിക്കുന്ന അർത്ഥമല്ല. റിമാൻഡ് ചെയ്യരുതെന്ന ഒരു ഉത്തരവും

കൊടുത്തിട്ടില്ല. കേസ് മെറിറ്റിൽ തീരുമാനിക്കാൻ പറഞ്ഞാൽ അതിന്റെ അർത്ഥം അത് റിമാൻഡിലായാലും മെറിറ്റിലാണ് ഒറിജിനലായാലും മെറിറ്റിലാണ്, ഏതായാലും മെറിറ്റിലാണ്, ഇതൊക്കെ വെറുതേ........ ഡോ. തോമസ് ഐെസക് ഒരു പ്രൊഫസറായിരുന്ന ആളല്ലേ. ഇങ്ങനെയാണോ പഠിപ്പിക്കുന്നത്. വെറുതേ ഫാൾസ്ഹുഡ് പറയാൻ പാടില്ല. ഇതെല്ലാം കൺസിഡർ ചെയ്തിട്ടാണ് ജോയിന്റ് കമ്മീഷണർ റിപ്പോർട്ട് കൺക്ലൂഡ് ചെയ്തത്. "I could not find anything to suspect any neglect..." എന്ന് പറയാനിടയായത് അതിന്റെ അടിസ്ഥാനത്തിലാണ്. റിമാൻഡ് ഓർഡറിനെതിരായി ഡിപ്പാർട്ടുമെന്റ് ആറ് അപ്പീലുകൾ ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് അഡ്വാൻസ് പെറ്റീഷൻ കൊടുത്തിട്ടുണ്ട്. കേസ് ഹിയർ ചെയ്യുന്നതിന് 3/05-ൽ വച്ചിരിക്കുകയാണ്. വളരെയേറെ ജാഗ്രതയോടെ ഈ കേസ് നടത്തുകയാണ്. മൂടുപടം ഉണ്ടാക്കി ഗവൺമെന്റ് എന്തോ തടസ്സമുണ്ടാക്കുന്നുവെന്ന് വരുത്താൻ വേണ്ടിയുള്ള ശ്രമം ഒരിക്കലും ശരിയല്ല.

വാറ്റ് ജഡ്ജി ട്രാൻസ്ഫറായപ്പോൾ വേക്കൻസി വന്നു. പകരം ആളെ നിയമിച്ചിട്ടില്ല. ഹൈക്കോടതി പാനൽ വരണം. അത് വന്നുകഴിഞ്ഞാലുടനെ വേക്കൻസി ഫിൽ ചെയ്യും. കേസിൽ ഉടൻതന്നെ വാദം കേൾക്കുകയും ചെയ്യും. അതിനെ സംബന്ധിച്ചിടത്തോളം ഒരു ആശങ്കയ്ക്കും അവകാശമില്ല. പെനാൽറ്റി ഓർഡർ ഡി.സി. അപ്പീലിന് റിമാന്റ് ചെയ്യാൻ അധികാരമില്ലെന്ന് സ്റ്റാൻഡെടുത്തത് ഈ ഗവൺമെന്റാണ്. അതുകൊണ്ടാണ് ഗവൺമെന്റിനെ അനുമോദിക്കണമെന്ന് പറഞ്ഞത്. അത് മറച്ചുവച്ചുകൊണ്ട് ഡോ. റ്റി. എം. തോമസ് ഐെസക് ഇങ്ങനെ പറയുന്നത് ശരിയല്ല. ഡോ. റ്റി. എം. തോമസ്

ഐസകിന്റെ കാലത്ത് പല കേസുകളും റിമാന്റ് ചെയ്തിട്ടുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ബഡ്ജറ്റ് സ്പീച്ചിന്റെ 386–ാമത്തെ പാരഗ്രാഫിൽ ഗവൺമെന്റിന്റെ നയം വ്യക്തമാക്കിയിട്ടുണ്ട് – "ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്)–മാരുടെ മുമ്പാകെ വളരെ കുറഞ്ഞ എണ്ണം അപ്പീലുകൾ മാത്രമേ നിലവിലുള്ളൂവെന്നത് പരിഗണിച്ച്, 2006–ൽ പെനാൽറ്റി ഉത്തരവുകളും അപ്പീൽ നൽകാവുന്ന ഉത്തരവുകളുടെ ഗണത്തിൽപ്പെടുത്തി. എന്നാൽ ഇപ്പോൾ നിലവിലുള്ള അപ്പീലുകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ഇത് പരിഗണിച്ച് പെനാൽറ്റി ഉത്തരവുകൾക്ക് മുകളിൽ ജില്ലാ ഡെപ്യൂട്ടി കമ്മീഷണർക്ക് മുമ്പ് നിലവിലുണ്ടായിരുന്നതുപോലെ റിവിഷൻ അധികാരങ്ങൾ പുനഃസ്ഥാപിക്കുന്നതാണ്. ഡെപ്യൂട്ടി കമ്മീഷണർമാർ, ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) എന്നിവരുടെ റിമാന്റ് ചെയ്യാനുള്ള അധികാരം എക്സ്–പാർട്ടി ഉത്തരവുകൾക്ക് മാത്രമായി പരിമിതപ്പെടുത്തും." ഗവൺമെന്റിന്റെ പോളിസി എന്നുപറയുന്നത് അങ്ങനെ റിമാന്റ് ചെയ്യാൻ പാടില്ലായെന്നാണ്. ഇപ്പോൾ ചർച്ചചെയ്യാൻ പോകുന്ന ധനകാര്യ ബില്ലിൽ തന്നെ ഈ വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്. പെനാൽറ്റി തിരികെ കൊടുക്കാതിരിക്കാൻ വാറ്റ് ട്രൈബ്യൂണലിൽ സ്റ്റേ മൂവ് ചെയ്തിട്ടുള്ളത് കൊമേഴ്സ്യൽ ഡിപ്പാർട്ട്മെന്റാണ്. അതുകൊണ്ട് എനിക്ക് ഇതിനെപ്പറ്റി കൂടുതൽ പറയുവാനില്ല. 6 കോടിരൂപ അടച്ചത് തിരികെ കൊടുക്കുവാൻ ഇതുവരെ ഉത്തരവിട്ടിട്ടില്ല. തിരികെ കൊടുക്കരുതെന്ന് പറഞ്ഞ് കൊമേഴ്സ്യൽ ടാക്സ് ഡിപ്പാർട്ട്മെന്റ് വാറ്റ് ടൈബ്ര്യൂണലിൽ സ്റ്റേ മൂവ് ചെയ്തിട്ടുണ്ട്.

റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുമ്പ് ഇൻവെസ്റ്റിഗേഷൻ ടീമിനെ അങ്ങോട്ടുമിങ്ങോട്ടുമൊന്നും മാറ്റിയിട്ടില്ല. ഉദ്യോഗസ്ഥന്മാരെ വച്ച് ഇതിനെക്കുറിച്ച്

അന്വേഷിക്കാൻ ഗവൺമെന്റിന് സാധിക്കില്ലേയെന്ന് ഡോ. റ്റി. എം. തോമസ് ഐസക് ചോദിച്ചു. എനിക്ക് പറയുവാനുള്ളത് ഡിപ്പാർട്ട്മെന്റ് വാറ്റ് ട്രൈബ്യൂണലിൽ റിമാന്റിനെതിരെ അപ്പീൽ കൊടുത്തിരിക്കുകയാണ്. ട്രൈബ്യൂണൽ കൺസിഡർ ചെയ്തുകൊണ്ടിരിക്കുന്നതുകൊണ്ട് ഗവൺമെന്റിന് ഒന്നും ചെയ്യാനില്ല. അതുകൊണ്ട് പഴയ ടീമിനെയോ പുതിയ ടീമിനെയോ വച്ച് അന്വേഷിപ്പിക്കാൻ സാധ്യമല്ല. ട്രൈബ്യൂണലിന്റെ അന്തിമ ഉത്തരവ് വരുന്നതുവരെ കാത്തിരിക്കാം. അതിനുമുമ്പ് വേറെ തീരുമാനമെടുക്കേണ്ട ആവശ്യമില്ല. ഇതിനെപ്പറ്റി അന്വേഷണത്തിന് തയ്യാറുണ്ടോയെന്ന് ഡോ. റ്റി. എം. തോമസ് ഐസക് ചോദിക്കുകയുണ്ടായി. സ്റ്റാറ്റ്യൂട്ടറി അപ്പീൽ പെൻഡിംഗായിരിക്കുന്നതുകൊണ്ട് ഇതിനെക്കുറിച്ച് ഒരു അന്വേഷണം നടത്തുന്നത് അഭികാമ്യമല്ല. അല്ലെങ്കിൽ ഒരു ബുദ്ധിമുട്ടുമില്ലായിരുന്നു. പഴയ ടീമിനെ വച്ച് കേസ് അന്വേഷിക്കാമോ എന്ന് ചോദിച്ചു. അത് ട്രൈബ്യൂണൽ തീരുമാനിക്കേണ്ട വിഷയമാണ്. ട്രൈബ്യൂണൽ മുമ്പാകെയുള്ള കേസിന്റെ തീരുമാനം വന്നതിനുശേഷം മാത്രമേ ഇതിനെപ്പറ്റി ഒരു ഡിസിഷൻ എടുക്കുവാൻ സാധിക്കുകയുള്ളൂ. മറിച്ച് ചെയ്താൽ അത് അപ്പീലിനെ ബാധിക്കുമെന്നുള്ളതുകൊണ്ട് അങ്ങനെ ചെയ്യുന്നില്ല.

ഡോ. റ്റി. എം. തോമസ് ഐസക്: സർ, ഏതായാലും ഈ പ്രശ്നം ഇവിടെ അവസാനിക്കാൻ പോകുന്നില്ല. എങ്കിലും അങ്ങ് പറഞ്ഞതിൽ മൂന്നു കാര്യങ്ങളിൽ എന്റെ വ്യത്യസ്തത രേഖപ്പെടുത്തുകയാണ്. ഒന്ന്, ഞാൻ പറഞ്ഞ കാര്യങ്ങളൊക്കെ പറഞ്ഞശേഷം, എനിക്ക് ഇതിൽ malafide ചെയ്തതായി ഡോക്യുമെന്ററി എവിഡൻസ് കണ്ടില്ല എന്ന് കമലാ ഭായി

എഴുതിയിട്ടുണ്ട്. അതിനുശേഷം ടാക്സസ് അഡീഷണൽ സെക്രട്ടറി സി.സി. ടി.–ക്ക് കത്തെഴുതി. എന്നുപറഞ്ഞാൽ ഇത്രയും എവിഡൻസൊക്കെ പറഞ്ഞതിനുശേഷം എങ്ങനെയാണ് ഇത്തരത്തിലുള്ള ഉത്തരത്തിലെത്തേണ്ടത്. അതുകൊണ്ട് റീ–കൺസിഡർ ചെയ്യണമെന്ന് പറഞ്ഞു. അതാണ് ഒന്നാമത്തെ കാര്യം. രണ്ട്, നേരത്തെയുള്ള വാറ്റ് നിയമത്തിലെ സെക്ഷൻ 55 സബ്സെക്ഷൻ 5(a)(b) പ്രകാരം അതിലെവിടെയാണ് പെനാൽറ്റി റിമാന്റ് ചെയ്യാനുള്ള അധികാരം കൊടുത്തിട്ടുള്ളത്. നിങ്ങൾ നൽകുന്നത് സ്പഷ്ടീകരണം മാത്രമാണ്. ഇവിടെ പ്രശ്നമെന്താണ്? ഇങ്ങനെ റിമാന്റ് ചെയ്യരുതെന്ന് monthly conference-ൽ മേൽ ഉദ്യോഗസ്ഥൻ കൃത്യമായി പറഞ്ഞിട്ടും അതിനെ ധിക്കരിച്ചിരിക്കുന്നു. ഇതാണ് പ്രശ്നം. മൂന്നാമത്തേത്, നിങ്ങൾ അപ്പീൽ കൊടുത്തുകൊള്ളൂ. അപ്പീൽ നടക്കുന്ന വേളയിൽ നിയമപരമായി അന്വേഷണം സാധിക്കില്ല. അത് അങ്ങനെ നിൽക്കട്ടെ. പക്ഷേ റിമാന്റ് ചെയ്തപ്പോൾ പുതിയ തെളിവുകളുടെ അടിസ്ഥാനത്തിൽ അതിനെക്കുറിച്ച് പരിശോധിക്കാൻ പറഞ്ഞിട്ടുണ്ടല്ലോ. നിങ്ങളുടെ അപ്പീലുണ്ട്, ഇപ്പോഴത്തെ ഓപ്പറേറ്റിംഗ് പ്രൊവിഷൻ എന്താണ്? ഇത് ചെയ്യണമെന്നുള്ളതാണ്. അത് ചെയ്യാനായി പഴയ എസ്.ഐ.ടി.–യെ പുന:സ്ഥാപിക്കുമോ എന്നതാണ് ചോദ്യം. നിങ്ങൾ അത് ചെയ്യില്ലെന്നറിഞ്ഞുകൊണ്ട് തന്നെയാണ് ചോദിക്കുന്നത്.

<u>ശ്രീ. കെ. എം. മാണി</u>: സർ, ഗവൺമെന്റിന്റെ സ്റ്റാൻഡ് പറഞ്ഞു കഴിഞ്ഞു. ഡി.സി. അപ്പീലിന് റിമാന്റ് ചെയ്യാൻ അധികാരമില്ലെന്ന സ്റ്റാൻഡെടുത്തത് ഈ ഗവൺമെന്റാണ്. കേസ് ട്രൈബ്യൂണലിൽ നിൽക്കുകയാണ്. അതിന്റെ ഡിസിഷൻ വരട്ടെ. ഇതിനകത്ത് ഗവൺമെന്റിന്

ഒന്നും മറച്ചുവയ്ക്കാനില്ല. ഡോ. റ്റി. എം. തോമസ് ഐസകിന് എന്തെങ്കിലും വിവരങ്ങളോ റിപ്പോർട്ടോ കൈയിലുണ്ടെങ്കിൽ നൽകിയാൽ തുറന്ന മനസ്സോടെ വായിച്ചുനോക്കി അന്വേഷണം നടത്തുകയും ചെയ്യാം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, ചെക്ക് പോസ്റ്റുകളിൽ വ്യാപാരികൾ നൽകേണ്ട വിശദാംശങ്ങൾ സംബന്ധിച്ച് ഇപ്പോൾ സർക്കാർ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ അപ്രായോഗിക മാണെന്ന് വ്യാപാരികൾ പരാതിപ്പെട്ടിരിക്കുന്നു. ഈവിഷയം ബന്ധപ്പെട്ടവരുമായി സംസാരിച്ച് തീരുമാനമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് ആദരവോടുകൂടി കേൾക്കാം. ഇപ്പോൾ ചെക്ക്പോസ്റ്റുകളിൽ കൊണ്ടുവന്നിരിക്കുന്ന ക്രമീകരണം വളരെ നല്ലതാണെന്നാണ് എനിക്കു തോന്നുന്നത്. ഇനി ആർക്കെങ്കിലും എന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടെങ്കിൽ നമുക്കൊരുമിച്ചിരുന്ന് തുറന്ന മനസ്സോടെ ചർച്ച ചെയ്യാം.

കൂടുതലായി പറയാനൊന്നുമില്ല. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള ധനകാര്യ ബില്ലും 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

മി. സ്പീക്കർ: ശ്രീ. റ്റി. എൻ. പ്രതാപൻ, അങ്ങയുടെ '1എ' നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. റ്റി.എൻ. പ്രതാപൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. റ്റി. എൻ. പ്രതാപൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ, അങ്ങയുടെ 2 ബി ഭേദഗതി പ്രസ്സ് ചെയ്യു ന്നുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. എം. ആരിഫ്, അങ്ങയുടെ 1 എ ഭേദഗതി പ്രസ്സ് ചെയ്യു ന്നുണ്ടോ?

ശ്രീ. എ.എം. ആരിഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ.എം. ആരിഫ് അവതരിപ്പിച്ച ഭേദഗതി സഭ നിരാ കരിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ, അങ്ങയുടെ 2 ബി ഭേദഗതി പ്രസ്സ് ചെയ്യു ന്നുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള ധന കാര്യ ബില്ലും 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും പരിഗണന യ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ...............

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

2-ാം വകുപ്പ്

Shri. Kodiyeri Balakrishnan: Sir, I move the following amendments.

109. In Section 6(4) of the Travancore-Cochin Literary, Scientific and Charitable Societies Registration Act, 1955 proposed to be amended by Clause 2(1) for the words “ten rupees” substitute the words “fifty rupees” and for the words “fifty rupees” substitute the words “two thousand rupees”.

110. In Section 7(5) of the Travancore-Cochin Literary, Scientific and Charitable Societies Registration Act, 1955 proposed to be amended by Clause 2(2) for the words “twenty rupees” substitute the words “fifty rupees” and for the words “two hundred rupees” substitute the words “one thousand rupees”.

111. In Section 12(2) of the Travancore-Cochin Literary, Scientific and Charitable Societies Registration Act, 1955 proposed to be amended by Clause 2(3) for the words “twenty rupees” substitute the words “fifty rupees” and for the words “two hundred rupees” substitute the words “one thousand rupees”.

112. In Section 13(5) of the Travancore-Cochin Literary, Scientific and Charitable Societies Registration Act, 1955 proposed to be amended by Clause 2(4) for the words “twenty rupees” substitute the words “fifty rupees” and for the words “two hundred rupees” substitute the words “one thousand rupees”.

113. In Section 15(2) of the Travancore-Cochin Literary, Scientific and Charitable Societies Registration Act, 1955 proposed to be amended by Clause 2(5) for the words “twenty rupees” substitute the words “fifty rupees” and for the words “two hundred rupees” substitute the words “two thousand rupees”.

114. In Section 22(2) of the Travancore-Cochin Literary, Scientific and Charitable Societies Registration Act, 1955 proposed to be amended by Clause 2(6) for the words “twenty rupees” substitute the words “one hundred rupees” and for the words “two hundred rupees” substitute the words “five thousand rupees”.

സർ, ഇതിൽ Travancore-Cochin Literary, Scientific and Charitable Societies Registration Act – ലെ ആറ് വകുപ്പുകൾക്ക് ഭേദഗതി നിർദ്ദേശിച്ചു കൊണ്ടാണ് ആറ് ഭേദഗതികൾ ഞാനിവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇതു പ്രകാരം സൊസൈറ്റികൾ ചെയ്യുന്ന കാര്യങ്ങൾക്ക് വീഴ്ച വരുത്തിയാൽ

അവരുടെ പേരിൽ ഫൈൻ ഈടാക്കാൻ ചുമതലപ്പെടുത്തുന്ന വകുപ്പുകളെല്ലാം ഭേദഗതി വരുത്തി നമുക്ക് കുറച്ചു പൈസ വർദ്ധിപ്പിക്കാനുള്ള നിർദ്ദേശമാണ് ഇതുസംബന്ധിച്ച് ഞാൻ മുന്നോട്ടുവയ്ക്കുന്നത്. ഈ ആറ് ഭേദഗതികളും ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 109 മുതൽ 114 വരെയുള്ള ഭേദഗതികളൊന്നും സ്വീകാര്യമല്ല. സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരമുള്ള പിഴ 2013-ൽ വർദ്ധിപ്പിച്ചിരുന്നു. ആ തുക പല കാരണങ്ങൾകൊണ്ടും ദുർവ്വഹമാണെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അത് കുറച്ച് കുറയ്ക്കാമെന്നുള്ള നിലയിൽ കൊണ്ടുവന്നതാണ്. അത് വളരെ കൺസിഡേർഡായിട്ടുള്ള ഒരു തീരുമാനമാണ്. അതിൽനിന്ന് പുറകോട്ട് പോകുന്ന പ്രശ്നമില്ല.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 109, 110, 111, 112, 113, 114 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 109, 110, 111, 112, 113, 114 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ......................

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

<u>Minister for Finance, Law and Housing (Shri. K.M. Mani)</u>: Sir, I move the following amendment.

188. In subsection (1B) of section 28A proposed to be inserted by item (a) of sub clause (1) of clause 3 of the Bill, the words, figure and brackets "fixed under subsection (1)" shall be omitted.

സർ, മൂന്നാം വകുപ്പിൽ ഒഫിഷ്യൽ അമെന്റ്മെന്റുണ്ട്. "fixed under subsection (1)" എന്നീ വാക്കുകൾ മൂന്നാം വകുപ്പ് 1(a), (1B) – ൽ നിന്ന് ഒഴിവാക്കണമെന്ന് ഭേദഗതി ചെയ്യുന്നു.

<u>Shri. A. K. Saseendran</u>: Sir, I move the following amendment.

115. Item (d), in serial No.5 of the schedule to the Kerala Stamp Act, 1959 proposed to be inserted by clause 3(2)(a), shall be deleted.

<u>Shri V. Sivankutty</u>: Sir, I move the following amendments.

118. In the entry in column (3) against item (e) of serial number 5 of the SCHEDULE to the Kerala Stamp Act, 1959 proposed to be inserted by clause 3(2)(a) for the words "Two thousand and five hundred" substitute the words "five thousand".

120. In the entry in the column (3) against item (f) of serial number 5 of the SCHEDULE to the Kerala Stamp Act, 1959 proposed to be inserted by clause 3(2) (a) for the words "Five thousand" substitute the words "Two thousand and five hundred".

Shri. G. Sudhakaran: Sir, I move the following amendments.

119. In the entry in column (3) against item (e) of serial number 5 of the schedule to the Kerala Stamp Act, 1959 proposed to be inserted by clause 3(2)(a) for the words "per year" substitute the words "for each year of lease".

121. In the entry in the column 3 against item (f) of serial number 5 of the Schedule to the Kerala Stamp Act, 1959 proposed to be inserted by clause 3(2) (a) for the words "per year" substitute the words "for each year of lease".

122. Delete clause 3(2) (d)

123. Delete clause 3(2)(e)

Shri. K. Kunhiraman (Trikkaripur) : Sir, I move the following amendment.

124. In the entry in column (3) against item (d) in serial number 37 of the schedule to the Kerala Stamp Act, 1959 Proposed to

be inserted by clause 3(2)(g)(i) delete the words and figures "Subject to a maximum of rupees 20,000.";

മി. സ്പീക്കർ: ശ്രീ. തോമസ് ചാണ്ടിയുടെ 116-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) ന്റെ 117-ാം നമ്പർ ഭേദഗതിയും ശ്രീ. എ.കെ. ശശീന്ദ്രന്റെ 115-ാം നമ്പർ ഭേദഗതിക്ക് തുല്യം. അതുകൊണ്ട് മൂവ് ചെയ്യാൻ സാദ്ധ്യമല്ല. ശ്രീ. തോമസ് ചാണ്ടി, അങ്ങേക്ക് സംസാരിക്കാവുന്നതാണ്.

(ആരും സംസാരിച്ചില്ല)

മി. സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല. 188-ാം നമ്പർ ഒഫിഷ്യൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 188-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ.കെ. ശശീന്ദ്രൻ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 118, 120 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച 119, 121, 122, 123 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ യെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ.....................

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണ മെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

മി. സ്പീക്കർ: ഭേദഗതികൾ ഇല്ല.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ.....................

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്

Shri. T.A. Ahammed Kabeer: Sir, I move the following amendment.

